# ബൈബിൾഭാഷ്യം

## ആദ്ധ്യാത്മികശാസ്ത്രം


പ്രവാചക പ്രബോധനത്തിൽ

ജോർജ് കുന്താനം.

വി. പൗലോസിന്റെ വീക്ഷണത്തിൽ

പാപവും രക്ഷയും—പരിശുദ്ധാരൂപിയിലുള്ള ജീവിതം—സൃഷ്ടിയും സമുദ്ധാരണവും.

ജോർജ് സ്വാരസ്പ്രഭു.

വി. യോഹന്നാന്റെ ദർശനത്തിൽ

വിശ്വാസത്തിലധിഷ്ഠിതമായ ജീവിതം—ക്രിസ്ത്വനുഭവം—ദൈവമക്കളുടെ ജീവിതം — ദൈവാത്മാവിലുള്ള ജീവിതം—ക്രിസ്തു ക്രിസ്ത്യാനിയിൽ.

മാത്യു വെള്ളാനിക്കൽ

അനുരഞ്ജനത്തിലൂടെ

ആർ. ജെ. രാജാ.





**1975**
**June**


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## എഡിറേററാറിയൽബോർഡ്

ചീഫ് എഡിററർ

ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ

അസോ. എഡിറേറഴ്സ്

ഡോ. ജോർജ്ജ് മങ്ങാട്ട്

ഡോ. മാത്യു വെള്ളാനിക്കൽ

മാനേജർ

ഫാ. ജോസഫ് പാമ്പാറ എം. എ.


www.malankaralibrary.com

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

1. ബൈബിറാഭാഷ്യം മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലാണ് പ്രസിദ്ധീകരിക്കുക.

2. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങറം പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.

3. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങറം, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങറം, നിരൂപണത്തിനുള്ളഗ്രന്ഥങ്ങറം, അന്വേഷണങ്ങറം, അഭിപ്രായങ്ങറം എന്നിവ ചീഫ് എഡിററർ, 'ബൈബിറാഭാഷ്യം, പി. ബി. 1 കോട്ടയം—10 എന്ന വിലാസത്തിൽ അയയ്ക്കുക.

4. വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. ചെക്കുകറം സ്വീകരിക്കുന്നതല്ല.

5. കത്തിടപാടുകളിൽ രജിസ്റ്റർ നമ്പർ പ്രത്യേകം കാണിച്ചിരിക്കണം.

മേൽവിലാസം:

മാനേജർ
ബൈബിറാഭാഷ്യം
പി. ബി. 1
കോട്ടയം—10

വാർഷികവരിസംഖ്യ 5 ക.
ഒററപ്രതി 1.25 ക.

www.malankaralibrary.com

ഞങ്ങളുടെ പ്രിയപ്പെട്ട റെക്ററച്ചനും
ബൈബിൾഭാഷ്യത്തിൻെറ പ്രസാധകനുമായിരുന്ന



റവ. ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിൽ
പാലാരൂപതയുടെ നിയുക്തമെത്രാൻ

അനുഗ്രഹിച്ചിടട്ടെ നിത്യമീശ്വരൻ
ജഗദ്പിതാ
വനന്യ മർത്ത്യസേവനത്തിനേകിടട്ടെ,നൽവരം
ഉയർന്നിടുന്ന മംഗളങ്ങളും, ഭാവുകങ്ങളായിരം
വിയത്തിൽ, നിൻ വിശിഷ്ടകർമ്മവേദിയിൽ
ജയിക്കുവാൻ

www.malankaralibrary.com

# അവതരണക്കുറിപ്പ്

ഇസ്രായേൽജനത്തിന്റെ പരസ്യാരാധനയിൽ സമുന്നതമായ സ്ഥാനമാണ് സങ്കീർത്തനങ്ങൾക്ക് ഉണ്ടായിരുന്നത്. പേർഷ്യൻ ഭരണകാലത്തും, യവനാധിപത്യകാലത്തുമെല്ലാം ഇസ്രായേൽ ജനം ദേവാലയത്തിലും സിനഗോഗുകളിലും സങ്കീർത്തനങ്ങൾ ഉപയോഗിച്ചുവന്നു. വി. ലിഖിതപാരായണത്തിനുശേഷം സങ്കീർത്തനങ്ങളും ആലപിക്കപ്പെട്ടിരുന്നു. ദൈവസ്തുതിക്കും, കൃതജ്ഞതാപ്രകാശനത്തിനും ഏററം ഉതകുന്ന ഗീതങ്ങളെന്നല്ലാതെ അവയുടെ ഉത്ഭവകാലമോ, കർത്താവോ ഒന്നും അക്കാലത്ത് ചിന്താവിഷയമായിരുന്നില്ല. സങ്കീർത്തനങ്ങളിൽനല്ലൊരു വിഭാഗത്തിന്റെ (73) കർതൃത്വം ദാവീദിലാണ് ആരോപിതമായിരുന്നത്. ചിലതെല്ലാം കോറ, ആസഫ് തുടങ്ങിയവരുടെ പേരിലും അറിയപ്പെട്ടു. അന്ന് സങ്കീർത്തനങ്ങളെ ഓരോന്നായെടുത്താണ് വ്യാഖ്യാനിച്ചു വന്നത്. ചില സങ്കീർത്തനങ്ങളെ (3,7,18,34,51,52,54,56,59,60,63, 142) ദാവീദിന്റെ ജീവിതത്തിലെ ഒററപ്പെട്ട സംഭവങ്ങളോടു് ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചു പോന്നു ''ദാവീദ് തന്റെ പുത്രനായ അബ്സലോമിന്റെ മുമ്പിൽ നിന്ന് ഓടിപ്പോയപ്പോൾ പാടിയ സങ്കീർത്തനം'' (3), ''ദാവീദ് അബീമെലെക്കിന്റെ മുമ്പിൽ വച്ച് ബുദ്ധിഭ്രമം നടിക്കുകയും അവിടെ നിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്തപ്പോൾ പാടിയ സങ്കീർത്തനം'' (34) തുടങ്ങിയ കുറിപ്പുകൾ ആദ്യകാലം മുതലുള്ളവയാണെന്ന് തോന്നുന്നില്ല. പിൽക്കാലത്തു നടന്ന വ്യാഖ്യാനശ്രമമാണ് ഇത് സൂചിപ്പിക്കുന്നത്. സാമുവേലിന്റെ പുസ്തകത്തിലെ വിവരണത്തെ അടിസ്ഥാനമാക്കി നടത്തുന്ന ഈ വ്യാഖ്യാനം പലപ്പോഴും ലക്ഷ്യം പിഴയ്ക്കുന്നുമുണ്ട്. യഥാർത്ഥത്തിൽ ദാവീദ് രചിച്ചതോ അദ്ദേഹത്തിന്റെ കാലത്തുള്ളതോ ആയ ചില സങ്കീർത്തനങ്ങളോടു ചേർന്ന് ''ദാവീദിന്റെ'' (ല് ദാവീദ്) എന്ന പ്രയോഗം കാണുന്നുമില്ല (ഉദാ: 76,78,89,132,137,82,91)

ക്രിസ്തുസംഭവം സങ്കീർത്തനങ്ങൾക്ക് പുതിയ ഒരു മാനം നേടിക്കൊടുത്തു. ക്രിസ്തു ദൈവത്തിന്റെ വചനമാണ്. പഴയ നിയമം ദൈവാവിഷ്ക്കരണമാണെന്നതിൽ പക്ഷാന്തരമില്ല. പലരിലൂടെ പലവിധത്തിൽ ദൈവം മനുഷ്യനു പകർന്നുകൊടുത്ത വചനം ക്രിസ്തുവാകുന്ന വചനത്തിന്റെ പാർശ്വിക വീക്ഷണമാണ്, ഭാഗികപ്രാപ്തിയാണ്. **(cf Hebr 1:If).** പഴയ നിയമത്തെ ക്രിസ്തുവിന്റെ വെളിച്ചത്തിലാണു മനസ്സിലാക്കേണ്ടതു്, പുതിയതിനെ പഴയതിന്റെ വെളിച്ചത്തിലും. പഴയനിയമവിഷയങ്ങൾ ആവിഷ്ക്കരണത്തിന്റെ പുരോഗതിയിൽ ആഴവും പരപ്പും പ്രാപിക്കുന്നു.

www.malankaralibrary.com

പുതിയനിയമത്തിന്റെ ആവിർഭാവത്തോടെ അവ പുതിയ ഒരു ഘട്ടത്തിലെത്തുന്നു. യുഗാന്ത്യത്തിൽ അവ പൂർത്തീകരണം പ്രാപിക്കുന്നു. ഉദാഹരണത്തിനു് ദൈവരാജ്യം ഇസ്രായേലിന്റെ പ്രതീക്ഷാവിഷയമായിരുന്നു. ക്രിസ്തുവിന്റെ ആഗമനത്തോടെ അതു് ആവിർഭൂതമായി. യുഗാന്ത്യത്തിൽ അതു് പരിപൂർത്തിയിലെത്തും. പുറപ്പാടു ദൈവജനത്തിന്റെ വിമോചനമാണു്, രക്ഷയാണു്. ഭാവിയിൽ സമ്പൂർണ്ണമായ രക്ഷ ഇസ്രായേൽ പ്രതീക്ഷിച്ചു. ക്രിസ്തുവിൽ ആ രക്ഷ പ്രാപ്യമാകുന്നു. പക്ഷേ രക്ഷ പൂർണ്ണമാകുന്നതു് യുഗാന്ത്യത്തിലാണു്. ഇങ്ങനെ ദൈവത്തിന്റെ മഹാപദ്ധതിയ്ക്കു് പഴയ നിയമ പ്രതീക്ഷ, ക്രിസ്തുവിലുള്ള സഫലീകരണം, യുഗാന്ത്യത്തിലുള്ള പൂർത്തീകരണം എന്നിങ്ങനെ വിവിധഘട്ടങ്ങൾ കാണാം. ഇവയെല്ലാം ഏക രഹസ്യത്തിന്റെ വിവിധദശകൾ തന്നെ. ഈ രക്ഷാരഹസ്യത്തിന്റെ ക്രമാനുഗതമായ ആവിഷ്കരണമാണു് പഴയ നിയമത്തിലും ക്രിസ്തുവിലും സഭയുടെ ചരിത്രത്തിലും ദൃശ്യമാകുന്നതു്. ഇവയിൽ ഓരോ ഘട്ടവും അതിൽ തന്നെ അപൂർണ്ണമാണു്. പൂർത്തീകരണത്തിന്റെ ഘട്ടങ്ങൾ മുമ്പുള്ളവയെ പ്രകാശിപ്പിക്കുന്നു. പൂർത്തീകരണത്തിന്റെ ഘട്ടങ്ങൾ ഒരളവിൽ അവയ്ക്കു മുമ്പുള്ളവയിൽ നിർലീനമായിരിക്കുന്നെന്നു പറയാം. മററു വാക്കുകളിൽ പറഞ്ഞാൽ, ''പഴയ നിയമത്തിൽ സംഭവിച്ചതു് ക്രിസ്തുസംഭവത്തിൽ നടക്കുന്നു. ക്രിസ്തുവിൽ നടന്നതു് നമ്മിൽ ഇപ്പോൾ നടക്കുന്നു. ഇപ്പോൾ സഭയിൽ നടക്കുന്നതു് യുഗാന്ത്യത്തിൽ സ്വർഗ്ഗീയ ഓർശ്ലേമിൽ പരിപൂർത്തിയിലെത്തും''

ഇങ്ങനെ നോക്കുമ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യത്തിലും പരിപാലനയിലും പഴയനിയമത്തിനു പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ അർത്ഥവ്യാപ്തിയുണ്ടു്. അവയിൽ പുതിയ നിയമരഹസ്യം അന്തർലീനമായിരിക്കുന്നുവെന്നു പറയാം. ദൈവവും, ക്രിസ്തുവും, ദൈവരാജ്യവും, ദൈവജനവും, പരിത്രാണവുമെല്ലാം അവയിൽ ബീജാവസ്ഥയിലുണ്ടു്, മരം വിത്തിലെന്നപോലെ. സങ്കീർത്തനങ്ങളെപ്പററി ഇതേററവും വാസ്തവമാണു്. യേശുവും അപ്പോസ്തലന്മാരും ആദിമസഭയും ഈ സത്യം പഠിപ്പിക്കുന്നു. വാച്യാർത്ഥത്തിൽ നിന്നു രൂപം കൊള്ളുന്ന, വാച്യാർത്ഥത്തിനപ്പുറം പോകുന്ന, നിഗൂഢമായ ഒരർത്ഥം അവയ്ക്കുണ്ടു്. പുതിയനിയമം ഈ അർത്ഥത്തെ വെളിവാക്കുന്നു.

സങ്കീർത്തനങ്ങളുടെ കേന്ദ്രബിന്ദു (focal point) യേശുവാണു്. സങ്കീർത്തനങ്ങളുദ്ധരിച്ചുകൊണ്ടു് യേശു അവ തന്നിൽ പൂർത്തിയാകുന്നതായി സൂചിപ്പിക്കുന്നു. ഫരിസേയരുമായുള്ള വാദപ്രതിവാദത്തിലും (മത്തായി 22:44; മർക്കോസ് 12:36)

www.malankaralibrary.com

പീഡാനുഭവരംഗങ്ങളിലും യേശു സങ്കീർത്തനങ്ങളുദ്ധരിച്ചു കൊണ്ടു് തന്റെ ജീവിതവും ദൗത്യവും അവ പ്രവചിക്കുന്നതായി ചൂണ്ടിക്കാണിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി സങ്കീർത്തനങ്ങളെ ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങളായിട്ടാണു് ആദിമസഭ പരിഗണിച്ചുവന്നതും. ഇങ്ങനെ നോക്കിയാൽ സങ്കീർത്തനങ്ങൾ ക്രിസ്തു സംഭവത്തിന്റെ വെളിച്ചത്തിൽ ആഴവും പരപ്പും പ്രാപിക്കുന്നതു കാണാം.

എങ്കിലും വാച്യാർത്ഥത്തെ സംബന്ധിച്ചിടത്തോളം സങ്കീർത്തനങ്ങളെ ദാവീദിന്റെ ജീവിതപശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമാണു് വ്യാഖ്യാതാക്കൾ ശ്രമിച്ചിരുന്നതു്. പത്തൊമ്പതാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വെൽഹൌസൻ, ഡ്യൂം, കൗട്ഷ് തുടങ്ങിയ പണ്ഡിതന്മാർ സങ്കീർത്തനങ്ങൾ മിക്കവയും മക്കബായക്കാരുടെ കാലത്താണു് (ബി. സി. രണ്ടാം നൂററാണ്ടു്) വിരചിതമായതെന്നു വാദിച്ചു. കാലനിർണ്ണയത്തിലുള്ള ഈ ഭിന്നാഭിപ്രായമൊഴിച്ചാൽ വ്യാഖ്യാനത്തിൽ കാര്യമായ മാററമൊന്നുമുണ്ടായില്ല. സങ്കീർത്തനങ്ങളെ ഓരോന്നായി എടുത്തു്, ദാവീദിന്റെ ജീവിതത്തിലെ ഒററപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നതിനു പകരം ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലെ ഒററപ്പെട്ട സംഭവങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു വന്നുവെന്നു മാത്രം.

ഈ നിലപാടിനു മാററമുണ്ടായതു് ഈ നൂററാണ്ടിന്റെ ആരംഭത്തിലാണു്. ആധുനികകാലത്തു് സങ്കീർത്തനങ്ങളുടെ പഠനത്തിനു നിർണ്ണായകമായ സംഭാവന നൽകിയ രണ്ടു് വ്യക്തികളാണു് ഹെർമാൻ ഗുങ്കലും (1862—1932) സിഗ്മുൺഡ് മോവിങ്കലും (1884— ). ഗുങ്കൽ സങ്കീർത്തനങ്ങളെ ഒററതിരിച്ചെടുക്കാതെ അവയുടെ സാഹിത്യരൂപനിർണ്ണയത്തിനും അവയുടെ പഠനത്തിനും ഒരുമ്പെട്ടു. ഉള്ളടക്കത്തിന്റേയും രൂപത്തിന്റേയും അടിസ്ഥാനത്തിൽ സങ്കീർത്തനങ്ങളെ അദ്ദേഹം ഗണങ്ങളായി തരംതിരിച്ചു. ഇസ്രായേൽജനത്തിന്റെ ജീവിതപശ്ചാത്തലത്തിൽ സങ്കീർത്തനഗണങ്ങളുടെ ഉത്ഭവസാഹചര്യങ്ങൾ അന്വേഷിച്ചു. സാഹിത്യഏകകങ്ങൾ എന്ന നിലയിൽ അവയ്ക്കു പൊതുവായ പദങ്ങളും ശൈലികളും പ്രതിരൂപങ്ങളും ഉണ്ടു്. ഇവ ഉപയോഗിച്ചുകൊണ്ടു് ഒരു ജീവിതസാഹചര്യത്തെ ചിത്രീകരിക്കുന്നു. ആ സാഹചര്യവുമായി ബന്ധപ്പെട്ട ആശയങ്ങളും മനോവികാരങ്ങളും പ്രകടമാക്കുന്നു. ഇങ്ങനെ ഒരു ജീവിതസാഹചര്യത്തിൽനിന്നു രൂപം കൊള്ളുന്നതും ആ സാഹചര്യത്തെ ചിത്രീകരിക്കുന്നതുമായ സാഹിത്യ ഏകകങ്ങളെ അദ്ദേഹം സാഹിത്യരൂപങ്ങളെന്നു വിളിച്ചു. കീർത്തനം (സ്തുതിപ്പു്) കൃതജ്ഞതാപ്രകരണം,

www.malankaralibrary.com

വിലാപം (അത്ഥന) എന്നിവയാണ് സങ്കീത്തനങ്ങളിലെ മുഖ്യരൂപങ്ങൾ.

അടുത്തതായി സാഹിത്യരൂപങ്ങളുടെ ചരിത്രവും അദ്ദേഹം വിവരിച്ചു. സങ്കീത്തനങ്ങളുടെ ഉത്ഭവം പരസ്യാരാധനയിലാണ്. പരസ്യാരാധനയ്ക്കായി മാത്രം അവ ഉപയോഗിക്കപ്പെട്ടു. പിന്നീട് പ്രവാചകന്മാരും അവരുടെ ശിഷ്യന്മാരും വ്യക്തികളുടെ ഉപയോഗത്തിനായി സങ്കീർത്തനങ്ങളെഴുതി. സ്വകാര്യപ്രാർത്ഥനകൾ എന്ന നിലയിലാണ് ഈ രണ്ടാം ഘട്ടത്തിൽ സങ്കീർത്തനങ്ങളെ കരുതിപ്പോന്നത്. ക്രമേണ വിവിധ രൂപങ്ങളുടെ സവിശേഷതകൾ നഷ്ടപ്പെട്ടു. പല രൂപങ്ങൾ ഒന്നിച്ചുചേർന്നു. ഈ മൂന്നാംഘട്ടത്തിലെ സങ്കീത്തനങ്ങളിൽ ആദ്യഘട്ടത്തിലെ ഫോർമുലകളുടെ നിർജ്ജീവ പകർപ്പുകളാണ് നാം കാണുന്നത്. ആദ്യകാലത്ത് അവ പരസ്യാരാധനയുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ പിന്നീടവ പഴകിയ നിർജ്ജീവമായ ഫോർമുലകൾ മാത്രമാണ്. രൂപചരിത്രത്തെപ്പററിയുള്ള ഗുങ്കലിന്റെ നിഗമനങ്ങൾ ഇന്നു് അധികമാരും സ്വീകരിക്കുന്നില്ല. പക്ഷേ സാഹിത്യരൂപങ്ങളെ സംബന്ധിച്ച അഭ്യൂഹങ്ങൾ മിക്കവരും ഭാഗികമായോ പൂർണ്ണമായോ സ്വീകരിക്കുന്നു. എങ്കിലും പലക്കും പുതിയ നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളുമുണ്ട്.

മോവിങ്കലിന്റെ അഭിപ്രായത്തിൽ സങ്കീത്തനങ്ങളിൽ ബഹുഭൂരിഭാഗത്തിന്റേയും പ്രഭവസ്ഥാനം പരസ്യാരാധനയാണ്. മിക്കവാറും സങ്കീർത്തനങ്ങൾ പരസ്യാരാധനയിൽ നിന്നു രൂപം കൊണ്ടതോ പരസ്യാരാധനയിലെ ഉപയോഗത്തിനായി വിരചിതമായതോ ആണ്. ദേവാലയഗായകന്മാരാണ് അവയുടെ രചയിതാക്കൾ. ഇസ്രായേൽക്കാർ ബാബിലോൺകാരെ അനുകരിച്ച് യാഹ്‌വേയുടെ സിംഹാസനാരോഹണദിവസമായി പുതുവത്സരദിനം ആഘോഷിച്ചു വന്നു. ഈ തിരുന്നാളിനോടനുബന്ധിച്ച് ചില ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് നല്ലൊരു വിഭാഗം സങ്കീർത്തനങ്ങളുടേയും ഉത്ഭവം. 43 സങ്കീത്തനങ്ങൾ ഇപ്രകാരമുണ്ടായതായി മോവിങ്കൽ അഭിപ്രായപ്പെടുന്നു. ചുരുക്കം ചില സങ്കീർത്തനങ്ങൾക്കു മാത്രമാണ് (വിജ്ഞാനഗീതങ്ങൾ! ചരിത്രസങ്കീത്തനങ്ങൾ) പരസ്യാരാധനയുമായി ബന്ധപ്പെടാത്ത ഉത്ഭവം.

ഹാൻസ് യൊവാക്കീം ക്രൗസ് മോവിങ്കലിന്റെ ഈ നിഗമനങ്ങളെ ചോദ്യം ചെയ്യുന്നു: ക്രൗസിന്റെ അഭിപ്രായത്തിൽ യാഹ്‌വേയുടെ സിംഹാസനാരോഹണം എന്നൊരു തിരുന്നാളേ ഇസ്രായേലിൽ ഇല്ലായിരുന്നു. സങ്കീർത്തനങ്ങളുടെ ഉത്ഭവം സീയോൻതിരുന്നാളുകളിലാണ്. സീയോൻ ദൈവത്തിന്റെ പട്ടണമായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ സ്മരണയാണ് ഈ തിരുന്നാളിൽ കൊണ്ടാടിയിരുന്നത്.

www.malankaralibrary.com

അതോടൊപ്പം ദാവീദിന്റെ രാജവംശത്തിന്റെ തിരഞ്ഞെടുപ്പിന്റേയും വൈസറുടെ അഭ്യൂഹമനുസരിച്ച് ഇസ്രായേലിൽ നടന്നിരുന്ന 'ഉടമ്പടിനവീകരണ'ത്തിരുന്നാളാണ് സങ്കീർത്തനങ്ങളുടെ പ്രഭവസ്ഥാനം. ഇതിൽനിന്നും വ്യക്തമാകുന്നത് സങ്കീർത്തനങ്ങൾക്ക് ഉത്ഭവത്തിലും ഉപയോഗത്തിലും ദൈവജനത്തിന്റെ ആരാധനയുമായി അടുത്ത ബന്ധമുണ്ടായിരുന്നു എന്നാണ്.

സങ്കീർത്തനങ്ങളെപ്പററി സമാന്യമായ ഒരു പഠനമാണ് ഈ ലക്കം കൊണ്ടുദ്ദേശിക്കുന്നത്. സങ്കീർത്തനങ്ങളെപ്പററി ഏഴു ലേഖനങ്ങൾ ഈ ലക്കത്തിലുണ്ട്. ആദ്യലേഖനം സങ്കീർത്തനങ്ങളെപ്പററി പൊതുവായി അറിഞ്ഞിരിക്കേണ്ട സംഗതികളെ പ്രതിപാദിക്കുന്നു. രണ്ടാമത്തെ ലേഖനത്തിന്റെ വിഷയം മെസൊപ്പൊട്ടാമിയൻ സങ്കീർത്തനങ്ങളാണ്. സാഹിത്യരൂപങ്ങളെപ്പററിയുള്ള ഇത്തരം താരതമ്യപഠനങ്ങൾ വിജ്ഞാനപ്രദങ്ങൾ മാത്രമല്ല പ്രാധാന്യമർഹിക്കുന്നവയുമാണ്. സാധാരണക്കാർക്ക് പ്രശ്നമായ ശാപപ്രയോഗങ്ങളാണ് അടുത്ത ലേഖനത്തിലെ പ്രതിപാദ്യം. സങ്കീർത്തനങ്ങളിലെ സാഹിത്യരൂപങ്ങളെപ്പററി അടുത്ത ലേഖനത്തിൽ ചുരുക്കമായി പ്രതിപാദിക്കുന്നു. തുടർന്നുള്ള രണ്ടുലേഖനങ്ങൾ സങ്കീർത്തനങ്ങളെ പ്രാർത്ഥനകളെന്ന രീതിയിൽ കാണാൻ ശ്രമിക്കുന്നു. 23-ാം സങ്കീർത്തനത്തെപ്പററിയുള്ള ലേഖനം സങ്കീർത്തനങ്ങളെ ആദ്ധ്യാത്മികമായും പ്രായോഗികമായും എങ്ങനെ വിശദീകരിക്കാമെന്നുചൂണ്ടിക്കാണിക്കുന്നു. സങ്കീർത്തനങ്ങളുടെ എല്ലാ വശങ്ങളും തൃപ്തികരമായി വിശകലനം ചെയ്തുവെന്നു വെന്ന് അവകാശപ്പെടുന്നില്ല. പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ലേഖകന്മാർ തങ്ങളുടെ കൃത്യം നിർവ്വഹിക്കുന്നതെന്ന കാര്യം വിസ്മരിക്കാവതല്ല. കുറേക്കൂടി ശാസ്ത്രീയവും പണ്ഡിതോചിതവുമായ പ്രതിപാദനത്തിന് സാധ്യതയുണ്ട്. എങ്കിലും ഈ സദുദ്യമം വായനക്കാർക്ക് പ്രയോജകീഭവിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പത്രാധിപർ

www.malankaralibrary.com

# സങ്കീർത്തനങ്ങൾ – ഒരാമുഖം

സാമൂഹ്യദൈവാരാധനയിൽ സുപ്രധാനമായൊരു സ്ഥാനം സംഗീതത്തിനുണ്ട്. ആരാധനാസമൂഹത്തിന്റെ ആന്തരികാഭിനിവേശങ്ങളും ആത്മാഭിലാഷങ്ങളും അവാച്യമായ അനുഭൂതികളും സംഗീതസാന്ദ്രമായ പശ്ചാത്തലത്തിൽ രൂപം ധരിക്കുന്നതാണ് ആരാധനാഗീതങ്ങൾ. മനുഷ്യഭാവനയുടെ മഹത്തായ സങ്കല്പങ്ങൾ ശ്രുതിമധുരമായ വാദ്യഗീതങ്ങളുടെ അകമ്പടിയോടെ ദൈവകീർത്തനങ്ങളായി ഉയരുമ്പോൾ ആ അന്തരീക്ഷത്തിനുതന്നെ അതിമാനുഷികവും അഭൗമികവുമായ ഒരു പ്രഭാപ്രസരം ലഭിക്കുന്നു. അവിടെ മനുഷ്യന്റെ കഴിവുകൾ ഉന്നതസീമകളെ അതിലംഘിക്കുന്നു; ദൈവാരാധനയ്ക്ക് അങ്ങേയററം ഉചിതമാകുന്നു. പ്രാർത്ഥനയുടേയും സ്തുതിയുടേയും കീർത്തനങ്ങൾ രൂപം പ്രാപിച്ച സാഹചര്യമതാണ്[1]. നമ്മുടെ സങ്കീർത്തനങ്ങളിൽ പലതും ഇസ്രായേലിന്റെ ആരാധനാകീർത്തനങ്ങളത്രെ.

ഇസ്രായേലിന്റെ ആരാധനക്രമത്തിലാണു സങ്കീർത്തനങ്ങൾ പ്രധാനമായും രൂപംകൊണ്ടതു്. തീർത്തും ഏകപക്ഷീയവും ഉപരിപ്ലവവുമായി പരിഗണിക്കപ്പെട്ടരുതു് ഈ നിഗമനം. എല്ലാ സങ്കീർത്തനങ്ങളും ഇസ്രായേലിന്റെ ആരാധനക്രമത്തിൽ ഉത്ഭവിച്ചു എന്നൊരു ധാരണയോടെ അവയുടെ ആരംഭം അന്വേഷിച്ചാൽ, അതു സത്യത്തിന്റെ ഒരു ഭാഗം മാത്രമായതുകൊണ്ടു്, നാം അപകടത്തിൽ ചെന്നു ചാടും[2]. ഈ സങ്കീർത്തനങ്ങളുടെ ഉത്ഭവകേന്ദ്രമെന്ന നിലയിൽ ഒരു പ്രത്യേക തിരുനാളോ ആഘോഷാവസരമോ ചൂണ്ടിക്കാണിക്കാനൊത്തെന്നുവരില്ല. എങ്കിലും ആരാധനക്രമത്തിലാണു് അവ വേരൂന്നിയിരിക്കുന്നതെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല.

പഴയനിയമഗ്രന്ഥങ്ങളിലൊന്നുപോലും സങ്കീർത്തനങ്ങളോളം പഠനത്തിനും പാരായണത്തിനും പ്രാർത്ഥനയ്ക്കും

---

1. മതാത്മഗീതങ്ങളെല്ലാം സമൂഹാരാധനയോടു ബന്ധപ്പെട്ടാണു് ഉത്ഭവിച്ചിട്ടുള്ളതു്. അവ അതിനു വിധേയവുമാണു്. (Cfr. S. MOWINCKEL. The Psalms in Israel's Worship, Oxford, 1962, P. 2).

2. എല്ലാ സങ്കീർത്തനങ്ങൾക്കും ആരാധനക്രമത്തിൽ ഉത്ഭവം കണ്ടെത്താനാണു് Mowinckel ശ്രമിക്കുന്നതു്.

www.malankaralibrary.com

വിഷയമായിട്ടില്ല. നൂററാണ്ടുകളായി ദൈവജനത്തിന്റെ പ്രാർത്ഥനപ്പുസ്തകമാണതു്. ക്രൈസ്തവസമൂഹം ആദ്യമായി സമീപിക്കയും സ്വന്തമായി സ്വീകരിക്കയും ചെയ്തതു സങ്കീർത്തനങ്ങളാണു്. ക്രൈസ്തവരുടെ ആരാധനാഗീതങ്ങളുടെ പ്രധാന സ്രോതസ്സും ഇതുതന്നെ. സഭയുടെ ആരാധനാക്രമത്തിലും പ്രധാനസ്ഥാനം സങ്കീർത്തനങ്ങൾക്കുണ്ടു്. ആദിമസഭയിൽ പത്രോസും യോഹന്നാനും ഒമ്പതാം മണിക്കൂറിൽ പ്രാർത്ഥനയ്ക്കായി ദൈവാലയത്തിലേയ്ക്കു പോയതു മുതൽ (നടപടി 3:1) ഇന്നു വരേയും സഭയുടെ ഔദ്യോഗിക പ്രാർത്ഥനയിൽ—കാനോനനമസ്കാരത്തിൽ—ആയിരങ്ങളുടെ അധരങ്ങളിൽനിന്നു സങ്കീർത്തനങ്ങളുയരുമ്പോൾ ഈ സത്യം ആവർത്തിച്ചു പ്രഖ്യാപിക്കപ്പെടുകയാണു്.[3]

സങ്കീർത്തനങ്ങൾ ''ദൈവഗീതി''കളെന്നു വിളിക്കപ്പെടുകയാവും കുറേക്കൂടി ശരി. തന്നെ സ്തുതിക്കുന്നതിനു തന്റെ ജനത്തിനു നല്കാൻ ദൈവം തന്നെ രചിച്ച ഗീതങ്ങളെന്ന നിലയിൽ വേണം ഇവ കരുതപ്പെടാൻ. നൂററാണ്ടുകൾക്കു മുമ്പായി ആരോ വിരചിച്ച ഗീതങ്ങളായി കരുതിയാൽ സങ്കീർത്തനങ്ങൾക്കു തനതായുള്ള ആ ശക്തിയും സ്വാധീനവും നാം മനസ്സിലാക്കിയില്ലെന്നു വരും[4]. പക്ഷേ, ദൈവഗീതികളെങ്കിലും അവ മനുഷ്യഗീതങ്ങളാണെന്ന വസ്തുതയും വിസ്മരിക്കരുതു്. സങ്കീർത്തനങ്ങളുടെ സ്വരൂപത്തിൽ അക്കാലഘട്ടവും അതിന്റെ ആകാംക്ഷകളും ഉൽക്കണ്ഠകളും ആത്മാഭിലാഷങ്ങളും ആത്മനൊമ്പരങ്ങളും സാമൂഹ്യധാരണകളും ധാർമ്മിക മൂല്യങ്ങളുമൊക്കെ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു സാരം. അന്നത്തെ ഭാഷയും, രീതിയും, രാഷ്ട്രീയവും, ഭൂമിശാസ്ത്രവുമൊക്കെ ഇതിലൂടെ പ്രകാശിക്കുമെന്നതു് മറക്കാൻ പാടില്ല.

സങ്കീർത്തനങ്ങളെപ്പററിയുള്ള പഠനം പ്രസക്തമാകുന്നതു് ഈ തലത്തിലാണു്. ക്രൈസ്തവജീവിതത്തിൽ ഏററമധികം സ്വാധീനം ചെലുത്തുന്ന പഴയനിയമഗ്രന്ഥമാണതു്. സഭയുടെ ആരാധനക്രമത്തിൽ സുപ്രധാനമായൊരു സ്ഥാനം അവയ്ക്കു നൽകപ്പെട്ടിരിക്കുന്നു. മുഖ്യമായും ഇസ്രായേലിന്റെ ആരാധനാഗീതങ്ങളിൽ നിന്നുരുത്തിരിഞ്ഞ സങ്കീർത്തനങ്ങളെ ദൈവഗീതികളായി വേണം കണക്കാക്കാൻ. എങ്കിലും മനുഷ്യനിർമ്മിതങ്ങളായ ആ ആരാധനാഗീതങ്ങളിൽ അക്കാലഘട്ടത്തിന്റെ ചൈതന്യം അധികം കടന്നുനിൽക്കുന്നു. അവ മനസ്സിലാക്കിക്കൊണ്ടു് ഇതിന്റെ മനോഭാവത്തിനനുസരിച്ച സങ്കീർത്തനങ്ങൾ ഉപയോഗിക്കണമെങ്കിൽ ആഴമേറിയ പഠന

3. Cfr. T. WORDEN, The Psalms are Christian Prayers, London, 1964 P. vii.

4. Cfr. M. P. RYAN, Key to the Psalms, Minnesota, 1957, Pp.1.

www.malankaralibrary.com

ത്തിലൂടെ ലഭിക്കുന്ന വ്യക്തമായ ചില കാഴ്ചപ്പാടുകൾ നമുക്കു കൈമുതലായുണ്ടാകണം. സങ്കീർത്തനങ്ങളെപ്പറ്റിയുള്ള പഠനത്തിനു് ഒരാമുഖം കൊടുക്കുകയെന്നതാണു് ഈ ലേഖനോദ്ദേശ്യം. വിസ്തരിച്ചുള്ള പഠനത്തിനു് ഇതിൽ സ്ഥാനമില്ല. ആകെക്കൂടി ഒരവലോകനം നടത്തുക—അത്രമാത്രം. തുടർന്നു വരുന്ന ലേഖനങ്ങൾ വിദഗ്ദ്ധമായ പഠനങ്ങൾ നടത്തുന്നുണ്ടു്. സങ്കീർത്തനങ്ങളെപ്പറ്റിയുള്ള പൊതുചിന്തകളിലേയ്ക്കു നമുക്കു കടക്കാം.

## സങ്കീർത്തനമെന്നാലെന്തു്?

ദൈവജനത്തിന്റെ ദൈവഗീതികളാണു സങ്കീർത്തനങ്ങൾ. എന്നാൽ ഇടക്കാലത്തു ക്രൈസ്തവനു് അപരിചിതമായി മാറി അവ. ഇന്നു് ആ സ്ഥിതിക്കു മാററം വരുന്നുണ്ടു്. സാമാന്യജനങ്ങളുടെ ഭക്താഭ്യാസങ്ങളിലേക്കും പ്രാർത്ഥനകളിലേക്കും സങ്കീർത്തനങ്ങൾ ഇന്നു കടന്നുവരുന്നുണ്ടു്. അങ്ങേയററം യാഥാർത്ഥ്യബോധം തുളുമ്പി നിൽക്കുന്നുണ്ടു് സങ്കീർത്തനങ്ങളിൽ. ജീവിതത്തെ ഒരു സമരമായിട്ടാണു സങ്കീർത്തനങ്ങളവതരിപ്പിക്കുക. രക്ഷാകരചരിത്രത്തിലെ എല്ലാ തലങ്ങളും അവയിൽ നാം കാണുന്നു. മനുഷ്യന്റെ നിസ്സാരതയും, ദൈവശക്തിയിൽ ആശ്രയിച്ചുകഴിയുമ്പോൾ അവനുണ്ടാകുന്ന സവ്വസാദ്ധ്യതയും ഇവിടെ വ്യക്തമാകുന്നു. ക്രൈസ്തവജീവിതത്തിലേക്കും ജീവിതത്തിലൂടെയുള്ള സാക്ഷ്യത്തിലേക്കും അവ നമ്മെ എത്തിക്കുന്നു. ഉത്തരവാദിത്വപൂർണ്ണമായ ക്രൈസ്തവജീവിതത്തിന്റെ പൂർണ്ണതയിലേക്കാണു് അവ നമ്മെ ക്ഷണിക്കുന്നതു്. ആ ക്ഷണത്തിലാണു് പ്രത്യാശയുടെ സന്ദേശം അടങ്ങിയിരിക്കുന്നതു്. പ്രശ്നങ്ങളേയും പ്രതിസന്ധികളേയും കടന്നുനിൽക്കുന്ന പ്രത്യാശയുടെ പ്രഭാപ്രസരം നമുക്കിവിടെ ലഭിക്കുന്നു. നമുക്കും മററുള്ളവർക്കും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനോവിശ്വാസത്തോടെ സ്വീകരിക്കാൻ കഴിവുണ്ടാകുന്നതു് ഈ തരത്തിലാണു്[5].

## അപഗ്രഥനം

''സങ്കീർത്തനങ്ങൾ'' (Psalms) എന്ന പേരുത്ഭവിക്കുന്നതു പുതിയനിയമത്തിലെ ഉപയോഗത്തിൽനിന്നാണു് (ലൂക്കാ 20:42; 24:44; നടപടി 1:20; 13:33)[6]. പഴയനിയമത്തിന്റെ ഒരു ഗ്രീക്കുപരിഭാഷയായ സെപ്ററുവജിൻറിലാണു് ഈ വാക്കു് ആദ്യമായി ഉപയോഗിച്ചിട്ടുള്ളതു്. ഭാഷാപരമായ അപഗ്രഥനത്തിന്റെ വെളിച്ചത്തിൽ ഗ്രീക്കിലെ 'പ്സാൽ

---

5. Cfr. M. P. RYAN, op. cit. Pp. 1—2.
6. A, WEISER, The Psalms, London (2nd Ed), 1965, P. 20 .

www.malankaralibrary.com

മോസ്'' (Psalmos) എന്ന വാക്കിൽനിന്നാണ് സങ്കീർത്തനം (Psalm) എന്നതുത്ഭവിക്കുക എന്നു കരുതാം[7]. പ്സാൽമോസിനു'' ആദ്യകാലങ്ങളിൽ തന്ത്രിവാദ്യ (stringed instruments) ങ്ങളുടെ സംഗീതമെന്നേ അർത്ഥമുണ്ടായിരുന്നുള്ളു. സെപ്റ്റുവജിൻറിൻെറ (septuagint) വത്തിക്കാൻ കൈയെഴുത്തുപ്രതിയിൽ (4–ാം നൂററാണ്ട്) 'പ്സാമോയ്' (psalmoi–സങ്കീർത്തനങ്ങൾ 'ബിബ്ളോസ് പ്സാൽമോൺ' (Biblos psalmon–സങ്കീർത്തനഗ്രന്ഥം) എന്നിങ്ങനെയാണുപയോഗിക്കുക. എന്നാൽ അലക്സാൺഡ്രിയൻ കൈയെഴുത്തുപ്രതിയിൽ (5–ാം നൂററാണ്ട്) 'പ്സാൽത്തേരിയോൺ' (psalterion) എന്നുപയോഗിച്ചിരിക്കുന്നു. 'പ്സാൽത്തേരിയോൺ' എന്നതിനു ''തന്ത്രിവാദ്യ''മെന്നോ ''ഗീതസമുച്ചയ''മെന്നോ അർത്ഥം വരാം[8].

ഹീബ്രുവിലെ മിസ്മോർ–കീർത്തനം (Mizmor) എന്ന വാക്കാണ് ഇതിനു പിന്നിലുള്ളത്. ഹീബ്രുവിലാകട്ടെ ചില സങ്കീർത്തനങ്ങൾക്കു മാത്രമേ 'മിസ്മോർ' എന്ന തലക്കെട്ടു കാണുന്നുള്ളു. എങ്കിലും ഈ വാക്കിൻെറ സ്വാധീനത്താൽ സങ്കീർത്തനങ്ങൾ എന്ന പേരു് (psalms) ഈ ഗീതങ്ങളുടെ സമാഹാരത്തിനു ലഭിച്ചു. ''സ്തുതിഗീതങ്ങൾ'' എന്നർത്ഥമുള്ള 'തെഹില്ലിം' (tehillim) എന്ന പേരാണു യഹൂദന്മാർ സങ്കീർത്തനങ്ങൾക്കു കൊടുത്തിരുന്നതു്. സങ്കീർത്തനഗ്രന്ഥം 'സെഫർ തെഹില്ലിം' എന്നും വിളിക്കപ്പെട്ടു.

## സങ്കീർത്തനങ്ങളുടെ ഉപയോഗം

സങ്കീർത്തനങ്ങളുടെ സമാഹാരം എന്തിനു് ഉപയോഗിച്ചിരുന്നു എന്ന ചോദ്യം അപ്രസക്തമായിത്തോന്നാം. ഇസ്രായേലിൻെറ ആരാധനക്രമത്തിലാണു പല സങ്കീർത്തനങ്ങളുടെയും ഉത്ഭവമെന്നു നേരത്തെ പറയുകയും ചെയ്തു. പോരെങ്കിൽ സങ്കീർത്തനസമാഹാരത്തിനു ലഭിച്ചിരിക്കുന്ന പേരു തന്നെ ''The hymn book of the Jewish church'' എന്നാണ്. ഇന്നു നാം കാണുന്ന സങ്കീർത്തനസമാഹാരം രണ്ടാമത്തെ ദേവാലയത്തിൽ (B. C. 520—A. D. 70) ആരാധനക്രമത്തിനുപയോഗിച്ചിരുന്ന ഗീതങ്ങളുടെ സമുച്ചയമാണ്[9]. കാരണം ആരാധനക്രമത്തിലുള്ള ഉപയോഗത്തെ സൂചിപ്പിക്കുന്ന പല

---

7. C. F. BARTH, Introduction to the Psalms (E. T) New York, 1966, P. 1.
8. L. SABOURIN S. J, The Psalms, Vol I, Bangalore, (T. P. I), 1971 P.1—2.
9. Msgr. E. J. KISSANE, The Book of Psalms, Dublin 1964, P. ix.

www.malankaralibrary.com

ഘടകങ്ങളും അതിലുണ്ട്. പില്ക്കാലത്ത് യഹൂദന്മാരുടെ സിനഗോഗുകളിലും അതുപയോഗിച്ചിരിക്കാം. ഇവയിൽ ചിലതു ദേവാലയത്തിലെ ലേവായ ഗായകസംഘത്തിന്റെ ഉപയോഗത്തിനുവേണ്ടി നിർമ്മിച്ചവയാണ്. പല സങ്കീർത്തനങ്ങളുടെയും മുകറംക്കുറിപ്പുകൾ അവ ഏതുതവസരിലുപയോഗിക്കാനുള്ളതാണെന്നു സൂചിപ്പിക്കുന്നു.

പക്ഷേ, ഈ വിധത്തിലുള്ള ഉപയോഗം കുറേക്കാലം കഴിഞ്ഞുണ്ടായതാണെന്നാണ് ആധുനികപഠനങ്ങൾ വെളിപ്പെടുത്തുക. അപ്പോൾ ഈ കീർത്തനങ്ങളുടെ പ്രഥമോദ്ദേശ്യമെന്തായിരുന്നുവെന്ന ചോദ്യം പ്രസക്തമാകുന്നു. എല്ലാ സങ്കീർത്തനങ്ങളും യഹൂദരുടെ ദൈവാലയാരാധനയ്ക്കായി നിർമ്മിക്കപ്പെട്ടവയല്ല. ചില കീർത്തനങ്ങളുടെ സ്ഥാനം വ്യക്തമായും രാജകൊട്ടാരങ്ങളും, തെരുവുകളും, നഗരകവാടങ്ങളും, വെളിസ്ഥലങ്ങൾ പോലുമത്രെ. ആദ്യകാല ഇസ്രായേലിന്റെ മതജീവിതം പിൽക്കാല യഹൂദരുടെ നിശ്ചിതരീതികളിൽ നിന്ന് എത്ര വിഭിന്നമായിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം[10].

സങ്കീർത്തനങ്ങൾ വൈവിദ്ധ്യമാർന്ന ജീവിതരംഗങ്ങളുടെ വിവിധ ഭാവങ്ങൾക്കുവേണ്ടി കാലാകാലങ്ങളിൽ നിർമ്മിക്കപ്പെട്ടവയാണ്. ആർ. ഇ. മർഫിയുടെ വാക്കുകൾ ഉദ്ധരിക്കുന്നതു് അവസരോചിതമാണെന്നു കരുതുന്നു. "ദൈവവും മനുഷ്യനുമായി നിരാശയിലും ശരണത്തിലും പൊതുവാരാധനയിലും വ്യക്തിപരമായ പ്രാർത്ഥനയിലും, വിജയത്തിനു കൃതജ്ഞത പറയുന്നതിലും പരാജയത്തിൽ പരിതപിക്കുന്നതിലും നേരിട്ടു മുഖാഭിമുഖം ദർശിക്കുന്ന വിവിധ രംഗങ്ങളുടെ ചിത്രീകരണമാണു സങ്കീർത്തനങ്ങൾ അവതരിപ്പിക്കുക"[11]. സങ്കീർത്തനങ്ങളുടെ രൂപവത്ക്കരണത്തെപ്പറ്റി ഒരവബോധമുണ്ടെങ്കിലേ വൈവിധ്യമാർന്ന ഈ വിഷയവിശകലനത്തിന്റെ സാദ്ധ്യത പൂർണ്ണമായി മനസ്സിലാകൂ.

## രൂപവത്ക്കരണം

സങ്കീർത്തനങ്ങൾ എല്ലാം ദാവീദ്‌രാജാവ് വിരചിച്ചു എന്നാണു പൊതുവെയുള്ള ധാരണ. "ദാവീദിന്റെ സങ്കീർത്തനങ്ങൾ" എന്നു നാം കേൾക്കാറുമുണ്ട്. യഥാർത്ഥത്തിൽ സങ്കീർത്തനങ്ങളെല്ലാം ദാവീദു രചിച്ചവയാണോ?

ഇവിടെയാണു സങ്കീർത്തനപുസ്തകത്തിന്റെ സ്വരൂപത്തെപ്പറ്റി ചിന്തിക്കുക. ദാവീദ്‌രാജാവ് ദൈവനിവേശിത

10. Cfr. C. F. BARTH, op. cit. P. 11—12.
11. Forward to P. DRIJVERS, The Psalms, London 1965.

www.malankaralibrary.com

നായി നൂററിഅൻപതു സങ്കീത്തനങ്ങളും വിരചിച്ചു എന്നു പറഞ്ഞാൽ ശരിയല്ല. ഒരാറം എഴുതിത്തീർത്ത കുറേ ഗാനങ്ങളുടെ സമാഹാരമൊന്നുമല്ല സങ്കീർത്തനങ്ങറം. സങ്കീർത്തനങ്ങളുടെ ആരംഭകാലത്തു ദാവീദ് അവയുമായി ബന്ധപ്പെട്ടിരിക്കാം; അവയിൽ ചിലതു് അദ്ദേഹംതന്നെ രചിച്ചതാകാം. ദാവീദിനെ വലിയ സംഗീതജ്ഞനായിട്ടാണല്ലൊ വി. ഗ്രന്ഥം ചിത്രീകരിക്കുന്നതു്. ദേവാലയസംഗീതം സംഘടിപ്പിക്കുന്നതിൽ ദാവീദിനു വലിയ പങ്കുണ്ടു്. ഇക്കാരണങ്ങളാൽ സങ്കീർത്തന ഗ്രന്ഥത്തിൻെറ കർതൃത്വം ദാവീദിൽ ആരോപിതമായി.

ഇന്നു നമുക്കു കരഗതമായിട്ടുള്ള സങ്കീർത്തനഗ്രന്ഥം നൂററാണ്ടുകറംതന്നെ നീണ്ടുനിന്ന പ്രവർത്തനത്തിൻെറ പ്രഫുല്ലസുമമാണു്. ഇസ്രായേലിൻെറ ചരിത്രത്തിലെ സുദീർഘമായൊരു കാലഘട്ടം ഇതിനു പിന്നിലുണ്ടു്. അതുകൊണ്ടാണു വൈവിധ്യമാർന്ന മനോഭാവങ്ങളും വിശ്വാസരീതികളും അഭിലാഷങ്ങളുമൊക്കെ അതിൽ കാണുക. സി. എഫ്. ബാർത്ത് ഒരുപമയിലൂടെ ഈ ആശയം വ്യക്തമാക്കുന്നുണ്ടു്[12]. ഒരു നദിയുടെ ഉത്ഭവം ഒന്നു സങ്കല്പിക്കു. മലയുടെ അടിവാരത്തിലേയ്ക്കു് ഒലിച്ചിറങ്ങുന്ന അനേകം ഒലിപ്പുകറം ഒന്നുചേർന്നു് ചാലുകളായി രൂപപ്പെടുന്നു. പല ചാലുകറം ഒഴുകിച്ചേരുമ്പോറം ഉറവകളായി. പല ഉറവകറം ഒഴുകി സംയോജിച്ചാണു് അരുവികളാകുക. ഈ കൊച്ചരുവികറം കുണുങ്ങി ഓടിക്കൂടി ചേർന്നാണു് നദിയുടെ കൈവഴികളാകുക. ആ കൈവഴികറം ഒഴുകിക്കൂടി വലിയ നദിയുണ്ടാകുന്നു. തീരം കാണാത്ത തിരമാലകളുള്ള കടലിലേക്കു് ആ വലിയ നദി ഒഴുകി വീഴുന്നു. ഇതുപോലെയാണു് സങ്കീത്തനഗ്രന്ഥം രൂപം കൊണ്ടതെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഓരോരോ ഗീതങ്ങളായാണു് അതാരംഭിക്കുക. കുറേ തലമുറകറം കടന്നുപോയപ്പോറം പിൻതലമുറയുടെ ഉപയോഗത്തിനായി ആരോ കുറേ കീത്തനങ്ങറം സ്വരൂപിച്ചു് ഒന്നാക്കി. ഇങ്ങനെയുണ്ടായ ഒരു ചെറിയ സങ്കീർത്തനസമുച്ചയം ദാവീദിൻെറ കാലത്തോ അതിനു തൊട്ടു പിൻപോ രൂപം പ്രാപിച്ചിരിക്കാം. അതിൻെറ പിന്നിൽ അദ്ദേഹം പ്രധാനമായി പ്രവർത്തിച്ചിരിക്കാം. ബി. സി. പത്താം നൂററാണ്ടോടുകൂടി ഈ സമാഹരിക്കൽ നടന്നു. പിന്നീടുള്ള രാജാക്കന്മാരുടെ കാലത്തും ഇങ്ങനെ സമാഹരണങ്ങറം നടന്നിരിക്കും. ഇതിൻെറഫലമായി തീത്ഥാടകസങ്കീർത്തനങ്ങറം (120—134), ഹല്ലേലുയ്യാ സങ്കീർത്തനങ്ങറം (104—106; 111—117; 146— 150). കോറയുടെ മക്കളുടെ സങ്കീത്തനങ്ങറം (42—49), ആസഫിൻെറ സങ്കീർത്തനങ്ങറം (50; 73—83) തുടങ്ങിയ ലഘുസമാഹാരങ്ങളു

12. Cfr· C· F· BARTH, op—cit· P. 2—3,

www.malankaralibrary.com

ണ്ടായി. കോറയും, ഏത്താനും, ആസഫും ദേവാലയഗായക സംഘങ്ങളുടെ പൂർവ്വപിതാക്കന്മാരായിരുന്നിരിക്കാം. ഏതായാലും ഇവരുടെ പേരിലറിയപ്പെടുന്ന സങ്കീർത്തനസമാഹാരങ്ങൾ ദേവാലയഗായകന്മാരിൽനിന്നു വന്നതാണെന്നു വിചാരിക്കാൻ ന്യായമുണ്ട്.

ചില സങ്കീർത്തനങ്ങളിലെ പ്രത്യേക വാക്കുകളുടെ ഉപയോഗംകൊണ്ട് അവ ഒരു ''എഡിററിംഗിനു'' വിധേയമായി എന്നും ഒരു സമാഹാരമാണെന്നും നമുക്കു മനസ്സിലാക്കാം. ഇതിനു് ഉദാഹരണമാണ് ഏലോഹിം സങ്കീർത്തനങ്ങൾ. ഈ സങ്കീർത്തനങ്ങളിൽ നിന്നെല്ലാം ദൈവത്തിന്റെ 'യാഹ്‌വേ' എന്ന പേരു മാററി പകരം ഏലോഹിം എന്ന പൊതുവായ പേരു് പ്രയോഗിച്ചിരിക്കുന്നു. അതുകൊണ്ട് ഏലോഹിം സങ്കീർത്തനങ്ങൾ എന്നു് ഇവ വിളിക്കപ്പെടുന്നു.

ബാബിലോൺ അടിമത്തകാലത്തു് അതുവരെയുണ്ടായിരുന്ന സമാഹാരങ്ങളെല്ലാം ഒന്നിച്ചുചേർത്തു് ഒരു ഗ്രന്ഥമാക്കിയിരിക്കാം. മറെറാന്നിലും പെടാതിരുന്നവ കൂട്ടിച്ചേർത്തു, അങ്ങനെ 150 എണ്ണമാക്കി. ഇക്കാലത്തായിരിക്കണം അഞ്ചു ഗ്രൂപ്പുകളായി സങ്കീർത്തനങ്ങളെ വിഭജിച്ചതും (സങ്കീ 1–41; 42—72; 73—89; 90—106; 107—150). ഈ വിഭജനം എന്തിനായിരുന്നു? കൃത്യമായി പറയാൻ നിവൃത്തിയില്ല. യഹൂദാരാധനയുടെ സമയത്തു വായിക്കുന്നതിനുള്ള സൗകര്യം നോക്കിയിരിക്കാം. പഞ്ചഗ്രന്ഥിയിലെ ഗ്രൂപ്പിംഗ് (അഞ്ചു ഗ്രന്ഥങ്ങൾ) അനുസരിച്ചു തിരിച്ചതായിരിക്കാം.

## എങ്ങനെ 150? എന്തുകൊണ്ടു് 150?

സങ്കീർത്തന സമാഹാരത്തിൽ ആകെയുള്ളതു് 150 സങ്കീർത്തനങ്ങളാണ്. എന്നാൽ ഹീബ്രുവിലും ഗ്രീക്കിലും സങ്കീർത്തനങ്ങളെ എണ്ണുന്നതു് ഒരുപോലെയല്ല. ആകെ എണ്ണം 150 എന്നതിൽ രണ്ടും യോജിക്കുന്നു. അപ്പോൾ ചില സങ്കീർത്തനങ്ങൾ വിഭജിക്കപ്പെട്ടും ചിലതു് സംയോജിക്കപ്പെട്ടും എന്നു സാരം. ഹീബ്രുവിലും ഗ്രീക്കിലുമുള്ള എണ്ണം ഇപ്രകാരമാണ്.

| ഹീബ്രു | ഗ്രീക്കു് |
|---|---|
| 1—8 | 1—8 |
| 9—10 | 9 |
| 11—113 | 10—112 |
| 114—115 | 113 |
| 116 | 114—115 |
| 117—146 | 116—145 |
| 147 | 146—147 |
| 148—150 | 148—150 |

www.malankaralibrary.com

ഇനി വേറൊരു ചോദ്യമുള്ളത് എന്തുകൊണ്ട് 150 സങ്കീർത്തനങ്ങൾ? നൂറോ ഇരുനൂറോ ആകരുതായിരുന്നോ? യഹൂദരുടെ ആരാധനക്രമ വത്സരവും വായനകളുമാണ് ഈ രംഗത്തു വെളിച്ചം വീശുന്നത്. 'നിയമവും പ്രവാചകന്മാരും' മൂന്നു ചാന്ദ്രികവർഷം കൊണ്ട് വായിച്ചുതീർക്കുന്ന വിധത്തിലാണ് യഹൂദരുടെ ആരാധനക്രമവത്സരം ക്രമപ്പെടുത്തിയിരിക്കുന്നത്. ''ത്രൈവാർഷികചക്ര'' (triennial cycle) മെന്നു വിശേഷിപ്പിക്കാവുന്ന ഈ രീതിയനുസരിച്ചു പഞ്ചഗ്രന്ഥി മുഴുവൻ മൂന്നു ചാന്ദ്രികവർഷങ്ങളിലെ സാബത്തുദിനങ്ങളിൽ വായിക്കത്തക്ക വിധത്തിൽ വിഭജിച്ചിരിക്കുന്നു (സെദറിം). വായനയ്ക്കു പ്രത്യുത്തരമെന്ന നിലയിൽ സങ്കീർത്തനങ്ങളും സംവിധാനം ചെയ്തതുകൊണ്ടാകണം എണ്ണം 150 എന്നു കല്പിക്കപ്പെടുത്തിയത്[13].

അങ്ങനെ നോക്കുമ്പോൾ സങ്കീർത്തനങ്ങൾ ദീർഘമായ ഒരു കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഏകദേശം എഴുനൂറു കൊല്ലം നീണ്ടുനിന്ന ഒരു നിർമ്മാണചരിത്രം അതിനു പിന്നിലുണ്ട്. രാജാക്കന്മാരും, പുരോഹിതരും, പ്രവാചകരുമെല്ലാം ആ ദീർഘകാല പ്രവർത്തനത്തിൽ പങ്കുചേർന്നു. പ്രതിഭാസമ്പന്നരായ കവികളും ഗായകരും അവരുടെ കഴിവിന്റെ പരമാവധി ഇതിനായി കാഴ്ച വച്ചു. ഇസ്രായേലിന്റെ തലമുറകളെല്ലാം ഇതിന്റെ നിർമ്മാണത്തിനു പിന്നിലുണ്ട്. യഹൂദാരാധനക്രമവത്സരത്തിലെ എല്ലാ സാബത്തുദിവസവും ഉപയോഗിക്കാനാണ് അവയുടെ എണ്ണം 150 എന്നു കല്പിക്കപ്പെടുത്തിയത്.

പ്രധാനമായൊരു പ്രശ്നത്തിലേക്ക് ഈ ചിന്ത നമ്മെ എത്തിക്കുന്നു. ആരാധനക്രമത്തിനനുസരിച്ചു സങ്കീർത്തനങ്ങളുടെ എണ്ണം 150 എന്നു നിശ്ചയിച്ചെങ്കിൽ സങ്കീർത്തനഗ്രന്ഥത്തിൽ ഉൾപ്പെടാത്ത സങ്കീർത്തനങ്ങളുണ്ടോ വിശുദ്ധഗ്രന്ഥത്തിൽ? അല്പംകൂടി വിശാലമായി ചിന്തിച്ചാൽ ഈ സങ്കീർത്തനങ്ങൾ ഇസ്രായേലിന്റെ സവിശേഷതയാണോ? അതോ മററു ജനപദങ്ങൾക്കും സങ്കീർത്തനങ്ങളുണ്ടോ? അതായത് ബൈബിളിനു വെളിയിലും സങ്കീർത്തനങ്ങളുണ്ടോ? ഈ ചോദ്യങ്ങൾക്കുത്തരം കാണാനുള്ള ശ്രമമാണടുത്തത്.

## ബൈബിളിലെ മററു സങ്കീർത്തനങ്ങൾ

സങ്കീർത്തന സമുച്ചയത്തിലുൾപ്പെടാത്ത പല ഗീതങ്ങളും പഴയനിയമഗ്രന്ഥങ്ങളിൽ നമുക്കു കാണാം. അവയിലേററം പ്രധാനപ്പെട്ടവ ''മൂശയുടെ കീർത്തനം''(പുറ 32:1–53),

13. Cfr. GUILDUIZ, The Fourth Gospel and Jewish Worship, Oxford, 1960, P. 6,

www.malankaralibrary.com

''ഹന്നായുടെ സങ്കീർത്തനം'' (1 സാമു 2:1—10); ''ഹെസക്കിയായുടെ സങ്കീർത്തനം'' (യേശ 38:10—20); ''യോനായുടെ സങ്കീർത്തനം'' (യോനാ 2:3—10) എന്നിവയാണ്. മൂശയുടെ കീർത്തനം ഒരു സമൂഹഗീതമാണ്. മററുള്ളവ വ്യക്തികളുടെ സങ്കീർത്തനങ്ങളാണ്. ''ചെങ്കടലിങ്കലുള്ള ഇസ്രായേലിൻെറ ഗാനവും'' (പുറ 15:1—18); ''ഹബക്കുക്കിൻെറ സങ്കീർത്തനവും'' (ഹബ 3:2—19) സമൂഹഗീതങ്ങളാണ്. മറെറാരു സങ്കീർത്തനസമാഹാരംതന്നെ നമുക്കു കാണാനുണ്ട്. ഏറമിയായുടെ പുസ്തകത്തിനു ശേഷം കൊടുത്തിരിക്കുന്ന ''വിലാപങ്ങളാ''ണ് അത്. അവ ഒരു സങ്കീർത്തനസമാഹാരമായി വേണം പരിഗണിക്കപ്പെടാൻ. ഏറമിയായുടെ പുസ്തകത്തിൽ തന്നെ ഒരു സങ്കീർത്തനസമാഹാരം കാണാനുണ്ട്. അതു പ്രവാചകൻെറ കാലത്തു തന്നെയുള്ളതാകാം. (ഏറ 15:15—18; 17:14—18; 18:19—23).

പുതിയനിയമത്തിലും സങ്കീർത്തനങ്ങൾ നമുക്കു കാണാം. കന്യകാമേരിയുടെ കീർത്തനം (ലൂക്കാ 1:46—55), സഖറിയായുടെ കീർത്തനം (ലൂക്കാ 2:68—79) എന്നിവ നിവേശിത ദൈവസ്തുതികളാണ്. ക്രൈസ്തവരുടെ സങ്കീർത്തനങ്ങളുടെ ആരംഭമാണു നാമിവിടെ കാണുക. സങ്കീർത്തനഗ്രന്ഥങ്ങളിലെ ഗീതകങ്ങളിൽ നിന്ന് അല്പ വ്യത്യാസങ്ങളൊക്കെ ഇവയ്ക്കുണ്ട്. ഓരോ കാലഘട്ടത്തിൻെറയും അഭിലാഷങ്ങളും ആഭിമുഖ്യങ്ങളും പ്രകടിപ്പിക്കുന്ന സങ്കീർത്തനങ്ങളിൽ ഇമ്മാതിരി വ്യതിയാനങ്ങളൊക്കെ മനസ്സിലാക്കാവുന്നതാണല്ലോ. ആദിമ ക്രൈസ്തവഗീതങ്ങളുടെ ഭാവങ്ങൾ വി. പൗലോസിൻെറ ലേഖനങ്ങളിൽ ചേർക്കപ്പെട്ടിട്ടുണ്ട്. 1 തിമോ 3:16; ഫിലി 2:5—11; എന്നിവ ഈ ഗണത്തിൽപ്പെടുന്നു. വെളിപാട് 5:9—15; 9:1—8 എന്നിവ ക്രൈസ്തവഗീതങ്ങളത്രെ. വി. യോഹന്നാൻെറ സുവിശേഷത്തിൻെറ ഉപോദ്ഘാതം (യോഹ 1:1—18) ഒരു ക്രൈസ്തവഗീതത്തിൻെറ ആവിഷ്കാരമാണെന്നതു വ്യക്തമാണല്ലോ.

സങ്കീർത്തനസമാഹാരത്തിനു പുറത്തു സങ്കീർത്തനങ്ങളെങ്ങനെ വന്നുവെന്നതിനു രണ്ടു വിധത്തിൽ സമാധാനം പറയാം. സങ്കീർത്തനങ്ങൾ സമാഹരിച്ച കാലത്ത് അവ മറെറാരു ഗ്രന്ഥത്തിൻെറ ഭാഗമായിത്തീർന്നിരിക്കാം. അല്ലെങ്കിൽ സങ്കീർത്തനസമാഹാരത്തിനു ശേഷമാവാം അവയുണ്ടായത്. ദൈവസ്തുതിക്കായി അവിടുത്തെ സവിധത്തിലെത്തുന്ന മനുഷ്യൻെറ സങ്കല്പങ്ങൾ സംഗീതസാന്ദ്രമായി ഗീതകങ്ങളായി മാറുന്നതിനു സമയപരിധി വയ്ക്കാൻ പററില്ലല്ലോ. ബൈബിളിൽത്തന്നെ സങ്കീർത്തനഗ്രന്ഥത്തിനു പുറത്തുള്ള സങ്കീർത്തനങ്ങളെപ്പററിയാണ് ഇതേവരെ ചിന്തിച്ചത്.

www.malankaralibrary.com

ഇനി അടുത്ത പ്രശ്നം, സങ്കീർത്തനങ്ങൾ ഇസ്രായേലിനുമാത്രം ഉണ്ടായിരുന്ന പ്രത്യേകതയാണോ?

## സങ്കീർത്തനങ്ങൾ ഇസ്രായേലിനു മാത്രമോ?

സങ്കീത്തനങ്ങൾ ഇസ്രായേലിനു തനതായുള്ളതാണോ? അതോ ഇസ്രായേലിൻെറ സമീപസ്ഥജനങ്ങൾക്കുമുണ്ടോ ഇത്തരം കീർത്തനങ്ങൾ? ബൈബിളിൽ മാത്രമല്ല സങ്കീർത്തനങ്ങൾ കാണുക. വിശ്വസാഹിത്യത്തിൽ ബൈബിളിലെ സങ്കീർത്തനങ്ങളോടു താരതമ്യപ്പെടുത്താവുന്ന മതാത്മകഗാനങ്ങളും ഗീതികളും പ്രാർത്ഥനകളുമൊക്കെ പലതുണ്ട്. ഒരുവിധത്തിൽ അവയേയും സങ്കീർത്തനങ്ങളെന്നു വിളിക്കാവുന്നതു മത്രെ. മെസപ്പൊട്ടേമിയായിലേയും ഈജിപ്റ്റിലേയും മതഗീതങ്ങൾ താരതമ്യം ചെയ്തു പഠിക്കേണ്ടതിൻെറ ആവശ്യകത ആദ്യമായി ഊന്നിപ്പറഞ്ഞതു് ഹെർമാൻ ഗുങ്കലാണ്. ബൈബിളിലെ മററു സാഹിത്യരൂപങ്ങളുടെ സമാന്തരഘടകങ്ങൾ ബൈബിളേതരസാഹിത്യത്തിൽനിന്നും പഠിച്ചതു് ബൈബിൾപഠനം സുഗമമാക്കിയതുപോലെ ഈ പഠനവും സങ്കീത്തനങ്ങളുടെ അന്ത:സത്തയിലേക്കും ആത്മവത്തയിലേക്കും കടന്നുചെല്ലാൻ സഹായിക്കും.

## സങ്കീർത്തനങ്ങളുടെ മുകൾക്കുറിപ്പുകൾ (ടൈററിൽസ്)

സങ്കീർത്തനങ്ങളിൽ പലതിനും (34 എണ്ണം ഒഴിച്ചു്) മുകൾക്കുറിപ്പുകളുണ്ട്. ഈ മുകൾക്കുറിപ്പിനു ടൈററിൽ എന്നു പറയാം. ഈ മുകൾക്കുറിപ്പുകൾ സങ്കീത്തനങ്ങളുടെ അവിഭാജ്യവിഭാഗമൊന്നുമല്ല. പതിനാറാം നൂററാണ്ടിൽ ബൈബിൾ വാക്യങ്ങൾക്ക നമ്പറിട്ടപ്പോൾ ഈ മുകൾക്കുറിപ്പുകൾ ആദ്യത്തെ വാക്യമായിത്തീർന്നു. പലപ്പോഴും ഇവ എഡിററർ ചേർത്തതായിരിക്കണം. ഈ മുകൾക്കുറിപ്പുകൾ പല തരത്തിൽപ്പെടുന്നവയാണ്.

1) കീത്തനങ്ങളുടെ സ്വഭാവം സൂചിപ്പിക്കുന്നവ: സങ്കീത്തനങ്ങളുടെ സാഹിത്യരൂപം ഏതെന്നു വ്യക്തമാക്കുന്നവയാണു് ഈ വകുപ്പിൽപ്പെടുന്ന ടൈററിലുകൾ. ''സങ്കീർത്തനം'' (psalm) ''ഗീതം'' (song) ''പ്രാർത്ഥന'' (prayer) എന്നിങ്ങനെയുള്ള ടൈററിലുകൾ ഇതിനുദാഹരണമാണ്.

2) ആരാധനക്രമത്തിലെ അനുഷ്ഠാനവിധികൾ വ്യക്തമാക്കുന്നവ: 92-ാം സങ്കീത്തനം പ്രത്യേകദിവസത്തിനു്-സാബത്തിനു്-ഉള്ളതാണ്. സെപ്ററുവജിൻറ് ആഴ്ചയിലെ മററു ദിവസങ്ങൾക്കും സങ്കീത്തനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. 38, 70 എന്നീ സങ്കീർത്തനങ്ങളിലുള്ള ''ഓർമ്മയ്ക്കായ്'' എന്ന കുറിപ്പു് azkarah (അസ്ക്കാറാ) എന്നബലിയെ സൂചി

www.malankaralibrary.com

പ്പിക്കുന്നു. (cfr. ലേവ്യ 2:2). 100-ാം സങ്കീർത്തനത്തിനുള്ള ''കൃതജ്ഞതാസ്തോത്രത്തിനു്'' എന്ന ടൈററിൽ കൃതജ്ഞതാസ്തോത്രബലിയെ (ലേവ്യ 7:12, 22:29) സൂചിപ്പിക്കുന്നു.

3) സംഗീതനിർദ്ദേശങ്ങൾ: സങ്കീർത്തനങ്ങളുടെ സംഗീതത്തെപ്പററിയുള്ള നിർദ്ദേശങ്ങളാണു മറെറാരുകൂട്ടം ടൈററിലുകൽ. അവതന്നെ രണ്ടുവിധത്തിലുള്ളതാണു്. ഏതുതരം വാദ്യോപകരണം ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നവ ഒന്നു്. ഉദാ: തന്ത്രിവാദ്യം (stringed instrument സങ്കീ 4, 6, 54, 55, 61, 67, 74), വായുവാദ്യം (ഓടക്കുഴൽ ക്ലാർനെററു് മുതലായവ സങ്കീ 5), മറെറാന്നു്, സാധാരണ പരിചിതമായ ഏതു രീതിയിൽ പാടണമെന്നു നിർദ്ദേശിക്കുന്നു (എത്ര നല്ലീശോ നാഥാ എ. മ. എന്നു മലയാളത്തിൽ പറയാറുണ്ടല്ലോ അതുപോലെ). ഉദാഹരണത്തിനു് ''നശിപ്പിക്കരുതേ'' എന്ന രീതിയിൽ (സങ്കീ 57, 58, 59, 75 cfr. യേശ 65:8), ''ദൂരസ്ഥന്മാരുടെ ഇടയിൽ മിണ്ടാത്ത പ്രാവു്'' എന്ന രാഗത്തിൽ (സങ്കീ 56), ''പുത്രമരണ രാഗത്തിൽ'' (സങ്കീ 9) മുതലായവ.

സേലാ (selah) എന്നു് അവ്യക്തമായ ഒരു വാക്കു ചില സങ്കീർത്തനവാക്യങ്ങളുടെ അവസാനം ചേർത്തിരിക്കുന്നതു കാണാം. സംഗീതത്തിൻെറ ഒരു നിർത്താണു് അതെന്നു കരുതുന്നവരുണ്ടു്. ജനങ്ങൾക്കു കുമ്പിടാൻ ഒരവസരമാണു് ഇതെന്നും വിശദീകരണമുണ്ടു്. സംഗീതത്തിൻെറ സ്വരം ഉയർത്താനുള്ള നിർദ്ദേശമാണിതെന്നാണു മറെറാരഭിപ്രായം[14].

4) വ്യക്തികളുടെ പേരുകൾ; പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരുസംഘം ടൈററിലുകളാണു് ഇനിയുള്ളതു്. ചില വ്യക്തികളുടെ പേരുകളാണവ. ബൈബിളിൽ പ്രസിദ്ധമായ പേരുകളാണുപയോഗിക്കുക മിക്കവാറും. ഇങ്ങനെ ദാവീദിൻെറ പേരിൽ 73 സങ്കീർത്തനങ്ങളും, ആസാഫിൻെറ പേരിൽ 12 സങ്കീർത്തനങ്ങളും, കോറായുടെ പുത്രന്മാരുടെ പേരിൽ 11 സങ്കീർത്തനങ്ങളും, സോളമൻെറ പേരിൽ രണ്ടു സങ്കീർത്തനങ്ങളും ഹെമാൻ എഥാൻ, മോസസു് എന്നിവരുടെ പേരിൽ ഓരോ സങ്കീർത്തനങ്ങളുമാണു് നാം കാണുക.

ഈ പേരുകൾ കർതൃത്വം സൂചിപ്പിക്കുന്നുവെന്നു മുമ്പു കരുതിയിരുന്നു. ഇന്നു് ഈ ചിന്താഗതി ആരും വച്ചുപുലർത്തുന്നില്ല. ചെറിയ ചെറിയ സങ്കീർത്തനസമാഹാരങ്ങൾ ഉണ്ടായിവന്ന കാലത്തു് ആ സമാഹാരത്തിനു നേതൃത്വം കൊടുത്തവരെയോ ആ സമാഹാരങ്ങൾ പാടിയിരുന്ന ഗായകസംഘ

14. J. H. EATON, op cit p. 16.

www.malankaralibrary.com

നേതാക്കളേയോ ആയിരിക്കാം ഈ പേരുകൾ സൂചിപ്പിക്കുക.

5) ചരിത്രസാഹചര്യങ്ങൾ; 18, 51, 52, 54, 56, 57, 59, 60, 63 എന്നീ സങ്കീർത്തനങ്ങൾ അവയുടെ ഉത്ഭവത്തിന്റെ എന്നു കരുതപ്പെടുന്ന ചരിത്രസാഹചര്യമാണ് മുകൾക്കുറിപ്പായി നൽകുന്നത്. ഈ മുകൾക്കുറിപ്പുകൾക്ക് ചരിത്രപരമായ മൂല്യമില്ലെന്നതു വ്യക്തമാണ്. ചരിത്രപരമായ ഈ സൂചനകൾ യഹൂദസമുദായം നൽകിയ വിശദീകരണമായിരിക്കാനേ വഴിയുള്ളു.

പല സങ്കീർത്തനങ്ങൾക്കുമുള്ള ടൈറ്റിലുകൾ അവയുടെ ഉത്ഭവത്തെ സൂചിപ്പിക്കുന്നുവെന്നാണ് വയ്പ്പ്. പലപ്പോഴും ആ ധാരണ തെറ്റാണ്. ആ ടൈറ്റിലുകൾ അടിസ്ഥാനപ്പെടുത്തി തീരുമാനങ്ങളെടുത്തുകൂടാ. സാങ്കേതികാർത്ഥത്തിലുള്ള അവയുടെ പ്രയോഗത്തിന്റെ വ്യാപ്തി മുഴുവൻ നമുക്കു മനസ്സിലായെന്നിരിക്കില്ല. അവ തലമുറകളിലൂടെ കടന്നു പോന്നതു തന്നെ കൃത്യമായി ആയിരിക്കില്ല. എങ്കിലും പല ടൈറ്റിലുകളും പ്രധാനപ്പെട്ടവയാണ്. ഒരു രഹസ്യാത്മകത അവയെ ചൂഴ്ന്നുനില്ക്കുന്നുവെന്നു സമ്മതിക്കാതെ നിർവ്വാഹമില്ല.

## സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയം

നൂറ്റാണ്ടുകളിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു മനുഷ്യൻ നൽകുന്ന മറുപടിയാണ് സങ്കീർത്തനങ്ങളിൽ നാം കാണുക. പഴയനിയമ മനുഷ്യനു ദൈവത്തെപ്പറ്റിയുള്ള ധാരണകളും ദൈവത്തോടുള്ള ആഭിമുഖ്യങ്ങളും ഇതിൽ പ്രകടമാണ്. അതുകൊണ്ടാണ് സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയം പഠനവിഷയമാക്കേണ്ടത്. പഴയനിയമത്തിലെ ദൈവവിജ്ഞാനീയത്തിന്റെ ഒരു വീക്ഷണം നമുക്കിതിൽ ലഭിക്കും. പക്ഷേ, അതോടൊപ്പംതന്നെ ഒരു വസ്തുത കൂടി സൂചിപ്പിക്കേണ്ടിയിരിക്കുന്നു. സംഗ്രഹത്തിനതീതമായ വിധം അത്ര വിപുലമാണ് സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയം. അതിന്റെ ഒരേകദേശരൂപം ലഭിക്കത്തക്കവിധത്തിൽ ചില സൂചനകൾ നല്കാനേ ഇവിടെ ഉദ്ദേശ്യമുള്ളു.

## നിറക്കൂട്ടുകൾ

പല സങ്കീർത്തനങ്ങളുടെയും ഉത്ഭവം ആരാധനക്രമപരമായ സാഹചര്യങ്ങളാണെന്ന് ആദ്യംതന്നെ പ്രസ്താവിച്ചതോർക്കുക. ആരാധനക്രമത്തിലാണ് അവ ഉപയോഗിക്കപ്പെട്ടിരുന്നതും. അതുകൊണ്ടുതന്നെ സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയത്തിന് ആരാധനാത്മകമായ ഒരു നിറക്കൂട്ട കാണുമെന്നതു നിസ്തർക്കമാണ്. ആരാധനയ്ക്കു വിഷയമായ ദൈവ

www.malankaralibrary.com

മായിരിക്കും സങ്കീർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുക. ഓർശ്ലേം ദേവാലയത്തെപ്പററിയുള്ള പരാമർശം സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയത്തിൻെറ പ്രത്യേകതയാണ്. ദേവാലയത്തിൽ സ്വന്തം സാന്നിദ്ധ്യം വെളിപ്പെടുത്തുന്ന ദൈവത്തെയാണു നാമവിടെ കാണുക.

കൃതജ്ഞതാഗീതങ്ങളും സ്തുതികീർത്തനങ്ങളുമായി അവിടത്തെ പടിവാതില്ക്കൽ കടക്കണം (സങ്കീ 100:4). വാദ്യോപകരണങ്ങളോടുകൂടി അവിടത്തെസ്തുതികൾ കീർത്തിക്കണം (29:1). അവിടത്തെ നാമത്തിനു യോജിച്ച മഹത്വം അവിടത്തേയ്ക്കു നല്കണം (29:2). പുതുഗീതങ്ങളിലൂടെ അവിടത്തെ പ്രകീർത്തിക്കണം (33:3). ദൈവസ്തുതി, അതാണു സങ്കീർത്തകൻെറ പ്രധാനലക്ഷ്യം. ദൈവത്തെ സ്തുതിക്കേണ്ടതിൻെറ കാരണങ്ങളും അവതരിപ്പിക്കുന്നുണ്ട് സങ്കീർത്തകൻ. ദൈവത്തിൻെ കരുണ, വിശ്വസ്തത, നന്മ ഇവയാണു കാരണങ്ങൾ. ആരാധനക്രമത്തിലും വ്യക്തിജീവിതത്തിലും സ്വയം അനുഭവിച്ച ദൈവത്തെയാണു അദ്ദേഹം അവതരിപ്പിക്കുന്നത്.

## സ്രഷ്ടാവും രക്ഷകനും

സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്ന ദൈവവിജ്ഞാനീയത്തിൽ രണ്ടു പ്രധാനഘടകങ്ങളുണ്ട്. ദൈവം സ്രഷ്ടാവാണ്; രക്ഷകനുമാണ്. അന്ധകാരശക്തികളുടെ മേൽ, ആഴിയുടെ മേൽ വിജയം വരിക്കുന്ന യഹ്വേ സ്രഷ്ടാവാണ് (74:13–14; 89:10–15). അവിടുന്നു സൃഷ്ടിക്കുന്നതു സ്വന്തം വചനത്തിൻെറ ശക്തികൊണ്ടാണ് (147:15), വെറും നിശ്വാസം കൊണ്ടാണ് (104:29), വചനവും നിശ്വാസവും കൊണ്ടാണ് (33;6). സ്രഷ്ടാവായ ദൈവത്തിനു സർവ്വസൃഷ്ടികളുടെയും മേൽ അധികാരമുണ്ട് (സങ്കീ 77:17). സർവ്വാധികാരിയായ ദൈവം സകലത്തേയും പരിപാലിച്ചു ഭരിക്കുന്നു (104:10–18). മൃഗങ്ങൾക്കു ഭക്ഷണം കൊടുക്കുന്നതും മത്സ്യങ്ങളേയും കടൽജീവികളേയും വളർത്തുന്നതും മനുഷ്യനു സസ്യങ്ങൾ കിളിർപ്പിക്കുന്നതുമെല്ലാം അവിടുന്നുതന്നെ (147:8–9). അവിടത്തെ പരിപാലന സകലത്തെയും ഭരിക്കുന്നു. തുടരുന്ന സൃഷ്ടിയാണ് അവിടത്തെ പരിപാലന. സങ്കീർത്തകൻെറതന്നെ അനുഭവമാണു ദൈവപരിപാലനയെപ്പററി അദ്ദേഹം അവതരിപ്പിക്കുന്നത്. ഭക്ഷണപാനീയങ്ങളും അഭയസ്ഥാനവും നല്കുന്ന ദൈവത്തെ (സങ്കീ 36:8f) ഒരു കാവല്ക്കാരനായി ചിത്രീകരിക്കുന്നു സങ്കീ 121. ഭൂമിയേയും മനുഷ്യവർഗ്ഗത്തേയും അവിടുന്നു പരിപാലിക്കുന്നു (11:4; 33:3; 120:20; 66:7). മനുഷ്യനെ (32:8), അവിടത്തെ ഭയപ്പെടുന്നവരെ (33:18), നീതിമാനെ (34:6) അവിടുന്നു സംരക്ഷിക്കുന്നു. എല്ലാ അവസരങ്ങളിലും അവിടത്തെ പരിപാലന നമ്മോടൊപ്പമുണ്ട് (139:1–6).

www.malankaralibrary.com

ദൈവം രക്ഷകനുമാണ്. രക്ഷയെന്നതുകൊണ്ടു വിമോചനമാണ് ഇവിടെ ഉദ്ദേശിക്കുക, പ്രഥമമായി. ആധ്യാത്മികമായ ഒരു രക്ഷയിലേക്കും ഇതു് ഉന്നം വയ്ക്കുന്നു. പാപികളിൽ നിന്നു രക്ഷിക്കണമേ എന്നു സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു (26:11). ശത്രുവിന്റെ കെണികളിൽ നിന്നു് (3:6; 71:23), അന്ധകാരത്തിന്റെ ശക്തിയിൽ നിന്നു് (49:16), വിമോചിക്കണമേ എന്ന അഭ്യർത്ഥന കർത്താവിന്റെ പക്കലേക്കുയരുന്നു. തന്റെ ദാസരെ ദൈവം മരണത്തിൽ നിന്നു രക്ഷിക്കുന്നു (34:23). ജനതയെ മുഴുവനും അപകടങ്ങളിൽ നിന്നു കാത്തു പരിപാലിക്കുന്നതു് അവിടന്നാണ് (44:27). കരുത്തേറിയ കരങ്ങൾകൊണ്ടു് അവിടന്നു് ഇസ്രായേലിനെ സംരക്ഷിച്ചു (77:16). ശത്രുകരങ്ങളിൽ നിന്നു്, നാശത്തിൽ നിന്നു്, അവിടുന്നു വ്യക്തികളുടെ ജീവൻ രക്ഷിക്കുന്നു (103:4).

## ദൈവനീതി

രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ദൈവനീതിയെപ്പററി പഴയനിയമത്തിലുടനീളം പ്രസ്താവങ്ങളുണ്ടു്. സങ്കീർത്തനങ്ങളിൽ ദൈവനീതി, സ്വാതന്ത്ര്യവും രക്ഷാകരവുമായ ദൈവകാരുണ്യമെന്ന നിലയിലാണ് അവതരിപ്പിക്കുക. വിശ്വാസികളുടെ അഭയകേന്ദ്രവും പാപമോചനത്തിന്റെ ഉറവിടവും അതാണ്. ദൈവനീതിയിലാണു ശത്രുവിന്റെ ആക്രമണത്തിൽ നിന്നു മോചനം അവർ പ്രതീക്ഷിക്കുക (31:2; 71:2; 143:1) ദൈവികനീതി മനുഷ്യരക്ഷയാണെന്നു് അവർ പ്രതീക്ഷിക്കുന്നു.

ദൈവനീതിയുടെ പ്രവർത്തനഫലമായി അനുഗ്രഹങ്ങൾ ലഭിച്ചുകഴിയുമ്പോൾ സങ്കീർത്തകർ ദൈവത്തെ വാഴ്ത്തുന്നു. അങ്ങനെ ശത്രുവിൽനിന്നുള്ള മോചനത്തിലും (17:15f; 19:24; 22:32) അപകടങ്ങളിൽ നിന്നുള്ള രക്ഷപെടലിലും (40:10 f) അവർ ദൈവത്തെ പ്രകീർത്തിക്കുന്നു. ദൈവകരുണയോടു ചേർന്നും ദൈവനീതിയെ അവർ പുകഴ്ത്തുന്നുണ്ടു് (88:13; 145:7).

ശിക്ഷയുടെ വിധി പ്രസ്താവിക്കുന്നതും ദൈവത്തിന്റെ നീതിയാണ്. നീതിയോടുകൂടി അവിടന്നു ലോകത്തെ വിധിക്കുന്നു (9:9; 96:13; 98:9). ദൈവികരാജത്വത്തിന്റെ വിശേഷണങ്ങളാണു നീതിയും വിധിയും (89:15; 97:2);രക്ഷിക്കുന്ന നീതിയും, ശിക്ഷിക്കുന്ന നീതിയും. ദൈവനീതി വിശ്വാസികൾക്കു രക്ഷയ്ക്കും, മററുള്ളവർക്ക് ലജ്ജയ്ക്കും കാരണമാകും (35:24 f; 48:5; 50:6; 89:7; 99:6). ഇങ്ങനെ നീതിമാനായ ദൈവത്തിന്റെ നീതിയുടെ വിവിധ പ്രവർത്തനങ്ങളും പ്രത്യേകതകളും ഒന്നൊന്നായി എടുത്തുപാസിക്കുന്നുണ്ടു സങ്കീർത്തനങ്ങളിൽ, ദൈവത്തിന്റെ നീതി, കരുണ, സ്നേഹം, കോപം

www.malankaralibrary.com

മുതലായ വിശേഷണങ്ങളെപ്പററിയും സങ്കീർത്തനങ്ങളിൽ പ്രസ്താവങ്ങളുണ്ട്. സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനീയത്തിൻെറ ഏകദേശരൂപം മാത്രം ഉദ്ദേശിക്കുന്നതുകൊണ്ട് വിസ്തരിച്ചുള്ള പഠനത്തിന് ഈ ലേഖനത്തിൽ പ്രസക്തിയില്ലല്ലോ.

## സമന്വയം

സങ്കീർത്തനങ്ങളെപ്പററി സാധാരണക്കാരന് ഒരേകദേശ ജ്ഞാനം പകരുക എന്ന ലക്ഷ്യമാണ് ഈ ലേഖനത്തിനുള്ളത്. കഴിയുന്നിടത്തോളം സമഗ്രമായൊരു ചിത്രമാണിവിടെ ചേർത്തിട്ടുള്ളത്. ഗീതങ്ങൾ ദൈവാരാധനയുടെ സുഗമമാർഗ്ഗങ്ങളാണ്. സങ്കീർത്തനങ്ങൾ ഇസ്രായേലിൻെറ ഗീതങ്ങളാണെന്നു നാം കണ്ടു. സങ്കീർത്തനമെന്നാലെന്തെന്ന് ഒരേകദേശരൂപം നമുക്കു ലഭിച്ചു. സങ്കീർത്തനങ്ങളുടെ സാഹിത്യരൂപങ്ങൾ, വിഭജനം, പ്രാർത്ഥനാത്മകത, സംഗീതാത്മകത, വിശദീകരണം എന്നിവയെപ്പററി പ്രത്യേക ലേഖനങ്ങളുള്ളതുകൊണ്ട് അക്കാര്യങ്ങൾ സ്പർശിച്ചിട്ടില്ലിവിടെ.

ഇസ്രായേലിൽ സങ്കീർത്തനങ്ങൾ ഉണ്ടായിരുന്നതിൻെറ ചരിത്രം, സമാഹരണരീതി തുടങ്ങിയ പ്രശ്നങ്ങളിലേക്കും നാം കണ്ണോടിച്ചു. സങ്കീർത്തനങ്ങളുടെ സംഖ്യാനിർണ്ണയം ഇസ്രായേലിൻെറ മററു ഗീതങ്ങൾ മററുള്ളവരുടെ സങ്കീർത്തനങ്ങൾ എന്നിവയിലൂടെ കടന്നു ടൈററിലുകളെപ്പററി ചിന്തിച്ചു. ഒടുവിലായി സങ്കീർത്തനങ്ങളിലെ ദൈവവിജ്ഞാനത്തിലേക്ക് ഒരു നിമിഷം നാം കണ്ണോടിച്ചു. അങ്ങനെ സങ്കീർത്തനങ്ങളെപ്പററിയുള്ള പഠനത്തിന് ഇതൊരാമുഖമാകുമെന്നു കരുതുന്നു.

അതിരമ്പുഴ

ഫാ. ദേവപ്രസാദ് കിളിരൂർ.

www.malankaralibrary.com

# സുമേറോ - അക്കേഡിയൻ സങ്കീർത്തനങ്ങൾ

ഇസ്രായേൽക്കാർ മാത്രമാണു പ്രാചീനലോകത്തിലെ സങ്കീർത്തനരചയിതാക്കൾ എന്നു വിചാരിക്കുന്നതു ശരിയല്ല. മെസപ്പൊട്ടേമിയാ, ഏഷ്യാമൈനർ, ഈജിപ്ത്, കാനാൻ എന്നീ ഭൂവിഭാഗങ്ങളിലെ നിവാസികൾ ധാരാളം സങ്കീർത്തനങ്ങൾ രചിക്കുകയുണ്ടായി. ഭാഷാവിദഗ്ദ്ധന്മാർ അവരുടെ കൃതികളെപ്പററി ഗവേഷണം നടത്തുകയും അവയിൽ പലതും ആധുനികഭാഷകളിലേയ്ക്കു വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്[1]. ഈ ലേഖനത്തിന്റെ ഉദ്ദേശ്യം മെസപ്പൊട്ടേമിയൻനിവാസികളായിരുന്ന സുമേറിയർ, അക്കേഡിയർ, എന്നിവരുടെ സങ്കീർത്തന സാഹിത്യത്തെപ്പററി ഹ്രസ്വമായി പ്രതിപാദിക്കുകയെന്നതാണ്. വിഷയത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പ്, ആമുഖരൂപേണ സുമേറോ–അക്കേഡിയരെപ്പററി രണ്ടു വാക്കു പറയേണ്ടതാവശ്യമാണ്. ഇതായിരിക്കും ലേഖനത്തിന്റെ ഒന്നാംഭാഗം. രണ്ടാംഭാഗത്തിൽ വിവിധതരത്തിലുള്ള സുമേറോ–അക്കേഡിയൻ സങ്കീർത്തനങ്ങൾ ചർച്ചയ്ക്കു വിഷയമാകും. മൂന്നാംഭാഗം ഉദാഹരണവും സമാഹാരവുമായിരിക്കും.

---

1. Bibliography. E. R. DALGLISH, Psalm Fifty-One in the Light of Ancient Near Eastern Patternism (Leiden, 1962). E. EBELING, Die akkadische Gebetsserie "Handerhebung" von neuem gesammelt und herausgegeben (Deutsche Akademie der Wissenschaften. Institut fur Orient-forschung, Veroffentl. Nr. 20, Berlin, 1953). A. FALKENSTEIN, Die Haupttypen der Sumerischen Beschworung literarisch untersucht (Leipziger Semitische Studien, N. F. I, Leipzig, 1931; repr. 1968) id; Sumerische Gotterlieder I (Abhandlungen der Heidelberger Akademie der Wissenschaften, 1959, I, Heidelberg, 1959); J. J. A. VAN DIJK, Sumerische Gotterlieder II (Abhandlungen..., 1960, 2, Heidelberg, 1960). J. KRECHER, Sumerische Kultlyrik (Wiesbaden, 1966). W. G. KUNSTMANN, Die babylonische Gebetsbeschworung (Leipziger Semitische Studien, N. F. 2, Leipzig, 1932; repr; 1968). W. SCHRANK, Babylonische Suhnriten, besonders mit Rucksicht auf Priester und Busser (Leipziger Semitische Studien, 3/1, Leipzig, 1908; repr; 1968). Further references will be given in the ensuing notes.

www.malankaralibrary.com

## I

ബി. സി. 3000-ത്തിനുശേഷം ദക്ഷിണമെസപ്പൊട്ടേമിയായിൽ (ആധുനിക ഇറാക്കിന്റെ തെക്കുഭാഗത്തു പേർഷ്യൻ ഉൾക്കടലിനെതിരേയുള്ള ഭൂവിഭാഗത്തിൽ) പ്രത്യക്ഷപ്പെട്ട ഒരു സാക്ഷരവംശജരാണു് സുമേറിയർ[2]. ലിപിയുടെ സ്രഷ്ടാക്കൾ ഇവരാണെന്നു വാദിക്കുന്ന പല പണ്ഡിതന്മാരുമുണ്ടു്. ഏതായാലും സുമേറിയൻഭാഷയാണു് ഏററവും പഴക്കമുള്ള ലിഖിതഭാഷ (വരമൊഴി). ഊർ, ഉറുക്കു്, ലാഗാഷു്, ലാർസാ, കിഷു് മുതലായവയായിരുന്നു സുമേറിയരുടെ നഗരരാഷ്ട്രങ്ങൾ. ബി. സി. 2360-നോടടുത്തു സെമിററിക്കു് വംശജനായിരുന്ന സാർഗൺ ഒന്നാമൻ ഒരു സാമ്രാജ്യം സ്ഥാപിച്ചു. ഇതോടെ സുമേറിയർക്കു മെസപ്പൊട്ടേമിയായിലുണ്ടായിരുന്ന ആധിപത്യം നഷ്ടപ്പെട്ടു. ബി. സി. 2180-ൽ സെമിററിക്കു്സാമ്രാജ്യം ഛിന്നഭിന്നമായിപ്പോയി. ഇത്തരുണത്തിൽ ഒരു സുമേറിയൻ പുനരുജ്ജീവനമുണ്ടായി. പക്ഷേ അധികകാലം നിലനില്ക്കാതെ അതും മണ്ണടിഞ്ഞു. ബി. സി. 1900-ത്തിനു ശേഷം മെസപ്പൊട്ടേമിയാ വീണ്ടും സെമിററിക്കു്വർഗ്ഗക്കാരുടെ പിടിയിലമർന്നു. ഇവരെയാണു് അക്കേഡിയർ എന്ന സംജ്ഞ സൂചിപ്പിക്കുന്നതു്. ഈ സംജ്ഞ ''അക്കാഡു്'' എന്ന സ്ഥലനാമത്തിന്റെ തദ്ധിതമാണു്.

സുമേറോ-അക്കേഡിയർ ക്യൂനെയിഫോം ലിപിയത്രെ ഉപയോഗിച്ചിരുന്നതു്[3]. അവരുടെ ഭാഷകളാകട്ടെ പരസ്പരബന്ധമില്ലാത്തവയായിരുന്നു. സുമേറിയരുടെ തിരോധാനത്തിനുശേഷം അക്കേഡിയർ സുമേറിയൻഭാഷയിലുണ്ടായിരുന്ന കൃതികളെ വിശുദ്ധഗ്രന്ഥങ്ങളായി പരിഗണിക്കുവാൻ തുടങ്ങി. തൽഫലമായി ഒരു സുമേറിയൻ കാനോൻ തന്നെ ആവിർഭവിച്ചു. ബി. സി. 1700-1600, 1500-1200 എന്നീ കാലഘട്ടങ്ങളിൽ അക്കേഡിയൻ പണ്ഡിതന്മാർ സുമേറിയൻ കൃതികൾ പകർത്തിയെടുക്കുകയും പ്രതികൾ പ്രകാശിപ്പിക്കുകയുമുണ്ടായി[4]. ഇപ്രകാരം പ്രചാരത്തിൽ വന്ന പ്രസിദ്ധീകരണങ്ങളിൽ നിന്നാണു് സുമേറിയൻ സങ്കീർത്തനങ്ങളെപ്പററിയുള്ള ജ്ഞാനം നമുക്കു സംസിദ്ധമായിരിക്കുന്നതു്. അക്കേ

---

2. Cf. S. N. KRAMER, The Sumerians, their History, Culture and Character (Chicago, 1963).
3. Cf. R. LABAT, Manuel d'epigraphie akkadienne (4th ed., Paris, 1963), PP. 7-34. Cf. too A. FALKENSTEIN, Das Sumerische (Handbuch der Orientalistik, I. Abt; II. Bd; Lief. 1, Leiden, 1964), pp. 1-13.
4. Cf. W. G. LAMBERT, Babylonian Wisdom Literature (Oxford, 1967), P. XIX.

www.malankaralibrary.com

ഡിയർ സുമേറിയൻ ഗാനങ്ങറം ആലപിച്ചുപോന്നിരുന്നു. മാത്രമല്ല അവർതന്നെ അനേകം കീർത്തനങ്ങറം രചിക്കുകയും ചെയ്തു. ഇപ്രകാരമുണ്ടായ ഗാനങ്ങളെയാണു് ''സുമേറോ—അക്കേഡിയൻ സങ്കീർത്തനങ്ങറം'' എന്ന ശീർഷകം സൂചിപ്പിക്കുന്നതു്.

## II

സുമേറിയർ തന്നെ സങ്കീർത്തനങ്ങളെ, സാഹിത്യരൂപം മാനദണ്ഡമാക്കിക്കൊണ്ടു്, പലതരങ്ങളായി വിഭജിച്ചിട്ടുണ്ടെന്ന വസ്തുത ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. വിവിധ വിഭാഗങ്ങറംക്കു് അവർ നല്കിയ പേരുകറം ഇവിടെ ചേർക്കുന്നു. (പല സംജ്ഞകളുടേയും അർത്ഥം അജ്ഞാതമത്രെ). ഷീഗു, ആഡാബു്, ററിഗി, ഷീർഗിഡ്ഡാ, ഷീർനാമൂർസംഗ, ഷീർനാംഷുബ്ബാ, ബാൽബലെ, ഏർഷെമ്മാ, ഏർഷാഹുൻഗാ, ഷൂയില്ലാ, കീയുട്ടുകാം, ഡിൻഗീർഷാഡിബ്ബാ[5]. അവസാനത്തെ അഞ്ചു ഭാഗങ്ങളെപ്പററി മാത്രമേ ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നുള്ളു.

1. ഏർഷെമ്മാ സങ്കീർത്തനങ്ങറം: ഏർഷെമ്മാ എന്നതിനു പകരം ഈർഷെമ്മാ എന്നും പറയാം. ഈ സുമേറിയൻ സംജ്ഞയ്ക്കു മൂന്നു ഭാഗങ്ങളുണ്ടു്: ഏർ (ഈർ), ഷെം, മാ. പ്രഥമാംശം സുമേറിയൻഭാഷയിലെ ഒരു നാമമാകുന്നു; അർത്ഥം കണ്ണുനീർ, വിലാപം, വിലപനം, എന്നെല്ലാം. ''ഷെം'' എന്തോ ഒരുതരം സംഗീതോപകരണമാണത്രെ. അവസാനാംശമായ ''മാ'' ഷഷ്ഠീവിഭക്തിയെ (സംബന്ധികാ വിഭക്തിയെ) സൂചിപ്പിക്കുന്ന അവ്യയമാകുന്നു. ഏർഷെമ്മാ സൂചിപ്പിക്കുന്നതു് ഒരു പ്രത്യേകതരം സംഗീതോപകരണത്തോടെ ആലപിച്ചിരുന്ന വിലാപഗാനത്തെയാണു്.

ഗാനം രചിച്ചിരുന്നതു് ''ഏമേസാൽ'' (അർത്ഥം ''സ്ത്രീകളുടെ ഭാഷ'')[6] എന്ന സുമേറിയൻ ഉപഭാഷയിലായിരുന്നു. സുമേറിയൻസാഹിത്യത്തിൽ ഏമേസാൽ സ്ത്രീകറം മാത്രം സംസാരിച്ചിരുന്ന ഭാഷയായിട്ടാണു കാണപ്പെടുന്നതു്. ആദ്യകാലത്തു സ്ത്രീകറം മാത്രമേ ഏർഷെമ്മാ സങ്കീർത്തനങ്ങറം ആലപിച്ചിരുന്നുള്ളു. പക്ഷേ കാലക്രമേണ പുരോഹിതന്മാരും ഈ ഗാനങ്ങറം പാടുവാൻ തുടങ്ങി. ഏർഷെമ്മാ സങ്കീ

---

5. In Latin characters, shigu, adab, tigi, shirgidda, shirnamursanga, shirnamshubba, balbale, ershemma, ershahunga, shuilla, kiutukam, dingirshadibba (simplified orthography).

6. Cf. FALKENSTEIN, Das Sumerische, pp. 17 f.

www.malankaralibrary.com

ത്തനങ്ങളുടെ ഉദ്ദേശ്യം കോപിഷ്ഠരായ ദേവതകളെ പ്രീതിപ്പെടുത്തുകയെന്നതായിരുന്നു. ഇവയെ അനുരഞ്ജനഗാനങ്ങളെന്നു പറയുന്നതായിരിക്കും ശരി.

2. ഏർഷാഹ്ഹുൻഗാ സങ്കീർത്തനങ്ങൾ; ഈ സുമേറിയൻ സംജ്ഞയെ ഏർ (ഈർ), ഷാ, ഹുൻ, ഗാ എന്നിങ്ങനെ അപഗ്രഥിക്കാം; ഷാ = ഹൃദയം; ഹുൻ = അനുരഞ്ജന; ഗാ = ഷഷ്ഠീ വിഭക്തിപ്രത്യയം. മററൊരു പേരുകൂടി സുമേറിയൻപ്രതികളിൽ കാണുന്നുണ്ട്: ഏർഷാ കുമാൽ (കുമാൽ = വിശ്രമം). ഹൃദയാനുരഞ്ജനഗാനമെന്ന തർജ്ജമ മൂലത്തിൻെറ അർത്ഥം ആവിഷ്ക്കരിക്കാൻ പര്യാപ്തമാണ്. ഏർഷാഹ്ഹുൻഗാസങ്കീർത്തനങ്ങളും വിലപനങ്ങളാണ്; രചയിതാക്കൾ ഉപയോഗിച്ചിരിക്കുന്നതു് 'ഏമേസാൽ' ഭാഷയും.

ഈ വിഭാഗത്തിനു് ഒരു പ്രത്യേകഘടനയുണ്ട്. വിവിധ ഭാഗങ്ങൾ താഴെപ്പറയുന്നവയാണ്.

1) സ്തോത്രരൂപമുള്ള ആമുഖം. ഇതിൽ ദേവതകളുടെ നാമങ്ങൾ, വിശേഷണങ്ങൾ, പദവികൾ, മഹത്വങ്ങൾ, മാഹാത്മ്യങ്ങൾ, ലുത്തിനിയാപോലുള്ള നാമാവർത്തനങ്ങൾ മുതലായവ ഉൾപ്പെടുന്നു. 2) വിലപനം: ദുരിതവിവരണം അഥവാ സങ്കടവർണ്ണന, പാപസമ്മതം (പാപോച്ചാരണം, ''കുമ്പസാരം''), അഹ്ലാപ് (''കൃപയായിരിക്കണമെ'') വാക്യം എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ വിലപനത്തിലുണ്ട്. 3) പ്രാർത്ഥന: ഇതിൽ രണ്ടു ഘടകങ്ങളുണ്ട്. ആദ്യമായി ദുരിതമനുഭവിക്കുന്ന വ്യക്തിയുടെ സ്വയമവതരിപ്പിക്കൽ, അതിനുശേഷം പാപപ്പൊറുതി, രോഗവിമോചനം മുതലായവയ്ക്കു വേണ്ടിയുള്ള നിവേദനം. 4) സമാപനവചനങ്ങൾ; നന്ദിപ്രകടനം, മററുള്ള ദേവതകളോടുള്ള പ്രാർത്ഥനകൾ മുതലായവയോടെ സങ്കീർത്തനം സമാപിക്കുന്നു.

3. ഷു ഇല്ലാ സങ്കീർത്തനങ്ങൾ:— ഷു ഇല്ലാ എന്ന സാങ്കേതിക സംജ്ഞയുടെ ഘടകങ്ങൾ ഷു (കരങ്ങൾ), ഇൽ (ഉയർത്തുക, ഉയർത്തിപ്പിടിക്കുക) ലാ (ഷഷ്ഠീ വിഭക്തിപ്രത്യയം) എന്നിവയാണ്. ഇവയെ കരമുയർത്തൽ സങ്കീർത്തനങ്ങൾ എന്നു വിളിക്കാം. ഈ ഗാനങ്ങൾ ആലപിച്ചിരുന്ന വേളയിൽ ഭക്തജനങ്ങൾ കരങ്ങൾ നിവർത്തി ആകാശത്തിലേയ്ക്കു് ഉയർത്തിപ്പിടിച്ചിരുന്നു. രചനാഭാഷ 'ഏമേസാൽ' തന്നെ. ദേവതകളെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുകയെന്നതാണ് ഈ വിഭാഗത്തിൻെറ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം. വിലപനത്തിനു് ഇവിടെ സ്ഥാനമില്ല; പ്രാർത്ഥനയാണെങ്കിൽ വളരെ ഹ്രസ്വമായിരിക്കുന്നു.

www.malankaralibrary.com

സുമേറിയരുടെ കരമുയർത്തൽ സങ്കീർത്തനങ്ങളിൽനിന്നു വ്യത്യസ്തങ്ങളായി, അക്കേഡിയരുടെ ഇടയിൽ ജനിച്ചു വളർന്ന അക്കേഡിയൻ ഷൂയില്ലാ ഗീതങ്ങൾ ഇവിടെ സ്മർത്തവ്യമാണ്. ഈ ഗണത്തിൽപ്പെട്ട സങ്കീർത്തനങ്ങൾ അക്കേഡിയൻ ഭാഷയിൽ ധാരാളമുണ്ട്. ഇവയുടെ പ്രചാരത്തിനുള്ള കാരണം ദുർഗ്രഹമല്ല. ഏതൊരു ഭക്തനും ഉരുവിടുവാൻ സാദ്ധ്യമായിരുന്ന പ്രാർത്ഥനാഗണമാണ് അക്കേഡിയൻ ഷൂയില്ലാ. പുരോഹിതന്മാരുടെ സഹായവും ഭാഗഭാഗിത്വവും ആവശ്യമില്ലാതിരുന്നതു നിമിത്തം ഈ സങ്കീർത്തനങ്ങൾ ഭക്തന്മാരുടേയും ഉപാസകന്മാരുടേയും വ്യക്തിപരമായ പ്രാർത്ഥനയായിത്തീർന്നു.

4. കീയുട്ടുക്കാം സങ്കീർത്തനങ്ങൾ: സാങ്കേതിക സംജ്ഞയുടെ ഭാഗങ്ങൾ കീ (മന്ത്രം, ആഭിചാരം), ഉട്ടു (സൂര്യദേവൻ), കാം (ഷഷ്ഠീവിഭക്തിപ്രത്യയം,) എന്നിവയാണ്. ഉദിച്ചുയരുന്ന സൂര്യനോടുള്ള പ്രാർത്ഥനാമന്ത്രമത്രെ കീയുട്ടുക്കാം. ''അവിടന്ന് ആഗതനാകുമ്പോൾ'' (ഉദിച്ചുയരുമ്പോൾ) എന്ന പ്രസ്താവന സങ്കീർത്തനത്തിൽ കാണുവാൻ സാധിക്കും. ഈ മന്ത്രസംഹിതയുടെ പ്രത്യേകോദ്ദേശ്യം പാപമാലിന്യം, ദീനങ്ങൾ, പിശാചുബാധ, ദുശ്ശകുനങ്ങൾ തുടങ്ങിയവകളിൽനിന്നു വ്യക്തികളെ വിമോചിപ്പിക്കുക എന്നതായിരുന്നു. ''അഷിപ്പു'' എന്ന പുരോഹിതവർഗ്ഗത്തിൽപ്പെട്ടവരാണു സാധാരണയായി കീയുട്ടുക്കാം മന്ത്രങ്ങൾ ജപിച്ചിരുന്നതു്.

5. ഡിൻഗീർഷാഡിബ്ബാ സങ്കീർത്തനങ്ങൾ: ഇവിടെ ചേർത്തിരിക്കുന്ന ശീർഷകം ''ഡിൻ ഗീർഷാ (ഗ്) ഡിബ്ബാ ഗ്ഗുരുഡകാം'' എന്ന ദീർഘസംജ്ഞയുടെ ഹ്രസ്വരൂപമത്രെ. ''കോപിഷ്ഠനായ ദേവനെ അനുരഞ്ജിപ്പിക്കുവാനുള്ള പ്രാർത്ഥന'' എന്നർത്ഥം. ഷൂയില്ലാ സങ്കീർത്തനങ്ങളുടെ ഉദ്ദേശ്യവും ഇതുതന്നെയാണല്ലോ. ഇക്കാരണത്താൽ ഡിൻഗീർഷാഡിബ്ബാഗാനങ്ങൾ ഷൂയില്ലായുടെ ഒരു പ്രത്യേക വിഭാഗം മാത്രമാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഇഷ്ടദേവതയ്ക്കു കോപമാണെന്നു പറഞ്ഞുകൊണ്ട്, ഭക്തൻ വിലപിക്കുന്നു: ഇതാണ് ഈ അനുരഞ്ജനഗീതങ്ങളുടെ കാതലായ ഭാഗം.

## III

ഈ ഭാഗത്തിൽ ഉദാഹരണസഹിതം, സുമേറോ–അക്കേഡിയൻ സങ്കീർത്തനങ്ങളുടെ സഹജലക്ഷണങ്ങളും ഗുണവിശേഷങ്ങളും ആവിഷ്ക്കരിക്കുവാൻ ശ്രമിക്കുന്നു. ഏർഷാഹുൻഗാവിഭാഗത്തെപ്പററി പ്രതിപാദിച്ചപ്പോൾ സ്തോത്രരൂപമുള്ള ആമുഖത്തിൻെറ കാര്യം പറഞ്ഞല്ലോ. ആമുഖത്തിനു് ഒരുദാഹരണം: ഷമാഷ് (സൂര്യൻ) ദേവനെ സ്തുതിക്കുന്ന ഒരു കീർത്തനത്തിൻെറ ആരംഭഭാഗമാണിതു്. ''ഓ ഷമാഷ്!

www.malankaralibrary.com

സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും രാജാവേ, അനുനാക്കി, ഇഗീഗി എന്നീ ദേവഗണങ്ങളുടെ നാഥാ...'' സൂര്യന്റെ മഹത്വം ഇപ്രകാരം വിവരിച്ചിരിക്കുന്നു. ''ഓ ഷമാഷ്, അവിടുന്നാണ് മനുഷ്യർക്കു ജീവൻ നൽകുന്നത്; അവിടുത്തേയ്ക്കു കഴിയും ദുരിതമനുഭവിക്കുന്നവരെ പരിരക്ഷിക്കുവാൻ''.

വേദനയനുഭവിക്കുന്ന ഭക്തന്റെ വിലാപത്തിൽ ദുരിത വിവരണത്തിനു് ഒരു പ്രത്യേകസ്ഥാനമുണ്ടു്. കണ്ണുനീർപൊഴിക്കൽ, കരച്ചിൽ, നിലവിളി, ഏങ്ങലടി, നെടുവീർപ്പുകൾ, വേദന നിമിത്തമുള്ള അലർച്ച, ഭയാനുഭവം, കഷ്ടപ്പാടു്, പീഡാസഹനം മുതലായവ വർണ്ണനയിലെ പ്രധാന ഘടകങ്ങളാകുന്നു. ഭക്തൻ തന്റെ നിലവിളി വനത്തിലെ മൃഗങ്ങളുടെ രോദനത്തോടു തുലനം ചെയ്യുന്ന പതിവുണ്ടു്. അതുപോലെതന്നെ, നെടുവീർപ്പുകളെ മാടപ്രാക്കളുടെ കരച്ചിലിനോടും തുലനം ചെയ്യുന്നു. ദേവന്മാരുടെ കോപത്തിന്റെ ഫലമായി, ഭക്തൻ മൂകനും ബധിരനുമായി പരിണമിച്ചിരിക്കുന്നു; കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു; കാറ്റേറ്റു് ആടുന്ന ഞാങ്ങണ പോലെ, ആ സാധു ഉലഞ്ഞലയുന്നു. കൈകാലുകൾ വിറയ്ക്കുന്നു; ചുണ്ടും നാക്കും വരണ്ടുപോകുന്നു; ഭക്ഷണപാനീയങ്ങൾ കഴിക്കുവാൻ സാധിക്കുന്നില്ല. ഇങ്ങനെയാണു ദുരിത വിവരണം.

പാപോച്ചാരണമാണു മറ്റൊരു പ്രധാനാംശം. ഇവിടെ അക്കേഡിയൻ ഭാഷയിലുള്ള ഒരേറുപറച്ചിലിൽനിന്നു് ഏതാനും വരികൾ ഉദ്ധരിക്കാം:

> ''അന്നി അബിയാ അബിയബിയാ ഉമ്മിയാ
> ഉമ്മിയുമ്മിയാ
> കിംററിയാ നിസൂററിയാ ഉ സലാററിയാ
> അനാ റമാനിയാ ആ ഇററ്ഹാ അഹിററാമ്മാ ലില്ലിക്ക്
> ഇക്ററാബാനിമ്മാ ഈലീ കീമാ ഷ സസ്സാററി
> ലിബ്ബിബാന്നി''[7]

''എന്റെ പിതാവിന്റേയും, പിതാവിന്റെ പിതാവിന്റേയും, എന്റെ മാതാവിന്റേയും, മാതാവിന്റെ മാതാവിന്റേയും, എന്റെ കുടുംബത്തിന്റേയും, എന്റെ ബന്ധുക്കളുടേയും, എന്റെ വംശത്തിന്റേയും, പാപങ്ങൾ എന്റെ സമീപത്തു വരാതിരിക്കട്ടെ, എന്റെ പക്കൽനിന്നു ദൂരത്തുപോകട്ടെ! എന്റെ ദൈവം എന്നോടു സംസാരിക്കുകയും, എന്നെ സ്വാ

7. anni abiya abi abiya ummiya ummi ummiya kimtiya nisutiya u salatiya ana ramaniya a itha ahitamma lillik iqtabanimma ili kima sha sassati libbibanni.

www.malankaralibrary.com

ററുസസ്യംപോലെ ശുദ്ധീകരിക്കുകയും ചെയ്യട്ടെ!'' ഈ പ്രാത്ഥനയുടെ അർത്ഥം വിശദമായിരിക്കുന്നതുകൊണ്ടു് വ്യാഖ്യാനമാവശ്യമില്ല.

അഹ്ഹലാപ് വാക്യം വിലാപത്തിന്റെ ഒരു ഭാഗമാണെന്നു പറഞ്ഞുവല്ലോ. ഈ പദത്തിന്റെ അത്ഥമെന്തെന്നു നിശ്ചയമില്ല. ''എന്റെ മേൽ കനിയണമേ'' (കരുണ കാണിക്കണമേ) എന്നാണു് അത്ഥമെന്നു് തോന്നുന്നു. ഇഷ്ടാർ അഹ്ഹലാപ് ''ഇഷ്ടാർ (ദേവി) എന്റെ മേൽ കനിയണമേ'', മർഡൂക്ക് അഹ്ഹലാപ് ''മർഡൂക്ക് (ദേവാ) എന്റെ മേൽ കനിയണമേ'', എന്നിങ്ങനെയുള്ള നിവേദനങ്ങളും അപേക്ഷകളും മററും മെസപ്പൊട്ടേമിയൻ ഗീതങ്ങളിൽ കാണുന്നുണ്ടു്.

പ്രാത്ഥന ആരംഭിക്കുന്നതു സ്വയമവതരിപ്പിക്കലോടെയാണു്. തത്സമയത്തു ഭക്തൻ ഉപയോഗിക്കുന്ന പ്രസ്താവന ഇപ്രകാരമാകുന്നു; ''അങ്ങയുടെ ദാസനായ ഞാൻ,....(പേരു പറയുന്നു)...., ....ന്റെ (പിതാവിന്റെ പേരു്) മകൻ—എന്റെ ദേവൻ മർഡൂക്കും, എന്റെ ദേവി സർപാനിററും (മർഡൂക്കിന്റെ ഭാര്യ) ആകുന്നു.'' 8 ഇതിനുശേഷം അപേക്ഷ നടത്തുന്നു. ഇതാ, ഏതാനുമുദാഹരണങ്ങൾ: ''നപ്ലിസാന്നിമാ ബേലീ ലിക്വി ഉന്നീനിയാ.'' 9 ''എന്റെ പ്രഭോ! എന്നെ വീക്ഷിച്ചാലും!— എന്റെ രോദനം ശ്രവിച്ചാലും'' ''ഉന്നീനിയാ ലിക്വിമാ മുഹ്ഹുർ ടസ്ലിററ്;'' 10 ''എന്റെ രോദനം ശ്രവിച്ചാലും, എന്റെ പ്രാത്ഥന കേട്ടാലും!''— ''ലിഷ്മി സിക്രി ഈനാ കീബിററ് പീക്കി;'' 11 ''അവിടന്നു് എന്റെ പ്രാർത്ഥന— എന്റെ വദനത്തിലൂടെ വരുന്ന വാക്കുകൾ—ശ്രവിച്ചാലും!''— ''ഈനാ കീബിററിക്കാ ലുബ്ലൂററ്;'' 12 ''അവിടത്തെ കല്പനയുടെ ഫലമായി ഞാൻ (ദീർഘായുഷ്മനായി) ജീവിക്കട്ടെ!''

സങ്കീർത്തനങ്ങൾ അവസാനിക്കുന്നതു്, ദേവന്മാരെ വാഴ്ത്തിപ്പുകഴ്ത്തുമെന്ന വാഗ്ദാനത്തോടുകൂടെയാണു്. ഉദാഹരണരൂപേണ മൂന്നു പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കുന്നു. ''ആനാ ഡാറാററി ലുഡ്ലുൽ ഡാലീലിക്ക;'' 13 ''നിത്യകാലത്തേയ്ക്കു് അങ്ങയെ സ്തുതിക്കും''— ''ഡാലീൽ ഈലൂട്ടിക്കാ റാബീററി ലുഡ്ലുൽ'' 14 ''മഹാദേവനായ അവിടത്തെ

---

8. anku (Name) aradka (name) mar (name of father)......
9. naplisannima beli liqi unniniya.
10. unniniya liqima muhur taslit.
11. lishmi zikri ina qibit piki.
12. ina qibitika lublut.
13. ana darati ludlul dalilika.
14. dalil ilutika rabiti ludlul,

www.malankaralibrary.com

മഹത്വം ഞാൻ കൊണ്ടാടും''— ''കറാഡു മർഡുക്ക് ഡാലിലിക്ക ലുഡ്ലുൽ; ''[15] ''ശക്തിമാനായ മർഡുക്കേ! അങ്ങയെ ഞാൻ സ്തുതിക്കും.'' മറ്റൊരു വിധത്തിലുള്ള സമാപനമാണ് ഇച്ഛാവിഷ്കരണം; ഇതാ, ഒരുദാഹരണം:

(ഇൽ) എൻലിൽ ലീഹ്ഡുക്കാ (ഇൽ)എയാ ലീറേഷ്കാ
ഈലൂ ഷാ കിഷ്ഷാററി ലിക്രൂബുക്കാ
ഈലൂ റാബൂട്ടി ലിബ്ബക്കാ ലിററിബ്ബു.[16]

''എൻലിൽ ദേവൻ താങ്കൾ നിമിത്തം (താങ്കൾ ആരോഗ്യവാനായതു നിമിത്തം) സന്തോഷിക്കട്ടെ! എയാ ദേവൻ താങ്കളെപ്പററി ആഹ്ലാദിക്കട്ടെ! സർവ്വദേവതകളും താങ്കളെ അനുഗ്രഹിക്കട്ടെ! മഹാദേവതകൾ താങ്കളുടെ ഹൃദയത്തെ ആഹ്ലാദത്തുന്ദിലമാക്കട്ടെ!''

. . . . . . . . . . . . . . . . . . . . .

ഈ ലേഖനത്തിൽ ചർച്ചയ്ക്കു വിഷയമായ അഞ്ചുതരം സങ്കീർത്തനങ്ങൾ കൂടാതെ, വേറെയും ചില വിഭാഗങ്ങളുണ്ട്; ഉദാഹരണമായി, രാജാക്കന്മാരുടേയും ദേവന്മാരുടേയും ആത്മസ്തുതി [17], വിജ്ഞാനഗാനങ്ങൾ (അതായത്, നീതിസാരത്തോടു തുലനം ചെയ്യാവുന്ന ഗാനങ്ങൾ), പട്ടണങ്ങൾ നാശത്തിനിരയാകുമ്പോൾ ജനങ്ങൾ ആലപിക്കുന്ന വിലാപഗീതങ്ങൾ [18], ടമ്മൂസിന്റെ പീഡ, മരണം എന്നിവയെ വിവരിക്കുന്ന പദ്യങ്ങൾ [19], മുതലായവ. (ഇവയേപ്പററി സമ്യക്കായ വിധത്തിൽ പ്രതിപാദിക്കുന്നതിന് ഒരു നീണ്ട പ്രബന്ധം

---

15. qaradu Marduk dalilika ludlul.

16. (il) Enlil lihduka (il) Ea lireshka ilu sha kishshati likrubuka ilu rabuti libbaka littibbu.

17. Cf. H.-M. DILLON, "Le genre litteraire sumerien 'I'hymne a soimeme' et quelques passages du Deutero—Isaie", Revue Biblique 74 (1967) pp. 215—234. For the Indian tradition, cf. R. HAUSCHILD, "Das Selbstlob (Atmastuti) des somaberauschten Gottes Agni", Asiatica. Festschrift Friedrich Weller (Leipzig, 1954), pp. 240 ff.

18. Cf. KRAMER, "Lamentation over the Destruction of Sumer and Ur", Ancient Near Eastern Texts Relating to the Old Testament, Supplement (Princeton, 1968), pp. 611—619.

19. Cf. T. JACOBSEN, "Toward the Image of Tammuz", Toward the Image of Tammuz and other Essays on Mesopotamian History and Culture.
(Harvard Semitic Series 21, Harvard, 1970), pp. 73-103. KRAMER, The Sacred Marriage Rite. Aspects of Faith, Myth, and Ritual in Ancient Sumer (Bloomington. Indiana, 1969).

www.malankaralibrary.com

തന്നെ രചിക്കേണ്ടിവരും. ഇത്തരമൊരു സംരംഭത്തിനു് ഇവിടെ ഒരുമ്പെടുന്നില്ല).

സുമേറോ—അക്കേഡിയൻ ഗാനങ്ങളും ഇസ്രായേൽക്കാരുടെ സങ്കീർത്തനങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടു്. 20 വായനക്കാർക്കു് സുജ്ഞാതമാണല്ലോ, ഇസ്രായേൽക്കാർ സെമിററിക്കു് വംശജരായിരുന്നുവെന്ന വസ്തുത. ഏകവംശ പാരമ്പര്യം അക്കേഡിയരുടേയും ഹെബ്രേയരുടേയും സാഹിത്യകൃതികളിലൂടെ തെളിഞ്ഞു കാണുവാൻ സാധിക്കും. ഭാരതീയക്രൈസ്തവരായ നാം ഭക്തഗാനങ്ങൾ രചിക്കുമ്പോൾ, ഹൈന്ദവാശയങ്ങൾ ഉപയോഗിക്കാറുണ്ടല്ലോ. ഇതുതന്നെയാണു് ഇസ്രായേൽക്കാരും ചെയ്തതു്. ചുരുക്കത്തിൽ, മെസപ്പൊട്ടേമിയൻ സാഹിത്യപാരമ്പര്യം ബൈബിളിലെ സങ്കീർത്തനസംഹിതയുടെ പശ്ചാത്തലത്തിൽ നിൽക്കുന്നുവെന്നു് പറയുന്നതിൽ അതിശയോക്തിയില്ല.

കാൽവരി കോളേജ്
തൃശ്ശൂർ.

ഡോ. കെ. ലൂക്കു്

---

20. ശാസ്ത്രീയവും ഭാഷാപരവുമായ വ്യാഖ്യാനത്തിലൂടെ മാത്രമേ ഈ സംഗതി വിശദമാക്കുവാൻ സാധിക്കുകയുള്ളൂ. പ്രധാനപ്പെട്ട സങ്കീർത്തനഗ്രന്ഥവ്യാഖ്യാനങ്ങളിൽ പല പല Parallels ഉദ്ധരിച്ചിരിക്കുന്നതുകാണുവാൻ സാധിക്കും.

www.malankaralibrary.com

# സങ്കീർത്തനങ്ങളിലെ
# അഭിശാപപ്രയോഗങ്ങൾ

''അവർക്കു നാശം ഭവിക്കുകയും
അവരെ അവിചാരിതമായി കീഴ്പ്പെടുത്തുകയും
ചെയ്യട്ടെ'' (സങ്കീ 34:8)[1]
''മരണം അവരുടെമേൽ പെട്ടെന്നു വന്നു വീഴട്ടെ
അവർ ശവകുടീരങ്ങളിലേയ്ക്കു പോകയും ചെയ്യട്ടെ''
(സങ്കീ 54:16)
''അവന്റെ മക്കൾ നാശോന്മുഖമായ ഭവനങ്ങളിൽനിന്നു്
ദേശാടകരും ഭിക്ഷക്കാരുമായി ഇറങ്ങിത്തിരിക്കട്ടെ''
(സങ്കീ 108:10)

സങ്കീർത്തനഗ്രന്ഥത്തിൽ കാണുന്ന ശാപവാക്കുകളിൽ ഏതാനും ചിലതാണു് മേൽപ്രസ്താവിച്ചവ. ഇവയുടെ നേരേ ദ്വിവിധ മനോഭാവമാണു നാം സാധാരണ വെച്ചു പുലർത്താറുള്ളതു്. (i) പുതിയനിയമ പുസ്തകങ്ങളിൽ ഉച്ചൈസ്തരം പ്രതിപാദിക്കുന്ന ആശയങ്ങൾ ശത്രുക്കളെ സ്നേഹിക്കണമെന്നും, ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, അപരാധങ്ങൾ പൊറുക്കണമെന്നും, ശപിക്കുന്നവരെ അനുഗ്രഹിക്കണമെന്നും മററുമാണു്[2]. ഇവയ്ക്കു കടകവിരുദ്ധമായി കാണുന്ന സങ്കീർത്തനഭാഗങ്ങൾ 'ദൈവവചന'മായി പരിഗണിക്കാമോ എന്നുവരെ സംശയം തോന്നിയേക്കാം. ഇതാണു പൊതുവെയുണ്ടാകുന്ന പ്രതികരണം (ii) പഴയനിയമത്തിലെ കാർക്കശ്യസ്വഭാവമുള്ള മററു ഭാഗങ്ങളോടൊപ്പം ഈ ഭാഗങ്ങളും പരിഗണിച്ചു പുറംതള്ളുന്ന മനോഭാവമാണു് വേറെ ചിലർക്കുള്ളതു്. പഴയനിയമത്തിലല്ലേ ഇത്തരം സംഗതികൾ കാണുന്നതു്. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കാരണം അവിടെ ഈവക ഭാഗങ്ങൾ വളരെയധികം നാം കാണുന്നുണ്ടല്ലോ! ഇതാണു് ഇവരുടെ വാദമുഖം: പുതിയനിയമത്തിനു് അന

---

1, "The Psalms. a New Translation" (The grail) Collins, Fontana Books, 1963, എന്ന പുസ്തകത്തിലെ സങ്കീർത്തന വാക്യങ്ങളാണു് ഈ ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളവ.

2. മത്താ 5:43, 44; ലൂക്കാ 6:27, 28; 6:12, 14, 15; 18:21–25 ലൂക്കാ 9:54, 55; 23:34; നടപടി 7:60 റോമാ 12:14, 17, 19, 20.

www.malankaralibrary.com

യോജ്യമായതും ക്രിസ്തീയ ഉപവി പ്രഘോഷിക്കുന്നതുമായ അനേകം പഴയനിയമഭാഗങ്ങൾ ഇവർ വിസ്മരിക്കുന്നുവോ എന്നു തോന്നിപ്പോകുന്നു.[3] ആരെല്ലാം എന്തെല്ലാം നിഗമനങ്ങൾ സ്വീകരിച്ചാലും ശരി, ചിലരെ സംബന്ധിച്ചെങ്കിലും സങ്കീർത്തനങ്ങളിലെ ശാപങ്ങൾ സങ്കീർണ്ണപ്രശ്നമായവശേഷിക്കുന്നുണ്ട്.

ഈ വേദപുസ്തകഭാഗങ്ങൾ പ്രശ്നസങ്കീർണ്ണമാകുന്നുണ്ടെങ്കിൽ അവ ശരിയായി ഗ്രഹിക്കുന്നതിൽ നമുക്കു വന്ന പരാജയമാണതിനു കാരണം. അവയുടെ സാമൂഹ്യവും, സാംസ്കാരികവും, മതാത്മകവും, ധാർമ്മികവുമായ സാഹചര്യങ്ങൾ സമഗ്രമായി പരിശോധനാവിഷയമാക്കിയെങ്കിൽ മാത്രമേ പ്രസ്തുത പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകൂ. അതിനാൽ, പഴയനിയമമനുഷ്യന്റെ ചിന്താസരണിയെ പിന്തുടർന്നു് സങ്കീർത്തനങ്ങളുടെ പ്രത്യേകസാഹചര്യങ്ങൾ വിശകലനം ചെയ്കയെന്നതാണു് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

ആദ്യമായി സങ്കീർത്തനങ്ങളിൽ ശാപവചസ്സുകൾ ഉപയോഗിച്ചിരിക്കുന്ന ഭാഗങ്ങൾ പരിശോധിക്കാം. അവ മുപ്പതു് എണ്ണമുണ്ടു്[4]. 118:78; 138:19 ഇവയൊഴിച്ച് മറ്റെല്ലാം വിലാപസങ്കീർത്തനങ്ങളിലാണു കാണുന്നതു്. ഇവയെ വീണ്ടും തരംതിരിച്ചാൽ 18 എണ്ണം വ്യക്തികളുടെ വിലാപങ്ങളിലും[5], 2 എണ്ണം വ്യക്തികളുടെ കൃതജ്ഞതാപ്രകാശനങ്ങളിലും (9A, 39), 7 എണ്ണം സമൂഹത്തിന്റെ വിലാപങ്ങളിലും[6], ഒരെണ്ണം സമൂഹത്തിന്റെ വിശ്വാസപ്രഖ്യാപന ഗീതത്തിലും (128) ആണെന്നു കാണാം. 118-ം 138-ം വിജ്ഞാന

---

3. ലേവ്യർ 10:17, 18; പുറ 23:4, 5; ആവ 23:7; സുഭാ. 24:17.

4. 5:11; 7:7–10; 9A:18, 20, 21; 11:4; 16:13; 27:4; 30:18, 19; 34:1–6, 8, 26; 39:15, 16; 53:7; 54:16; 55:8; 56:4; 57.7–10; 58:6, 12–14; 68:23–39; 69:3, 4; 70:13; 78:6, 10, 12; 79:17; 82:10–19; 93:2; 108:9–19, 28, 29; 118:78; 128:5, 6; 136:8, 9; 138:19; 139:9–12; 140:10; 142:12 പ്രത്യേക ശ്രദ്ധയ്ക്കു്: 1) ഇവിടെ നൽകിയിരിക്കുന്ന ലിസ്റ്റ് പൂർണ്ണമാണെന്നു കരുതരുതു്. (2) ശത്രുക്കൾക്കു നാശം ഭവിക്കണമെന്നു പ്രാർത്ഥിക്കുന്ന ഭാഗങ്ങൾ മാത്രമല്ല, അവരുടെ നാശത്തെപ്പററി പ്രതിപാദിക്കുന്ന ഭാഗങ്ങളുമുണ്ടു്. 2:5; 3:8; 6:11; 7:16; 9A:6, 7; 10:6; 17:38–46; 20:9–13; 51:7; 54:24; 56:6; 62:10; 72:18–20,27; 74:11; 93:23; 96:3; 107:14; 117:10–12; 128:4; 137:7; 144:20; 146:6.

5. 5, 7, 16. 27, 30, 34, 53, 54, 55, 56, 58, 68, 69, 70, 108, 139, 142.

6. 11, 57, 78, 79, 82, 93, 136.

www.malankaralibrary.com

ഗീതങ്ങളാണു്[7]. മററു ചില പ്രത്യേകതകളും ഇവിടെ ശ്രദ്ധേയമായിട്ടുണ്ടു്.

1) ശാപവചസ്സുകൾ കാണപ്പെടുന്നതു വ്യക്തികളുടെ ഗീതങ്ങളിലോ സമൂഹത്തിൻെറ ഗീതങ്ങളിലോ ആണെന്നു പറഞ്ഞുവല്ലൊ. ഇവയിലെ ശാപങ്ങൾ യഥാക്രമം വ്യക്തികൾക്കെതിരായോ സമൂഹത്തിനെതിരായോ ഉള്ളവയാണു്. ശപിക്കുന്നവരും ശപ്തരാകേണ്ടവരും ഇസ്രായേൽക്കാർ തന്നെ.

2) ശാപങ്ങൾ പലപ്പോഴും അസംഖ്യവും ചിലപ്പോൾ കഠോരവുമായിരിക്കുന്നു. 'ശത്രുക്കൾക്കെതിരെ എഴുന്നേല്ക്കണമെന്നും' (7:7; 91:4); അന്യരുടെമേൽ 'കോപാഗ്നി വർഷിക്കണ'മെന്നും' (68:25; 78:6); 'അവരെ അടിച്ചമർത്തണമെന്നും' (9A:21; 16:13); അവരോടു തെല്ലും കാരുണ്യം കാട്ടരുതെന്നും (58:6); അവരുടെ പ്രവൃത്തികൾക്കനുസൃതമായ ശിക്ഷ നല്കണമെന്നും[8] അർത്ഥകൻ ദൈവത്തോടു യാചിക്കുകയാണു്. സങ്കീർത്തകൻെറമേൽ വന്നുഭവിക്കണമെന്നു ശത്രുക്കൾ ആഗ്രഹിക്കുന്ന വിപത്തുകളെല്ലാം അവരുടെമേൽത്തന്നെ പതിക്കണം[9]. അവരുടെ പിതാക്കന്മാരുടെ പാപങ്ങൾക്കുകൂടി അവർ ശിക്ഷയനുഭവിക്കണം[10]. കൂടാതെ സകല സൗഭാഗ്യങ്ങളും നഷ്ടപ്പെട്ടവരായും (108:11) നീതിമാന്മാരുടെ സംഘത്തിൽനിന്നു ബഹിഷ്കൃതരായും അവർ ഭവിക്കണമെന്നും (68:29) ഭക്തൻ പ്രാർത്ഥിക്കുകയാണു്. സമൂലനാശവും[11] മരണവും ആയിരിക്കട്ടെ അവരുടെ ഭാഗധേയം. അവരുടെ നാമംപോലും നിലനില്ക്കാതിരിക്കാൻ അവരുടെ അനാഥരായ സന്തതികളേയും നശിപ്പിക്കണം (108:10). ശത്രുക്കളെ ലജ്ജിതരും ചഞ്ചലചിത്തരും ആക്കണമെന്നതാണു് ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന മറെറാരു യാചന[12].

3) സങ്കീർത്തനം 108:9–19 വാക്യങ്ങളിൽ വിവരിക്കുന്ന തികച്ചും ഭീകരങ്ങളായ ശാപങ്ങൾ ഒരു പ്രത്യേക വ്യക്തിയെ മാത്രം ഉദ്ദേശിച്ചുള്ളവയാണു്. സങ്കീർത്തകനെതിരായി ശത്രു ഉച്ചരിച്ച ശാപങ്ങൾ സങ്കീർത്തകൻ തന്നെ ഉദ്ധരി

---

7. ഈ സങ്കീർത്തനവിഭജനത്തിനു കടപ്പാടു്, LEOPOLD SABOURIN, The Psalms, their origin and meaning (TPI) Bangalore, 1971, Vol-2 എന്ന പുസ്തകത്തോടാണു്.

8. 27:4; 53:7; 55:8; 78:10, 12; 73:2

9. 7:16, 17; 34:8; 53:7; 140:10

10. 68:28; 108:14, 15

11. 11:4; 27:5; 53:7; 57:7–10; 70:13; 19:17; 82;10–16; 9A:18; 30:18; 54:16; 58:12

12. 30:13; 34:4: 39:15, 16; 56:4; 69:3,4; 70:13; 82:17; 118:78

www.malankaralibrary.com

കുന്നതാകാൻ സാദ്ധ്യതയുണ്ടു്. അതുപോലെതന്നെ വ്യത്യസ്ത മായ ഈ വാക്യഘടന പുസ്തകപരിശോധകൻ (എഡിററർ) കൂട്ടിച്ചേർത്തതാകാനും ഇടയുണ്ടു്. ആറാം വാക്യത്തിനു മുൻപും ഇരുപതാം വാക്യത്തിനു ശേഷവും കാണുന്ന ബഹുവചന പ്രയോഗങ്ങൾ ഈ വാദഗതിക്കു് ഉറപ്പു നൽകുന്നു[13]. ഈ രണ്ടു് അഭിപ്രായങ്ങളോടു യോജിക്കുന്നവരാണു വ്യാഖ്യാതാക്കളിൽ ഏറിയ പങ്കും.

4) ശാപങ്ങളിൽ ഏററവും ക്രൂരവും മൃഗീയവുമായ വികാരങ്ങൾ വെളിപ്പെടുത്തുന്ന ഒരു ഭാഗമാണു് സങ്കീ 136:8,9. ബാബിലോണിന്റെ മക്കളെ പിടിച്ചു പാറമേലടിക്കുന്നവർക്കു് അനുഗ്രഹം വാഗ്ദാനം ചെയ്തിരിക്കുകയാണു് അതിൽ. ഇവിടെ ഒരു കാര്യം സ്മരിക്കേണ്ടതുണ്ടു്. ഇത്തരംക്രൂരതകൾ യുദ്ധത്തിലും ആക്രമണങ്ങളിലും സാധാരണമായിരുന്നു[14].

5) സങ്കീർത്തനങ്ങളിലെ ശാപങ്ങളോടു സാദൃശ്യമുള്ള ചില ഭാഗങ്ങൾ ഏറമ്യാ പ്രവാചകന്റെ പുസ്തകത്തിലുണ്ടു്. ശത്രുക്കൾക്കെതിരായി അദ്ദേഹം പ്രാർത്ഥിക്കുന്നു:[15] അവരോടു പ്രതികാരം ചെയ്യണം[16]; അവർക്കു് അപമാനവും അവഹേളനവും ഉണ്ടാകണം (17:18); തിന്മയുടെ ദിനം അവരുടെമേൽ വന്നു വീഴണം (17:18); കവർച്ചക്കാരന്റെ മുമ്പിൽ അവർ പെട്ടെന്നു് അകപ്പെടണം (19:22); അവരുടെ മക്കളെ ക്ഷാമത്തിനും ഭാര്യമാരെ സന്താനനഷ്ടത്തിനും വൈധവ്യത്തിനും കൈവിടണം (17:22) എന്നെല്ലാം. പഴയനിയമ പുസ്തകങ്ങളിൽ ഏററവും ഉൽകൃഷ്ടമാണു് ഏറമ്യായുടേതു്. അതിൽ ഇങ്ങനെയുള്ള പ്രയോഗങ്ങൾ നാം കാണുന്ന സ്ഥിതിക്കു സങ്കീർത്തകന്റെമേൽ അനുഭാവരഹിതമായ വിധിപ്രസ്താവങ്ങൾക്കു എടുത്തുചാടുന്നതു സൂക്ഷിച്ചായിരിക്കണം[17].

---

13. A New Catholic commentary on Holy Scripture, pp. 482, 83. The Jerome Biblical commentary (TPI) Vol-2, p. 596. Peake's commentary on the Bible p. 437; LEOPOLD SABOURIN, op. cit, Vol-2, pp 79, 80; A. WEISER, The Psalms London, 1962 p. 691; Jerusalem Bible സങ്കീ 109; note a. p. 895

14. 2 രാജാ 8:11; ഓസീ 13:16; യേശ 13:16

15. 11:20; 12:3; 15:15; 17:18; 18:21–23; 20:12.

16. 11:20; 15:15; 20:12.

17. പുതിയ ഉടമ്പടിയുടെ പ്രവാചകനും സങ്കീർത്തനങ്ങളും തമ്മിൽ പ്രധാനമായൊരന്തരം, ഏറമ്യാ ഒരു പ്രാവശ്യമെങ്കിലും ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുന്നുവെന്നതാണു്. (15:11; ഒരുപക്ഷേ 18:21ഉം). എന്നാൽ സങ്കീർത്തനത്തിൽ അങ്ങനെയൊന്നു കാണുക സാദ്ധ്യമല്ല. 34:13, 14; 104:4 ഇവയിലുള്ളതു് ശത്രുവിനുവേണ്ടി

www.malankaralibrary.com

6) വാക്കുകളുടെ മാന്ത്രികശക്തിയിൽ വിശ്വസിച്ചിരുന്നവരാണ് ഇസ്രായേൽക്കാരുടെ അയൽവാസികൾ. ഉച്ചരിച്ചുകഴിഞ്ഞാൽപിന്നെ അവയുടെ ശക്തി തടഞ്ഞു നിർത്താൻ ആർക്കും സാദ്ധ്യമല്ലത്രേ. മന്ത്രവാദപ്രയോഗങ്ങൾക്കു ജന്മമരുളിയതു് ഈ വീക്ഷണഗതിയാണ്. എന്നാൽ ബൈബിളിൽ പ്രസ്തുത വീക്ഷണത്തിനു സ്ഥാനമൊന്നുമില്ല[18]. സങ്കീർത്തനങ്ങളിലെ ശാപങ്ങൾക്കു് ഇത്തരം മാന്ത്രികശക്തികളൊന്നും ആരോപിച്ചിട്ടില്ല. ദൈവത്തോടുള്ള പ്രാർത്ഥനകളാണ് അവയെല്ലാം; അവയുടെ ഫലസിദ്ധിഅവിടത്തെ തിരുവിഷ്ടമനുസരിച്ചു കൈവരുകയും ചെയ്യുന്നു. എന്നിരിക്കിലും ഈ സങ്കീർത്തനങ്ങളെല്ലാം മേൽപ്രസ്താവിച്ച ഒരു സാംസ്കാരിക പശ്ചാത്തലം പ്രതിഫലിപ്പിക്കുന്നുണ്ടു്[19].

X X X X

ഇനി നമുക്കു യഥാർത്ഥപഠനത്തിലേയ്ക്കു പ്രവേശിക്കാം.

1. അർത്ഥകർ ആരൊക്കെയെന്നും ശപ്തരാകേണ്ടവർ ആരെല്ലാമെന്നും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അവരെ വിശേഷിപ്പിച്ചുകൊണ്ടുള്ള മററു ചില പ്രയോഗങ്ങളും സങ്കീർത്തനങ്ങളിലുണ്ടു്. ശത്രുക്കൾ അഹങ്കാരികളും[20] വഞ്ചനയന്മാരും ചതിയന്മാരും ഒററുകാരും (58:6) നീതിയില്ലാത്തവരും ദുഷ്ടന്മാരും രക്തദാഹികളും ആണ്. അവർ തിന്മ പ്രവർത്തിക്കുന്നു പീഡിപ്പിക്കുന്നു (70:4; 72:8), നീതിമാന്മാരെ വെറുക്കുകയും എതിർക്കുകയും പ്രതിരോധിക്കുകയും ആക്രമിക്കുകയും തെററായി കുററം വിധിക്കുകയും ചെയ്യുന്നു. നല്ലവരെ വധിക്കുവാൻ ശ്രമിക്കുക, അവർക്കെതിരായ ഗൂഢാലോചനകൾ നടത്തുക അവരെ പിടിക്കുവാൻ കുഴികൾ കുഴിക്കുകയും കെണി വെയ്ക്കുകയും, ചെയ്യുക മുതലായവയാണ് ദുഷ്ടരുടെ കർമ്മപദ്ധതികളിൽ ചിലതു്. സുകൃതികളെ നശിപ്പിക്കാനും വിധവകളേയും അപരിചിതരേയും പിതാവില്ലാത്ത ശിശുക്കളേയും വധിക്കാനും (93:6) അവർക്കു ക്രൂര

യുള്ള പ്രാർത്ഥനയല്ല, പ്രത്യുത സങ്കീർത്തകൻ പ്രാർത്ഥനയിൽ സ്മരിച്ചവർ അയാളെ മറന്നുപോയി എന്ന ആവലാതിയാണ്. സങ്കീർത്തനങ്ങളുടെ പൊതുവിലുള്ള മനോഭാവം പ്രസ്ഫുരിക്കുന്ന ഒന്നാണ് 140:5. "......എല്ലായ്പോഴും എന്റെ പ്രാർത്ഥന അവരുടെ തിന്മകൾക്കെതിരായിരിക്കട്ടെ''.

18. പുറ 22:18; ലേവ്യർ 19:31; 20:27; ആവ 18:10
cf JOHN. L. MCKENZIE, "Magic" in Dictionary of the Bible pp. 534–536

19. Cf JOHANNES. B. BAUER, "Curse" in Encyclopedia of Biblical Theology Vol–1, pp. 174–79.

20. 9B:2, 4; 17:28; 30:24; 53:5; 55:3; 58:3; 85:14; 93:2; 108:69; 139:6.

www.malankaralibrary.com

ലില്ല. അവർ അനുതാപമില്ലാത്ത പാപികളും, ദൈവത്തോടു മത്സരിക്കുന്നവരുമാണ്. ദൈവമില്ലാത്ത (42:11), ഉണ്ടെങ്കിൽത്തന്നെ അവിടത്തെ ന്യായവിധിയെപ്പററിയാതൊരു ശ്രദ്ധയുമില്ലാത്ത, ഒരു കൂട്ടരാണ ദുഷ്ടന്മാർ. ദൈവഭയരഹിതരായ (54:20) അവർ അവിടത്തെ വെറുക്കുന്നു ദുഷിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു (9B:3). ദൈവത്തെ അവിശ്വസിക്കുന്നതും അവിടത്തെ ഉപേക്ഷിക്കുന്നതും (72;27) അർത്ഥശൂന്യമായ ദേവാരാധന നടത്തുന്നതും ദൈവകല്പനകൾ നിഷേധിക്കുന്നതും ഈ ദുഷ്ടശത്രുക്കൾതന്നെ. അവർ ദൈവത്തിന്റെ ശത്രുക്കളാണ്. അവരെ ദൈവം വെറുക്കുന്നു (5:7; 10:5).

അർത്ഥികരുടെ ലക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്. അവർ എളിയവരാണ്; ദരിദ്രരും സഹായമാവശ്യമുള്ളവരുമാണ്; അവർ കുററമററവരും നീതിമാന്മാരും; പീഡിതരുമാണ്. അവർ ദൈവത്തെ സ്നേഹിക്കുന്നു; ഭയപ്പെടുന്നു; അന്വേഷിക്കുന്നു; അറിയുന്നു; ദൈവത്തിൽ വിശ്വാസവും ആശ്രയവും അഭയാന്വേഷണവും അവർക്കുണ്ട്. ദൈവത്തിൽ ദൃഢവിശ്വാസമുള്ള (85:2) ദാസന്മാരും അവിടത്തെ സ്നേഹിതരുമാണവർ. ദൈവത്തിന്റെ ഉടമ്പടി പാലിക്കുന്നതിനും ദൈവനിയമങ്ങൾ അനുസരിക്കുന്നതിനും അവർക്കു വളരെ നിഷ്കർഷയുണ്ട്.

മേൽ വിവരിച്ച സംഗതികൾ നമ്മെ ചില നിഗമനങ്ങളിലെത്തിക്കുന്നു.

(i) നീതിമാൻ തന്റെ ശത്രുവിന്റെ നേരേയുള്ള അപാരമായ കോപവും അവജ്ഞയും വെറുപ്പും പ്രാർത്ഥനയിൽ പ്രകടമാക്കുകയല്ല, പ്രത്യുത അയാൾ പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ അനുഭവങ്ങൾ വിളിച്ചറിയിക്കുകയാണ്[21].

(ii) ദുഷ്ടൻ ചെയ്തുകൂട്ടുന്നതായി സങ്കീർത്തകൻ പറയുന്ന തിന്മകൾ നിയമത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളവതന്നെ. അവയ്ക്കു് അയാളനുഭവിക്കേണ്ട ശിക്ഷകളും ശാപങ്ങൾപോലും നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്[22]. ആ ശിക്ഷകളും ശാപങ്ങളും നടപ്പിൽ വരുത്തേണമേ എന്നുമാത്രമാണ ഭക്തൻ പ്രാർത്ഥിക്കുന്നതു്.

(iii) ദുഷ്ടരെ ദൈവത്തിന്റെ ശത്രുക്കളായി ചിത്രീകരിക്കുന്നതു് അവർ ദൈവകല്പനകൾ തൃണവത്ഗണിക്കുന്നതുകൊണ്ടാണ് (ആവ 7:10). അവരുടെ നാശത്തിനുവേണ്ടി പ്രാർത്ഥി

---

21. Cf PIUS DRIJVERS, The Psalms their Structure and Meaning, London, 1965, pp 143–45

22. Cfr പുറ 11:20; 21:24; ആവ 27:19; 24:26.

www.malankaralibrary.com

ച്ചുകൊണ്ടു നീതമാൻ ദൈവത്തോടുള്ള വിധേയത്വവും അവിടത്തോടും അവിടത്തെ കല്പനകളോടുമുള്ള താല്പര്യവും തീക്ഷ്ണതയും വെളിപ്പെടുത്തുന്നു. ''കർത്താവിന്റെ പക്ഷത്തുള്ളവൻ ആരാണു്? അവർ എന്റെ പക്കൽ വരിക''[23] എന്ന മോശയുടെ ആഹ്വാനം ചെവിക്കൊണ്ടവർ രക്ഷപെടുകയും മററുള്ളവർ നശിക്കുകയും ചെയ്തതായി നാം വായിക്കുന്നുണ്ടു്. മോശയുടെ മനോഭാവത്തോടെയാണു് സങ്കീർത്തകനും പ്രവർത്തിക്കുന്നതു്.

2 ദൈവത്തിന്റെ ജനവും[24] സമ്പത്തും (73:2; 134:4) അവകാശവും(27:9) കപോത(73:2)വുമാണു് ഇസ്രായേൽ.ഇസ്രായേലിലെ ഓരോ വ്യക്തിയും, ഉടമ്പടിയുടെ സമൂഹത്തിൽ അംഗവുമാണു്. അങ്ങനെ ഇസ്രായേൽ ദൈവജനവും അവിടന്നു് അവരുടെ ദൈവവുമായി[25]. ഇതോടൊപ്പം ഇസ്രായേലിന്റെ ശത്രുക്കൾ അവിടത്തെ ശത്രുക്കളാണെന്ന[26] പ്രഖ്യാപനവും നടന്നു, കൂടെ ശത്രുക്കളിൽനിന്നു സ്വന്തജനത്തെ രക്ഷിച്ചുകൊള്ളാമെന്നുള്ള ഒരു വാഗ്ദാനവും[27]. ഇസ്രായേലിനു പുറത്തും (ശത്രുരാജ്യങ്ങൾ) അകത്തും (അവിശ്വസ്തരായ ദൈവജനം) ഉള്ള അവിടത്തെ ശത്രുക്കളെ നിഹനിക്കുന്നതിനുവേണ്ടിയായിരുന്നു ദൈവത്തിന്റെ സുപ്രധാന ഇടപെടലുകളെല്ലാം. ''രാജാക്കന്മാരെ അവരുടെ പ്രൗഢിയിൽത്തന്നെ അവിടന്നു വധിച്ചു; എന്തുകൊണ്ടെന്നാൽ അവിടത്തെ സ്നേഹം അനന്തമാകുന്നു''.... (135:18).

സാമൂഹ്യതലത്തിലും വ്യക്തികളിലും പരിത്രാണചരിത്രം തുടർന്നുകൊണ്ടിരിക്കുന്നു[28]. ഇസ്രായേൽജനതയുടെയോ ഒരു ഇസ്രയേൽക്കാരന്റെയോ പ്രതിസന്ധിഘട്ടത്തിൽ ദൈവം സഹായത്തിനെത്തുകതന്നെ വേണം. കാരണം, അവിടത്തെ ഉടമ്പടിയിൽ പ്രകാശിതമായ സ്നേഹവും വിശ്വസ്തതയും എക്കാലവും അതാവശ്യപ്പെടുന്നുവെന്നതുതന്നെ. ''അങ്ങയുടെ സ്നേഹവാത്സല്യം പരിഗണിച്ചു് എന്റെ ശത്രുക്കളെ ഇല്ലായ്മ ചെയ്യണമെ. എന്നെ ഞെരുക്കുന്നവരെയെല്ലാം

---

23. പുറ 32:25, 29; സങ്കീ 100:3–8; 118:79
Cf. MICHAEL GASNIER, The Psalms, school of spirituality. London, 1962, pp 152–153.

24. 27:8; 28:11; 49:5, 7; 59:5; 76:21

25. പുറ 19:5; ആവ 7:6; 14:2

26. ആവ 23:22; Cfr ആവ 30:7; ഉല്പ 12:3; 27:29; സംഖ്യ 24:9

27. ലേവ്യർ 26:7–8; ആവ 28:7; 12:10; 32:41–43; 33:27, 29; കൂടാതെ ഉൽപ്പത്തി 22:16; 24:60; 2 സാമു 7:10 ഇവയും കാണുക.

8. Cf. A. WEISER op. cit, p 78

www.malankaralibrary.com

നശിപ്പിക്കണമെ'' (142:12). ''ശത്രുക്കൾ എന്നെ കീഴ്പ്പെടുത്തി വിജയാരവം മുഴക്കാനിടയാക്കരുതെ; അതുമൂലം അങ്ങ് എന്റെ സ്നേഹിതനാണെന്നു ഞാൻ മനസ്സിലാക്കട്ടെ[29]; ''വിശ്വസ്തനായ അങ്ങ് അവരെ നശിപ്പിച്ചുകളയണമെ'' (53:7; cfr 21:32; 187:2). പൂർവ്വകാലത്തു ദൈവം നടത്തിയിട്ടുള്ള രക്ഷാകരകൃത്യങ്ങളെപ്പററി സങ്കീർത്തകൻ ദൈവത്തെ അനുസ്മരിപ്പിക്കുന്നതും കാണാൻ സാധിക്കും. ദൈവം ഇപ്പോൾ എങ്ങനെ പ്രവർത്തിക്കണമെന്നു പഴയ കാലസംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു സങ്കീർത്തകൻ നിർദ്ദേശിക്കുന്ന ഭാഗവും ശ്രദ്ധേയമായിട്ടുണ്ട് (82:10–14 മിദിയാനോടും സിസേരായോടും ജബീനോടും ചെയ്തതുപോലെ അവരോടും പ്രവത്തിച്ചാലും.....).

3. ഓരോരുത്തരുടേയും പ്രവൃത്തികൾക്കനുസരിച്ച് ദൈവം പ്രതിഫലം നൽകുന്നു (61:13). ഇസ്രായേലിന്റെ ദൈവം നീതിമാനാണ്. അവിടുന്നു സുകൃതികൾക്കു സമ്മാനവും ദുഷ്ടർക്കു ശിക്ഷയും പ്രദാനം ചെയ്യും. ഇവയെല്ലാം ഈ ജീവിതത്തിൽതന്നെ അവിടുന്നു ചെയ്യുന്നു. കാരണം മറെറാരു ജീവിതം മനുഷ്യനില്ലത്രെ[30]. മനുഷ്യജീവിതം തീരെ ദൈർഘ്യം കുറഞ്ഞതും മരണത്തോടെ അവസാനിക്കുന്നതുമാണ് (38:14). എല്ലാവരും മരണത്തെ അഭിമുഖീകരിച്ചേ തീരൂ (48:8–11; 88:39). മരണശേഷം മനുഷ്യന്റെ നിത്യവസതിയാണു കുഴിമാടം (18;16). ആ കുഴിയിലേയ്ക്കു അവൻ ഇറങ്ങിച്ചെല്ലുന്നു (54:24). അവിടെ അവർ പ്രകാശം കാണുകയില്ല (48:20). ദൈവാനുഗ്രഹങ്ങൾ ഒരിക്കലും അനുഭവിക്കുകയുമില്ല.

അതുകൊണ്ടു് ഈലോകജീവിതത്തിൽതന്നെ വിവിധാനുഗ്രഹങ്ങൾ ആവോളം ആസ്വദിക്കുന്നതിനുള്ള അഭിവാഞ്ഛ ദൈവത്തിന്റെ ഉടമ്പടിയിൽ വിശ്വസിച്ചിരുന്ന എല്ലാ ഇസ്രായേൽക്കാർക്കും ഉണ്ടായിരുന്നു. ജീവിക്കുന്നവരുടെ നാട്ടിൽ സമ്പൂർണ്ണമായൊരു ജീവിതം അവർ ആഗ്രഹിച്ചു. കർത്താവിന്റെ നാട്ടിൽ സ്വന്തമായൊരു അധിവാസസ്ഥാനം സമ്പാദിക്കുക അവിടെ സുഭിക്ഷവും സ്വയം പര്യാപ്തവുമായ നിലയിലെത്തുക ഇവയൊക്കെയായിരു

---

29. 40:12 കൂടാതെ 16:7; 24:?; 56:4; 108:21 ഇവയും പരിശോധിക്കുക.

30. സങ്കീ 15:9–11; 48:16; 72:24–26 ഇവയിൽ മരണാനന്തരം ദൈവത്തോടൊത്തുള്ള സൌഭാഗ്യജീവിതത്തെപ്പററിയുള്ള സൂചനകളുണ്ട്. എന്നാൽ പ്രസ്തുതഭാഗങ്ങളുടെ വ്യാഖ്യാനം വ്യക്തമല്ല
Cf. A. M. DUBARLE, Belief in Immortality in Old Testament and Judaism. in Concilium, Dec. 1970 pp. 36–37

www.malankaralibrary.com

ന്ന ഭക്തനായ ഇസ്രായേൽക്കാരന്റെ അഭിലാഷങ്ങരം. അവന്നു സുശീലയും സന്താനസമൃദ്ധയുമായ ഒരു സഹധർമ്മിണിയുണ്ടായിരിക്കണം (127:3) സദ്ഗുണസമ്പന്നരായ അനേകം സന്താനങ്ങളും. അവർ ഒരിക്കലും ഭിക്ഷക്കാരാകുവാൻ പാടില്ല (36:25), പ്രത്യുത പിതാവിന്റെ കാലശേഷം മക്കരം ഭൂമിയിൽ ശക്തരായിത്തീരണമെന്നും (111:2), അദ്ദേഹത്തിന്റെ പിൻതലമുറ ശാശ്വതമായിരിക്കണമെന്നും (36:18), അദ്ദേഹത്തിന്റെ നാമവും സത്കൃത്യങ്ങളും അവർ അനുസ്മരിക്കണമെന്നും (111:3,6) അയാരം തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നു. സ്വന്തം ഐശ്വര്യം കാംക്ഷിച്ചതോടൊപ്പം ദുഷ്ടന്മാരുടെ പതനത്തിനും നാശത്തിനുമായി അവൻ പ്രാർത്ഥിച്ചു. അവർക്കു എല്ലാവിധ ദുരിതങ്ങളും ഭവിക്കണം(31:10); ജീവിതത്തിന്റെ പകുതിപോലും അവർ അനുഭവിക്കരുതു് (64:24); അവരെ ദൈവം നശിപ്പിക്കണം; അവക്കു് ഇരുളടഞ്ഞ ഭാവിയും (36:38) സന്താനനഷ്ടവും (36:28) വന്നുചേരുകയും അങ്ങനെ അവരുടെ നാമം തിരോധാനം ചെയ്യത്തക്കവിധം വംശവിച്ഛേദം സംഭവിക്കുകയും വേണം (33:16).

പ്രാർത്ഥനയും പ്രതീക്ഷയുമൊക്കെ ഇപ്രകാരമായിരുന്നെങ്കിലും ദുഷ്ടന്മാർ സമൃദ്ധരാകുകയും നീതിമാന്മാരെ പീഡിപ്പിക്കുകയും ചെയ്യുന്ന കാഴ്ചയാണു കാണുന്നതു്. ദൈവത്താൽ പരിത്യക്തരായി നീതിമാന്മാരെ കാണുന്നതിലായിരുന്നു ദുഷ്ടന്മാരുടെ സന്തോഷം. ഇത്തരുണത്തിലാണു ദൈവനീതിയെപ്പററി മനുഷ്യർ ചിന്തിക്കുക. ദുഷ്ടൻ ഭരണം നടത്തുന്ന അവസ്ഥാവിശേഷം പൂർണ്ണമായി അവസാനിപ്പിച്ചെങ്കിലെ യഥാർത്ഥത്തിൽ ദൈവം നീതിമാനാകുന്നുള്ളു. അപ്പോരം മനുഷ്യൻ ആഹ്ലാദത്തോടെ വിളിച്ചുപറയും ''നോക്കു, നീതിമാനു പ്രതിഫലം ലഭിച്ചിരിക്കുന്നു; യഥാർത്ഥത്തിൽ ഭൂമിയിൽ നീതി പ്രവർത്തിക്കുന്ന ഒരു ദൈവം നമുക്കുണ്ടു്''

4. ഇസ്രായേലിലെ നീതിമാന്മാർ തങ്ങളുടെ നികൃഷ്ടാവസ്ഥയെപ്പററി തികച്ചും ബോധവാന്മാരായിരുന്നു. കുറെയെല്ലാം അതിശയോക്തിയോടെയാണെങ്കിലും സങ്കീർത്തനങ്ങളിൽ അതു വിവരിക്കുന്നുണ്ടു്. സ്വന്തക്കാരാലും സ്നേഹിതരാലും പരിത്യജിക്കപ്പെടുന്നവരും(68:9; 87:9) ഇഷ്ടജനങ്ങളാൽ ഒററിക്കൊടുക്കപ്പെടുന്നവരും ശത്രുക്കളാൽ പീഡിതരും, ഭാഗ്യദോഷികളും, പാപാരോപിതരും(40:8, 9), അനീതിപരമായി കുററമാരോപിച്ചു മരണത്തിനേല്പിക്കപ്പെട്ടവരുമായി അവർ തങ്ങളെത്തന്നെ കണ്ടു. ആധുനിക മനുഷ്യനേക്കാരം വളരെയധികം ഗാഢമായ ഒരു ബന്ധം ഇസ്രായേൽക്കാരനു സമൂഹത്തോടുണ്ടായിരുന്നു. അതുകൊണ്ടു നമ്മുടെ മാനദണ്ഡങ്ങരം വെച്ചു് അയാളുടെ വീക്ഷണത്തെ അളക്കുക സാദ്ധ്യമല്ല. ഈ ലോകസൗഭാഗ്യങ്ങരംക്കു് അവൻ സുപ്രധാനസ്ഥാന

www.malankaralibrary.com

മാണ നൽകിയിരുന്നതു്. അവനെ സംബന്ധിച്ചിടത്തോളം ദൈവത്തിനു് അവനോടുള്ള പരിഗണനയുടെയും സ്നേഹത്തിന്റെയും ബാഹ്യാടയാളങ്ങളായിരുന്നു അവ. അവൻ മരണത്തെ വീക്ഷിച്ചിരുന്നതും വളരെ വളരെ ഗൗരവത്തോടെയാണു്. നമുക്കു മരണം ഈ ലോകത്തിൽനിന്നു മറ്റൊന്നിലേയ്ക്കുള്ള പ്രവേശനം മാത്രമാണല്ലൊ.

ധനികക്കും അധികാരവർഗ്ഗത്തിനും മേൽക്കോയ്മ അനുവദിച്ചിരുന്ന, അനീതിയുടെ കൂത്തരങ്ങായിരുന്ന ഒരു സമൂഹത്തിൽ വെറും പാവപ്പെട്ടവരായ മനുഷ്യർക്ക് എന്തു നീതി ലഭിക്കാനാണു്? 'അനാഥരേയും മർദ്ദിതരേയും സംരക്ഷിക്കുകയും' (93:13; 145:9) അവരുടെ രക്തത്തിനു പ്രതികാരം ചെയ്യുകയും (94:13) ചെയ്യുന്ന ദൈവത്തിന്റെ പക്കൽ തങ്ങളുടെ ആവലാതി ബോധിപ്പിക്കുകയും പ്രതികാരത്തിനായി യാചിക്കുകയും ചെയ്യുക മാത്രമേ അവർക്കു കരണീയമായിട്ടുണ്ടായിരുന്നുള്ളു. ശത്രുക്കളോടു പകരം ചോദിക്കുവാൻ അത്ഥകനെത്തന്നെ അനുവദിക്കണമെന്ന യാചന സങ്കീർത്തനങ്ങളിൽ ഒരു ഭാഗത്തു മാത്രമാണു കാണുന്നതു്(40:40).

''ഒരിക്കൽകൂടി എഴുന്നേൽക്കുവാൻ എന്നെ
അനുവദിക്കണമെ
ഞാൻ അവരോടു പ്രതികാരം ചെയ്തുകൊള്ളാം''

5. എത്രയുംവേഗം ദൈവം സഹായത്തിനെത്തേണ്ടതിന്റെ കാരണങ്ങളും സങ്കീത്തകൻ പലപ്പോഴും പരാമശിക്കുന്നുണ്ടു്.

ക്ലേശകരമായ ജീവിതത്തിനും അവസാനം ശത്രുകരങ്ങളാൽ നാശത്തിനും, തന്നെ കൈവിടുന്നതുകൊണ്ടു നഷ്ടം ഭവിക്കുന്നതു ദൈവത്തിനുതന്നെയാണെന്നു സങ്കീത്തകൻ പറയുന്നു. അങ്ങനെ ചെയ്താൽ ആ വിടത്തേയ്ക്കു് ഒരു വിശ്വാസിയും സ്നേഹിതനും നഷ്ടപ്പെട്ടു. (ജറുസലം ബൈബിൾ സങ്കീ 116:15) 'വിസ്മൃതിയുടെ നാട്ടിൽ' (87:13) അയാൾ ദൈവത്തേയോ അവിടത്തെ അത്ഭുതങ്ങളേയോ നീതിയേയോ ഓക്കുകയേ ഇല്ല (6:6). അവന് പിന്നീടു ദൈവത്തെ സ്തുതിക്കുകയുമില്ല. ഇതു വിശ്വാസികളായ മററു മനുഷ്യർക്കു്, ഉതപ്പിനും കാരണമാകും (68:7). അവർക്കു് ദൈവത്തോടുള്ള വിശ്വസ്തയ്ക്കു ഭംഗവും സംഭവിക്കാം (52:12). ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ സങ്കീർത്തകൻതന്നെ ചെന്നുപെട്ടതായി രണ്ടു സ്ഥലത്തു നാം വായിക്കുന്നു[31].

---

31. 36:1,8; 72:2, 13

www.malankaralibrary.com

ദൈവം തക്ക സമയത്തു് ഇടപെട്ടു് ദുഷ്ടരെ നിലംപരിശാക്കിയാലോ? അപ്പോൾ വിശ്വാസികൾ ആനന്ദിക്കുകയും[32] ദൈവത്തെ മഹത്വപ്പെടുത്തുകയും[33] ചെയ്യും. മാത്രമല്ല, അതു് അവരുടെ ദൈവഭയത്തേയും (51:8) ആശ്രയബോധത്തേയും (68:33) ഉദ്ദീപിപ്പിക്കും. ഇവയെല്ലാം ദർശിച്ചു്, ദൈവകോപത്തിനിരയാകേണ്ടവർപോലും അവിടത്തെ അന്വേഷിക്കാനും (82:17) അറിയാനും (82:19) സാദ്ധ്യതയുണ്ടു്.

6. സ്വന്തം പാപങ്ങളുടെ ശിക്ഷയാണു ക്ലേശങ്ങൾ (37:46) എന്നു സങ്കീർത്തകനു ബോദ്ധ്യമുണ്ടെന്നുവേണം കരുതുവാൻ. അദ്ദേഹം പല സന്ദർഭങ്ങളിൽ പാപങ്ങളുടെ ഏററുപറച്ചിൽ നടത്തുന്നുവെന്നതു് അതിനു തെളിവാണു്[34]. പാപങ്ങൾക്കു ശിക്ഷയായി (32:12) ദുരിതങ്ങൾ നൽകുന്നതു് ദൈവം തന്നെയാണു്[35]. ക്ലേശത്തിൽനിന്നും ശത്രുക്കളിൽനിന്നും വിമോചനത്തിനും, ശത്രുക്കളുടെ നാശത്തിനുമായി സങ്കീർത്തകൻ പ്രാർത്ഥിക്കുമ്പോൾ, യഥാർത്ഥത്തിൽ അയാൾ പാപപ്പരിഹാരവും, ദൈവതിരുമുമ്പിൽ സംപ്രീതിയുമാണു യാചിക്കുന്നതു്.

7. ബൈബിൾ പരിശോധിച്ചാൽ കാണാം അവിടെ ആശീർവാദങ്ങളും ശാപങ്ങളും ധാരാളമുണ്ടെന്നു്. ആശീർവ്വദിക്കുകയോ, ശപിക്കുകയോ ചെയ്യുന്നവരെല്ലാം സ്വന്തമായി പുതിയ പുതിയ വാചകഘടനകൾക്കു രൂപം കൊടുത്തിരുന്നു എന്നു കരുതുക വയ്യ. സാധാരണ ഉപയോഗിച്ചുപോന്നിരുന്ന ശൈലികളും, പദാവലിയും അവരും പ്രയോഗിച്ചിരുന്നിരിക്കണം. സ്ഥിരരൂപം കൈക്കൊണ്ട അത്തരം എത്രയോ ഫോർമുലാകൾ നാം ബൈബിളിൽ കാണുന്നുണ്ടു് (നമ്മുടെ സമൂഹത്തിലും സ്ഥായീരൂപം പ്രാപിച്ച ഫോർമുലാകൾ നിലവിലുണ്ടല്ലോ). ശാപാനുഗ്രഹങ്ങൾക്കുള്ള ഫോർമുലാകളും അവയിലുൾപ്പെടുന്നു. അതുകൊണ്ടു് ഒരുവൻ ഒരു ഫോർമുല ഉപയോഗിക്കുമ്പോൾ അയാളുദ്ദേശിക്കുന്ന അർത്ഥം അതിൽ പൂർണ്ണമായിപ്രകടമായെന്നു വരികയില്ല (ഉല്പ 24:60).

8. ശത്രുക്കളെപ്പററിയുള്ള പ്രതിപാദനം സങ്കീർത്തനപ്പുസ്തകത്തിന്റെ മാത്രം പ്രത്യേകതയല്ല; അതു ബൈബിളിലുടനീളം ഉള്ളതുതന്നെ. മനുഷ്യനു സുരക്ഷിതത്വവും അഭയവും ഇല്ലാത്ത ഒരുകാലത്തു് ഈവിധമുള്ള സമീപനരീതി സാധാ

---

32. 34:27; 39:17; 57:11,12; 63:11

33. 21:31, 32; 39:4; 139:13

34. 24:7, 18; 31:5; 37:4, 19; 38:9; 39:13, 50; 68:6; 139:3; 142:2

35. 31:4; 37:3, 4; 38:10–12; 68:27; 87:8,9; 101:11

www.malankaralibrary.com

രണമാണ്. നമ്മുടെ പരിത:സ്ഥിതി അതിൽനിന്നെല്ലാം തികച്ചും ഭിന്നമത്രേ.

x x x x

അടുത്തതായി സങ്കീർത്തനങ്ങളെ സംബന്ധിച്ച ഈ പഠനം പ്രായോഗികമായ ഒരു സുപ്രധാന പ്രശ്നത്തിലേയ്ക്കു തിരിയുകയാണ്. മേൽപ്രസ്താവിച്ച തരത്തിലുള്ള അർത്ഥനാ കീർത്തനങ്ങൾ നമ്മുടെ പ്രാർത്ഥനകളിൽ നമുക്കുപയോഗിക്കാമോ? അവയുടെ പ്രാർത്ഥനാത്മകവും, ധ്യാനാത്മകവുമായ പാരായണം നമുക്ക് എന്തെങ്കിലും ഉപകാരം ചെയ്യുമോ?

അവ ഉപയോഗിക്കുകയേ വേണ്ട എന്നു എളുപ്പത്തിൽ ഉത്തരം നൽകാൻ സാധിക്കും. പക്ഷെ, അതു ശരിയല്ല. കുറച്ചധികം ഉപദ്രവം ചെയ്യുന്ന ഒരു ഉത്തരം ഉണ്ട്. മററുള്ളവരോടുള്ള നമ്മുടെ വൈരാഗ്യം വെളിപ്പെടുത്തുവാനുതകുന്ന ഉത്തമോപാധിയാണത്രേ ഈ സങ്കീർത്തനങ്ങൾ. വേറെ ചിലർ പ്രസ്തുത സങ്കീർത്തനഭാഗങ്ങൾക്ക് ആദ്ധ്യാത്മികമായ നിറം നൽകി അവതരിപ്പിച്ചു കാണുന്നു. അവരുടെ ദൃഷ്ടിയിൽ 108-ാം സങ്കീർത്തനം യൂദാസിന്റെ ജീവിതാവിഷ്ക്കരണമാണ്[36]. ഇസ്രായേലിന്റെ ശത്രുക്കളെ സഭയുടെ ശത്രുക്കളായും[37], സങ്കീർത്തകന്റെ സ്വന്തം ശത്രുക്കളെ നമ്മുടെ വ്യക്തിത്വത്തിന്റെ ദുഷിച്ച വശമായും, ലോകത്തിന്റെയും സാത്താന്റെയും വശീകരണമായും (1 യോഹ 2:15-17), സങ്കീ 136:9-ൽപ്രതിപാദിക്കുന്ന ബാബിലോണിന്റെ സന്താനങ്ങളുടെ ദുർവ്വിധി നമ്മിലുള്ള ബാലചാപല്യങ്ങളുടേയും ഇടുങ്ങിയ ചിന്താഗതിയുടേയും അനിഷ്ടങ്ങളുടേയും വിധിയായും ഇക്കൂട്ടർ വീക്ഷിക്കുന്നു[38].

ഈവക ഉത്തരങ്ങളൊന്നും സ്വീകാര്യമല്ല. ശാപവചസ്സുകൾ നിറഞ്ഞ സങ്കീർത്തനങ്ങളും പ്രാർത്ഥനയിൽ നമ്മൾ ഉപയോഗിക്കണം. സുപ്രധാനങ്ങളായ അനേകം കാര്യങ്ങൾ അവ നമുക്കു വെളിപ്പെടുത്തിത്തരും.

(i) ദൈവനീതിയും വിശ്വസ്തതയും സ്നേഹവും അവയിലൂടെ നമുക്കു ഗ്രഹിക്കാം. ദരിദ്രരേയും, ആവശ്യക്കാരേയും, അവശരേയും, മർദ്ദിതരേയും ദൈവം സഹായിക്കുന്നു. അവർക്കു ഭവിച്ച! കഷ്ടാരിഷ്ടതകൾ തനിക്കുതന്നെ സംഭവിച്ചവയായിട്ടാണ് അവിടുന്നു കാണുന്നത്. അവിടുന്നു പാവപ്പെട്ടവരുടെ ദൈവവും അവിടത്തെ രക്ഷാകരപദ്ധതി പാവപ്പെട്ടവ

36. St. AUGUSTINE "Enarrationes in Psalmoss" CI-CL. Corpus Christianorum, series Latina XL, pp. 1585 ff.
37. MICHAEL GASNIER op. cit, p. 154
38. C. S. LEWIS 'Reflections on the Psalms' London + glasgow, 1958, p. 136
ST. AUGUSTINE, op. cit, pp. 1977-78

www.malankaralibrary.com

ക്കുവേണ്ടി മാത്രമുള്ളതുമാകുന്നു[39]. മനുഷ്യന്റെ താഴ്മയെ അവിടുന്നു വളരെയധികം വിലമതിക്കുന്നുണ്ട്. ഈ സങ്കീർത്തനങ്ങൾ നൽകുന്ന സന്ദേശവും പുതിയനിയമത്തിൽ ഇതിനു സാദൃശ്യമായുള്ള ഭാഗങ്ങളും പരിശോധിക്കുക.

(ii) ഇല്ലാതായിക്കൊണ്ടിരിക്കുന്ന പാപബോധം വീണ്ടെടുക്കുന്നതിനുള്ള ഒരുപാധിയുമാണ് ഈ സങ്കീർത്തനങ്ങൾ. നമ്മുടെ പരിഗണനയിൽ വളരെ കുറച്ചു പാപങ്ങൾ മാത്രമേയുള്ളു. കടമുള്ള ദിവസം ദിവ്യബലിയിൽ സംബന്ധിക്കാതിരിക്കുക, കൊലപാതകം നടത്തുക, ശുദ്ധതയ്ക്കെതിരായ ചില പ്രവൃത്തികൾ ചെയ്യുക, പിന്നെ, മനുഷ്യരറിഞ്ഞാൽ കുററമുള്ള ചില കൃത്യങ്ങൾ പ്രവർത്തിക്കുക; എന്നാൽ ഉപവിക്കും നീതിക്കുമെതിരായി ചെയ്തുകൂട്ടുന്ന നിരവധി പാപങ്ങളെപ്പററി നാം ചിന്തിക്കുന്നതേയില്ല. മററുള്ളവർക്കു അപകീർത്തികരങ്ങളായ കാര്യങ്ങൾ; ദുഷിച്ച വാക്കുകൾ, കാലുവാരൽ, സഹോദരന്റെ ബലഹീനതയെ ചൂഷണം ചെയ്യൽ, അവകാശങ്ങൾ നിഷേധിക്കൽ....ഇവയൊക്കെ എത്രയോ വിരളമായാണ് പാപമായി ഗണിക്കപ്പെടുക!! സങ്കീർത്തകൻ അതിമാത്രം ഗൗരവത്തോടെയാണ് ഇവയെല്ലാം വീക്ഷിക്കുന്നത്. ഇവ ദൈവികപദ്ധതികളെ തകിടം മറിക്കുന്ന പ്രവൃത്തികളാണ് (138:20). ഇവ രക്ഷാകരപദ്ധതിക്കു തുരങ്കം വയ്ക്കുകയും ചെയ്യുന്നു. ദൈവം എപ്രകാരം മനുഷ്യനെ സമീപിക്കുകയും അവനോടു പെരുമാറുകയും ചെയ്യുന്നുവോ അപ്രകാരമാണ് മനുഷ്യനും സ്വസഹോദരനോടു വർത്തിക്കേണ്ടതു്. നീതിയും ഉപവിയും നിഷേധിക്കുന്നവൻ ദൈവികപദ്ധതികളെയാണ് പ്രതിബന്ധിക്കുന്നതെന്നു മനസ്സിലാക്കണം. അവനെ ദൈവം വെറുക്കുകയും ശിക്ഷിക്കുകയും ചെയ്യും[40].

വിജ്ഞാനിയെന്നഭിമാനിക്കുന്ന ആധുനികവിശ്വാസി പറയും ദൈവം പാപിയെയല്ല പാപത്തെയാണു വെറുക്കുന്നതെന്നു്. സങ്കീർത്തകന്റെ വീക്ഷണത്തിൽ ദൈവം പാപി

39. ''പാവപ്പെട്ടവർ'' എന്ന പ്രയോഗം വേദപുസ്തക വിവക്ഷിതമായാണ് പരിഗണിക്കേണ്ടതു്. സമ്പത്തിലോ (സങ്കീ 48. 6; 61:11) ശക്തിയിലോ (സങ്കീ 19:8; 43:7) ശക്തരിലോ (സങ്കീ 117:8, 9; 145:3) ആശ്രയിക്കുന്നവരല്ല പാവപ്പെട്ടവർ, പ്രത്യുത ദൈവത്തിൽ മാത്രം വിശ്വസിക്കുന്നവരും അങ്ങിൽ നിന്നു മാത്രം രക്ഷ പ്രതീക്ഷിക്കുന്നവരുമാണ് (സങ്കീ 11.6).

40. പാപത്തെ വിധിച്ചു പുറന്തള്ളുന്നു എന്ന കാര്യത്തിൽ ശാപസങ്കീർത്തനങ്ങൾക്ക് പ്രവാചകന്മാരോടു സാദൃശ്യമുണ്ട്. സങ്കീർത്തകൻ ശത്രുവിനെ ശിക്ഷിക്കുന്നതിനു ദൈവത്തോടപേക്ഷിക്കുന്നു; പ്രവാചകന്മാരാകട്ടെ ദൈവത്തിന്റെ ദൂതന്മാരും ഭാഷണോപകരണങ്ങളുമെന്ന നിലയിൽ മനുഷ്യന്റെ തിന്മപ്രവൃത്തികൾക്കുള്ള വിധിപ്രസ്താവന നടത്തുകയും അവബോധത്തോടുകൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഇതാണു വ്യത്യാസം.

www.malankaralibrary.com

യെ വെറുക്കുകയും (5:7;10;5) തള്ളിപ്പറയുകയും (30:7) ചെയ്യുന്നു. പാപിയേയും പാപത്തേയും വേർതിരിച്ചുകാണുന്ന പ്രവണത യൊന്നും സങ്കീർത്തകൻെറ കാലത്തില്ലായിരുന്നു; അതൊക്കെ പുരോഗമിച്ച യുഗത്തിൻെറ പ്രത്യേകതയാണ്[41].

(iii) തിന്മയെ നേരിടാൻ ബലം പ്രയോഗിക്കേണ്ട ചില അവസരങ്ങൾ പുതിയനിയമത്തിലും പ്രതിപാദിക്കുന്നുണ്ട്. സങ്കീർത്തനങ്ങളിൽ താദൃശ്യസന്ദർഭങ്ങൾ എപ്രകാരമാണു കൈകാര്യം ചെയ്തിരിക്കുന്നതെന്നറിഞ്ഞാൽ പുതിയനിയമ ഭാഗങ്ങൾ സുഗ്രഹങ്ങളാകും. സുവിശേഷം പ്രഘോഷിക്കു ന്നതു ജീവനും രക്ഷയുമാണെന്നതു വാസ്തവംതന്നെ. എങ്കിലും അവിടെയുമുണ്ട് കപടഭക്തിയ്ക്കും ആന്തരികാത്മ്രപിയി ല്ലാത്ത നിയമാചരണത്തിനും, (Pharisaism) അഹംഭാവം നിറഞ്ഞ ആത്മവിശ്വാസത്തിനും, ദൈവത്തേയും ദൈവരാജ്യ ത്തേയും പ്രതിബന്ധിക്കുന്ന സകല മാനുഷികാചാരങ്ങൾക്കും എതിരായുള്ള ശാപങ്ങളും[42] മരണവിധിപ്രസ്താവങ്ങളും.

(iv) മേൽ വിവരിച്ച സങ്കീർത്തനഭാഗം മറെറാരു വസ്തുത യിലേയ്ക്കുകൂടി വെളിച്ചം വീശുന്നു. ലോകത്തിൽ ദുരിത ങ്ങൾ സാധാരണമാണ്. ഇവയിൽ ഭൂരിഭാഗത്തിനും ഉത്തര വാദി മനുഷ്യൻതന്നെ. മനുഷ്യർ പരസ്പരം ക്ലേശിപ്പിക്കുന്നു. നമ്മുടെ അയൽക്കാരനെ നമ്മുടെ അസ്തിത്വത്തിനു ഭീഷണി യായും പുരോഗതിക്കു വിലങ്ങുതടിയായും പരിഗണിക്കുന്ന തോടൊപ്പം നാംതന്നെ ഈ റോളുകളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഈ വസ്തുതയ്ക്കു മുമ്പിൽ ''എൻെറ സഹോദരൻ എൻെറ നരകമാണ്'' എന്നു പ്രസ്താവിച്ച ജെ. പി. സാർത്രി നെ അപ്പാടെ പുച്ഛിച്ചു പുറന്തള്ളാനാവുമോ! യഥാർത്ഥത്തിൽ നാം എത്രയോ പ്രാവശ്യം മററുള്ളവർക്കു നരകമായിത്തീരു ന്നുണ്ട്!! ഈ പരിതസ്ഥിതിക്കു എന്തെങ്കിലും പരിഹാര മുണ്ടാകണമെങ്കിൽ ഓരോരുത്തനും മററുള്ളവരെ 'ക്രിസ്തുവിൽ' ദർശിക്കണം. അപ്പോൾ അവർ നമ്മുടെ അസ്തിത്വത്തെ ധന്യ മാക്കുന്ന ഉത്തേജകശക്തികളായി രൂപാന്തരപ്പെടുന്നതു കാണാം (1 കൊറി 12).

(v) സങ്കീർത്തകൻെറ മനോഭാവത്തിൽനിന്നും നമുക്കു വളരെയധികം കാര്യങ്ങൾ പഠിക്കുവാനുണ്ട്. രണ്ടെണ്ണം മാത്രമെ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

a) സങ്കീർത്തകന്മാരുടെ തുറന്ന സമീപനം: അതു തീർച്ചയായും അനുവാചകരെ ആശ്ചര്യഭരിതരാക്കും. ദൈവ

41. Cf. PETER ELLIS The Men and the Message of the Old Testament, Collegeville, 1963, p 225
42. മത്താ 3:7–10: ലൂക്കാ 6:24–26: മത്താ 23:13–39.

www.malankaralibrary.com

ത്തിൻെറ മുൻപിൽ മറച്ചുവയ്ക്കാൻ ഒന്നും അവർക്കില്ല. ജീവിത പ്രശ്നങ്ങൾ മുഴുവൻ തുറന്നുവയ്ക്കുന്നതായിരുന്നു അവരുടെ പ്രാർത്ഥന. ശത്രുക്കളുടെ പ്രശ്നങ്ങളും അവയിൽ ഉൾപ്പെടുത്തുകയെന്നതു് സാധാരണമാണല്ലൊ. നമ്മുടെ കാര്യം അങ്ങനെയല്ല. അന്യരിൽനിന്നു തിന്മകളനുഭവിക്കുമ്പോൾ, മററുള്ളവരുമായി ശണ്ഠകളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ അവയെല്ലാം നമുക്കായി നിക്ഷേപിക്കുകയാണു നാം ചെയ്യുക: 'ഞങ്ങൾ തന്നെ ആ പ്രശ്നങ്ങളൊക്കെ തീർത്തുകൊള്ളാം; അതിനു ദൈവസഹായമൊന്നും വേണ്ട' എന്ന മനോഭാവമാണു നാം മിക്കപ്പോഴും പ്രകടിപ്പിക്കുന്നതു്. ഭക്തശിരോമണികളായ ചിലർ എല്ലാം ക്ഷമിച്ചതായും മറന്നതായും ഒരഭിനയം കൂടി നടത്താനും മടിക്കയില്ല. എന്നിട്ടു ദൈവതിരുമുമ്പിൽ നല്ലപിള്ള ചമയും. അവിടത്തെപ്പക്കൽ ആ പ്രശ്നങ്ങളെല്ലാം ഉന്നയിച്ചാൽ മററുള്ളവരോടുള്ള നമ്മുടെ മനോഭാവം മാറേറണ്ടി വന്നേക്കുമോ എന്ന ഭയമല്ലേ ഇത്തരം സ്ഥിതിവിശേഷങ്ങളിലൊക്കെ ചെന്നെത്തിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു! ഇവയെല്ലാമുപരി നാം ചിലപ്പോഴെല്ലാം ശത്രുത, വൈരാഗ്യം, വെറുപ്പ് മുതലായവയെ സ്നേഹിക്കുകകൂടി ചെയ്യുന്നു. ഇത്തരം സ്വഭാവദൂഷ്യങ്ങൾ മാററാനാണു പ്രാർത്ഥനയെങ്കിൽ പ്രാർത്ഥന ഉപേക്ഷിക്കാനും മടിക്കാത്തവരാണു് ആധുനികതലമുറയിലുള്ളവർ.

b) സമാകർഷകമായ മറെറാരു ഗുണവിശേഷമാണു സങ്കീർത്തകന്മാരുടെ സാമൂഹ്യബോധം. മററുള്ളവരെപ്പററി ചിന്തയുണ്ടായിരിക്കുക, അവരുടെ സുസ്ഥിതി കാംക്ഷിക്കുക, അവകാശങ്ങൾ അംഗീകരിക്കുക ഇവ വളരെ പ്രാധാന്യമുള്ളവയാണു്. നല്ലവരായ ഇസ്രായേൽക്കാർ അനീതിയനുഭവിക്കുമ്പോൾ അതിനെതിരായി സ്വരമുയർത്താനും അവർക്കു വേണ്ടി ദൈവത്തെത്തന്നെ വെല്ലുവിളിക്കാനും അവർ മടി കാണിച്ചിരുന്നില്ല. സങ്കീ 14-ൽ ദേവാലയപ്രവേശത്തിനു മുൻപു സങ്കീർത്തകൻ ആത്മപരിശോധന നടത്തുകയാണു്. അതിൽ വിവരിക്കുന്ന പതിനൊന്നു വിഷയങ്ങളിൽ പത്തും അയൽക്കാരോടുള്ള അയാളുടെ ബന്ധത്തെ സംബന്ധിച്ചവയാണു്. അയൽക്കാരെ വളരെ കാര്യമായിത്തന്നെ അവർ പരിഗണിച്ചിരുന്നുവെന്നാണു് ഇതിൽനിന്നു തെളിയുന്നതു്. അവർ ദുഷ്പ്രവൃത്തിക്കാരെ വെറുത്തിരുന്നെങ്കിലും നല്ലവരെ സ്നേഹിച്ചിരുന്നു (118:63). ''ഞാൻ അങ്ങയെ ബഹുമാനിക്കുന്നവരുടെ മിത്രമാകുന്നു'', ''അവിടത്തെ നാട്ടിൽ വസിക്കുന്ന വിശുദ്ധ ദാസന്മാരോടു് അത്ഭുതകരമായ വാത്സല്യം അവിടന്നു് എന്നിൽ നിക്ഷേപിച്ചു'': (15:3; കൂടാതെ 108:5; 121:80). അവർ മററുള്ളവരെ ശപിക്കുന്നതായി നാം വായിക്കുന്നുണ്ടു്. എന്നാൽ ശാപത്തേക്കാൾ എത്രയോ അധികമാ

www.malankaralibrary.com

ണ് അനുഗ്രഹവചസ്സുകരം. ഏററവും അപകടകരമായ മനോഭാവം വെറുക്കുക എന്നതല്ല; സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യാത്ത അവസ്ഥയാണ്. ശപിക്കയല്ല; അനുഗ്രഹിക്കുകയോ ശപിക്കുകയോ ചെയ്യാതിരിക്കുകയാണ്. മററുള്ളവരുടെ നേരെ ദോഷൈകദൃക്കുകളായി വർത്തിക്കുന്നതിലും കഷ്ടം അവരുടെ സാന്നിദ്ധ്യത്തെ അവഗണിക്കുന്നതാണ്. അവസരോചിതമായ കോപവും കാര്യമാത്രപ്രസക്തമായ അവജ്ഞയും മററുള്ളവരെ പരിഗണിക്കുന്നതിൻെറ അടയാളങ്ങളായിട്ടു വേണം കരുതുവാൻ.

## ഉപസംഹാരം

പരസ്നേഹത്തെ സംബന്ധിച്ച പുതിയനിയമത്തിനു് എന്തു പുതുമയാണുള്ളതു്? പുതിയനിയമത്തിൽ പ്രസ്താവിച്ചിട്ടുള്ളവയൊന്നും പഴയനിയമത്തിൽ കാണുകയില്ല എന്നതിലല്ല ഈ നവീനത. പ്രത്യുത, പഴയ നിയമത്തിൽ പറഞ്ഞിട്ടുള്ളവതന്നെ ആവർത്തിച്ചുറപ്പിച്ചിരിക്കുകയാണു പുതിയ നിയമത്തിൽ. ശത്രുസ്നേഹത്തെ സംബന്ധിച്ച പഠനങ്ങളും അങ്ങനെതന്നെ. എന്താണു പ്രവർത്തിക്കേണ്ടതെന്നു പഴയ നിയമമനുഷ്യനു് അവ്യക്തമായെങ്കിലും അറിയാമായിരുന്നു. നിയമം അതവനെ പഠിപ്പിച്ചിരുന്നു. എന്നാൽ വി. പൗലോസ് പറയുംപോലെ നിയമം അതിനുവേണ്ട ശക്തികൂടി പ്രദാനം ചെയ്തിരുന്നില്ല (ഗാലാ 3:21; റോമ 7:10). നാം എന്തു ചെയ്യണമെന്നു നമുക്കറിയാം— ക്രിസ്തു സ്നേഹിച്ചതുപോലെ നാമും സ്നേഹിക്കണം (യോഹ 13:34; 15:12; എഫേ 5:2). അതു പ്രവർത്തിക്കുവാൻ നമുക്കു സാദ്ധ്യവുമാണ്: സന്നദ്ധതയുള്ള മനസ്സുണ്ടായിരിക്കണമെന്നുമാത്രം. കാരണം നമ്മിൽ നിവേശിപ്പിച്ചിരിക്കുന്നതു ക്രിസ്തുവിൻെറ അരൂപിയെയാണ് (ഗാല 4:6; റോമ 5:5).

ആശീർവനം — ജോൺ കുറിച്ചിയാനിൽ O. S. B.

കെങ്കേരി — (വിവ: ഏബ്രഹാം പേഴുംകാട്ടിൽ)

www.malankaralibrary.com

# സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം

സങ്കീർത്തനങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനു സഹായകമായ ചില പ്രാഥമിക നിർദ്ദേശങ്ങൾ മാത്രമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്. സങ്കീർത്തനങ്ങളുടെ വ്യാഖ്യാനസംബന്ധമായ വിവിധ പ്രശ്നങ്ങൾ ആധികാരികമായി ചർച്ചചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

സങ്കീർത്തനങ്ങൾ പാരായണം ചെയ്യുന്നവർ ഓർത്തിരിക്കേണ്ട ഒരു സുപ്രധാന വസ്തുതയാണ് അവ പദ്യസാഹിത്യത്തിൽ പെടുന്നുവെന്നതു്. ഗദ്യത്തിനില്ലാത്ത പല പ്രത്യേകതകളും പദ്യത്തിനുണ്ടു്. വർണ്ണനയ്ക്കും ആലങ്കാരിക പ്രയോഗങ്ങൾക്കും ഗദ്യത്തിലില്ലാത്ത പ്രാധാന്യം കവിതയിലുണ്ടു്. ഭാവനയെ തട്ടിയുണർത്തുന്ന പ്രതിരൂപങ്ങളും ശ്രവണസുഖം നൽകുന്ന പദപ്രവാഹവുമെല്ലാം കവിതയ്ക്കു് ഓജസ്സേകുന്നു. ആസ്വാദകനെ കവിത ഒരു സൗന്ദര്യലോകത്തിലേയ്ക്കു കൈകൊടുത്തുയർത്തുന്നു. കവിയുടെ അനുഭൂതിവിശേഷത്തിൽ ആസ്വാദകനെ പങ്കാളിയാക്കുന്നു. ഇവയെല്ലാം നിമിത്തം ഗദ്യത്തിലില്ലാത്ത സ്വാതന്ത്ര്യം കവികൾ അനുവദിച്ചുകൊടുത്തിട്ടുമുണ്ടു്.

സങ്കീർത്തനങ്ങൾ ഹീബ്രു കവിതാസാഹിത്യത്തിൽ പെടും. ലാററിൻ കവിതയിൽ നിന്നും ഇംഗ്ലീഷ് കവിതയിൽ നിന്നുമൊക്കെ വ്യത്യസ്തമായ രൂപഭാവങ്ങളാണു ഹീബ്രു കവിതയ്ക്കുള്ളതു്. പ്രാസമൊപ്പിച്ചുള്ള പദപ്രയോഗങ്ങൾ കാണുന്നുണ്ടെങ്കിലും പ്രാസം (rhyming) ഹീബ്രു കവിതയുടെ ഒരലംഘനീയ നിയമമല്ല. സാമാന്യമായിപ്പറഞ്ഞാൽ ഹീബ്രു കവിതയിൽ പ്രാസനിബന്ധനയില്ല. ആദിപ്രാസമോ, ദ്വിതീയാക്ഷരപ്രാസമോ, അനുപ്രാസമോ, യമകമോ ഹീബ്രു കവിതയിൽ നിർബന്ധമില്ല. പകരം കാണുന്നതു ''സമാന്തരത''യാണ്. ഹീബ്രു കവിതയിൽ രണ്ടോ, ചുരുക്കമായി മൂന്നോ പാദങ്ങളുള്ള പദ്യങ്ങളാണുള്ളതു്. അതിൽ രണ്ടാമത്തെ പാദം ആദ്യപാദത്തോടു് ആശയത്തിൽ സമാനമായിരിക്കുന്നതിനാണ് ''സമാന്തരത''യെന്നു പറയുന്നതു്. ഹീബ്രു പദ്യസാഹിത്യത്തിൽ മാത്രമല്ല, ഗദ്യസാഹിത്യത്തിൽപോലും ''സമാന്തരത'' ദൃശ്യമാണ്. തേക്കൊവാക്കാരി ദാവീദിനോടു പറയുന്നു:

ഞാൻ വിധവയാണ്<br>
എന്റെ ഭർത്താവു മരിച്ചുപോയി (2 സാമു 14:5)

www.malankaralibrary.com

ഇതിൽ രണ്ടാംപാദം ആദ്യത്തേതിൽ കൂടുതലായി ഒന്നും പറയു ന്നില്ല. സഹോദരന്മാർ ജോസഫിനെ തള്ളിയിട്ട കിണർ

പൊട്ടക്കിണറായിരുന്നു
അതിൽ വെള്ളമില്ലായിരുന്നു (ഉല്പ 37:24)

ഷേബാ വിപ്ലവകാഹളം മുഴക്കുന്നു;
ദാവീദിൽ നമുക്കു് ഓഹരിയില്ല
ജെസ്സെയുടെ മകനിൽ അവകാശവുമില്ല (2 സാമു 20:1)

പദ്യത്തിൽ സമാന്തരത കുറേക്കൂടി സുലഭമാണു്.

ആദാ, സില്ലാ, കേൾക്കുക
ലാമേക്കിന്റെ ഭാര്യമാരേ കേൾക്കുക
എന്നെ മുറിവേല്പിച്ചതിനാൽ ഞാൻ ഒരുവനെ കൊന്നു
എന്നെ അടിച്ചതിനാൽ ഞാനൊരുചെറുപ്പക്കാരനെ കൊന്നു.
(ഉല്പ 4:23)

യാക്കോബേ നിന്റെ കൂടാരങ്ങൾ എത്രമനോഹരം
ഇസ്രായേലേ നിന്റെ താവളങ്ങൾ (എത്ര സുന്ദരം)
(സംഖ്യ 24:5)

നിന്നെ ജനിപ്പിച്ച പാറയെ നീ വിസ്മരിച്ചു
നിന്നെ ഉല്പാദിപ്പിച്ച ദൈവത്തെ മറന്നുകളഞ്ഞു.
(ആവ 32:18)

എന്റെ ദൈവമേ എന്റെ ശത്രുക്കളുടെ കൈയിൽ
നിന്നു് എന്നെ മോചിക്കണമേ
എനിക്കെതിരായി നിൽക്കുന്നവരിൽ നിന്നു്
എന്നെ സംരക്ഷിക്കണമേ (സങ്കീ 59: 2)

സങ്കീർത്തനങ്ങളിൽ മൂന്നുതരം സമാന്തരത കാണുന്നുണ്ടു്. ആദ്യപാദത്തിലെ ആശയം അതേ രൂപത്തിൽ ആവർത്തിക്കു ന്നതിനു് സമാനപാദങ്ങൾ എന്നു പറയാം.

എന്റെ കാലുകൾ ഏകദേശം ഇടറി
എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി (സങ്കീ 73:2)
ദൈവം എഴുന്നേൽക്കുമ്പോൾ അവിടുത്തെ
ശത്രുക്കൾ ചിതറിപ്പോകുന്നു
അവിടുത്തെ വെറുക്കുന്നവർ അങ്ങേ തിരുമുമ്പിൽ
നിന്നു് ഓടിപ്പോകുന്നു (സങ്കീ 68:2)

ആദ്യപാദത്തിലെ ആശയത്തിനു വിപരീതമായ ആശ യമാണു രണ്ടാം പാദത്തിലെങ്കിൽ അതിനു് വിപരീത പാദ ങ്ങൾ എന്നു പറയുന്നു.

ദുഷ്ടൻ വേദനാഭരിതനാണു്
കർത്താവിൽ ആശ്രയിക്കുന്നവനെ കാരുണ്യം
വലയം ചെയ്യുന്നു (സങ്കീ 32:10)

www.malankaralibrary.com

ചിലർ രഥങ്ങളിലും മററു ചിലർ കുതിരകളിലും
ആശ്രയിക്കുന്നു
ഞങ്ങൾ ഞങ്ങളുടെ ദൈവമായ കർത്താവിന്റെ
നാമത്തിൽ ശക്തി കണ്ടെത്തുന്നു
അവർ തളർന്നു വീണുപോയി
ഞങ്ങൾ എഴുന്നേററു നേരെ നിൽക്കുന്നു (സങ്കീ 20: 8–9)

പുതിയ നിയമത്തിലും വിപരീതപാദങ്ങൾക്കു് ഉദാഹരണങ്ങൾ കാണാം.

ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു് അവിടന്നു താഴെയിറക്കി
വിനീതരെ അവിടന്നുയർത്തി (ലൂക്കാ 1:52)

ചിലപ്പോൾ രണ്ടാംപാദം ഭാഗികമായി മാത്രം ആദ്യപാദത്തിന്റെ ആവർത്തനമായിരിക്കും. ആദ്യപാദത്തിലെ ആശയം ആവർത്തിച്ചു് ചിന്താധാരയുടെ പ്രവാഹം തടയുന്നില്ല. ചിന്താധാര അവിഘ്നം പ്രവഹിച്ചുകൊണ്ടിരിക്കും. എങ്കിലും രണ്ടാമത്തെ പാദവും ആദ്യത്തേതും തമ്മിൽ പരസ്പര ബന്ധമുണ്ടു്. രണ്ടാംപാദം ആദ്യപാദത്തെ ഭാഗികമായി ആവർത്തിക്കുകയും അല്പംകൂടി വിശദീകരിക്കുയും ചെയ്യുന്നു. ഇതിനു് അപൂർണ്ണ സമാന്തരതയെന്നു പറയാം.

ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും
പാപികളുടെ വഴിയിൽ നിൽക്കാതെയും
പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും
യാഹ്‌വേയുടെന്യായപ്രമാണത്തിൽ സന്തോഷിച്ചു്
അവന്റെ ന്യായപ്രമാണത്തെ രാപകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ 1: 1–2)

കർത്താവേ എന്നെ പരിശോധിച്ചു നോക്കുക:
എന്നെ പരീക്ഷിക്കുക
എന്റെ ഹൃദയവും ആന്തരേന്ദ്രിയങ്ങളും ശോധന
ചെയ്യുക (സങ്കീ 26:2)

ഇതിൽ രണ്ടാമത്തെ പാദം അംഗിവാക്യമോ, അംഗവാക്യമോ ആകാം. അംഗവാക്യങ്ങൾ, നാമവാക്യങ്ങൾ, നാമവിശേഷണവാക്യങ്ങൾ, കൃതിവിശേഷണ വാക്യങ്ങൾ എന്നിങ്ങനെ മൂന്നുതരമുണ്ടു്. കൃതിവിശേഷണ വാക്യംതന്നെ അനേകതരമുണ്ടു്.

അപൂർണ്ണ സമാന്തരത സങ്കീർത്തനങ്ങളിൽ സുലഭമാണു്. ഈ കൂട്ടത്തിൽപെടുന്നതാണു് ശ്രേണീസമാന്തരത. ഇതിൽ വാക്യങ്ങൾ പടിപടിയായി ആദ്യ ആശയത്തെ വികസിപ്പിക്കുന്നു. ആദ്യപാദം ഭാഗികമായി രണ്ടാംപാദത്തിൽ ആവർത്തിക്കപ്പെടുന്നു. പുതിയ ഒരു ഘടകവും രണ്ടാംപാദത്തിൽ കാണാം.

www.malankaralibrary.com

അവൻ അവരുടെ രാജ്യം അവകാശമായിക്കൊടുത്തു
തന്റെ ദാസനായ ഇസ്രായേലിന്നു് അവകാശമായി.
(സങ്കീ 136: 21–22)

29-ാം സങ്കീർത്തനം ഇത്തരം ശ്രേണീസമാന്തരതയ്ക്കു് ഉദാഹരണമാണു്.

സങ്കീർത്തനത്തിലെ മുഖ്യാശയങ്ങഠം ആവർത്തിച്ചു പ്രഖ്യാപിക്കപ്പെടുന്നതുകൊണ്ടു് അവ പ്രാർത്ഥനാവസരത്തിൽ എപ്പോഴും നമ്മുടെ കൺമുമ്പിൽ ഉണ്ടായിരിക്കും. ഈ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അവയിലേയ്ക്കു കടന്നു ചെല്ലുന്നതിനും സമാന്തരത സഹായകമാണു്. അവ്യക്തമായ പദങ്ങളോ ശൈലികളോ വിശദീകരിക്കുന്നതിനും സമാന്തരത സഹായിക്കുന്നു. ആവർത്തിക്കപ്പെടുന്ന പാദങ്ങളിൽ ഒന്നിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞാൽ മറേറതും ഊഹിക്കാമല്ലോ.

പാദങ്ങഠം തുടർച്ചയായി ഹീബ്രു അക്ഷരമാലയിലെ അക്ഷരങ്ങഠംകൊണ്ടു തുടങ്ങുന്ന സംവിധാനരീതിയും സങ്കീർത്തനങ്ങളിൽ കാണാം. തികച്ചും കൃത്രിമമായ ഈ ക്രമീകരണം കവിതയുടെ നൈസർഗ്ഗികതയെ പലപ്പോഴും നശിപ്പിക്കുന്നു. കവിയുടെ സ്വാതന്ത്ര്യം അപകടത്തിലാകുന്നു. ഇങ്ങനെയുള്ള സങ്കീർത്തനങ്ങളിൽ ഏകാഗ്രത നഷ്ടപ്പെട്ടിരിക്കും. പകരം കൃത്രിമത്വം മുഴച്ചുനിൽക്കുന്നു. ആശയങ്ങഠം തമ്മിൽ പലപ്പോഴും പരസ്പരബന്ധമില്ലാതെ ഒന്നിൽ നിന്നു മറെറാന്നിലേയ്ക്കു മാറിച്ചാടിപ്പോകുന്നതു കാണാം. 9–10; 25; 34; 37; 111; 112; 119; 145 എന്നീ സങ്കീർത്തനങ്ങഠം ഈ ഇനത്തിൽപെടും.

ഹീബ്രു കവിതയിൽ സിലബിളുകളോ (Syllable) അക്ഷരങ്ങളോ എണ്ണുന്നില്ല. അക്ഷരങ്ങളെ ഗുരുലഘുക്കളെന്നു തരംതിരിച്ചു് മാത്ര കണക്കാക്കുന്നുമില്ല. അക്ഷരസമൂഹത്തെ ഗണങ്ങളെന്നു തിരിക്കുന്ന ഏർപ്പാടുമില്ല. ചുരുക്കത്തിൽ ഗുരുലഘുക്കഠം, ഗണങ്ങഠം എന്നിവയൊന്നും നിഷ്കൃഷ്ടാർത്ഥത്തിൽ ഹീബ്രു കവിതയിലില്ല. മാത്രാനിർണ്ണയത്തിനു വേറൊരു മാർഗ്ഗമാണുള്ളതു്. മാത്രാനിർണ്ണയത്തിൽ അർത്ഥമുള്ള വാക്കുകഠംക്കാണു പ്രാധാന്യം. ഓരോ വാക്കിനും ഓരോ സ്വരാഘാതം (accent) എന്നാണു വയ്പു്. ചിലപ്പോഠം വാക്കുകഠംക്കു രണ്ടു സ്വരാഘാതവുമാകാം. ഉപസർഗ്ഗങ്ങഠംക്കു് (particle) സ്വരാഘാതമില്ല. സാധാരണയായി മൂന്നു സ്വരാഘാതങ്ങഠം വീതമുള്ള രണ്ടു പാദങ്ങളാണു് ഹീബ്രു പദ്യത്തിൽ കാണുന്നതു്. ആദ്യപാദത്തിൽ മൂന്നും, രണ്ടും മൂന്നും പാദങ്ങളിൽ ഈരണ്ടു വീതവും സ്വരാഘാതങ്ങളുള്ള പദ്യങ്ങളും ഉണ്ടു്. വിലാപങ്ങളിൽ സാധാരണയായി ഉപയോഗിക്കുന്ന 'കീന'

www.malankaralibrary.com

വൃത്തത്തിൽ 3:2 എന്നീ ക്രമത്തിലാണ് സ്വരാഘാതങ്ങൾ കാണുന്നത്. ആരംഭത്തിൽ 3:3 എന്ന വൃത്തം സ്വീകരിച്ചതുകൊണ്ട് അവസാനംവരെ ഈ വൃത്തം വേണമെന്ന നിർബന്ധവും ഇല്ല. ഇടയ്ക്കു ചിലപ്പോൾ മററു വൃത്തങ്ങളിലേക്കു ചാടിക്കടക്കുന്നതും കാണാം.

## സങ്കീർത്തനങ്ങളും ഇസ്രായേലിന്റെ സാംസ്കാരിക പശ്ചാത്തലവും

സങ്കീർത്തനങ്ങൾ ഏതാണ്ട് എഴുനൂറുകൊല്ലം കൊണ്ടാണ് രൂപപ്പെട്ടത്. തന്മൂലം സങ്കീർത്തനങ്ങൾ ഇസ്രായേൽ ചരിത്രത്തിന്റേയും മതവിശ്വാസത്തിന്റേയും അനുകച്ഛേദമാണ് (longitudinal section) നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിന്റേയും മതവിശ്വാസത്തിന്റേയും സംസ്കാരത്തിന്റേയുമെല്ലാം സാരാംശം അവയിൽ സമാഹരിച്ചിരിക്കുന്നു. തന്മൂലം സങ്കീർത്തനങ്ങൾ മനസ്സിലാക്കുന്നതിനു് ഇസ്രായേലിന്റെ മതവിശ്വാസത്തിന്റേയും, ചരിത്രത്തിന്റേയും സവിശേഷാചാരങ്ങളുടേയും, കാനാൻ ദേശത്തിന്റെ ഭൂമിശാസ്ത്രത്തിന്റേയുമെല്ലാം ഒരേകദേശരൂപമുണ്ടായിരിക്കണം. ഇസ്രായേലിന്റെ ചരിത്രത്തിന്റെ വിവിധഘട്ടങ്ങൾ സങ്കീർത്തനങ്ങളിൽ അനുസ്മരിക്കപ്പെടുന്നു. ചില സങ്കീർത്തനങ്ങളിൽ ചരിത്രത്തിന്റെ ഏതാണ്ട പൂർണ്ണരൂപം കാണാമെങ്കിൽ മററു ചിലതിൽ ഒററപ്പെട്ട സംഭവങ്ങളാണ് അനുസ്മരിക്കപ്പെടുന്നത്. പുറപ്പാടും മരുഭൂവാസവും കനാൻദേശപ്രവേശനവും രാജാധിപത്യത്തിന്റെ ആരംഭവുമെല്ലാം അവയിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്. ലോകോല്പത്തി, പ്രപഞ്ചസംവിധാനം തുടങ്ങിയവയെപ്പററി ഇസ്രായേലിന്റെ സവിശേഷ വീക്ഷണവും അവയിൽ പ്രതിഫലിക്കുന്നു. മെസപ്പൊട്ടേമിയരുടേതിനോട് സാമ്യമുള്ള അഭിപ്രായങ്ങളാണ് ഇക്കാര്യത്തിൽ ഇസ്രായേലിനുണ്ടായിരുന്നത്. ഭൂമിയെ അഗാധജലപ്പരപ്പിനു മുകളിൽ പൊന്തിക്കിടക്കുന്ന വിരിഞ്ഞുവിസ്തൃതമായ മൈതാനമായി അവർ സങ്കല്പിച്ചു. ഭൂമി തൂണുകളിന്മേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഭൂമിക്കു മുകളിൽ കോപ്പപോലെയുള്ള നീലാകാശം ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ആകാശത്തിന്റെ വക്കുകൾ ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്നു. ആകാശത്തട്ടിനു മുകളിൽ അഗാധജലവും അതിനുമുകളിലായി ദൈവത്തിന്റെ ആലയവുമുണ്ട്. ഉറച്ച ആകാശത്തട്ടിനുകീഴിലാണ് സൂര്യനും ചന്ദ്രനുമൊക്കെ നിലകൊള്ളുന്നത്.

അഗാധതലങ്ങളിൽ വസിക്കുന്ന ലെവിയാത്തനും (സങ്കീ 74: 14; 104:26) ഭീകരസത്വവുമൊക്കെ (സങ്കീ 89:10) കാനാൻകാരുടെ കവിതകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. സമുദ്രത്തിനു്

www.malankaralibrary.com

അവരും വ്യക്തിത്വം കല്പിച്ചിരുന്നു. വീണ്ടും യൗവ്വനം പ്രാപിക്കുന്ന കഴുകനും (സങ്കീ 103:5) മന്ത്രവാദിയുടെ സംഗീതം കേൾപ്പാതിരിക്കാൻ ചെവിയടയ്ക്കുന്ന അണലിയും (58:5) ദൈവത്തിന്റെ വാഹനമായ കാററും ആയുധമായ ഇടിമിന്നലുമെല്ലാം കാനാൻകാരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന ആശയങ്ങൾ തന്നെ. ഇങ്ങനെയുള്ള ആശയങ്ങൾക്കു പുറമേ കാനാൻ ദേശത്തിന്റെ ഭൂമിശാസ്ത്രവും സങ്കീർത്തനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. യോർദ്ദാനും ഹെർമോനും ബാഷാനും സിഡാർ മരങ്ങളും ഭൂമഞ്ഞും മരുഭൂമിയുമെല്ലാം സങ്കീർത്തനങ്ങളിൽ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന പദങ്ങളാണ്. ശരത്കാലത്തെ ആദ്യമഴയും വസന്താരംഭത്തിലെ അവസാനമഴയും പലസ്തീനായിലെ പ്രത്യേകതകളാണ്. ജീവജലവും (നീരുറവയിൽ നിന്നു വരുന്നജലം) കുഴിയും (വേനൽക്കാലത്തേയ്ക്കു വെള്ളം സംഭരിക്കുന്നതിനുള്ള കുഴി) മററും പലസ്തീനിയൻ പശ്ചാത്തലത്തിലേ മനസ്സിലാക്കാനാവൂ. ഒലിവും, സൈത്തുമുളകളും, മുന്തിരിച്ചെടിയും, ഗോതമ്പും, ഓക്കുവൃക്ഷങ്ങളും ആട്ടിൻകൂട്ടവുമെല്ലാം പലസ്തീനായെ അനുസ്മരിപ്പിക്കുന്നു.

## സങ്കീർത്തനങ്ങളുടെ സാഹിത്യരൂപം

വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം ഇവയേക്കാളെല്ലാം പ്രാധാന്യമർഹിക്കുന്നത് സങ്കീർത്തനങ്ങളുടെ സാഹിത്യരൂപമാണ്. സങ്കീർത്തനങ്ങളും സാഹിത്യസൃഷ്ടികളാകയാൽ സാഹിത്യനിയമങ്ങൾ വച്ചുവേണം അവയെ വ്യാഖ്യാനിക്കുവാൻ. സങ്കീർത്തനങ്ങളുടെ സാഹിത്യരൂപങ്ങളിലേക്കു വ്യാഖ്യാതാക്കളുടെ ശ്രദ്ധ ക്ഷണിച്ചത് ഹെർമൻ ഗുങ്കലാണ്.

ഗുങ്കൽ സങ്കീർത്തനങ്ങളിലെ ചില പ്രത്യേകതകൾ ശ്രദ്ധിച്ചു. സങ്കീർത്തനങ്ങളിൽ പലപ്പോഴും അനുഷ്ഠാനക്രമസംബന്ധമായ നിർദ്ദേശങ്ങൾ കാണാം. ഉദാ: ''കർത്താവേ ഞാൻ എന്റെ കൈകൾ കഴുകി നിർമ്മലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണംവയ്ക്കുകയും ചെയ്യും.'' (26:7) പല സങ്കീർത്തനങ്ങൾക്കും പൊതുവായ സ്ഥായിഭാവമുണ്ടെന്ന് ഗുങ്കൽ കണ്ടുപിടിച്ചു. ഇപ്രകാരം പൊതുവായ ഉള്ളടക്കവും ബാഹ്യരൂപവുമുള്ള സങ്കീർത്തനങ്ങളെ ഒന്നിച്ചുചേർത്ത് ഗണങ്ങളായി തിരിച്ചു.

## ജീവിതപശ്ചാത്തലം

വ്യക്തികളുടെ ജീവിതത്തിലെന്നപോലെ ജനതയുടെ ജീവിതത്തിലും ചില സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതു കാണാം. വിവാഹവും, മരണവും, വിളവെടുപ്പും, ദേശീയാഘോഷങ്ങളും, യുദ്ധവിജയവും, പരാജയവുമെല്ലാം ഒരു സമൂഹത്തിൽ

www.malankaralibrary.com

ആവർത്തിക്കപ്പെടുന്ന സംഭവങ്ങളാണ്. ജനതയുടെ ജീവിതത്തിൽ അതിപ്രധാനമായ ഒരവസരമാണ് ആരാധന. നാഗരികതയുടെ പുരോഗതിയിൽ ജനതയെ ആകമാനം സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള സംഭവങ്ങൾക്ക പ്രാധാന്യം കുറഞ്ഞുവരികയാണെങ്കിലും പൗരാണികരുടെയിടയിൽ ഇത്തരം സംഭവങ്ങൾക്ക പ്രത്യേക പ്രാധാന്യവും സ്ഥിരതയുമുണ്ടായിരുന്നു. ഇത്തരത്തിലുള്ള അവസരങ്ങളോടനുബന്ധിച്ച ജനതയുടെ ജീവിതത്തിൽ കർമ്മങ്ങളും അനുഷ്ഠാനങ്ങളും സ്ഥലംപിടിച്ചു. യുദ്ധവിജയം ആഘോഷാവസരമാണ്. പാട്ടും നൃത്തവുമെല്ലാം ആ അവസരത്തെ മോടിപിടിപ്പിച്ചു. വിളവെടുപ്പും ആഹ്ലാദാവസരമാണ്. പാട്ടുകളിലൂടെ ഈ ആഹ്ലാദം പുറത്തു വരുന്നു. യുദ്ധത്തിൽ നേരിടുന്ന പരാജയം ജനതയെ ആകമാനം സംബന്ധിച്ചിടത്തോളം അപമാനത്തിൻെറയും വിലാപത്തിൻെറയും അവസരമാണ്. ഇങ്ങനെയുള്ള വിവിധാവസരങ്ങളോടനുബന്ധിച്ച് ചില നിശ്ചിത ശൈലീരൂപങ്ങളും പ്രയോഗങ്ങളും ജനതയുടെ ജീവിതത്തിൽ സ്ഥലംപിടിക്കുന്നു. പരാജയാവസരത്തിൽ ജനങ്ങളുടെ ഹൃദയവികാരം ''ദൈവമേ നീ ഞങ്ങളെ മറന്നുകളഞ്ഞുവോ'' എന്ന ചോദ്യത്തിലൂടെ ബഹിർഗ്ഗമിക്കുന്നു. അപകടസന്ധിയിലെ അഭ്യർത്ഥന ''ദൈവമേ ഞങ്ങളെ രക്ഷിക്കണമേ'' എന്നായിരിക്കും. ''നിങ്ങൾ സ്വരമുയർത്തി ദൈവത്തെ സ്തുതിക്കുവിൻ'' എന്ന ആഹ്വാനം പരസ്യാരാധനയുടെ പശ്ചാത്തലത്തിലേ മനസ്സിലാക്കാൻ സാധിക്കൂ. ആദ്യമാദ്യം ജീവിതത്തിലെ വിവിധ സാഹചര്യങ്ങളിൽ ജന്മംകൊണ്ട ഇത്തരം പ്രയോഗങ്ങളും ശൈലികളും പിന്നീട് ഇത്തരം അവസരങ്ങളിൽ ഏററം അനുയോജ്യമായവയായി അംഗീകാരം പ്രാപിച്ച് പ്രാർത്ഥനകളിൽ സ്ഥാനം പിടിച്ചു. പ്രാർത്ഥനകൾ വിരചിതമായപ്പോൾ ഇത്തരത്തിലുള്ള നൈസർഗ്ഗിക ശൈലികൾ ഉൾപ്പെടുത്തി പ്രാർത്ഥനകൾ രചിക്കുകയായി. ഇത്തരം പ്രയോഗങ്ങൾ സങ്കീർത്തനങ്ങളിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നതു കാണാം. മാത്രമല്ല പല സങ്കീർത്തനങ്ങളിലും അനുഷ്ഠാനവിധികൾ കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം സൂചനകളും പശ്ചാത്തലത്തെപ്പററി രൂപം തരുന്നു.

ഉള്ളടക്കത്തെയും സവിശേഷ പ്രയോഗങ്ങളെയും ആസ്പദമാക്കി സങ്കീർത്തനങ്ങളെ ഗ്രൂപ്പുകളായി തിരിക്കാം. സമാനരൂപവും ഉള്ളടക്കവുമുള്ള സങ്കീർത്തനങ്ങൾ ഒരു ഗ്രൂപ്പിൽ വരുന്നു. സമാനസങ്കീർത്തനങ്ങളെ ഒന്നിച്ചുചേർത്ത് സശ്രദ്ധം അപഗ്രഥിക്കുമ്പോൾ അവ രൂപംകൊണ്ട പശ്ചാത്തലം നമ്മുടെ കൺമുമ്പിൽ തെളിഞ്ഞുവരികയായി. അവ ഉപയോഗപ്പെടുത്തപ്പെട്ട സാഹചര്യങ്ങളും അവയോടനുബന്ധിച്ച നടന്നിരുന്ന കർമ്മാനുഷ്ഠാനങ്ങളുമെല്ലാം നമുക്ക് ഊഹിക്കാൻ കഴിയുന്നു. ഒരേ ഗ്രൂപ്പിൽപെട്ട വിവിധ സങ്കീർത്തനങ്ങളിൽ കാണുന്ന അനുഷ്ഠാന

www.malankaralibrary.com

സംബന്ധമായ വിധികൾ ഈ സങ്കീർത്തനങ്ങൾ ചില പ്രത്യേക കർമ്മങ്ങളോടനുബന്ധിച്ചാണ് ഉപയോഗിക്കപ്പെട്ടിരുന്നത് എന്ന നിഗമനത്തിലെത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. കൂദാശക്രമത്തിലും മററും കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ അനുഷ്ഠിക്കേണ്ട ക്രമത്തെപ്പററി നിർദ്ദേശങ്ങളുണ്ടല്ലോ. കൂദാശക്രമത്തെപ്പററി യാതൊരറിവുമില്ലാത്ത ഒരാൾക്ക് ഇത്തരമൊരു പുസ്തകം വായിക്കുമ്പോഴുണ്ടാകുന്ന അനുഭവമാണ് സങ്കീർത്തനങ്ങൾ വായിക്കുന്ന നമുക്കും ഉണ്ടാകുന്നത്. ക്രമസംബന്ധമായ നിർദ്ദേശങ്ങൾ വിവേചിക്കാനും സമാഹരിക്കാനും വ്യാഖ്യാനിക്കാനും സാധിച്ചാൽ ഒരു വിഭാഗത്തോടനുബന്ധിച്ച നടന്നിരുന്ന കർമ്മങ്ങൾ ഏവയെന്നും ഏതാണ്ട് ഊഹിക്കാം. ഈ കർമ്മത്തെക്കുറിച്ച സങ്കീർത്തനങ്ങളിൽനിന്നും സമാഹരിക്കുന്ന അറിവ് സങ്കീർത്തനങ്ങളിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. കർമ്മാനുഷ്ഠാനത്തിന്റെ സഹായത്തോടെ സങ്കീർത്തനത്തെ അപഗ്രഥിക്കുന്നതിനും മനസ്സിലാക്കുന്നതിനും സാധിക്കുന്നു.

ഗുങ്കൽ സങ്കീർത്തനങ്ങളെ മുഖ്യമായും അഞ്ചു ഗണങ്ങളായി തരംതിരിച്ചു. (1) സ്തുതിപ്പുകൾ (2) സമൂഹവിലാപം, (3) വ്യക്തികളുടെ വിലാപം (4) കൃതജ്ഞതാപ്രകരണം (5) രാജകീയ സങ്കീർത്തനങ്ങൾ. തീർത്ഥാടക സങ്കീർത്തനങ്ങൾ, സമൂഹത്തിന്റെ കൃതജ്ഞതാപ്രകരണം, വിജ്ഞാനകീർത്തനങ്ങൾ, ആരാധനാഗീതങ്ങൾ എന്നിങ്ങനെ നാലു ചെറുവിഭാഗങ്ങൾ കൂടി ഗുങ്കൽ വേർതിരിക്കുന്നുണ്ട്. സങ്കീർത്തനവ്യഖ്യാതാക്കൾ മിക്കവരും ഗുങ്കലിന്റെ ഈ വിഭജനം ഭാഗികമായോ, പൂർണ്ണമായോ സ്വീകരിക്കുന്നു.

## സ്തുതിപ്പുകൾ

പരസ്യാരാധനയാണു സ്തുതിപ്പുകളുടെ പ്രഭവസ്ഥാനം. ഭക്തജനങ്ങൾ ആണ്ടിൽ പല പ്രാവശ്യം വി. ദേവാലയം സന്ദർശിച്ചിരുന്നു. പ്രധാന തിരുനാളുകളിലെല്ലാം അവർ ദേവാലയം സന്ദർശിച്ച പ്രാർത്ഥന നടത്തിയിരുന്നു. ചുരുങ്ങിയതു മൂന്നു പ്രാവശ്യം ഇസ്രായേലിലെ പുരുഷന്മാർ ദേവാലയം സന്ദർശിക്കണമെന്നാണു നിയമം അനുശാസിക്കുന്നത് (പുറ 23:19; ആവ 16:16). പെസഹായും പെന്തക്കുസ്തായും കൂടാരപ്പെരുന്നാളും ധാന്യങ്ങളുടേയും ഫലവർഗ്ഗങ്ങളുടേയും വിളവെടുപ്പിന്റെ അവസരം കൂടിയായിരുന്നതിനാൽ വിളവെടുപ്പിന്റെ ആഹ്ലാദത്തോടെയാണ് ജനങ്ങൾ ദേവാലയത്തിൽ കൂടുന്നത്. വെള്ളവസ്ത്രങ്ങൾ ധരിച്ച സന്തോഷസമേതം ദേവാലയത്തിൽ കൂടുന്ന ഭക്തജനങ്ങൾ ഉയർന്ന സ്വരത്തിൽ ദൈവത്തെ സ്തുതിക്കുന്നു. സായാഹ്നപ്രാർത്ഥനയുടെ അവസരത്തിലും, രാത്രിയാമം കഴിക്കുമ്പോഴും, പ്രഭാതപ്രാർത്ഥനയുടെ സമയത്തും, പ്രദക്ഷിണനേരത്തുമെല്ലാം ജനം ദൈവത്തെ

www.malankaralibrary.com

സ്തുതിക്കുന്നു. ആത്മപ്രചോദിതമായ ദൈവസ്തുതികൾക്കു പുറമേ ലേവായരുടെ ആഹ്വാനത്തിനു് ഉത്തരമായും ജനങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ''അനന്തരം ദാവീദ് ജനസമൂഹത്തോടു കല്പിച്ചു: നമ്മുടെ ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ; ഉടനെ ജനം മുഴുവനും തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ സ്തുതിച്ചു'' (1 ദിന 29:20). കല്പണിക്കാർ കർത്താവിന്റെ ആലയത്തിനു് അടിസ്ഥാനമിടുന്ന സമയത്തു് ഇസ്രായേൽ രാജാവായ ദാവീദിന്റെ ചട്ടമനുസരിച്ചു് കർത്താവിനു സ്തോത്രം ചെയ്യാൻവേണ്ടി പുരോഹിതന്മാർ വിശുദ്ധവസ്ത്രം ധരിച്ചും കാഹളം വഹിച്ചും ആസാഫ്യരായ ലേവായർ കൈത്താളങ്ങളേന്തിയും നിന്നു. അവരെല്ലാവരും ഒത്തുചേർന്നു കീർത്തനങ്ങൾ പാടി കർത്താവിനെ സ്തുതിച്ചു. 'കർത്താവു നല്ലവൻ. ഇസ്രായേലിന്റെമേൽ അവന്റെ കാരുണ്യം എന്നേയ്ക്കും'. എല്ലാ ജനങ്ങളും ഹർഷാരവത്തോടെ കർത്താവിനെ സ്തുതിച്ചു'' (എസ്രാ 3:10–11). ഹല്ലേലുയ്യാ ('നിങ്ങൾ ദൈവത്തെ സ്തുതിക്കുവിൻ') എന്ന ആഹ്വാനത്തിനു് 'യാ' (യാഹ്‌വേ) എന്ന വിശുദ്ധനാമം ഉച്ചരിച്ചുകൊണ്ടു് ജനങ്ങൾ ഉത്തരം നൽകുന്നു. ദൈവസ്തോത്രം നീണ്ടുപോകുമ്പോൾ ലേവായരോ, ഗായകസമൂഹമോ ദൈവത്തെ സ്തുതിക്കുന്നതിനുള്ള ന്യായങ്ങൾ ഒന്നൊന്നായി പാടുന്നു. ജനം അവയ്ക്കു് ഉത്തരമായി ദൈവത്തെ സ്തുതിക്കുന്നു. ഉദാ: ''ദേവാധിദേവനായ ദൈവത്തെ സ്തുതിക്കുവിൻ: എന്തെന്നാൽ അവിടുത്തെ കാരുണ്യം നിത്യമാണു്''. 136–ാം സങ്കീർത്തനം ഇത്തരത്തിലുള്ളന്യായങ്ങളും ജനങ്ങളുടെ പ്രത്യുത്തരവും ചേർന്ന ഒരു ലുത്തനിയാ ആണു്. ദൈവത്തെ സ്തുതിക്കുന്നതിനുള്ള ന്യായങ്ങളായി ദൈവത്തിന്റെ അനന്തശക്തി, അനന്തജ്ഞാനം, കാരുണ്യം, നീതി തുടങ്ങിയ ലക്ഷണങ്ങളോ, ദൈവപരിപാലനയുടെ ദൈനംദിന പ്രകടനങ്ങളോ അനുസ്മരിക്കപ്പെടുന്നു.

ഉദാ: അവിടുന്നു മൃഗങ്ങൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്നു.
വന്യമൃഗങ്ങൾക്കു് ആഹാരം നൽകുന്നു.
മനുഷ്യനു് അപ്പവും വീഞ്ഞും എണ്ണയും പ്രദാനം
ചെയ്യുന്നു (സങ്കീ 104:14–23).

എളിയവരെ കടാക്ഷിക്കുന്നു, ദരിദ്രരെ സംരക്ഷിക്കുന്നു, വന്ധ്യകൾക്കു കുഞ്ഞുങ്ങളെ നൽകുന്നു, ഇസ്രായേലിനെ പരിരക്ഷിക്കുന്നു. പ്രപഞ്ചസൃഷ്ടിയും ഇസ്രായേലിനു ദൈവം ചെയ്ത സഹായങ്ങളും ദൈവത്തെ സ്തുതിക്കുന്നതിനുള്ള മറ്റു ന്യായങ്ങളാണു്.

സ്തുതിപ്പുകൾ മിക്കവയും ''ദൈവത്തെ സ്തുതിക്കുവിൻ'' എന്ന ആഹ്വാനത്തോടെയാണാരംഭിക്കുക. ''എന്റെ

www.malankaralibrary.com

ആത്മാവേ കർത്താവിനെ സ്തുതിക്കുക'', ''ജനങ്ങളേ നിങ്ങൾ കർത്താവിനെ സ്തുതിക്കുവിൻ''. ''സർവ്വ ജീവജാലങ്ങളേ കർത്താവിനെ സ്തുതിക്കുവിൻ'' തുടങ്ങിയ ആഹ്വാനങ്ങളും കാണാം. ആമുഖമായി നടത്തുന്ന ആഹ്വാനത്തിനു ശേഷം ദൈവത്തെ സ്തുതിക്കുന്നതിനുള്ള ന്യായങ്ങൾ ഒന്നൊന്നായി വിവരിക്കുകയായി. സങ്കീർത്തനത്തിന്റെ അവസാനഭാഗത്തു ചിലപ്പോൾ ആരംഭത്തിലെ ആഹ്വാനം ആവർത്തിക്കപ്പെടുന്നു. ചിലപ്പോൾ ഒരപേക്ഷയോടുകൂടിയോ, പ്രാർത്ഥനയോടുകൂടിയോ സങ്കീർത്തനം അവസാനിക്കുന്നു. 8, 19, 29, 33, 100, 103, 104, 111, 113, 114, 117, 135, 136, 145—150 എന്നീ സങ്കീർത്തനങ്ങൾ സ്തുതിപ്പുകളാണു്.

### അപേക്ഷകൾ

സങ്കീർത്തനസമാഹാരത്തിലെ വലിയ ഒരു വിഭാഗം സങ്കീർത്തനങ്ങൾ അപേക്ഷകൾ എന്ന വിഭാഗത്തിൽപെടുന്നു. വ്യക്തികളുടെ അപേക്ഷകൾ അഥവാ വിലാപങ്ങൾ എന്നും സമൂഹത്തിന്റെ വിലാപങ്ങൾ എന്നും ഇതിനു് രണ്ടു് ഉപവിഭാഗങ്ങൾ ഉണ്ടു്. വ്യക്തികളുടെ അപേക്ഷകൾ ഒരുപക്ഷേ ആദ്യകാലത്തു വ്യക്തികളുടെ ഉപയോഗത്തിനായി രചിക്കപ്പെട്ടവയായിരിക്കാം, എങ്കിലും പിന്നീടു് അവ സമൂഹാരാധനയിൽ സ്ഥലം പിടിച്ചു. ഇസ്രായേൽജനത്തിന്റെ ഐക്യത്തേയും ഏകീഭാവത്തേയും പററിയുള്ള ധാരണകളായിരിക്കാം ഇതിനു പിന്നിൽ പ്രവർത്തിച്ചതു്. സമൂഹത്തെ പലപ്പോഴും ഒരു വ്യക്തിയായി സങ്കല്പിക്കാറുണ്ടു്. ചിലപ്പോൾ വ്യക്തികൾ സമൂഹത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. ഈ പ്രതിപുരുഷന്മാരും ജനവും തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ ഫലമായി സമൂഹത്തിന്റെ ഭാഗധേയം ഇവരുടെ ഭാഗധേയത്തെ ആശ്രയിച്ചിരിക്കുന്നതു കാണാം. സമൂഹത്തിന്റെ പ്രത്യേകതകൾ ഇവരുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നു. ഏസോവു് ഏദോംകാരെ പ്രതിനിധാനം ചെയ്യുന്നു. അബ്രാഹത്തിന്റെ ജീവിതത്തിൽ പ്രതിഫലിക്കുന്നതു് ഇസ്രായേലിന്റെ പിൽക്കാലചരിത്രമാണു്. രാജാക്കന്മാരും ജനങ്ങളും തമ്മിലും തിരഞ്ഞെടുക്കപ്പെട്ട ചില നേതാക്കന്മാരും ജനങ്ങളും തമ്മിലും ഈ ഗാഢബന്ധം കാണാം. ഇസ്രായേൽ ജനം തങ്ങളെത്തന്നെ ഒരു വ്യക്തിയായിട്ടാണു കണക്കാക്കിയിരുന്നതെന്നു പറയാം. ജനത്തിന്റെയിടയിൽ ഉണ്ടായിരുന്ന ഈ ഐക്യത്തിന്റേയും ഇസ്രായേലിന്റെ സംഘാതവ്യക്തിത്വത്തിന്റേയും ഫലമായി വ്യക്തികളുടെ അഭ്യർത്ഥനകൾ പിൽക്കാലത്തു സമൂഹാരാധനയിൽ സ്ഥലം പിടിച്ചു.

അപേക്ഷകൾ വ്യക്തികളുടേതായാലും സമൂഹത്തിന്റേതായാലും അതിനു് ഒരു പൊതു പശ്ചാത്തലമുണ്ടു്. ആപ

www.malankaralibrary.com

ത്തിൽപെട്ടിരിക്കുന്ന വ്യക്തിയുടെ, അഥവാ സമൂഹത്തിന്റെ സഹായാഭ്യർത്ഥനയാണു നാമതിൽ കാണുക. വ്യക്തികൾക്കു നേരിടുന്ന ആപത്തുകൾ രോഗബാധ, ശത്രുഭയം, കാരാഗൃഹം, പ്രകൃതിശക്തികളിൽ നിന്നുള്ള ജീവാപകടം തുടങ്ങിയവയാണ്.

വ്യക്തികളുടെ അപേക്ഷകൾ ആരംഭിക്കുന്നതുതന്നെ ''ദൈവമേ, കർത്താവേ'' ഇത്യാദി ഹൃദയസ്പർശിയായ വിളിയോടുകൂടിയാണ്. (38:1; 42:1; 51:1; 55:1; 56:1). തുടർന്നു ഭക്തൻ ദൈവത്തോടപേക്ഷിക്കുന്നു: ''എന്നോടു കരുണ കാണിക്കണമേ....എന്റെ പ്രാർത്ഥന ശ്രവിക്കണമേ....എന്നെ രക്ഷിക്കണമേ....എന്റെ നിലവിളി കേൾക്കണമേ....'' തന്റെ ദയനീയസ്ഥിതിയിലേയ്ക്കു ദൈവത്തിന്റെ ശ്രദ്ധയാകർഷിക്കുന്നതിനായി ചിലപ്പോൾ ഭക്തൻ തനിക്കു നേരിട്ടിരിക്കുന്ന അപകടത്തെ തന്മയത്വത്തോടെ വിവരിക്കുന്നു.

എന്റെ കടിപ്രദേശം തീവ്രവേദനയാൽ നിറഞ്ഞിരിക്കുന്നു
എന്റെ ശരീരം ആരോഗ്യരഹിതമായിരിക്കുന്നു.
ഞാൻ തകർന്നു മരവിച്ചിരിക്കുന്നു
എന്റെ ഹൃദയവേദന നിമിത്തം ഞാൻ നിലവിളിക്കുന്നു.
എന്റെ ഹൃദയം തുടിക്കുന്നു; എന്റെ ശക്തി എന്നെ
കൈവിട്ടിരിക്കുന്നു
എന്റെ കണ്ണിന്റെ വെളിച്ചവും ഇല്ലാതായി
എന്റെ കൂട്ടുകാരും സ്നേഹിതരും എന്റെ ക്ലേശങ്ങൾ കണ്ടു
മാറി നിൽക്കുന്നു
എന്റെ ചാർച്ചക്കാരും അകന്നു നിൽക്കുന്നു
എനിക്കു ജീവഹാനി വരുത്താൻ നോക്കുന്നവർ
എനിക്കു കെണി വയ്ക്കുന്നു....(38:8_12)

കഠിനരോഗബാധിതൻ താൻ പാതാളത്തോട് (ഷീയോൽ) അടുക്കുന്നതായും പാതാളം തന്നെ വിഴുങ്ങുവാൻ വായ് പിളരുന്നതായും, മരണത്തിന്റെ തണുത്ത ശ്വാസം തന്റെമേൽ പതിക്കുന്നതായും വിവരിക്കുന്നു. ചിലപ്പോൾ താൻ പാതാളത്തിൽ എത്തിക്കഴിഞ്ഞുവെന്ന നിലയിൽ ഭക്തന്മാർ സംസാരിക്കാറുണ്ട്. ചുററുപാടിന്റെ ഗൗരവത്തെക്കാണിക്കുന്നതിനാണ് ഷീയോൽ തന്നെ വിഴുങ്ങുന്നതായി ചിത്രീകരിക്കുന്നത്. മരണമടഞ്ഞവരുടെ ലോകമായ ഷീയോലിനെ പല പ്രതിരൂപങ്ങളുപയോഗിച്ചു ചിത്രീകരിക്കുന്നു. ചെളി മൂടിക്കിടക്കുന്ന പ്രദേശം, പൊടി, തിരമാലകൾ, വേടന്റെ വല, കെണി ഇത്യാദി പ്രതിരൂപങ്ങൾ ഷീയോലിനെ സൂചിപ്പിക്കുന്നതിനു് ഉപയോഗിക്കാറുണ്ട്.

അങ്ങയുടെ ഓളങ്ങളും തിരമാലകളുമെല്ലാം
എനിക്കു മീതെ കടന്നുപോകുന്നു (42:8).

www.malankaralibrary.com

വെള്ളം എൻെറ കഴുത്തുവരെ എത്തിയിരിക്കുന്നു
ഞാൻ ആഴമുള്ള ചേററിൽ താഴുന്നു
കാലു ഉറപ്പിച്ചുനിർത്താൻ ഇടമില്ല
ഞാൻ ആഴമുള്ള വെള്ളത്തിൽ എത്തിയിരിക്കുകയാണു്
ഓളങ്ങൾ എൻെറമേൽ കവിഞ്ഞൊഴുകുന്നു....... (69:2_4)
ജലപ്രവാഹം എൻെറമേൽ കവിയാതിരിക്കട്ടെ
ആഴം എന്നെ വിഴുങ്ങാതിരിക്കട്ടെ
കിണർ എനിക്കുപരി അതിൻെറ വായ്
അടച്ചു മൂടാതിരിക്കട്ടെ (69:16)

രോഗിയും നിരാശ്രയനുമായ ഭക്തനെ സ്നേഹിതന്മാർ പോലും കൈവെടിയുന്നു. രോഗം ദൈവശിക്ഷയായി കരുതിയിരുന്നതുകൊണ്ടു് അയാളുടെ സാമീപ്യവും സമ്പക്കവും മററുള്ളവർ ഇഷ്ടപ്പെട്ടുകയില്ല. ദൈവശിക്ഷയനുഭവിക്കുന്നവൻെറ സാമീപ്യം അപകടം ക്ഷണിച്ചുവരുത്തുമെന്നു് ആളുകൾ ഭയപ്പെട്ടിരുന്നു. വിരോധികൾ ഈ അവസരം ഉപയോഗിച്ചു് അയാളെ ദൂഷണം പറയുന്നു.

എന്നെ വെറുക്കുന്നവരെല്ലാം
എനിക്കെതിരായി പിറുപിറുക്കുന്നു
എനിക്കു ദോഷകരമായതു് അവർ
ആലോചിക്കുന്നു.
ഒരു കൊടിയ വ്യാധി അവനു വന്നുപിടിപെട്ടിരിക്കുന്നു
അവൻ കിടപ്പിലായി:
ഇനി അവൻ എഴുന്നേൽക്കുകയില്ല എന്നു് അവർ പറഞ്ഞു.
എൻെറ വിശ്വസ്തമിത്രവും എന്നോടൊന്നിച്ചു് ഭക്ഷണം
കഴിച്ചവൻ പോലും
എനിക്കെതിരായി കുതികാലുയർത്തി
(41:8_10)

ഇങ്ങനെയുള്ള വിപൽസന്ധിയിലാണു് ഭക്തൻഹൃദയം വിങ്ങി ദൈവത്തോടു് അപേക്ഷിക്കുന്നതു്.

കോടതിയിലെ വിചാരണയും കാരാഗൃഹവുമെല്ലാം അന്നത്തെ മനുഷ്യനു് പേടിസ്വപ്നമായിരുന്നു. രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി മതി ഒരാളെ കുററവാളിയാക്കുന്നതിനു്. ന്യായാധിപന്മാർ പോലും പലപ്പോഴും ആരോപണങ്ങൾക്കതീതരായിരുന്നില്ല. ഉദാ: സൂസന്നായുടെ ചരിത്രം. ആരംഭിക്കാൻ പോകുന്ന വിചാരണയുടെ ഫലത്തെപ്പററി ഒന്നും മുൻകൂട്ടി പറയാനാവില്ല. അന്യായമായി കുററമാരോപിക്കപ്പെട്ട, പ്രബലന്മാരായ എതിരാളികളുള്ള ഭക്തനു് ദൈവം മാത്രമേ സഹായത്തിനുള്ളൂ. അയാൾ ദൈവത്തെ വിളിച്ചു് സഹായമഭ്യർത്ഥിക്കുന്നു. തൻെറ നിരപരാധിത്വം ഏററു പറയുന്നു.

www.malankaralibrary.com

എന്റെ ദൈവമായ കർത്താവേ
അങ്ങിൽ ഞാൻ അഭയം തേടുന്നു
എന്നെ അനുധാവനം ചെയ്യുന്നവരിൽ നിന്നു്
എന്നെ രക്ഷിക്കണമേ; എന്നെ മോചിക്കണമേ
എന്റെ ദൈവമായ കർത്താവേ ഇതിൽ എനിക്കു്
തെററു പററിയിട്ടുണ്ടെങ്കിൽ
എന്റെ കരങ്ങൾ കുററം കൊണ്ടു് മലീമസമാണെങ്കിൽ
( ............
എന്റെ സ്നേഹിതരെ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ
ശത്രു എന്നെ പിന്തുടർന്നു പിടിച്ചുകൊള്ളട്ടെ....

(7:2–6)

തന്റെ മേൽ അന്യായമായി കുററമാരോപിക്കുന്നവർക്കു് മോശയുടെ ന്യായപ്രമാണം നിർദ്ദേശിക്കുന്ന ഇരട്ടി ശിക്ഷ ലഭിക്കട്ടെയെന്നും ചിലപ്പോൾ ഭക്തൻ പ്രാർത്ഥിക്കാറുണ്ടു്. നിയമം ലംഘിച്ച അവർക്കു് നിയമം നിർദ്ദേശിക്കുന്ന ശിക്ഷ പൂർണ്ണമായും ലഭിക്കണം. താൻ നിരപരാധിയും ദൈവസേവകനുമാണെന്നു് ദാസനു ബോദ്ധ്യമുള്ള സ്ഥിതിക്കു് തന്റെ എതിരാളികൾ ദൈവത്തിന്റെ ശത്രുക്കളാകാനേ തരമുള്ളല്ലോ. ദൈവത്തിന്റെ ശത്രുക്കളും അവിടത്തെ പദ്ധതികളെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നവരുമായ ഇത്തരക്കാർക്കു് ദൈവം ന്യായമായ ശിക്ഷ നൽകട്ടെയെന്നും ഭക്തൻ ചിലപ്പോൾ ആഗ്രഹിക്കുന്നു. ദൈവനീതിയുടെ വിജയം ഇപ്പോൾതന്നെ സർവ്വരും കാൺകെ സംഭവിക്കട്ടെയെന്നാണു് അയാൾ ആഗ്രഹിക്കുന്നതു്. രോഗങ്ങളും അപകടങ്ങളും പാപത്തിന്റെ ശിക്ഷയാണെന്ന ധാരണ പ്രചരിച്ചിരുന്നതുകൊണ്ടു് പ്രാർത്ഥനയോടൊന്നിച്ച പശ്ചാത്താപപ്രകടനവും പലപ്പോഴും കാണാം.

5, 6, 7, 13, 17, 22A, 25, 26, 28, 31, 35, 38, 39, 42, 43, 51, 54, 55, 56, 57, 59, 61, 64, 69, 71, 86, 88, 102, 109, 120, 130, 140, 141, 142, 143 തുടങ്ങിയ സങ്കീർത്തനങ്ങൾ വ്യക്തികളുടെ അപേക്ഷകളാണു്.

സമൂഹവിലാപം ദേശീയവിപത്തിന്റെ അവസരങ്ങളിലാണെന്നു സൂചിപ്പിച്ചല്ലോ. ദേശീയ വിപത്തിന്റെ അവസരങ്ങളിൽ പുരോഹിതന്മാരുടെയോ രാജാവിന്റെയോ ആഹ്വാനപ്രകാരം ജനങ്ങൾ ദേവാലയത്തിൽ കൂടുന്നു. യോവേൽ പ്രവാചകന്റെ പുസ്തകത്തിൽ ഇത്തരം പരസ്യ വിലാപത്തിന്റെ സൂചനകൾ കാണാം

ആകയാൽ സീയോനിൽ കാഹളം മുഴക്കുകയും
ഒരുപവാസം ആചരിക്കുകയും,
സഭായോഗം വിളിച്ചുകൂട്ടുകയും ചെയ്യുവിൻ

www.malankaralibrary.com

ജനങ്ങളെ ശേഖരിക്കുകയും ദേവാലയത്തെ
വിശുദ്ധീകരിക്കുകയും ചെയ്യുവിൻ
കാരണവന്മാരേയും പൈതങ്ങളേയും മുലകുടിക്കുന്ന
ശിശുക്കളേയും വിളിച്ചുകൂട്ടുവിൻ
കർത്താവിൻെറ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ
പൂമുഖത്തിൻെറയും യാഗപീഠത്തിൻെറയും മദ്ധ്യേ നിന്നു
കരഞ്ഞുകൊണ്ടു് ഇപ്രകാരം പറയട്ടെ:
കർത്താവേ രക്ഷിക്കണമേ;
കർത്താവേ അങ്ങയുടെ ജനങ്ങളെ രക്ഷിക്കണമേ.
(യോവേൽ 2:15_17)

ചാക്കുവസ്ത്രം ധരിച്ച് വെണ്ണീറണിഞ്ഞ ജനങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും സമയം കഴിക്കുന്നു. പുരോഹിതന്മാരോ, രാജാവോ ഇങ്ങനെയുള്ള അവസരങ്ങളിൽ ജനത്തിനു മുഴുവനും വേണ്ടി ദൈവസഹായം അഭ്യർത്ഥിക്കുന്നു. ഇത്തരം സങ്കീർത്തനങ്ങൾ ആരംഭിക്കുന്നതു്,

''ദൈവമേ നീ ഞങ്ങളെ മറന്നുകളഞ്ഞുവോ''
''ഞങ്ങളുടെ സൈന്യത്തിൻെറ കൂടെ വരികയില്ലയോ''

എന്നു തുടങ്ങിയ അപേക്ഷകളോടെയാണു്. ജനത്തിനു നേരിട്ട ദുരന്തത്തിൻെറ ചിത്രീകരണം ഇത്തരം സങ്കീർത്തനങ്ങളുടെ ഭാഗമാണു്. ഇസ്രായേലിൻെറ നേക്ക് ദൈവത്തിനുള്ള പ്രത്യേക വാത്സല്യത്തെപ്പററിയും, വിജാതീയരുടെ ആഹ്ലാദത്തിമിർപ്പിനെപ്പററിയും, ഇസ്രായേലിൻെറ ഹൃദയവേദനയെക്കുറിച്ചുമെല്ലാം സങ്കീർത്തകൻ ദൈവത്തെ ഓർമ്മപ്പെടുത്തുന്നു. അപകടസന്ധി തരണം ചെയ്യുന്നതിനു് ദൈവത്തിൻെറ അടിയന്തിരമായ സഹായം ഉണ്ടാകണമെന്ന അപേക്ഷയും ഇതോടൊന്നിച്ചുണ്ടു്. 44, 60, 74, 79, 80, 85, 90, 137 തുടങ്ങിയ സങ്കീർത്തനങ്ങൾ ഈ വിഭാഗത്തിൽ പെടും.

## കൃതജ്ഞതാപ്രകരണങ്ങൾ

അപകടാവസ്ഥ നീങ്ങുന്നതോടെ ഭക്തൻ തനിക്കു ലഭിച്ച ദൈവസഹായത്തിൻെറ കാര്യം മറക്കുന്നില്ല. ദൈവത്തിനു നന്ദിപറയുന്നതിനായി കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അയാൾ ദേവാലയത്തിലെത്തുന്നു. വിദൂരസ്ഥർ ഇപ്രകാരമുള്ള കൃതജ്ഞതാപ്രകടനങ്ങൾ വലിയ തിരുനാളുകളുടെ അവസരങ്ങളിലേക്കു മാററിവച്ചുവെന്നും വരാം. രോഗവിമുക്തനായ, അഥവാ അപകടത്തെ അതിജീവിച്ച ഭക്തനെ അയാളുടെ ബന്ധുക്കളും സ്നേഹിതന്മാരും അനുഗമിക്കുന്നുണ്ടാകും. അയാൾ അപകടാവസരത്തിൽ ദൈവത്തിനു പ്രത്യേക ബലികൾ നേന്നിരുന്നെങ്കിൽ ബലിമൃഗത്തേയും കൂട്ടത്തിൽ കൊണ്ടുപോരുന്നു. ദേവാലയത്തിലെത്തുന്ന ഭക്തനെ പുരോഹിതന്മാർ അനു

www.malankaralibrary.com

മോദിച്ചനുഗ്രഹിക്കുന്നു:

പാപമോചനം പ്രാപിച്ചവനും
തെറ്റുകൾ ആവരണംചെയ്തു കിട്ടിയവനും ഭാഗ്യവാൻ (31:2)

പടിവാതിൽ കടന്നു ദേവാലയാങ്കണത്തിൽ പ്രവേശിക്കുന്ന ഭക്തൻ സാഷ്ടാംഗപ്രണാമം ചെയ്തു് ദൈവത്തെ ആരാധിച്ചശേഷം എഴുന്നേററു താൻ ദൈവത്തിനു നന്ദി പറയുന്നതിനെത്തിയിരിക്കുന്നതായി പ്രഖ്യാപിക്കുന്നു. ദൈവം തനിക്കു ചെയ്ത മഹാനുഗ്രഹങ്ങളെപ്പററി കേൾക്കുന്നതിനു് ദേവാലയാങ്കണത്തിൽ നില്ക്കുന്നവരെ ക്ഷണിക്കുന്നു. എല്ലാവരുടേയും മുമ്പിൽ ഭക്തൻ ദൈവം തനിക്കു ചെയ്ത കാര്യങ്ങൾ വിവരിക്കുന്നു.

എന്റെ ദൈവമായ കർത്താവേ ഞാൻ അങ്ങയോടു്
നിലവിളിച്ചപേക്ഷിച്ചു
അങ്ങു് എന്നെ സുഖപ്പെടുത്തി
കർത്താവേ പാതാളത്തിൽനിന്നു് എന്റെ ആത്മാവിനെ
അങ്ങു് സമാനയിച്ചു
കുഴിയിൽ പോകുന്നവരിൽനിന്നു്
അങ്ങു് എന്നെ സംരക്ഷിച്ചു. (സങ്കീ 30:9–11).

താൻ അപകടസന്ധിയിലായിരുന്നെന്നും ദൈവത്തോടു് അപേക്ഷിച്ചതിന്റെ ഫലമായി അപകടനില മാറി ദൈവത്തെ സ്തുതിക്കുന്നതിനു ദേവാലയത്തിൽ വരുന്നതിനു തനിക്കിടയായി എന്നും ഭക്തൻ പ്രസ്താവിക്കുന്നു. അപകടാവസരത്തിൽ ചെയ്ത പ്രാർത്ഥന ഒരുപക്ഷേ അതേ രീതിയിൽ ആവർത്തിച്ചെന്നും വരാം. ഉദാ: സങ്കീ 30:9–11. ദൈവം ചെയ്ത മഹാത്ഭുതത്തിന്റെ വിവരണം ദൈവസ്തുതിയാണു്. ദൈവജനത്തിന്റെ സമൂഹമാണു് ഈ ദൈവസ്തുതിക്കു് ഏററം പററിയ പശ്ചാത്തലം. ഭക്തന്റെ വിവരണം കേട്ട ജനങ്ങൾ എല്ലാവരും ഇസ്രായേലിലെ ഒരു വ്യക്തിയോടു ദൈവം കാണിച്ച കാരുണ്യത്തിനു ദൈവത്തിനു പ്രത്യേകം നന്ദിപറയുന്നു. തുടർന്നു് കൃതജ്ഞതയുടെ ബലിയുണ്ടെങ്കിൽ അതും നടത്തുന്നു. ബലിവസ്തുവിന്റെ ഭാഗം ഭക്തനും ബന്ധുമിത്രാദികളും ദേവാലയാങ്കണത്തിൽവച്ചു ഭക്ഷിക്കുന്നു. നിർദ്ധനരും, വിധവകളും, അനാഥരുമെല്ലാം ഈ ആഹാരത്തിൽ പങ്കെടുക്കുന്നതിനു ക്ഷണിക്കപ്പെട്ടിരുന്നു.

എന്റെ ശത്രുക്കൾ കാൺകെ
അങ്ങു് എനിക്കു വിരുന്നൊരുക്കുന്നു
അങ്ങു് എന്റെ ശിരസ്സു തൈലംകൊണ്ടു്
അഭിഷേചിക്കുന്നു
എന്റെ പാനപാത്രം കവിഞ്ഞൊഴുകുകയാണു് (23:5)
''ദരിദ്രർ ഭക്ഷിച്ചു് തൃപ്തരാകും'' (22:26)

www.malankaralibrary.com

ഇങ്ങനെയുള്ള കൃതജ്ഞതാപ്രകടനങ്ങളിലാണ് കൃതജ്ഞതാഗീതങ്ങളുടെ ജീവിതപശ്ചാത്തലം അന്വേഷിക്കേണ്ടതു്. കൃതജ്ഞതാപ്രകാശനത്തിനായി അവ വിരചിതമായി. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടെ ഭക്തർ അവ ആലപിച്ചുവന്നു. കൃതജ്ഞതാപ്രകടനമാണ് 9, 10, 30, 32, 34, 40, 41, 107, 116, 138 തുടങ്ങിയ സങ്കീർത്തനങ്ങളിലെ മുഖ്യഭാവം. 67, 118, 124 തുടങ്ങിയ സങ്കീർത്തനങ്ങളെ സമൂഹത്തിന്റെ കൃതജ്ഞതാപ്രകടനമായി കരുതാം.

ഇവയാണു സങ്കീർത്തനങ്ങളുടെ മുഖ്യവിഭാഗങ്ങൾ. ഗുങ്കൽ രാജകീയ സങ്കീർത്തനങ്ങൾ എന്നൊരു ഗണം സങ്കീർത്തനങ്ങളേയും വേർതിരിക്കുന്നുണ്ടു്. ഇവയുടെ വിഷയം രാജാവാണ്. രാജാവിന്റെ കിരീടധാരണം, വിവാഹം തുടങ്ങിയ അവസരങ്ങളിലേയ്ക്കായി വിരചിതമായവയാണ് ഈ സങ്കീർത്തനങ്ങൾ. ഇസ്രായേലിൽ രാജാവിനെ ദൈവത്തിന്റെ അഭിഷിക്തനായിട്ടാണു കരുതിയിരുന്നതു്. ദാവീദിന്റെ വംശജനായ രാജാവിനു പ്രത്യേകമായ ഒരൗന്നത്യമുണ്ടായിരുന്നു. മെസയാനികപ്രതീക്ഷകൾ ഈ രാജാക്കന്മാരിൽ കേന്ദ്രീകരിച്ചിരുന്നു. യാഹ്‌വേയുടെ അഭിഷിക്തന്മാരായ രാജാക്കന്മാരുടെ അപദാനങ്ങൾ കീർത്തിക്കുമ്പോൾ യാഹ്‌വേയേയാണു മഹത്വപ്പെടുത്തുന്നതു്. ഇങ്ങനെയുള്ള രാജകീയ സങ്കീർത്തനങ്ങളിൽ പെടുന്നവയാണ് 2, 20, 21, 45, 72, 89, 101, 110, 132 എന്നീ സങ്കീർത്തനങ്ങൾ.

പിൽക്കാലങ്ങളിൽ രാജാവും രാജവംശവും ഇല്ലാതായി പേർഷ്യൻസാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായി ഇസ്രായേൽ കഴിഞ്ഞിരുന്ന അവസരത്തിലും ഈ സങ്കീർത്തനങ്ങൾ ത്യാജ്യകോടിയിൽ തള്ളപ്പെട്ടില്ല. യുഗാന്ത്യത്തിൽ യാഹ്‌വേ സ്ഥാപിക്കുവാൻ പോകുന്ന രാജ്യവുമായി ബന്ധപ്പെടുത്തി ഇസ്രായേൽജനം ഇവയെ മനസ്സിലാക്കി. അഭിഷിക്തനെ രാജ്യസ്ഥാപനത്തിൽ ദൈവത്തിന്റെ പ്രതിപുരുഷനായി വർത്തിക്കുന്ന മെസയായായും വ്യാഖ്യാനിച്ചു.

മനുഷ്യജീവിതത്തിലെ എല്ലാ രംഗങ്ങളും സങ്കീർത്തനങ്ങളിൽ കാണാം. ദൈവാഭിമുഖനായ മനുഷ്യന്റെ വിവിധ വികാരങ്ങളും മനോഭാവങ്ങളും അവയിൽ പ്രകടമാകുന്നു. ദൈവസാന്നിദ്ധ്യത്തിലുള്ള ഭക്തിപ്രകർഷവും അസാന്നിദ്ധ്യത്തിലുള്ള ഹൃദയവേദനയും സങ്കീത്തനങ്ങളിൽ കാണാം. നിർബ്ബന്ധപൂർവ്വം അഭ്യർത്ഥിക്കുകയും നിറഹൃദയത്തോടെ നന്ദി പറയുകയും ചെയ്യുന്ന ഭക്തരെ നാമവയിൽ ദർശിക്കുന്നു. ചുരുക്കത്തിൽ ദൈവാഭിമുഖരായ ഇസ്രായേൽജനത്തിന്റെ ജീവിതത്തിലെ വിവിധ ഭാവങ്ങൾ സങ്കീർത്തനങ്ങൾ അവ

www.malankaralibrary.com

തരിപ്പിക്കുന്നു. ആരാധനയും അഭ്യർത്ഥനയും കൃതജ്ഞതയു മാണവയിലെ മുഖ്യ സ്ഥായിഭാവങ്ങൾ. ഈ സ്ഥായിഭാവ ങ്ങൾ ഉൽകൃഷ്ടമായ കവിതാരൂപേണ ആവിഷ്കരിച്ചിരി ക്കുന്നു. ഹീബ്രു കവിതയുടെ പ്രത്യേകതകൾ ഗ്രഹിക്കുക സങ്കീർത്തനങ്ങളുടെ ആസ്വാദനത്തിനാവശ്യമാണ്. ഇസ്രാ യേൽജനത്തിൻെറ ചരിത്ര സാമൂഹിക സാംസ്കാരിക പശ്ചാ ത്തലവും മതവിശ്വാസവും കാനാൻദേശത്തിൻെറ ഭൂമിശാസ്ത്ര വുമെല്ലാം സങ്കീർത്തനങ്ങളുടെ വ്യാഖ്യാനത്തിനു സഹായക മാണ്. സർവ്വോപരി സങ്കീർത്തനങ്ങളുടെ ''ജീവിതപശ്ചാ ത്തല''ത്തെപ്പററിയുള്ള അറിവ് അവയുടെ വ്യാഖ്യാനത്തിന് അത്യധികം സഹായിക്കുന്നു.

ഫാ. ജോർജ്ജ് പുന്നക്കോട്ടിൽ

സെൻറ് തോമസ് സെമിനാരി
വടവാതൂർ

www.malankaralibrary.com

# സങ്കീർത്തനങ്ങൾ:
# ഇസ്രായേൽജനത്തിന്റെ പ്രാർത്ഥനകൾ

വൈവിദ്ധ്യം നിറഞ്ഞ എഴുപത്തിരണ്ടു ഗ്രന്ഥങ്ങളുള്ള ബൈബിളിൽ പ്രാത്ഥനകൾ ധാരാളമുണ്ടെങ്കിലും പ്രാത്ഥനകൾ മാത്രമടങ്ങിയ ഒരു പുസ്തകമേയുള്ളു: സങ്കീർത്തനങ്ങൾ. നമ്മുടെ പ്രാർത്ഥനപ്പുസ്തകങ്ങളിലെ ആധുനികപ്രാർത്ഥനകളുമായി അധികം സാധർമ്മ്യം അവയ്ക്കു കാണില്ലെങ്കിലും അവയും അമൂല്യമായ പ്രാർത്ഥനകളാണ്. ഇന്നത്തെ പ്രാർത്ഥനകളേക്കാൾ ആഴവും പരപ്പും ഓജസ്സും ചൈതന്യവുമുള്ളവ. അവയുടെ ദൈവശാസ്ത്രനിലവാരം അത്ര കറയററതല്ലെന്ന ഒരാക്ഷേപമൊഴിച്ചാൽ നൂററാണ്ടുകൾതന്നെ പ്രായമുള്ള ആ പ്രാത്ഥനകൾ നിത്യനൂതനങ്ങളാണ്. അവയുടെ പ്രാർത്ഥനാമൂല്യത്തെ വിലയിരുത്തുന്നതിനുമുമ്പ് അവയ്ക്കു രൂപമേകിയ ഇസ്രായേലിന്റെ വീക്ഷണത്തിൽ പ്രാർത്ഥന എന്താണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## പ്രാർത്ഥന: ദൈവ-മനുഷ്യസംസർഗ്ഗം

പ്രാർത്ഥനയുടെ നിരവധി ഉദാഹരണങ്ങൾ ബൈബിളിൽ ഉടനീളമുണ്ടെങ്കിലും അവയിൽ ഏററവും മിഴിവുററതു ഹന്നായുടേയും ഏറമ്യായുടേയും പ്രാർത്ഥനകളാണെന്നു തോന്നുന്നു. സന്താനഭാഗ്യമില്ലാതെ നീറിനീറി ദഹിക്കുന്ന ഹന്നാ സ്വദു:ഖങ്ങളെ ദൈവത്തിന്റെ മുമ്പിൽ കോരിച്ചൊരിയുകയായിരുന്നു. ആ പ്രക്രിയയിൽ സ്ഥലകാലങ്ങളെപ്പററിയുള്ള ബോധം പൂർണ്ണമായും നഷ്ടപ്പെട്ടുമാറു് ഏകാഗ്രമായിരുന്നു അവരുടെ പ്രാർത്ഥന. തന്റെ നൊമ്പരങ്ങളെ ശക്തവും വികാരതീവ്രവുമായ ഭാഷയിൽ ഏറമ്യാ ദൈവസന്നിധിയിൽ പ്രകടിപ്പിക്കുന്നു. അകൃത്രിമമായ, ഹൃദയം തുറന്നുള്ള വാക്കുകളാണ് അദ്ദേഹത്തിന്റെ നാവിൽനിന്നുയർന്നതു്. അധികം ആശയഗാംഭീര്യമോ സാഹിത്യമേന്മയോ അവകാശപ്പെടാനാവില്ലാത്തവയാണ് ഈ രണ്ടു പ്രാർത്ഥനകളും. എന്നാൽ അവ, ആത്മാർത്ഥവും വ്യക്തിഗതവും നൈസർഗ്ഗികവും അകൃത്രിമവുമാണ്. ആത്മപ്രചോദിതമായ ഇത്തരം പ്രാത്ഥനകളുടെ പല ഉദാഹരണങ്ങളും (മോശ, മറിയാം, ഡെബോറാ, യൂദിത്തു്, എസ്തേർ, യോനാസ്, തോബിയാസ്, ജോബു മുതലായവരുടെ പ്രാർത്ഥനകൾ) ബൈബിളിൽ കാണാം.

www.malankaralibrary.com

ഇസ്രായേലിന്റെ പ്രാർത്ഥനയുടെ ഏററവും വലിയ സവിശേഷത അതിന്റെ വ്യക്തിഗതസ്വഭാവമാണ്. പ്രാത്ഥനയിലൂടെ ദൈവവുമായി സമ്പക്കം പുലത്തുന്ന വ്യക്തി താൻ ചെയ്യുന്നതിനെപ്പററി തികച്ചും ബോധവാനാണ്. മനപ്പാഠമാക്കിയ ഏതാനും വാക്കുകളോ പദ്യശകലങ്ങളോ യാന്ത്രികമായി ഉരുവിടുകയല്ല അയാൾ. മറിച്ച് ഹൃദയത്തിൽനിന്നു നൈസർഗ്ഗികമായി ഉയരുന്ന സ്വന്തം വാക്കുകളിലാണ് അയാൾ തന്റെ കഷ്ടതകൾ വിവരിക്കുകയും കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുക. സങ്കീത്തനങ്ങളിലും ഈ പ്രവണത മുന്നിട്ടു നിൽക്കുന്നു. വിവിധ ജീവിതസാഹചര്യങ്ങളിൽ പെട്ടുലയുന്ന മനുഷ്യന്റെ സ്വാഭാവികവും ആത്മപ്രചോദിതവുമായ പ്രതികരണങ്ങളാണ് മിക്ക സങ്കീത്തനങ്ങളുടേയും പ്രമേയം. അവയുടെ വ്യക്തിഗതസ്വഭാവം പ്രത്യേകം ശ്രദ്ധേയമാണ്.

## പ്രാർത്ഥനയുടെ സാമൂഹ്യമാനം

ഇസ്രായേൽക്കാരുടെ പ്രാത്ഥന തികച്ചും വ്യക്തിഗതമായിരുന്നെങ്കിലും അതിനു സാമൂഹ്യമായ ഒരു മാനമുണ്ടായിരുന്നു. മറേറതൊരു ജനതയേക്കാളുമേറെ സാമൂഹ്യാവബോധം ഇസ്രായേലിനുണ്ടായിരുന്നു. ദൈവത്തിന്റെ തെരഞ്ഞെടുപ്പും ഉടമ്പടിയുംവഴി അവർ ഒരൊററ കുടുംബമായിരുന്നു. ഒരു സമൂഹമായി രക്ഷയ്ക്കു വിളിക്കപ്പെട്ട തങ്ങളുടെ രക്ഷയും ശിക്ഷയുമെല്ലാം പൊതുവിലേ സംഭവിക്കൂ എന്ന് അവർ വിശ്വസിച്ചു. സമൂഹത്തിന്റെ ഒരു ഭാഗമായേ വ്യക്തിയെ അവക്കു കാണാൻ കഴിഞ്ഞിരുന്നുള്ളു. വ്യക്തിയുടെ സുഖദുഃഖങ്ങളും വിജയാപജയങ്ങളും സമൂഹത്തിന്റേതു കൂടിയാണ്. സമൂഹത്തിന്റെ താല്പര്യങ്ങൾക്കുപരിയായ യാതൊരു താല്പര്യവും അയാൾക്കുണ്ടായിക്കൂടാ. അതിന്റെ നന്മയ്ക്കായി അയാളുടെ സുഖസൗകര്യങ്ങൾ ബലികഴിച്ചേ മതിയാവൂ.

സങ്കീത്തനങ്ങളിൽ ഈ സാമൂഹ്യബോധം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. സമൂഹത്തിന്റെ വക്താവായിട്ടാണു കവി സംസാരിക്കുക. കവിയുടെ വ്യക്തിത്വത്തേക്കാൾ സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകളാണ് അവയിൽ പ്രതിഫലിക്കുക. യഥാത്ഥമായ ദൈവാരാധനയ്ക്ക് അനുപേക്ഷണീയമാണ് ഈ സാമൂഹ്യാവബോധം. ദൈവജനത്തിലെ ഒരംഗത്തിന്റെ പ്രാത്ഥന ഒരിക്കലും ഒററപ്പെട്ട ഭക്തകൃത്യമല്ല, അതു സമൂഹത്തിന്റേതു കൂടിയാണ്. ദൈവാരാധനയുടെ ഈ സാമൂഹ്യമാനത്തിനു വേണ്ടത്ര പ്രാധാന്യം നൽകാൻ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായ നമുക്കുപോലും കഴിയുന്നില്ല. ഇക്കാര്യത്തിൽ അന്നത്തെ യഹൂദർ നമ്മേക്കാൾ എത്രയോ മുമ്പിലാണെന്നു സങ്കീത്തനങ്ങൾ തെളിയിക്കുന്നു.

www.malankaralibrary.com

## ദൈവാരാധന: സങ്കീർത്തനങ്ങളുടെ ഉത്ഭവപശ്ചാത്തലം

മതത്തെ വട്ടമിട്ടു വളൎന്ന ഒരു സാമൂഹ്യരാഷ്ട്രീയ ജീവിതമായിരുന്നു ഇസ്രായേലിന്റേതു്. അവരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ദേവാലയമായിരുന്നു. അവരുടെ ആദ്ധ്യാത്മികജീവിതം ദൈവഭവനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. ദേവാലയത്തിലെ ബലികൾ, തിരുനാളുകൾ, തീർത്ഥാടനങ്ങൾ, പ്രദക്ഷിണങ്ങൾ മുതലായ ചടങ്ങുകൾക്കുപയോഗിക്കാൻ പുരോഹിതരും ദേവാലയ ശുശ്രൂഷികളും കവികളും രാജാക്കന്മാരും മററും രചിച്ച പ്രാർത്ഥനകളെന്ന നിലയിൽ സങ്കീർത്തനങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം അനുപമമായിരുന്നു. ദേവാലയത്തിലെ ഔദ്യോഗിക പ്രാർത്ഥനകളായിരുന്നു അവ.

സ്വകാര്യപ്രാർത്ഥനകളും ഭക്തകൃത്യങ്ങളും സാധാരണയായി ദേവാലയത്തിൽ വച്ചുതന്നെയാണു നടത്തപ്പെട്ടിരുന്നതു്. സഹായാഭ്യർത്ഥന കൃതജ്ഞതാചടങ്ങുകൾ മുതലായവ ഇക്കൂട്ടത്തിൽപ്പെടും. തദവസരങ്ങളിൽ ഉപയോഗിക്കുവാൻ വ്യക്തികൾ രചിച്ച പ്രാർത്ഥനകൾക്കു ദേവാലയകർമ്മങ്ങളുമായി അടുത്തബന്ധം കാണുക തികച്ചും സ്വാഭാവികമാണല്ലൊ. അവയിൽ പലതും സമൂഹത്തിന്റെ ഉപയോഗത്തിനായി ഔദ്യോഗിക പ്രാർത്ഥനാസമാഹാരത്തിൽ സ്വീകരിക്കപ്പെട്ടു. ഇങ്ങനെ സ്വകാര്യസങ്കീർത്തനങ്ങൾക്കുപോലും ആരാധന ക്രമത്തിന്റെ പശ്ചാത്തലം ലഭിച്ചു.

## രക്ഷയുടെ പുനരാവിഷ്ക്കരണം

ഇസ്രായേലിന്റെ പ്രാർത്ഥനകളുടേയും ദേവാലയകർമ്മങ്ങളുടേയും മറെറാരു സവിശേഷത അവ ദൈവാരാധനയുടെ സജീവമായ പ്രകടനങ്ങളാണെന്നതാണു്. തങ്ങളുടെ സുഖദുഃഖങ്ങൾ ദൈവവുമായി പങ്കുവയ്ക്കാനും തിരുനാളുകൾ ആഘോഷിക്കാനുമായി എത്തുന്ന ഭക്തരുടെ പ്രാർത്ഥനകളെല്ലാംതന്നെ സങ്കീർത്തനങ്ങളായിരുന്നു. ആ ഗാനങ്ങളിലൂടെ അവർ ദൈവം ചെയ്ത മഹാകാര്യങ്ങൾ അനുസ്മരിക്കുകയും പുനർജീവിക്കുകയും ചെയ്തു. ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവം ചെയ്തിട്ടുള്ള അത്ഭുതങ്ങളെപ്പററി പാടുമ്പോൾ അവ തങ്ങളുടെ കൺമുമ്പിൽ പുനരവതരിക്കുന്നതായും തങ്ങൾ അതിൽ ഭാഗഭാക്കുകളാകുന്നതായും അവൎക്കു് അനുഭവപ്പെട്ടിരുന്നു. ചെങ്കടൽ കടക്കുന്ന ഭാഗം പാടുമ്പോൾ തങ്ങളും പൂർവ്വികരോടൊപ്പം വെള്ളത്തിനിടയിലൂടെ കടന്നുപോകുന്നതായി അവർ സങ്കല്പിച്ചു. സീനായ് മലയിൽ യാഹ്‌വേ പ്രത്യക്ഷപ്പെടുന്ന സംഭവം ആലപിക്കുമ്പോൾ തങ്ങളും മലയുടെ അടിവാരത്തിൽ നിന്നു ദൈവികദർശനം നടത്തുന്നതായി അവൎക്കു തോന്നിയിരുന്നു.

www.malankaralibrary.com

തന്മൂലം ആരാധനക്രമത്തിൽ ജനങ്ങൾക്കുള്ള ഭാഗഭാഗിത്വം വളരെ സജീവമായിരുന്നു. പ്രാർത്ഥനയുടെ പരമോന്നതമായ ലക്ഷ്യം മനുഷ്യമനസ്സിനെ ദൈവസന്നിധിയിലേക്ക് ഉയർത്തുകയും ദൈവിക രഹസ്യങ്ങളിൽ അവനെ ഭാഗഭാക്കാക്കുകയുമാണല്ലൊ. ഇതിൽ സങ്കീർത്തനങ്ങൾ ഏതാണ്ട പൂർണ്ണമായും വിജയിച്ചിരിക്കുന്നു. ജനങ്ങളുടെ സജീവ ഭാഗഭാഗിത്വത്തിനുവേണ്ടി ഇന്നു ആരാധനക്രമത്തിൽ എന്തൊക്കെ പരിഷ്കാരങ്ങളും അനുരൂപണങ്ങളുമാണു നടത്തുക. എന്നിട്ടും ഇക്കാര്യത്തിൽ നാം ഇസ്രായേലിന്റെ പിന്നിലാണ്. നമ്മുടെ പ്രാർത്ഥനകളുടെ പ്രമേയവുമായി ഇത്രമാത്രം സാത്മ്യം പ്രാപിക്കാൻ നമുക്കു കഴിയുന്നില്ല എന്നു സമ്മതിച്ചേ മതിയാവൂ.

## പ്രാർത്ഥനയുടെ മൂന്നു ഘടകങ്ങൾ

യഥാർത്ഥമായ പ്രാർത്ഥനയ്ക്ക് മൂന്നു സുപ്രധാന ഘടകങ്ങൾ കാണാം: സ്തുതി, അർത്ഥന, കൃതജ്ഞത. ദൈവസന്നിധിയിൽ നിൽക്കുന്ന മനുഷ്യന് അവിടുത്തോടു തോന്നുന്ന സ്നേഹബഹുമാനങ്ങൾ സ്തുതികളിലൂടെ ബഹിർഗ്ഗമിക്കുന്നു. തന്റെ കഷ്ടതകളിലും വേദനകളിലും ദൈവസഹായം യാചിക്കുന്നതോടൊപ്പം തെററുകൾ ഏററുപറയുകയുമാണ് അർത്ഥനാഗാനങ്ങളുടെ ഉദ്ദേശ്യം. ദൈവമേകിയ സഹായങ്ങൾക്കുള്ള നന്ദി കൃതജ്ഞതാഗാനങ്ങളിൽ കാണാം.

### (a) സ്തുതിഗീതങ്ങൾ

പ്രാർത്ഥനയുടെ ഏററവും ഉൽകൃഷ്ടമായ രൂപമാണു ദൈവസ്തുതി. സ്വാർത്ഥമായ ഉദ്ദേശ്യങ്ങൾക്കു വേണ്ടിയുള്ളതല്ല അവ. അർത്ഥനയും കൃതജ്ഞതയും സ്വാർത്ഥാഭിലാഷങ്ങളുമായി ബന്ധപ്പെട്ടവയാണല്ലൊ. സ്തുതിയാകട്ടെ ദൈവിക സമ്പർക്കത്തിൽ നിന്ന് ഉരുത്തിരിയുന്ന അഭൗമിക വികാരങ്ങളും അനുഭൂതികളും ചേർന്നു ജന്മമേകുന്ന ആരാധനാരൂപമാണ്. യഥാർത്ഥ ഭക്തിയും ദൈവസ്നേഹവുമാണ് അതിന്റെ പ്രേരകശക്തികൾ. ദൈവസന്നിധിയിൽ മനുഷ്യനു തന്റെ അല്പത്വത്തേയും അവിടുത്തെ അനന്തവും അപാരവും അവർണ്ണനീയവുമായ മഹത്വത്തേയും വിശുദ്ധിയേയുംപററി ബോധമുണ്ടാകുന്നു. തന്റെ കൃതഘ്നതയും പാപഭാരവും ഒരുവശത്തും അതിനെ വെല്ലുന്ന ദൈവിക കാരുണ്യം മറുവശത്തും അവനു ഗോചരമാകുന്നു. അവിടുത്തെ മഹത്വവും അനന്തതയും അവനെ സ്തബ്ധനാക്കുന്നു.

മററു പ്രാചീന മതങ്ങളിലെ സ്തോത്രങ്ങൾപോലെ അതിഭാവുകത നിറഞ്ഞവയല്ല ഇസ്രായേലിന്റെ സ്തുതിഗീതങ്ങൾ. ദേവാലയ പശ്ചാത്തലത്തിൽ വളർന്നവയാണ് പ്രസ്തുത പ്രാർത്ഥനകൾ. തിരുനാളുകൾ തീർത്ഥാടനങ്ങൾ ബലികൾ എന്നിവയ്ക്കായി ദേവാലയത്തിലെത്തുന്ന ഭക്തജനങ്ങളുടെ മതാനുഭ

www.malankaralibrary.com

തികളുടെ സുന്ദരാവിഷ്ക്കരണമാണവ. ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ആലപിക്കപ്പെടുന്ന ഗീതങ്ങളിൽ ജനം സജീവമായി പങ്കുചേരുന്നു. ഓർശ്ലേമിന്റെ പ്രൗഢിയും ദേവാലയത്തിന്റെ മഹത്വവും ഭംഗിയും അവരെ വിസ്മയഭരിതരാക്കുന്നു. അപ്പോൾ ചരിത്രത്തിലുടനീളം ദൈവം തങ്ങൾക്കായി ചെയ്ത അത്ഭുതകൃത്യങ്ങളേയും സൃഷ്ടികർമ്മത്തേയും പരിപാലനയേയും അനുസ്മരിക്കാതിരിക്കാൻ സാധിക്കുന്നില്ല. പ്രപഞ്ചസൃഷ്ടിയ്ക്കും അതിലെ ജീവജാലങ്ങൾക്കും നൽകുന്ന പരിരക്ഷണയ്ക്കും അവർ ഹൃദയംഗമമായി ദൈവത്തെ സ്തുതിക്കുന്നു. പ്രപഞ്ചത്തെ മുഴുവൻ ആ സ്തുതിയിൽ പങ്കുകൊള്ളാൻ ക്ഷണിക്കുകയും ചെയ്യുന്നു.

## (b) അർത്ഥന

വിവിധ ജീവിതക്ലേശങ്ങളിൽ പെട്ടുലയുന്ന മനുഷ്യൻ സഹായത്തിനായി ദൈവത്തിങ്കലേക്കു തിരിയുക സ്വാഭാവികം മാത്രമാണ്. പ്രാർത്ഥനയെന്നു പറഞ്ഞാൽ സഹായാർത്ഥനയെന്നാണു സാധാരണക്കാർ മനസ്സിലാക്കുക. അർത്ഥനയ്ക്ക് അത്ര വലിയൊരു സ്ഥാനം പ്രാർത്ഥനകളിലുണ്ട്. ഇന്നത്തെ മനുഷ്യനെ അലട്ടുന്ന എല്ലാ ദുരിതങ്ങളും തന്നെ ഇസ്രായേല്യർക്കു അനുഭവപ്പെട്ടിരുന്നു. അവയിൽ മുഖ്യമായവ മരണഭീതിയും രോഗവുമായിരുന്നു. മരണാനന്തര ജീവിതം തെല്ലും ശോഭനമല്ല എന്ന ആശയം പ്രബലമായിരുന്നു അന്ന്. ദുഷ്ടനേയും ശിഷ്ടനേയും കാത്തുനിൽക്കുന്നതു പാതാളത്തിന്റെ വാതിലാണ്. തന്മൂലം ആയുസ്സു കഴിയുന്നത്ര നീട്ടിക്കിട്ടാൻ അവർ ദൈവത്തോട് ഉള്ളുരുകി യാചിച്ചു. (സങ്കീ 88, 69)

രോഗം വ്യക്തിയുടെ പാപത്തിനു ദൈവം അയയ്ക്കുന്ന ശിക്ഷയാണെന്ന വിശ്വാസം രോഗിയുടെ യാതനകളെ പതിന്മടങ്ങുവർദ്ധിപ്പിച്ചിരുന്നു. രോഗംമൂലമുള്ള കായികവും മാനസികവുമായ വേദനകളേക്കാൾ അസ്സഹനീയം സ്വജനങ്ങളുടെ വെറുപ്പും തെററിദ്ധാരണയും കുററാരോപണവുമാണ്. ഈ അപമാനഭാരം രോഗിയെ തീർത്തും തളർത്തിയിരുന്നു (22:7–8). ദൈവം തന്നെ കൈവെടിഞ്ഞു എന്ന ചിന്തയും (22:1–2) ദേവാലയത്തിൽപോയി ബലിയർപ്പിക്കാൻ കഴിയാത്തതിലുള്ള കുണ്ഠിതവും അയാളെ അസ്വസ്ഥനാക്കുന്നു. ദൈവവുമായി സമ്പർക്കം പുലർത്താത്ത പക്ഷം താൻ നിരാശാഗർത്തത്തിൽ പതിക്കുമെന്നും ദൈവത്തെ മറക്കുമെന്നും അയാൾ ഭയപ്പെടുന്നു. ഈ സങ്കീർത്തനങ്ങളിലെ വിവരണങ്ങൾ ഹൃദയസ്പർശിയാണ് (102:4–9; 31:3–5). തെററുകാരനായ വ്യക്തി തന്റെ പാപങ്ങൾ ഏററുപറഞ്ഞു മോചനം അപേക്ഷിക്കുന്ന (31:3–5; 38:19) ഇങ്ങനെ വിലാപഗാനങ്ങളോടൊപ്പം അനുതാപഗീതങ്ങളും ഇവയിൽ കാണാം. അനുതാപം പ്രാർത്ഥനയുടെ ആദ്യ

www.malankaralibrary.com

ത്തെ പടിയാണെന്ന സത്യം ഇസ്രായേലും മനസ്സിലാക്കിയിരുന്നു.

കള്ളക്കേസ്സുകളിൽ കുടുങ്ങിയ സാധുക്കളുടെ സ്ഥിതിയും പരമദയനീയമായിരുന്നെന്ന് നാബോത്തിന്റേയും സൂസന്നായുടേയും അനുഭവങ്ങൾ വ്യക്തമാക്കുന്നു. അനീതിക്കാരായ ന്യായാധിപന്മാർക്കും കള്ളസാക്ഷികൾക്കുമെതിരായി ദൈവസഹായം പ്രാർത്ഥിക്കയല്ലാതെ അവർക്കു ഗത്യന്തരമില്ലായിരുന്നു. കാരാഗൃഹവാസികളും പരദേശവാസികളും തങ്ങളുടെ വിമോചനത്തിനായി ഉള്ളുരുകി പ്രാർത്ഥിക്കുന്നു. ദൈവജനത്തിൽനിന്നും ദേവാലയത്തിൽനിന്നും വേർപെട്ടു ജീവിക്കുക അവർക്കു ദുസ്സഹമായിരുന്നു. വിദേശത്തു വസിക്കുന്നവർക്കു മറെറാരു ഭയം കൂടിയുണ്ട്, വിഗ്രഹാരാധകരുമായുള്ള സമ്പർക്കംവഴി തങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുമോ എന്ന്. പലപ്പോഴും വിദേശത്ത് ആരാധനാസ്വാതന്ത്ര്യം ഇല്ലായിരുന്നുതാനും.

വ്യക്തികളേപ്പോലെതന്നെ ഇസ്രയേൽസമൂഹവും അതിന്റെ ദുരിതങ്ങളിൽ ദൈവസഹായത്തിനായി പ്രാർത്ഥിക്കുന്നതു കാണാം. ഉപവാസവും പ്രായശ്ചിത്തപ്രവൃത്തികളുംവഴി അവർ ദൈവസഹായം തേടുന്നു. ഇത്തരം പൊതുപ്രാർത്ഥനകളും സങ്കീർത്തനസമാഹാരത്തിൽ ധാരാളമുണ്ട്.

## കൃതജ്ഞതാസ്തോത്രങ്ങൾ

പ്രാർത്ഥനയുടെ മൂന്നാമത്തെ ഘടകമായ കൃതജ്ഞതയും സങ്കീർത്തനങ്ങളിലുടനീളം കാണാം. എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കേണ്ടതെങ്കിലും ചുരുക്കം ചിലർക്കു മാത്രമുള്ള ഒരു ഗുണമാണിത്. അനുദിനജീവിതത്തിലെന്നപോലെ പ്രാർത്ഥനയിലും ഇതു കുറവാണ്. കൃതജ്ഞതാസങ്കീർത്തനങ്ങളുടെ എണ്ണം കുറവാണെങ്കിലും സ്തുതിഗീതങ്ങളിലും തീർത്ഥാടനഗാനങ്ങളിലും അർത്ഥനാഗാനങ്ങളിലുമൊക്കെ നന്ദിവചസ്സുകൾ കാണാം. ദേവാലയത്തിലെ കൃതജ്ഞതാബലികളോടനുബന്ധിച്ച് ആലപിച്ചിരുന്ന ഈ പ്രാർത്ഥനകൾ ആത്മാർത്ഥവും വികാരതീവ്രവുമാണ്. അവയിലെ വ്യക്തിഗതാനുഭവങ്ങളുടെ ഊഷ്മളത നമ്മെ വികാരഭരിതരാക്കും. ദൃഢമായ വിശ്വാസവും അചഞ്ചലമായ പ്രതീക്ഷയും അവയിൽ ഓളംവെട്ടുന്നു. തിരുനാൾദിവസങ്ങളിലാണ് അധികംപേരും കൃതജ്ഞതാപ്രകടനം നിർവ്വഹിക്കുക. ജനത്തിന്റെ മുമ്പാകെ തങ്ങൾക്കു ലഭിച്ച ദൈവികസഹായം പ്രഖ്യാപിക്കുവാൻ അവർ വളരെ ഉത്സുകരായിരുന്നു. ആപത്തുകാലത്തു ദൈവം തങ്ങളെ കൈവെടിഞ്ഞു എന്നു പരിഹസിച്ച ശത്രുക്കളുടെ കൺമുമ്പാകെത്തന്നെ തങ്ങൾക്കുലഭിച്ച ദൈവസഹായം പ്രകീ

www.malankaralibrary.com

ത്തിച്ച തൃപ്തിയടയാൻ അവർ ആഗ്രഹിച്ചു. തങ്ങളുടെ തെററുകാൾക്ക് എളിമയോടെ മാപ്പിരന്ന വസ്തുതയും അവർ മറച്ചു വയ്ക്കുന്നില്ല. സമൂഹത്തിനു ലഭിച്ച സഹായങ്ങൾക്കു നന്ദി യേകുന്ന പൊതുകൃതജ്ഞതാപ്രാർത്ഥനകളും സങ്കീർത്തനങ്ങളിലുണ്ട്.

## പ്രതീക്ഷ

വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന ഏതു വ്യക്തിയുടെ അപേക്ഷയിലും പ്രതീക്ഷയുടെ കിരണങ്ങൾ കാണും. പ്രതീക്ഷയില്ലാത്ത പ്രാർത്ഥന പ്രാർത്ഥനയേയല്ല. സങ്കീർത്തനങ്ങളിലെ പ്രതീക്ഷ അഥവാ ശരണം നമ്മേപ്പോലും ലജ്ജിപ്പിക്കാൻ പോരുന്നത്ര ഉദാത്തമാണ്. എല്ലാത്തരം സങ്കീർത്തനങ്ങളിലും അതു കാണാം. അർത്ഥനാഗാനങ്ങളെല്ലാംതന്നെ അവസാനിക്കുന്നതു ദൃഢമായ പ്രതീക്ഷയോടെയാണ്. ചില സങ്കീർത്തനങ്ങളുടെ അവസാനവരികളിൽ ഉദ്ദിഷ്ടകാര്യം സാധിച്ചു എന്ന സങ്കല്പത്തിൽ അർത്ഥി കൃതജ്ഞതാപ്രകടനം വരെ നടത്തുന്നു (6:9)! സ്തുതിഗീതങ്ങളിലും കൃതജ്ഞതാസ്തോത്രങ്ങളിലും രാജകീയ സങ്കീർത്തനങ്ങളിലുമെല്ലാം ജനത്തിന്റെ ഭാസുരമായ ഭാവിയേയും (94:6–11; 46; 86:4–7) യാഹ്വേയുടെ സാമ്രാജ്യത്തേയും (95) വ്യക്തിപരമായി തങ്ങൾക്കു ലഭിക്കാനിരിക്കുന്ന രക്ഷയേയും ദൈവാനുഗ്രഹത്തേയും (41:6; 32:18; 37:16) പററിയുള്ള ദൃഢമായ പ്രതീക്ഷ കാണാം.

ഇങ്ങനെ പ്രാർത്ഥനയുടെ എല്ലാ ലക്ഷണങ്ങളും അവശ്യഘടകങ്ങളുമുള്ള അമൂല്യമായ പ്രാർത്ഥനകളാണു സങ്കീർത്തനങ്ങൾ. എല്ലാത്തരക്കാർക്കും എല്ലാ അവസരത്തിലും ഉപയോഗിക്കുവാൻ പററിയ പ്രാർത്ഥനകൾ അവയിലുണ്ട്. വെറും യാന്ത്രികമായ ഒരു പ്രക്രിയ വഴി രചിക്കപ്പെട്ടവയല്ല ഈ പ്രാർത്ഥനകൾ. ദൈവജനമായ ഇസ്രായേലിന്റെ ദൈവികസമ്പർക്കത്തിന്റേയും ആദ്ധ്യാത്മികജീവിതത്തിന്റേയും അനർഘവും സമ്പന്നവുമായ അനുഭൂതികളാണവ. അതുകൊണ്ടാണ് അതിനു നിത്യനൂതനവും സനാതനവുമായ പ്രസക്തിയുള്ളതു്. ദൈവനിവേശനത്താൽ നമുക്കുവേണ്ടി രചിക്കപ്പെട്ട ഈ പ്രാത്ഥനകൾ ഒരിക്കലും കാലഹരണപ്പെട്ടുപോകയില്ല. അവ എന്നുമെന്നും ദൈവജനത്തിന്റെ ആത്മനിശ്വാസങ്ങളായി അവശേഷിക്കും.

ജോർജ് കെ. ജോർജ്
(തോട്ടം)

കൊഴുവനാൽ

www.malankaralibrary.com

# സങ്കീർത്തനങ്ങൾ:

## ക്രൈസ്തവ പ്രാർത്ഥനകൾ

ആയിരത്താണ്ടുകൾക്കപ്പുറത്ത് ഇസ്റായേൽ ജനം യാഹ്വേയുടെ മുമ്പിൽ കൂപ്പുകൈകളോടെ നിന്നു പാടിയ പ്രാർത്ഥനാഗാനങ്ങളാണു സങ്കീർത്തനങ്ങൾ. കാലമിത്ര കഴിഞ്ഞിട്ടും ക്രൈസ്തവസഭ — പുതിയ ഇസ്രായേൽ — അതേ ഗാനങ്ങൾ ഏററുപാടുകയാണിന്നും. വിശ്വസാഹിത്യത്തിലെ പ്രാർത്ഥനാഗാനങ്ങളിൽ സങ്കീർത്തനങ്ങളെപ്പോലെ മധുരോദാരങ്ങളോ, വിലമതിക്കപ്പെടുന്നവയോ, പ്രചാരം സിദ്ധിച്ചിട്ടുള്ളവയോ ആയ ഗാനസമാഹാരങ്ങളില്ല എന്നു പറയാം.

### ക്രൈസ്തവ പ്രാർത്ഥനകളോ?

സങ്കീർത്തനങ്ങളുടെ ഉത്ഭവം, കർത്താവ്, കാലം, സാഹിത്യഭംഗി, തരംതിരിവ് എന്നിങ്ങനെയുള്ള സാങ്കേതികവശങ്ങളെ മുൻ ലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. സങ്കീർത്തനങ്ങളെ ക്രൈസ്തവപ്രാർത്ഥനാഗാനങ്ങളെന്ന നിലയിൽ നോക്കിക്കാണുവാനും വിലയിരുത്തുവാനുമാണ് നമ്മുടെ യത്നം. നൂററാണ്ടുകൾക്കുമുമ്പു തികച്ചും വ്യത്യസ്തമായ ഒരു സാഹചര്യത്തിൽ രൂപംകൊണ്ട സങ്കീർത്തനങ്ങൾ ഇന്നത്തെ തലമുറ ആവർത്തിച്ചുരുവിടുന്നതു് കാലഹരണപ്പെട്ട ഏർപ്പാടല്ലേ എന്നു സംശയിക്കുന്നവരുണ്ട്. ആ സംശയത്തിൽ കുറെ കഴമ്പില്ലാതെയുമില്ല. ഇസ്രായേലിൻെറ സങ്കീർത്തനങ്ങൾക്കു് ക്രൈസ്തവവീക്ഷണത്തിൽ എന്തു സ്ഥാനമാണുള്ളതു്? അവ ക്രൈസ്തവപ്രാർത്ഥനകളാകുമോ? പ്രാർത്ഥനകളെന്ന നിലയിൽ അവയുടെ നേട്ടവും കോട്ടവും എന്തു്? എന്നിങ്ങനെയുള്ള പ്രശ്നങ്ങളിലേക്കു നമുക്കൊന്നെത്തിനോക്കാം.

### ഇസ്രായേലിൻെറ ആത്മഗീത

പഴയ നിയമത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ —ഇസ്റായേലിൻെറ— ആത്മഗീതങ്ങളാണു സങ്കീർത്തനങ്ങൾ. ഈജിപ്തിലെ അടിമത്തകാലത്തും, സീനായ് ഉപദ്വീപിലെ മണലാരണ്യങ്ങളിൽ അലഞ്ഞ കാലത്തും, കാനാൻദേശം കൈയടക്കിവാണകാലത്തുമെല്ലാം ആ ഗാനങ്ങൾ രൂപം കൊള്ളുകയായിരുന്നു. ആ ജനത്തിൻെറ ജീവിതാനുഭവങ്ങളുടേയും അനു

www.malankaralibrary.com

ഭൂതികളുടേയും അറിവിന്റേയുമെല്ലാം സത്താണ് സങ്കീർത്തനങ്ങൾ. അവരുടെ ആശകളും ആശാഭംഗങ്ങളും മോഹങ്ങളും മോഹഭംഗങ്ങളും വികാരവിചാരങ്ങളും രാഗദ്വേഷങ്ങളും, ഒററവാക്കിൽ, അവരുടെ ജീവിതം തന്നെ പ്രതിബിംബിച്ചു നിൽപ്പുണ്ട് ആ ഗാനങ്ങളിൽ. യഹൂദപണ്ഡിതനായ ഷുറാക്കിയുടെ വാക്കുകൾ കേൾക്കുക:

''സങ്കീർത്തനങ്ങൾ നമ്മുടെ അസ്ഥിയിലലിഞ്ഞു ചേർന്നിട്ടുണ്ട്. അതോടുകൂടിയാണ് നാം ജനിച്ചിരിക്കുന്നതു തന്നെ. ഒരു ചെറുകൃതി, 150 ഗാനങ്ങൾ മാത്രം, ജീവനും മരണത്തിനുമിടക്കുള്ള 150 പടികൾ, നമ്മുടെ അവിശ്വാസ്യതയും വിശ്വാസ്യതയും നമ്മുടെ മരണവേദനകളും ഉത്ഥാനവുമെല്ലാം പ്രതിഫലിപ്പിച്ചു കാട്ടുന്ന 150 ദർപ്പണങ്ങൾ, വെറുമൊരു പുസ്തകമല്ലതു; അതൊരു ജീവചൈതന്യമാണ്. അനന്തതയുടെ പടിവാതില്ക്കൽ നിന്നു നമ്മോടു സംസാരിക്കുന്ന സ്വരം.

അതു നമ്മെ ചൂഴ്ന്നു നിൽക്കുന്നു; നമ്മെ സംവഹിച്ചുകൊണ്ടുപോകുന്നു, ഒപ്പം യുഗയുഗാന്തരങ്ങളേയും''[1].

നൂററമ്പതു സങ്കീർത്തനങ്ങളിൽ വെറും അഞ്ചെണ്ണം മാത്രമേ 'പ്രാർത്ഥന' എന്ന തലക്കെട്ടോടുകൂടിയവയായിട്ടുള്ളു. 17, 86, 90, 102, 142 എന്നീ സങ്കീർത്തനങ്ങളാണവ. കേളർ (KOEHLER) എന്നപണ്ഡിതന്റെ അഭിപ്രായത്തിൽ അറുപതു സങ്കീർത്തനങ്ങളെങ്കിലും പ്രാർത്ഥനകളാണ്. അതിനും പുറമെ പതിനാലെണ്ണം ഭാഗികമായി പ്രാർത്ഥനകളുൾക്കൊള്ളുന്നുണ്ട്[2]. ഇപ്പറഞ്ഞതിൽ നിന്നും ബാക്കിയുള്ളവയൊന്നും പ്രാർത്ഥനകളല്ല എന്ന വിവക്ഷയില്ല. സങ്കീർത്തനങ്ങളൊന്നൊഴിയാതെ പ്രാർത്ഥനകളായിട്ടാണ് ഇസ്രായേൽ കരുതിപ്പോന്നതു്.

## സങ്കീർത്തനങ്ങൾ ക്രൈസ്തവ ജീവിതത്തിൽ

ചരിത്രത്തിന്റെ ഏടുകളിലേക്കു കടന്നു പരതിനോക്കിയാൽ ഇസ്രായേലിന്റെ ആത്മഗീത പുതിയ നിയമത്തിലേക്കു കടന്നുവരുന്നതായും അവിടെ വലിയ സ്വാധീനം ചെലുത്തുന്നതായും കാണാൻ കഴിയും. പുതിയ നിയമഗ്രന്ഥത്തിലും ക്രൈസ്തവാരാധനക്രമത്തിലും അതിന്റെ മുഖമുദ്രകൾ ആഴമായി പതിഞ്ഞിട്ടുണ്ട്.

പുതിയ നിയമം, മറേറതൊരു പഴയനിയമഗ്രന്ഥത്തേക്കാളും കൂടുതൽ ഉദ്ധരണികൾ സ്വീകരിച്ചിരിക്കുന്നതു സങ്കീർ

1. A. CHOURAQUI, As quoted by J. GELINEAU in The Psalms: A new translation, Fontana books, 1963, P. 8
2. L. KOEHLER, Old Testament Theology, (E. T). London, 1952, P. 251 (F. note)

www.malankaralibrary.com

ത്തനങ്ങളിൽ നിന്നാണ്. ആകെയുള്ള 360 പഴയനിയമ ഉദ്ധരണികളിൽ 112 എണ്ണവും സങ്കീർത്തനങ്ങളിൽ നിന്നാണെന്നു പറയുമ്പോരം പുതിയനിയമം സങ്കീർത്തനങ്ങരംക്ക കല്പിച്ചിട്ടുള്ള പ്രാധാന്യം വ്യക്തമാകും[3]. ആദിമസഭയുടെ ജീവിതത്തിലും ആരാധനയിലും സങ്കീർത്തനങ്ങരംക്ക സവിശേഷസ്ഥാനമുണ്ടായിരുന്നതായിക്കാണാം. സിനഗോഗുകളിലെ പ്രാർത്ഥനയുടെ ചുവടുപിടിച്ചാണു സഭയുടെ ആരാധന രൂപം കൊണ്ടതു്. സ്വാഭാവികമായും ഇസ്രായേലിന്റെ സങ്കീർത്തനങ്ങരം ക്രൈസ്തവാരാധനയിലേക്കും കടന്നു വരുവാൻ അതു സഹായിച്ചു. ആദിമശതകങ്ങളിലെ സഭ സങ്കീർത്തനങ്ങളാലപിച്ചിരുന്നുവെന്നതിനു് അലക്സാന്ധ്റിയായിലെ ക്ലമന്റു്, ഒരിജൻ, സിപ്രിയാൻ, ക്രിസോസ്റ്റോം, അംബ്റോസ്, അഗസ്റ്റിൻ തുടങ്ങിയവരുടെയെല്ലാം സാക്ഷ്യങ്ങരം നമുക്കുണ്ടു്. ''സങ്കീർത്തനങ്ങരം എന്റെ ആനന്ദമാണെ''ന്നു് സെൻറഗസ്റ്റിൻ പറഞ്ഞിരുന്നു. 'ഒരു സങ്കീർത്തനമെങ്കിലും ആലപിക്കാത്ത ദിവസം വ്യർത്ഥമായിരിക്കുന്നുവെന്നു' വി. അംബ്രോസ് രേഖപ്പെടുത്തിയിട്ടുണ്ടു്. തിരുനാളുകളുടെ തലേനാളിൽ വിശ്വാസികരം ദേവാലയത്തിലൊന്നിച്ചു കൂടുമ്പോഴും, പ്രഭാതകാലങ്ങളിലും, ശവസംസ്ക്കാരംപോലുള്ള മററവസരങ്ങളിലും സങ്കീർത്തനങ്ങളാലപിച്ചാണു് അവർ പ്രാർത്ഥിച്ചിരുന്നതെന്നു വി. ക്രിസോസ്റ്റോമിന്റെ സാക്ഷ്യമുണ്ടു്[4].

ആരാധനാക്രമത്തിന്റെ വളർച്ചയിലെ സുപ്രധാനങ്ങളായ രണ്ടു നാഴികക്കല്ലുകളാണു് Apostolic Tradition, Apostolic Constitution എന്നിവ. സങ്കീർത്തനങ്ങരംക്കു് അർഹമായ സ്ഥാനംഈ രേഖകരം കല്പിച്ചു കൊടുത്തിട്ടുണ്ടു്. ക്രൈസ്തവാരാധനയുടെ കാതലായ ബലിയർപ്പണത്തിലും സങ്കീർത്തനഭാഗങ്ങളുരംക്കൊള്ളിച്ചിരുന്നു, പ്രത്യേകിച്ചും ജ്ഞാനാർത്ഥികളെ ഉദ്ദേശിച്ചുള്ള ദൈവവചനശുശ്രൂഷയിൽ (Liturgy of the word). സാഹചര്യങ്ങരംക്കും സമയങ്ങരംക്കും വേണ്ടി ചില പ്രത്യേക സങ്കീർത്തനങ്ങരം ഉപയോഗപ്പെടുത്തുന്ന രീതിയും ക്രമേണ വളർന്നു വന്നു[5].

കർത്താവു് എത്രയോ നല്ലവനാണെന്നു്
നിങ്ങരം തന്നെ അനുഭവിച്ചറിയുവിൻ

എന്ന ഭാഗമുരംക്കൊള്ളുന്ന 34–ാം സങ്കീർത്തനം വി. കുർബ്ബാന സ്വീകരണത്തോടു ബന്ധിച്ചും,

---

3. L. SABOURIN, The Psalms. Their Origin and Meaning, Bangalore (T P I), 1961, vol I, P. 169
4. As quoted by T. WORDEN in The Psalms are Christian Prayer, London, 1962, P vii
5. J.A. LAMB: Psalms Chrisnt tian Worship, P. 34 ff

www.malankaralibrary.com

കർത്താവേ, എന്റെ ഈ പ്രാർത്ഥന

എന്റെ സായാഹ്നബലിയായി സ്വീകരിക്കേണമേ.

എന്നർത്ഥിക്കുന്ന 140-ാം സങ്കീർത്തനം സായാഹ്നപ്രാർത്ഥനയായും

കർത്താവിന്റെ ഭവനത്തിൽ

ചിരകാലം ഞാൻ വസിക്കും. (സങ്കീ 23)

നീതിമാന്മാരുടെ മരണം

ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (സങ്കീ 114) എന്നിങ്ങനെ പ്രത്യാശ പ്രകടിപ്പിക്കുന്ന സങ്കീർത്തനങ്ങൾ മരണാവസരങ്ങളിലേക്കും നിർദ്ദേശിക്കപ്പെട്ടതു തികച്ചും സംഗതമായിട്ടുണ്ട്. ഇതുപോലെ 22-ാം സങ്കീർത്തനം ദുഃഖവെള്ളിയാഴ്ചയിലും 63-ാം സങ്കീർത്തനം പ്രഭാതഗാനമായും 32-ാം സങ്കീർത്തനം ജ്ഞാനസ്നാനാവസരത്തിലും ആലപിക്കുക പതിവായിരുന്നു.

കിഴക്കൻ സഭകളിൽ സങ്കീർത്തനങ്ങൾക്കുള്ള സ്ഥാനം ഒന്നു വേറെതന്നെയാണ്[6]. കാൽദായസുറിയാനിറീത്തിന്റെ കാര്യം തന്നെയെടുക്കാം. സങ്കീർത്തനങ്ങൾ ആരംഭം മുതൽ ക്രമാനുഗതമായി നിശാപ്രാർത്ഥനയിലുപയോഗിക്കുകയായിരുന്നു പതിവ്. അതിനും പുറമേയാണ് സായാഹ്നത്തിലേയും പ്രഭാതത്തിലേയും യാമപ്രാർത്ഥനകളിലെ സങ്കീർത്തനങ്ങൾ. പണ്ടത്തെ പതിവനുസരിച്ച് ഞായറാഴ്ചകളിലെ നിശാപ്രാർത്ഥനയിൽ പകുതിയിലധികം സങ്കീർത്തനങ്ങളും ചൊല്ലുവാനുണ്ടായിരുന്നു. പിറവിത്തിരുനാളിലെ നിശാപ്രാർത്ഥനയിൽ സങ്കീർത്തനങ്ങൾ ഒന്നൊഴിയാതെ മുഴുവനും ആലപിച്ചുപോന്നു.

1947-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ച Mediator Dei (''ദൈവത്തിന്റെ മദ്ധ്യസ്ഥൻ'') എന്ന വിശ്വലേഖനത്തിൽ സങ്കീർത്തനങ്ങളെക്കുറിച്ചുള്ള ഭാഗം ശ്രദ്ധേയമാണ്. ''സങ്കീർത്തനങ്ങൾ നമ്മുടെ ദിനങ്ങളെ പാവനമാക്കിച്ചെയ്യുന്നു; മോടിപിടിപ്പിക്കുന്നു. കസ്സിഡോറസ്സ് പറയുന്നതുപോലെ 'ആനന്ദഗാനങ്ങൾ മീട്ടി അവ നമ്മുടെ പ്രഭാതങ്ങളെ മധുരതരമാക്കുന്നു........ദിവസത്തിന്റെ അന്ത്യവിനാഴികകളെ ധന്യമാക്കി, രാവിന്റെ ഇരുൾപ്പരപ്പു നമ്മുടെ ആത്മാവിനെ വലയം ചെയ്യാതെ കാക്കുന്നു.' അവ ക്രിസ്തുവിന്റെ മഹത്വത്തിന്റെ മഹിമാവിനെ വെളിപ്പെടുത്തുന്നു; അവിടുത്തെ പരമാധികാരത്തേയും പരമശക്തിയേയും വിളംബരം ചെയ്യുന്നു. വിണ്ണിനെ വിട്ടു മണ്ണിലേക്കുവന്ന അവിടുത്തെ

---

6. T. LUKE C M I, cfr notes on Liturgy

www.malankaralibrary.com

ശൂന്യവത്ക്കരണത്തേയും പൗരോഹിത്യ പദവിയേയും രാജപ്രതാപത്തേയും, മനുഷ്യരക്ഷക്കുവേണ്ടിയുള്ള രക്തച്ചൊരിച്ചിലിനേയുമെല്ലാം പാടിപ്പുകഴ്ത്തുന്നു. അതുപോലെതന്നെ നമ്മുടെ ആത്മാവിന്റെ ആനന്ദവും ദൈവത്തിലുള്ള പ്രത്യാശയും, അതിന്റെ കഷ്ടപ്പാടുകളും വേദനയും പര്യാകുലതകളും, സ്നേഹത്തെ സ്നേഹംകൊണ്ടു വീട്ടുവാനുള്ള ഒടുങ്ങാത്ത ദാഹവും, നിത്യക്കൂടാരങ്ങളിലേക്കുള്ള അതിന്റെ ആരോഹണവുമെല്ലാം പ്രതിഫലിപ്പിക്കുക കൂടി ചെയ്യുന്നുണ്ട് സങ്കീർത്തനങ്ങൾ''[7].

## ഇതര സഭകളിൽ

ക്രൈസ്തവസഭാവിഭാഗങ്ങളുടെയെല്ലാം ഔദ്യോഗിക പ്രാർത്ഥനയാണു സങ്കീർത്തനങ്ങൾ. സങ്കീർത്തനങ്ങളുടെ ഈ നീരുറവയിൽനിന്നും സഭ ആവുന്നത്ര കോരിയെടുക്കുന്നുണ്ട്. കത്തോലിക്കരല്ലാത്ത മററു ക്രൈസ്തവരുടെയിടയിലും ഏതാണ്ടിതുതന്നെയാണു സ്ഥിതി. പ്രോട്ടസ്റ്റന്റു നവീകരണത്തിനു നേതൃത്വം കൊടുത്ത മാർട്ടിൻ ലൂതറിന്റെ വാക്കുകൾ ഇവിടെ ഉദ്ധരിക്കാം. അദ്ദേഹം പറയുന്നു: ''വിശുദ്ധാത്മാക്കൾക്കെല്ലാം പ്രിയംകരങ്ങളായിരുന്നു സങ്കീർത്തനങ്ങൾ. ഓരോരുത്തരും, അവർ ഏതേതു സാഹചര്യങ്ങളിൽ ജീവിക്കുന്നവരായാലും ശരി, അവർക്കു പററിയ സങ്കീർത്തനങ്ങളോ, സങ്കീർത്തന ഭാഗങ്ങളോ കണ്ടെത്തിയിരുന്നു........ചുരുക്കിപ്പറയാം, വിശുദ്ധസഭയുടെ വർണ്ണോജ്ജ്വലമായ ഒരു ചിത്രം, ജീവത്തായ ഒരു രൂപം നിങ്ങൾക്കു കാണണമോ, എങ്കിൽ സങ്കീർത്തനങ്ങളിലേക്കു തിരിയുക. സഭയുടെ ഒരു ചെറുപതിപ്പു നിങ്ങൾക്കവിടെ കണ്ടെത്താനാവും. ക്രിസ്തുവിന്റെ സഭ വാസ്തവത്തിൽ എന്താണെന്നു പ്രതിഫലിപ്പിച്ചു കാട്ടുന്ന മനോമോഹനമായൊരു അച്ഛസ്ഫടികമാണു സങ്കീർത്തനങ്ങൾ. അതിൽ നിങ്ങൾ നിങ്ങളെത്തന്നെ കണ്ടെത്തും; ദൈവത്തെകണ്ടെത്തും; അവിടത്തെ സൃഷ്ടലോകത്തെയും''[8].

## നേട്ടങ്ങളും കോട്ടങ്ങളും

സഭ സങ്കീർത്തനങ്ങളെ ആദരിക്കുകയും ഇന്നും ആവർത്തിച്ചുരുവിടുകയും ചെയ്യുന്നുണ്ടെന്നതു വാസ്തവം തന്നെ. പക്ഷേ, അതിലെന്തോ പന്തികേടില്ലേ എന്നു സംശയിക്കുന്നവരുമുണ്ട്. രണ്ടുമൂന്നു കാരണങ്ങളാണ് ഈ ചിന്തയ്ക്കാധാരം.

ഒന്ന്: സങ്കീർത്തനങ്ങൾ കാലഹരണപ്പെട്ടവയാണെന്നാണ് ചിലരുടെ പക്ഷം. പഴകിത്തുരുമ്പിച്ച, പൂപ്പലും

7. 'Mediator Dei', AAS, XXXIV, December 1947, P. 574
8. M. LUTHER, Preface to German Psalter, as quoted by A. WEISER in The Psalms, London, 1965, P. 20

www.malankaralibrary.com

മാറാലയും പിടിച്ച, കേൾക്കാനിമ്പമില്ലാത്ത ഈ ഒഴുക്കൻ പാട്ടുകളെ ഇന്നും വച്ചുപൂജിക്കുന്നതിലർത്ഥമില്ലെന്നാണ് ഇത്തരക്കാരുടെ വാദം. ഇന്നത്തേതിൽനിന്നും തികച്ചും ഭിന്നമായൊരു സാഹചര്യത്തിൽ ജനിച്ച, ഭിന്നമായൊരു സംസ്കാരത്തിന്റെ ചൈതന്യമുൾക്കൊണ്ടു വളർന്ന സങ്കീർത്തനങ്ങൾക്ക് ഇന്നത്തെ മനുഷ്യന്റെ വികാരങ്ങളെ ഉൾക്കൊള്ളാനാവില്ലെന്നും അതുകൊണ്ട് അവ ഇന്നത്തെ മനുഷ്യനു പററില്ലെന്നും അവർ പറയും. ഉടമ്പടിയും പുറപ്പാടും കാനാനുമെല്ലാം ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന സംഗതികൾ തന്നെ, സംശയമില്ല. പക്ഷേ ഇന്നത്തെ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവയ്ക്കൊന്നും പ്രാധാന്യമില്ല. അവയൊന്നും അവനെ കാര്യമായി ബാധിക്കില്ല.

ജീവിച്ചിരിക്കുന്ന തലമുറകൾക്കിടയിൽപോലും 'തലമുറ വിടവു'' ആഴമായിരിക്കുന്ന കാലത്ത്, നൂററാണ്ടുകൾക്കുമുമ്പേ കടന്നുപോയ ഒരു തലമുറയുടെ വിചാരധാരകൾ പഴഞ്ചനായി ത്തോന്നുന്നുവെങ്കിൽ, അതിലത്ഭുതപ്പെടാനില്ല.

എങ്കിലും സങ്കീർത്തനങ്ങളെ ഇങ്ങനെ അറുപഴഞ്ചനായി തള്ളാനാവുമോ? പററില്ല. വെറും സാഹിത്യകൃതികളോടുള്ള ഒരു സമീപനം സങ്കീർത്തനങ്ങളുടെ കാര്യത്തിൽ സ്വീകാര്യമല്ല. ദൈവസന്നിധാനത്തിൽ ആലപിക്കുവാനാണവ രചിക്കപ്പെട്ടത്. ദൈവാത്മാവിന്റെ പ്രചോദനത്താലാണ് അവ രൂപംകൊണ്ടത്. ദൈവജനവും ദൈവവുമായുള്ള സമ്പർക്കത്തിലാണ് അവയുടെ ഉറവിടം. തന്മൂലം ഡ്രൈവേർസ് പറയുന്നതുപോലെ, ''സങ്കീർത്തനങ്ങൾ നമ്മെ സംബന്ധിച്ചും അർത്ഥവത്താണ്. ദൈവത്തെയും നമ്മെയും കൂട്ടിയിണക്കുന്ന കണ്ണികളാണവ. പുരാവസ്തുഗവേഷണം നടത്തി അവയെ കണ്ടെടുക്കേണ്ട ആവശ്യമില്ല. പണ്ഡിതന്മാരെ മാത്രമാകർഷിക്കുന്ന ഏതോ വിശേഷ വസ്തുവുമല്ല സങ്കീർത്തനങ്ങൾ. മ്യൂസിയങ്ങളിലെ കാഴ്ചവസ്തുക്കളുമല്ല. പഴയകാലത്തെന്നതുപോലെ തന്നെ ഇന്നും സഭയുടെ പ്രാർത്ഥനകളാണവ. ദൈവത്തിന്റെ മഹിമാവിനെയും സ്നേഹാതിരേകത്തെയും വാഴ്ത്തുന്ന, മനുഷ്യന്റെ പാപാധിക്യത്തേയും നന്ദിഹീനതയേയും പഴിക്കുന്ന ഗാനങ്ങൾ. തളർച്ചയില്ലാതെ ദൈവത്തെ തേടുന്ന മനുഷ്യന്റെ ചിത്രം നമുക്കതിൽ കാണാം. അനന്താപാകുലവും കൃതജ്ഞതാനിർഭരവുമായ മനുഷ്യഹൃദയത്തിന്റെ സ്പന്ദനങ്ങളും നമുക്കതിൽ കാണാം.''[9] ചുരുക്കത്തിൽ, ഭൂതകാലത്തിന്റെ ശവകുടീരത്തിലടിഞ്ഞുകിടക്കുന്ന ചൈതന്യമററ സാഹിത്യജഡമല്ല സങ്കീർത്തനം. ഇന്നത്തെ മനുഷ്യന്റെ ജീവചൈതന്യമുൾക്കൊള്ളുവാനും അവയ്ക്കു കഴിവുണ്ട്.

---

9. P. DRIJVERS, The Psalms: their Structure and Meaning' New York, 1965, P. 2

www.malankaralibrary.com

രണ്ടു്: സങ്കീർത്തനങ്ങളിലെ ആശയങ്ങളോടാണു് ഇനിയും ചിലക്കു് എതിർപ്പു്. ദൈവശാസ്ത്രപരമായും ധാർമ്മിക നിലവാരത്തിലും സങ്കീർത്തനങ്ങൾ കുറെയൊക്കെ പ്രാകൃതമോ വികലമോ ആണെന്ന ചിന്തയാണീ എതിർപ്പിനു കാരണം. സങ്കീർത്തനങ്ങളുടെ ആദ്ധ്യാത്മികതയിൽ അപൂർണ്ണതകളുണ്ടു്. അവയിലെ ദൈവവിജ്ഞാനീയം വളർച്ചയെത്താത്തതാണു്. ധാർമ്മികത അപൂർണ്ണവുമാണു്. ഇന്നത്തെ നിലവാരം വച്ചളന്നാൽ സങ്കീർത്തനങ്ങൾ നൽകുന്ന ചിത്രം വികൃതമായിത്തോന്നാം. കുറെയൊക്കെ ഭൗതികമാണവയിലെ ചിന്താഗതി. മരണാനന്തരജീവിതത്തെപ്പററിയുള്ള അറിവില്ലായ്മ ഈ ലോകത്തിൽ വച്ചുതന്നെ ദൈവനീതിയുടെ വിജയവും ദുഷ്ടന്റെ ശിക്ഷയും പ്രതീക്ഷിക്കുന്നതിനു് സങ്കീർത്തന കർത്താക്കളെ പ്രേരിപ്പിച്ചു. അതുപോലെ നല്ല ജീവിതത്തിനും ഇവിടെ വച്ചുതന്നെ പ്രതിസമ്മാനം ലഭിക്കണം. മരണാനന്തരജീവിതത്തെപ്പററിയുള്ള ധാരണകൾ പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സങ്കീർത്തനങ്ങൾ ദൈവാവിഷ്ക്കരണത്തിന്റെ ഒരു ഘട്ടമാണെന്നോർമ്മിക്കണം. ദൈവത്തിന്റെ വെളിപാടു് കൂടുതൽ വ്യക്തമാകുമ്പോൾ സങ്കീർത്തനങ്ങളിലെ മുഖ്യപ്രമേയങ്ങൾ ആ വെളിപാടിന്റെ പ്രകാശത്തിൽ പുനർവിചിന്തനം ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യുക ആവശ്യമാണു്.

മൂന്നു്: ഇതിലെല്ലാം കടുപ്പം ചില സങ്കീർത്തനങ്ങളിലെ ശാപവർഷമാണു്. നോക്കുക, ഒരു സങ്കീർത്തനത്തിലെ പ്രാർത്ഥനയുടെ പോക്കു്!

അവരുടെ ആയുസ്സു് കുറഞ്ഞുപോകട്ടെ

അവരുടെ അവകാശം മററുള്ളവർ കൈയടക്കട്ടെ

ക്രൈസ്തവചിന്താഗതിക്കു് ഒട്ടും നിരക്കാത്ത ഇത്തരം സങ്കീർത്തനങ്ങളെ ക്രൈസ്തവപ്രാർത്ഥനകളായുരുവിടുവാൻ എങ്ങനെ കഴിയും?[10]

ഒന്നാമതായി ഈ 'ശാപസങ്കീർത്തന'ങ്ങളുടെ പശ്ചാത്തലവും അതെഴുതിയവരുടെ വീക്ഷണഗതിയും മനഃശാസ്ത്രവുമെല്ലാം നാം കണക്കിലെടുക്കേണ്ടതുണ്ടു്. അത്തരമൊരു സമീപനത്തിനു മാത്രമേ അവയുടെ വിവക്ഷിതാർത്ഥത്തെ വെളിപ്പെടുത്താനാവൂ. സി. എസ്. ലൂവിസ് ഇതേപ്പററി പറയുന്നതിപ്രകാരമാണു്: ''ഈദൃശ സങ്കീർത്തനഭാഗങ്ങളെ വെറുതെ നിസ്സാരമാക്കിത്തള്ളാനാവില്ല. ദൈവനിവേശിതമായ വിശുദ്ധഗ്രന്ഥഭാഗമാണവയെന്നതുകൊണ്ടു് ഇവയിൽ പ്രകടമാ.

---

10. സങ്കീർത്തനങ്ങളിലെ അഭിശാപപ്രയോഗങ്ങളെപ്പററിയുള്ള ലേഖനം കാണുക.

www.malankaralibrary.com

കുന്ന വിദ്വേഷം നല്ലതാണെന്ന മിഥ്യാധാരണയുമരുത്. വസ്തുതകളെ അതായിരിക്കുന്നതുപോലെ നമുക്ക സമീപിക്കാം. അവയിൽ വിദ്വേഷം പ്രകടിതമാണ്, നഗ്നമായ വിദ്വേഷം. അതിനെ നമ്മൾ കുററരഹിതമായി കരുതുകയോ അംഗീകരിക്കുകയോ ചെയ്താൽ തെററായിരിക്കും നമ്മൾ ചെയ്യുന്നത്. അവയുടെപേരിൽ നമ്മിലുള്ള സമാന വികാരങ്ങൾ നീതീകരിക്കാനും പാടില്ല. ........ഏതായാലും, സ്വാതന്ത്ര്യത്തോടെ യാതൊരു വളവും പുളവുമില്ലാതെ, ഒളിച്ചുകളികളൊന്നും കൂടാതെ ഉള്ളിൽ തോന്നിയതപ്പാടെ വിളിച്ചു പറയുന്ന സങ്കീർത്തകൻെറ ശിശുസഹജമായ നിഷ്കളങ്ക മനോഭാവമാണ് ഇവിടെ നമ്മൾ കാണുക''[11].

യാതൊരു കടിഞ്ഞാണുമില്ലാത്ത ഈ ശാപവർഷം, ശത്രു മുടിഞ്ഞു കാണുവാനുള്ള ആഗ്രഹത്തേക്കാളുപരി അനീതിയോടും അധർമ്മത്തോടുമുള്ള സങ്കീർത്തകൻെറ ധർമ്മരോഷമാണു വെളിവാക്കുക. അധർമ്മവും അനീതിയും അവസാനിച്ചു ദൈവത്തിൻെറ നീതി പുലർന്നുകാണുവാനുള്ള അഭിവാഞ്ഛയാണവയിൽ പ്രകടമാവുക. എല്ലാ ശാപസങ്കീർത്തനങ്ങളെക്കുറിച്ചും ഇതു പറയാനാവില്ലായിരിക്കാം. എന്നിരുന്നാലും മാനുഷികാഭിലാഷങ്ങൾ, അവ ശരിയാകട്ടെ, തെററാകട്ടെ, പ്രാർത്ഥനാപ്രകരണങ്ങളായി വാർന്നു വീഴുകയാണ് ശാപസങ്കീർത്തനങ്ങളിൽ[12].

## സങ്കീർത്തനങ്ങളുടെ ക്രൈസ്തവാർത്ഥകൽപ്പന

ഇപ്പറഞ്ഞതിൽനിന്നെല്ലാം സങ്കീർത്തനങ്ങളെ ക്രൈസ്തവ പ്രാർത്ഥനകളായെണ്ണുന്നതിൽ തോന്നുന്ന ചില്ലറ വൈഷമ്യങ്ങൾ വലിയ കഴമ്പില്ലാത്തവയാണെന്നു കാണാം. അതുകൊണ്ടു സഭ സങ്കീർത്തനങ്ങളെ അവളുടെ പ്രാർത്ഥനയായി സ്വീകരിച്ചിരിക്കുകയാണ്. സഭ പുതിയ ഇസ്രായേലാണ്. സങ്കീർത്തനങ്ങൾ സഭയ്ക്കു പഴയ ഇസ്രായേലിൽനിന്നും ലഭിച്ചിട്ടുള്ള പൈതൃകവും. ശരിയാണ്, സങ്കീർത്തനങ്ങൾ കുറെ പഴയതാണ്. അതുകൊണ്ടുമാത്രം അവ ഉപയോഗരഹിതമെന്നു വരുന്നില്ല. 'ജരാനരകൾ ബാധിച്ചു എന്ന കാരണത്താൽ ഒരു കുഞ്ഞും തൻെറ മാതാവിനെ തള്ളിപ്പറയാറില്ല. അതുപോലെതന്നെ സഭയ്ക്കും അവളുടെ പഴയ പാരമ്പര്യത്തെ മറക്കാനാവില്ല. അവളതിനെക്കുറിച്ചു ബോധവതിയുമാണ്. ഈ പ്രാർത്ഥനകളെ തിരുത്തിക്കുറിക്കുവാനോ, വെട്ടിച്ചുരുക്കുവാനോ സഭ തയ്യാറല്ല. സങ്കീർത്തനങ്ങളുടെ പൂർവ്വപ

11. C. S. LEWIS, Reflections on the Psalms, Fantana books, 1958, P. 15
12. J. HASTINGS, Dictionary of the Bible, Revised Edition. P. 788

www.malankaralibrary.com

രിശുദ്ധിയും മുഖകാന്തിയും കാത്തുസൂക്ഷിക്കുവാനാണ സഭ ആഗ്രഹിക്കുന്നതു്. അതേ, ഇസ്രായേലിൻെറ അതേ സങ്കീർത്തനങ്ങൾ തന്നെയാണ സഭയുടേതും'[13].

എങ്കിലും സങ്കീർത്തകൻെറ വീക്ഷണകോണത്തിലൂടെ സങ്കീർത്തനങ്ങളെ കാണുക അത്ര എളുപ്പമല്ല, ഇന്നത്തെ ക്രൈസ്തവനു്. ഏതായാലും ഒരു പ്രത്യേക മാനസികഭാവം അഥവാ വീക്ഷണം പുലർത്തിയെങ്കിൽ മാത്രമേ സങ്കീർത്തനങ്ങളെ തൻെറ പ്രാർത്ഥനയാക്കിത്തീർക്കുവാൻ ക്രൈസ്തവനു കഴിയൂ. അതായതു്, ''സങ്കീർത്തനങ്ങളുടെ ക്രൈസ്തവധ്വനി'' (Christian significance of the Psalms) കണ്ടെത്തുവാൻ അവനു കഴിയണം. എന്നുവച്ചു് സങ്കീർത്തനങ്ങളിൽ നമ്മുടെ ആശയങ്ങൾ കുത്തിത്തിരുകിക്കയററണമെന്നോ ഇഷ്ടമുള്ള അർത്ഥകല്പനകൾ നൽകാമെന്നോ അർത്ഥമാക്കേണ്ടതില്ല. അവ ദൈവത്തിൻെറ നിവേശിതവചനങ്ങളാണെന്നും, നമ്മുടെ രക്ഷാകരരഹസ്യവുമായി അവഗാഢബന്ധമുള്ളവയാണെന്നുമുള്ള ഒരവബോധമാണാവശ്യം. ''ഇന്നത്തെ തലമുറയ്ക്കു്, പഴയനിയമ കാലഘട്ടത്തിനുശേഷം ഇരുപതു നൂററാണ്ടുകളും, ചില സങ്കീർത്തനങ്ങളുടെ രചനയ്ക്കുശേഷം മുപ്പതു നൂററാണ്ടുകളും കഴിഞ്ഞു ജീവിക്കുന്ന നമ്മുടെ തലമുറയ്ക്കു്, ഏററവുമാവശ്യം ഈ ക്രൈസ്തവാർത്ഥകല്പന കണ്ടെത്തുകയാണു്. സങ്കീർത്തനങ്ങൾക്കു് ഇങ്ങനെ ഒരു ധ്വനി കണ്ടെത്തുക ഇന്നു് എളുപ്പമുള്ള കാര്യമാണു്. കാരണം, സങ്കീർത്തനങ്ങളുടെ ഈരടികൾ അർത്ഥഗർഭമായിത്തീർന്നതു് ക്രിസ്തുവിൻെറ ആഗമനശേഷം മാത്രമാണു്''[14].

## ക്രിസ്തു : സങ്കീർത്തനങ്ങളുടെ ഗായകൻ[15]

ഒരുപക്ഷേ, സങ്കീർത്തനങ്ങളെ ക്രൈസ്തവപ്രാർത്ഥനാഗാനങ്ങളായെണ്ണുവാൻ ഏററം വലിയ പ്രേരണ, ക്രിസ്തു സങ്കീർത്തനങ്ങളുടെ ഗായകനും അതിലെ നായകനും ആണെന്ന വസ്തുതയാണു്. സെൻറ്ഗസ്റ്റിൻ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്നതു് 'സങ്കീർത്തനങ്ങളുടെ ദിവ്യഗായകൻ' എന്നാണു്. സങ്കീർത്തനങ്ങൾ അവിടത്തേയ്ക്കു ചിരപരിചിതങ്ങളായിരുന്നു. അവിടന്നു പലപ്പോഴും സങ്കീർത്തനവാക്യങ്ങളുദ്ധരിക്കുന്നതു നാം കാണുന്നുണ്ടു്. പ്രാർത്ഥനയുടെ മനുഷ്യനായ ക്രിസ്തു പ്രാർത്ഥിക്കുന്നതും സങ്കീർത്തന

---

13. C. HAURET, The Song of the People of God, Chicago, 1965, P. 25
14. DRIJVERS, op. cit. P. 11
15. cf. A. GELIN, op. cit. Pp. 52 ff

www.malankaralibrary.com

ങ്ങളുരുവിട്ടുകൊണ്ടാണ്. പന്ത്രണ്ടാമത്തെ വയസ്സിൽ അവിടന്ന് ഓർശ്ലേം ദേവാലയത്തിലേയ്ക്ക തീർത്ഥാടനം നടത്തുന്നുണ്ട്. അന്നു പതിവായിരുന്നതുപോലെ, മററു തീർത്ഥകരോടൊത്ത് അവിടന്നും ആലപിച്ചുകാണും,

നമുക്കു ദൈവ ഭവനത്തിലേക്കു പോകാം'
എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.
ഓർശ്ലേമേ, എന്റെ പാദങ്ങൾ
ഇതാ നിന്റെ വാതില്ക്കലായി.
കോട്ടയാൽ ചുററപ്പെട്ട പട്ടണം പോലെ
ഓർശ്ലേം പണിയപ്പെട്ടിരിക്കുന്നു.
കർത്താവിന്റെ ഗോത്രങ്ങളെല്ലാം
അതിൽ പ്രവേശിക്കുന്നു.'............... എന്നിങ്ങനെ പോകുന്ന 122-ാം സങ്കീർത്തനം. വർഷം തോറും പെസഹാത്തിരുനാളിൽ അവിടന്ന് 136-ാം സങ്കീർത്തനം പാടി 'നല്ലവനായ ദൈവത്തെ' സ്തുതിച്ചിട്ടുണ്ടാവും. പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികളധികവും സങ്കീർത്തനങ്ങളിൽ നിന്നാണ് അവിടുന്നു സ്വീകരിച്ചിട്ടുള്ളത്. യൂദാസിന്റെ കൊടുംവഞ്ചനയിലുള്ള ഹൃദയനൊമ്പരം ഒരു സങ്കീർത്തനവാക്യത്തിലൂടെയാണ് വെളിവാകുന്നത്.

ഒരുമിച്ചു ഭക്ഷണം കഴിക്കുമായിരുന്ന
എന്റെ വിശ്വസ്തമിത്രങ്ങൾ പോലും
എനിക്കെതിരായിത്തീർന്നു (സങ്കീ 41:9; യോഹ 13:18) എന്നാണ് അവിടത്തെ വിലാപം. ഗെത്സേമനിയിലെ ദുരന്തയാതനകൾ താങ്ങാനാവാതെ അവിടന്നു വിളിച്ചുകേഴുന്നത് 'എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു' എന്ന 42-ാം സങ്കീർത്തനഭാഗമാണ് (മത്താ 26:33; മർക്കോ 14:34; യോഹ 12:27). കാൽവരിയിലെ പരമയാഗത്തിനിടയ്ക്കു രണ്ടുതവണ അവിടുന്നു സങ്കീർത്തനങ്ങളിലേക്കു തിരിയുന്നുണ്ട്. യാഹ്വേയുടെ ദരിദ്രന്റെ പാട്ടായ 22-ാം സങ്കീർത്തമാണ് കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് ആലപിക്കുന്നത്.

എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു (മത്താ 27:46). അവിടത്തെ അധരങ്ങളിൽ നിന്നും വീഴുന്ന അവസാനവാക്കുകളും സങ്കീർത്തനഭാഗമാണ്.

കർത്താവേ, അങ്ങേ തൃക്കരങ്ങളിൽ
എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.
(സങ്കീ. 3:15; ലൂക്കാ 23:46)

www.malankaralibrary.com

സെൻറഗസ്റ്റിൻെറ വാക്കുകൾ തികച്ചും അന്വർത്ഥമാണ്. ക്രിസ്തുവിനെക്കുറിച്ച്, അവിടന്നു 'സങ്കീർത്തനങ്ങളുടെ ദിവ്യഗായകൻ' തന്നെ. ''പീഡനങ്ങൾക്കടിപ്പെട്ട് ഞെങ്ങിഞെരുങ്ങുന്ന നീതിമാനായമനുഷ്യൻെറ യാചനയും, ദുരന്തയാതനകളനുഭവിക്കുന്ന ദൈവദാസൻെറ ദീനവിലാപവുമെല്ലാം ഏതൊരു ഇസ്രായേൽക്കാരൻെറയും ചുണ്ടിലേക്കാൾ കൂടുതൽ അർത്ഥപുഷ്ടമാകുന്നതു് ക്രിസ്തുവിൻെറ അധരപുടങ്ങളിൽ നിന്നു വീഴുമ്പോഴാണ്...............ദൈവസന്നിധാനത്തിൽ മനുഷ്യമനോഭാവത്തെ വ്യഞ്ജിപ്പിക്കുന്ന സങ്കീർത്തനങ്ങൾ പൂർണ്ണമായി സാർത്ഥകമാകുന്നതും പുതിയ ആദമായ ക്രിസ്തുവിൽതന്നെ. അങ്ങനെ ക്രിസ്തുവിൽ സങ്കീർത്തനങ്ങളുടെ ദൈവത്തെ നാം കണ്ടെത്തുന്നു; സങ്കീർത്തകൻെറ സ്വരം ക്രിസ്തുവിൻേറതായി നമുക്കനുഭവപ്പെടുകയും ചെയ്യും''[16].

## ക്രിസ്തു: സങ്കീർത്തനങ്ങളിലെ നായകൻ

ക്രിസ്തു സങ്കീർത്തനങ്ങളുടെ ഗായകൻ മാത്രമല്ല, അവവയിലെ നായകനും കൂടിയാണ്. വി. ഹിലാരി പറയുന്നതു പോലെ 'സങ്കീർത്തനങ്ങളിലെ പ്രതിപാദ്യമെല്ലാം ക്രിസ്തുവിൻെറ വ്യക്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്''[17]. സങ്കീർത്തനങ്ങളിൽ ചിലതെങ്കിലും വരുവാനിരുന്ന രക്ഷകനെ ഉന്നം വെച്ചെഴുതപ്പെട്ടവയാണെന്നു സ്പഷ്ടമാണ്. 2, 72, 110 എന്നീ സങ്കീർത്തനങ്ങൾ പ്രത്യക്ഷമായും 22, 40, 45, 89, 132 എന്നീ സങ്കീർത്തനങ്ങൾ പരോക്ഷമായും മെസയാനികമാണെന്നു ലഗ്രാൻഷ് എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്[18].

ഇനിയും ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളെ അനുസ്മരിപ്പിക്കുവാൻ സഭ നമ്മെ സങ്കീർത്തനങ്ങളിലേക്കാണു തിരിക്കുക.

നീ എൻെറ പ്രിയപുത്രനാകുന്നുവെന്നും
ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചുവെന്നും
കർത്താവ് എൻെറ കർത്താവിനോടരുളിച്ചെയ്തു
(സങ്കീ:2:7)

എന്ന ഭാഗം അവിടുത്തെ ജനനത്തേയും

16. J. GELINEAU, op. cit. 1. 7
17. Tractatus Super Psalmos, X, Col. 339 as quoted by GASNIER op. cit. P. 122
18. M. J. LAGRANGE, Revue Biblique, 1905, P. 39, as quoted by GASNIER op. cit. P. 126

www.malankaralibrary.com

അവിടന്നു വിജാതീയരുടെ ഇടയിൽ
തന്റെ നീതി വെളിപ്പെടുത്തി (സങ്കീ 98:2)

എന്ന ഭാഗം അവിടത്തെ പ്രത്യക്ഷീകരണത്തെയും സൂചിപ്പിക്കു ന്നവയാണ്. സങ്കീർത്തനം 22 ക്രിസ്തുവിന്റെ പീഡനക ളെയും, 118 ഉയർപ്പിനെയും, 47 സ്വർഗ്ഗാരോഹണത്തെയും, 96 മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തേയും കുറിച്ചുള്ള സൂചനകൾ നിറഞ്ഞവയാണ്. ഇങ്ങനെ ക്രിസ്തുവിന്റെ വ്യക്തിത്വം സങ്കീർത്തനങ്ങളിലുടനീളം ചിലപ്പോൾ തെളി ഞ്ഞും മറ്റു ചിലപ്പോൾ ഒളിഞ്ഞും കണ്ടെത്താവുന്നതാണ്.

## ഉപസംഹാരം

ക്രിസ്തു ഗായകനും നായകനുമായി പ്രത്യക്ഷപ്പെടുന്ന സങ്കീർത്തന സമാഹാരത്തെ ക്രിസ്തുവിന്റെ വധുവായ സഭ ഏറ്റുപാടുന്നതു തികച്ചും ഉചിതമാണ്. ഈ സങ്കീർത്തനാലാ പത്തിലൂടെ സഭ ക്രിസ്തുവിനോടാണോ, അതോ നേരിട്ടു ദൈവത്തോടാണോ പ്രാർത്ഥിക്കുന്നതെന്നു ചോദിച്ചേക്കാം. ചില സങ്കീർത്തനങ്ങളെങ്കിലും ക്രിസ്തുവിനോടുനേരിട്ടുള്ള പ്രാ ർത്ഥനയായി ഗണിക്കപ്പെടാം. പക്ഷേ, എല്ലാം അങ്ങനെയല്ല. പലതും ദൈവത്തോടുള്ള പ്രാർത്ഥനകളോ മറ്റു പരിചിന്തനങ്ങ ളോ ആണ്. വി. പൗലോസിന്റെ ഭാഷയിൽ 'ഏകമദ്ധ്യസ്ഥ നായ ക്രിസ്തുവിനോടുചേർന്നുകൊണ്ടു്, ക്രിസ്തു വഴിയായി സഭ അവളുടെ ഈ പ്രാർത്ഥനയും പിതാവിനർപ്പിക്കുന്നു എന്നു പറയുകയായിരിക്കും കൂടുതൽ ഭംഗി.

ജെ. എസ്. തേക്കുങ്കൽ, C. M. I., M. Sc

ധർമ്മാരാം കോളേജ്,
ബാംഗ്ലൂർ–29.

www.malankaralibrary.com

# "കർത്താവ് എന്റെ ഇടയനാകുന്നു....."
# (സങ്കീർത്തനം 23)

അനിർവ്വചനീയമായ ആദ്ധ്യാത്മികാനുഭൂതിയും അതുല്യമായ ആനന്ദവും ആശ്വാസവും അനുഭവവേദ്യമാക്കുന്ന മനോഹരമായ പ്രാർത്ഥനയാണ് 23-ാം സങ്കീർത്തനം. ഹൃദയത്തിന്റെ മൃദുലതന്ത്രികളോളം സ്പർശിച്ച്, മനുഷ്യനെ തികച്ചും ദിവ്യമേഖലയിലേക്കുയർത്തി, അവിടെ ദൈവത്തിന്റെ സ്നേഹാനപിതമായ സാന്നിദ്ധ്യവും സാമീപ്യവും പരിപാലനയും അനുഭവിച്ചാസ്വദിപ്പിക്കാൻ ഈ പ്രാർത്ഥന സഹായിക്കുന്നു. ദൈവത്തിലുള്ള ശിശുസഹജമായ ആശ്രയബോധവും തജ്ജന്യമായ ഹൃദയാഹ്ലാദവും സമാധാനവും സംതൃപ്തിയുമാണ് പ്രാർത്ഥനയുടെ ഉള്ളടക്കം. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽപോലും അടിപതറാതെ, ദൈവത്തിന്റെ സർവ്വസ്പർശിയായ പരിരക്ഷണയുടെ തണലിൽ സ്വസ്ഥതയും ആനന്ദസായൂജ്യവും കണ്ടെത്തുന്ന ഒരു വിശ്വാസിയുടെ അത്യന്തം ഹൃദയസ്പർശിയായ ഉദ്ഗാനമാണ് ഈ സങ്കീർത്തനം. കർത്തൃപ്രാർത്ഥന കഴിഞ്ഞാൽ ഇത്ര മനോരഞ്ജകമായ മറെറാരു പ്രാർത്ഥന ബൈബിളിലുണ്ടോ എന്നുതന്നെ സംശയമാണ്. അസ്വസ്ഥതകളും അസമാധാനവും അസംതൃപ്തിയും നിരാശാബോധവുമെല്ലാം എന്നത്തെക്കാളുമുപരി മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്ന ആധുനികയുഗത്തിൽ ഈ സങ്കീർത്തനം മനുഷ്യന്റെ അദമ്യമായ ഹൃദയാഭിലാഷങ്ങളെ ഏതുവിധം പൂരിപ്പിക്കണമെന്ന വസ്തുതയിലേക്കു വിരൽ ചൂണ്ടുകയാണ്. ബോധപൂർവ്വം പ്രാർത്ഥിക്കാൻ ഉപകരിക്കത്തക്കവിധം സങ്കീർത്തനത്തിന്റെ അന്തരാർത്ഥങ്ങളിലേക്ക് അല്പം വെളിച്ചം വീശാനുള്ള ഉദ്യമമാണിവിടെ.

1. കർത്താവ് എന്റെ ഇടയനാകുന്നു;
   എനിക്ക് ഒന്നിനും കുറവില്ല.

2. സമൃദ്ധമായ പുൽത്തകിടികളിൽ
   അവിടുന്ന് എന്നെ മേയിക്കുന്നു;
   പ്രശാന്തമായ ജലാശയത്തിലേക്ക്
   അവിടുന്ന് എന്നെ നയിക്കുന്നു.

3. അവിടുന്ന് എന്റെ ജീവനെ ബലപ്പെടുത്തുന്നു.
   തന്റെ നാമത്തെപ്രതി നേർവഴിക്കു എന്നെ നയിക്കുന്നു.

www.malankaralibrary.com

4. അങ്ങ് എന്റെകൂടെയുള്ളതിനാൽ
ഇരുളടഞ്ഞ താഴ്വരയിലൂടെ നടന്നാലും
ഒരനർത്ഥവും ഞാൻ ഭയപ്പെടുകയില്ല.
അങ്ങേ ചെങ്കോലും വടിയും
എനിക്കു് ആശ്വാസം നൽകുന്നു.

5. എന്റെ ശത്രുക്കളുടെ മുമ്പിൽ
അങ്ങെനിക്കു വിരുന്നൊരുക്കി.
എന്റെ ശിരസ്സ് തൈലംകൊണ്ടു പൂശി;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

6. ജീവിതകാലം മുഴുവൻ
നന്മയും കാരുണ്യവും എന്നെ പിന്തുടരും;
കർത്താവിന്റെ ഭവനത്തിൽ
ചിരകാലം ഞാൻ വസിക്കും.

## രൂപഭാവങ്ങൾ

സങ്കീർത്തനങ്ങളുടെ സാധാരണ വകതിരിവുകളിലൊന്നും പെടാതെ നിൽക്കുന്ന ഒരു സങ്കീർത്തനമാണിതു്. ഇത്തരത്തിരിഞ്ഞ സാഹചര്യങ്ങളെക്കുറിച്ചു് വൈസർ എന്ന സങ്കീർത്തന നിരൂപകന്റെ അഭിമതമിതാണു്: സങ്കീർത്തനത്തിന്റെ ഉപജ്ഞാതാവിനു് ദേവാലയശുശ്രൂഷയുടെ മദ്ധ്യത്തിൽ ദൈവസംസർഗ്ഗത്തിന്റെ ദിവ്യാനുഭവവും മധുരിമയും ഉണ്ടാകുകയും അതിൽനിന്നു് ഇത്തരമൊരുദ്ഗാനമുയരുകയും ചെയ്തു. ദൈവത്തെ ഇസ്രായേലിന്റെ ഇടയനായി പ്രകീർത്തിക്കുന്ന ഗാനാലാപം കേട്ടപ്പോഴായിരിക്കണം (സങ്കീ 80:1) അദ്ദേഹത്തിന്റെ സച്ചിന്തകൾ ചിറകുവിരിച്ചുയർന്നതു്[1]. ഏ. എൽ. മെരിൽ (MERILL) എന്ന നിരൂപകന്റെ വീക്ഷണത്തിൽ രാജാവിന്റെ കിരീടധാരണവും തുടർന്നു് ദേവാലയത്തിൽ നിന്നാരംഭിക്കുന്ന പ്രദക്ഷിണവുമാണു് ഈ സങ്കീർത്തനം വ്യഞ്ജിപ്പിക്കുന്നതു്[2] (സങ്കീ 48:13ff). ഇ. ഫോഗ്റ്റു് (E. VOGT) എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ 23-ാം സങ്കീർത്തനം സമീപകാലത്തു ലഭിച്ച അനുഗ്രഹത്തിനു നന്ദി സൂചകമായി ഒരു തീർത്ഥാടകനർപ്പിച്ച ബലിയോടു ബന്ധപ്പെട്ടതാണു്. കൃതജ്ഞതാപ്രകാശനത്തെത്തുടർന്നു് ബലിയർപ്പണങ്ങളും (സങ്കീ 66:13ff; 116:17ff.) ബലിവിരുന്നും (സങ്കീ 22:26f; 63:6) സാധാരണമായിരുന്നു[3]. സങ്കീർത്തനത്തിൽ

1. A. WEISER, The Psalms, London, 1965, Pp. 227-228.
2. L. SABOURIN, The Psalms-their Origin and Meaning, Vol 2, Bangalore, 1971, P. 100.
3. Ibid, P. 100. cf P. DRIJVERS The Psalms: their structure and meaning, LONDON, 1965, P. 235.

www.malankaralibrary.com

വിരുന്നുമേശയെക്കുറിച്ചും പരാമർശിക്കുന്നുണ്ടല്ലോ (വാ 5). ജനസമൂഹത്തിന്റെ സംഘാതമായ ആരാധന എപ്രകാരം വ്യക്തികളിൽ വിശ്വാസവും പ്രതീക്ഷയുമുണർത്തുന്നു എന്നതിനും ഈ സങ്കീർത്തനം തെളിവു നൽകുന്നു[4]. കൃതജ്ഞതാബലിയോടു ബന്ധപ്പെട്ടതാണെന്ന അഭിപ്രായമാണു കൂടുതൽ സ്വീകാര്യമായി തോന്നുക. ആരാധനാസമൂഹവും സങ്കീർത്തന രൂപീകരണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടാവണം. ഈ സങ്കീർത്തനം മിക്കവാറും 3+3 എന്ന മാത്രയിലാണ്.

## വിഷയ വിശകലനം

സാധാരണ മനുഷ്യനു മനസ്സിലാകുന്ന ഭാഷയും ശൈലിയുമുപയോഗിച്ച് വിവിധങ്ങളായ പ്രതീകങ്ങളിലൂടെ ദൈവത്തെ അവതരിപ്പിക്കാനുള്ള ശ്രമമാണ് സങ്കീർത്തനത്തിന്റെ സൂക്ഷ്മപഠനം വ്യക്തമാക്കുക. സമൃദ്ധമായ ഭക്ഷണവും ജലവും നൽകി, സ്വന്തം ആടുകളെ തീററിപ്പോററുന്ന ഇടയനായും (വാ 1–3a) അന്ധകാരാവൃതമായ താഴ്‌വരയിലൂടെയുള്ള പ്രയാണത്തിൽ അപഥസഞ്ചാരം ചെയ്യാതെ സന്മാർഗ്ഗത്തിൽ നയിക്കുന്ന വഴികാട്ടിയായും (വാ 3b–4) അതിഥിയെ സുഗന്ധതൈലത്താൽ അഭിഷേചിച്ച് വിരുന്നിനിരുത്തുകയും നിരന്തര സഹവാസത്തിനു ക്ഷണിക്കുകയും ചെയ്യുന്ന ആതിഥേയനായും (വാ 5–6) ദൈവത്തെ സങ്കീർത്തകൻ വിഭാവന ചെയ്യുന്നു[5]. 27–ാം സങ്കീർത്തനം ഒന്നുമുതൽ ആറുവരെ വാക്യങ്ങൾക്ക് ഈ സങ്കീർത്തനത്തോട് അടുത്ത സാമ്യവും ഐകരൂപ്യവുമുണ്ട്. ഫോഗ്ററ് (E. VOGT) അവ തമ്മിലുള്ള സാദൃശസ്വഭാവം വ്യക്തമാക്കുന്നുണ്ട്[6].

## അജപാലകൻ (വാ 1–3a)

ദൈവത്തിന്റെ സംരക്ഷണവും സഹായവും അനുഭവിച്ചറിഞ്ഞ ഭക്തൻ ദേവാലയത്തിൽവച്ചു പ്രസ്താവിക്കുന്നു: ''കർത്താവ് എന്റെ ഇടയനാകുന്നു'' ദൈവം ഇടയനായും ഇസ്രായേൽജനം അജഗണമായും വി. ഗ്രന്ഥത്തിലുടനീളം ചിത്രീകരിക്കപ്പെടുന്നുണ്ട്. ഇസ്രായേൽജനതയുടെ ജീവിതവുമായി ഇഴുകിച്ചേർന്ന ഒന്നാണ് ഇടയനും ആടുകളും എന്ന ആശയം. ആടുമേച്ചിൽ പ്രധാന തൊഴിലായി സ്വീകരിച്ചിരുന്ന അവരെ സംബന്ധിച്ചിടത്തോളം ആട്ടിടയന്റെ ചിത്രം തികച്ചും സുഗ്രഹവും സുപരിചിതവുമാണ്. വേദപുസ്തകത്തി

4. A. WEISER, op. cit, P. 228.
5. C. A. BRIGGS & E. G. BRIGGS, International Critical Commentary–A Critical and Exegetical Commentary on The Book of Psalms, Vol I, New York, 1969, P. 207.
6. L. SABOURIN op. cit, P. 104

www.malankaralibrary.com

ന്റെ വെളിച്ചത്തിൽ, ആടുകളുടെ സുരക്ഷിതത്വത്തിനുവേണ്ടി വന്യമൃഗങ്ങളോടു മല്ലിടുന്ന യോദ്ധാവുകൂടിയാണ് ഇടയൻ (1 സാമു 17:34-37; മത്താ 10:16). ആടുകളുടെ ക്ഷേമത്തിൽ ഉത്സുകനും (സുഭാ 27:23) അവയുടെ ആവശ്യങ്ങളറിഞ്ഞു പ്രവർത്തിക്കുന്നവനും (ഉല്പ 33:13f) അവയെ സ്വപുത്രിമാരായി (2 സാമു 12:3) കരുതുന്നവനുമാണ് യഥാർത്ഥ ഇടയൻ. ഈ അവബോധമാണ് ദൈവത്തെ ഇടയനായിക്കാണാൻ ഇസ്രായേൽജനതയെ പ്രേരിപ്പിച്ചത്. ബാബിലോണിയ, അസ്സീറിയ എന്നീ പൗരസ്ത്യരാജ്യങ്ങളിൽ രാജാക്കന്മാർ ജനത്തിന്റെ ഇടയന്മാരായി ഗണിക്കപ്പെടാൻ ഇഷ്ടപ്പെട്ടു. ദൈവജനമായ അജഗണത്തെ സംഘടിപ്പിക്കാനും സംരക്ഷിക്കാനുമുള്ള ദൈവദത്തമായ ചുമതല തങ്ങൾക്കുണ്ടെന്ന് അവർ വിശ്വസിച്ചു[7]. നല്ല ഇടയന്റെ ചിത്രം ദൈവവും ദൈവജനവുമായുള്ള ബന്ധം ഏററം ഭംഗിയായി പ്രകാശിപ്പിക്കുന്നുണ്ട്. ഇസ്രായേലിന്റെ പ്രവാസകാലത്തു ദൈവം അവരെ സ്നേഹപൂർവ്വം നയിച്ചുകൊണ്ടിരുന്നു. ''എന്തെന്നാൽ നാം അവിടത്തെ മേച്ചിൽസ്ഥലത്തെ ജനങ്ങളും അവിടത്തെ കരങ്ങളാൽ നയിക്കപ്പെടുന്ന അജഗണവുമാണ്'' (സങ്കീ 95:7). ''തന്റെ ജനങ്ങളെ അജഗണത്തെയെന്നപോലെ അവിടന്നു പുറത്തു കൊണ്ടുപോന്നു. മരുഭൂമിയിലൂടെ ആട്ടിൻപററത്തെയെന്നപോലെ അവിടന്ന് അവരെ നയിച്ചു. അവിടന്ന് അവരെ സുരക്ഷിതരും ഭയരഹിതരുമായി നയിച്ചു''(സങ്കീ 78:52-53). തികഞ്ഞ പരിലാളനയും പരിപാലനയും പകർന്നുകൊടുക്കുന്ന നല്ല ഇടയനായി ഏശയ്യാപ്രവാചകൻ ദൈവത്തെ ചിത്രീകരിക്കുന്നു. ''ഇടയനെപ്പോലെ അവിടന്നു തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കും. കുഞ്ഞാടുകളെ തന്റെ കൈകളിലെടുത്തു മാറത്തണയ്ക്കും. തള്ളയാടുകളെ അവിടന്നു പതുക്കെ നടത്തും'' (ഏശ 40:11). ദൈവത്തെ ഇസ്രായേലിന്റെ ഇടയനായി വരച്ചുകാട്ടുന്ന സങ്കീർത്തനങ്ങൾ നിരവധിയാണ് (സങ്കീ 74:1; 77:20; 79:13; 100:3). അജപാലകന്റെ സ്നേഹസ്വാധീനമുപയോഗിച്ചു ദൈവം തന്റെ ജനത്തെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു''. ഇടയൻ അജഗണത്തെ നയിക്കുന്നതുപോലെ കാരുണ്യവാനായ കർത്താവു ശാസിക്കുകയും ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു'' (പ്രഭാ 18:13).

നല്ല ഇടയനായ ദൈവത്തിനു തന്റെ ജനത്തിന്റെ നേർക്കുള്ള സ്നേഹവാത്സല്യം കരുണാമസൃണമായ താല്പര്യവും ഓജസ്സുററ ശൈലിയിൽ ഏററംഹൃദയാവർജ്ജകമായി എസക്കിയേൽ പ്രവാചകൻ പ്രഖ്യാപിക്കുന്നു ''നല്ല മേച്ചിൽ സ്ഥലങ്ങളിൽ

7. X. LEON-DUFOUR, Dictionary of Biblical Theology, London 1970, P. 474.

www.malankaralibrary.com

ഞാൻ അവയെ മേയിക്കും. അവയുടെ മേച്ചിൽ സ്ഥലങ്ങൾ ഇസ്രായേലിന്റെ ഉന്നതമലകളായിരിക്കും. അവ പച്ചപ്പുൽത്തകിടികളിൽ വിശ്രമിക്കുകയും ഇസ്രായേൽ മലകളിലെ നല്ല പുൽപ്പുറത്തു മേയുകയും ചെയ്യും. ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും, എന്നു ദൈവമായ കർത്താവ് അരുൾചെയ്യുന്നു. ഞാൻ കാണാതെ പോയതിനെ അന്വേഷിക്കുകയും മാർഗ്ഗഭ്രംശംവന്നതിനെ തിരികെ കൊണ്ടുവരികയും ചെയ്യും. ഒടിവുപററിയതിനെ ഞാൻ വച്ചുകെട്ടുകയും ക്ഷീണിച്ചതിനെ ശക്തിപ്പെടുത്തുകയും കൊഴുത്തതിനെ കേടുകൂടാതെ സംരക്ഷിക്കുകയും ചെയ്യും. നീതിയോടെ ഞാൻ അവയെ മേയ്ക്കും'' (എസ 34:14–16) ഇത്തരം വിശിഷ്ടവും ബലിഷ്ഠവുമായ ബന്ധമാണു ദൈവവും ദൈവജനവുമായി സംസ്ഥാപിതമാകുന്നത്. ഈ പശ്ചാത്തലത്തിലാണ് ദൈവസംസർഗ്ഗത്തിൽ ജീവിക്കുന്നവർ, പച്ചപുതച്ച പുൽത്തകിടികളിൽ മേഞ്ഞു നടക്കുകയും പ്രശാന്തവും പ്രകാശമാനവുമായ കാട്ടരുവികളിൽ മുത്തിക്കുടിച്ച് കുന്നിൻചരിവുകളിൽ വിശ്രമിക്കുകയും സൈ്വരവിഹാരം നടത്തുകയും ചെയ്യുന്ന ആടുകളെപ്പോലെ സുഭിക്ഷരും സുരക്ഷിതരുമാണ് എന്നു സങ്കീർത്തകൻ പറയുക. ഉണങ്ങി വരണ്ട ഭൂമി വെള്ളത്തിനുവേണ്ടി ദാഹിക്കുന്നതുപോലെ ദൈവത്തിനുവേണ്ടി മനുഷ്യന്റെ അന്തരാത്മാവ് ഉൽക്കടമായി ദാഹിച്ചുകൊണ്ടിരിക്കയാണ് (സങ്കീ 63:2). ആ ദാഹം ശമിച്ചുകഴിയുമ്പോൾ മനുഷ്യർക്കുണ്ടാകുന്ന അതിരററ ആത്മസംതൃപ്തിയാണ് 23-ാം സങ്കീർത്തനം വിളിച്ചറിയിക്കുന്നത്. കാരണം മേലിൽ ''അവർക്ക് വിശക്കുകയില്ല; ദാഹിക്കുകയുമില്ല. ഉഷ്ണമോ സൂര്യനോ അവരെ ബാധിക്കുകയില്ല. അവരോടു കാരുണ്യമുള്ളവൻ അവരെ നയിക്കുകയും നീരുറവകളിൽനിന്നു അവരെ കുടിപ്പിക്കുകയും ചെയ്യും.'' (ഏശ 49:10). അങ്ങനെ അവർ സംതൃപ്തിയുടെ നിറകുടങ്ങളായി മാറുന്നു.

വിശ്വാസത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ നോക്കുന്ന സങ്കീർത്തകനു് ദൈവം ജീവനും ശക്തിയും നൽകുന്നതായി അനുഭവപ്പെടുന്നു (വാ 3a). പഴയ നിയമത്തിൽ 'ജീവൻ ബലപ്പെടുക' എന്നതിന്റെ അർത്ഥം ഭക്ഷണവും പാനീയവും നൽകി ജീവസന്ധാരണം നിർവ്വഹിക്കുക എന്നാണ്[8]. (വിലാ 1:11, 16, 19; റൂത്തു് 4:15) ആദ്ധ്യാത്മികതലത്തിൽ വരുമ്പോൾ അതു ദൈവികജീവനായി മാറുന്നു. ''അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമാണു ഞാൻ വന്നതു്'' (യോഹ 10:10) എന്നാണല്ലൊ നല്ല ഇടയനായ ക്രിസ്തു പറഞ്ഞതു്. ഇപ്രകാരം ജീവൻ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിലാണ് വിശ്വാസിയുടെ പ്രതീക്ഷയൂന്നിയിരിക്കുന്നതു്. ''കർത്താവ് എന്റെ ബലവും എന്റെ

---

8. E. KISSANE. The Book of Psalms, Dublin, 1964, P. 104.

www.malankaralibrary.com

പരിചയുമാകുന്നു. എന്റെ ഹൃദയം അങ്ങിൽ ശരണം വച്ചു; എനിക്കു സഹായവും ലഭിച്ചു. ആകയാൽ, എന്റെ ഹൃദയം ആനന്ദം കൊള്ളുന്നു'' (സങ്കീ 28:7). ഇത്ര ശക്തമായ ദൈവാശ്രയവും ദൈവാനുഭവവുമാണ് നിർവ്യാജവും അവികലവുമായ ആനന്ദവായ്പോടെ ''കർത്താവ് എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും കുറവില്ല...........'' എന്നുറക്കെപ്പറയുവാൻ സങ്കീർത്തകനെ പ്രേരിപ്പിച്ചത്

## വഴികാട്ടിയും ആശ്വാസപ്രദനും (3b—4)

തുടർന്നു ഭക്തൻ തനിക്കു നേരിട്ട അപകടത്തെപ്പററിയും ലഭിച്ച ദൈവസഹായത്തെപ്പററിയും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ മാർഗ്ഗങ്ങൾ നിഗൂഢവും ദുരൂഹവുമാണ്. അവ മനസ്സിലാക്കി പ്രവർത്തിക്കാൻ ദൈവത്തിന്റെ പ്രചോദനവും അനുഗ്രഹവുമാവശ്യമാണ്. തന്മൂലം സന്മാർഗ്ഗത്തിലൂടെ നയിക്കുവാൻ ദൈവത്തോടു ദൈവജനം തീക്ഷ്ണമായി പ്രാർത്ഥിച്ചിരുന്നു. ''കർത്താവേ, അങ്ങയുടെ വഴികൾ എന്നെ കാണിക്കണമേ. അങ്ങയുടെ ഊടുവഴികൾ എനിക്കുപദേശിച്ചു തരണമേ. അങ്ങയുടെ സത്യത്തിൽ നടത്തി എന്നെ പഠിപ്പിക്കണമേ''(സങ്കീ 25:4–5). അപഥസഞ്ചാരം ചെയ്യാതെ സത്പഥത്തിലൂടെ നയിക്കുന്നവനാണ് യാഹ്വേ എന്ന ആശയം പഴയ നിയമത്തിൽ പലയിടത്തും കാണാം. ''നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുകയാണെങ്കിൽ 'ഇതാണു വഴി; ഇതിലൂടെ നടക്കുവിൻ' എന്നൊരു സ്വരം നിങ്ങളുടെ ചെവിയിലെത്തും'' (ഏശ 30:21) ''വിജ്ഞാനത്തിന്റെ മാർഗ്ഗം നിനക്കു ഞാൻ കാണിച്ചുതരാം. നേർവഴിയിലൂടെ നിന്നെ നയിക്കാം'' (സുഭാ 4:11). ജീവിതത്തിന്റെ ഇരുളടഞ്ഞ പാതയിലും മാർഗ്ഗഭ്രംശം സംഭവിക്കാതെ സദാ കൈപിടിച്ചു നടത്തുന്ന വഴികാട്ടിയും സുഹൃത്തും സംരക്ഷകനുമാണു ദൈവം എന്നുള്ള ശക്തമായ അവബോധമാണ് വിചിന്തന വാക്യങ്ങളുടെ (3b—4) പിന്നിലുള്ളത്. സങ്കീർത്തകൻ സ്വജീവിതത്തിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ, കല്ലും മുള്ളും നിറഞ്ഞ ജീവിതയാത്രയിൽ കാലുകളിടറാതെ നീതിയുടെ പാതയിൽ ദൈവം തന്നെ നയിച്ചു എന്നു ബോദ്ധ്യമാകുന്നു. കഴിഞ്ഞ ജീവിതത്തിന്റെ കഷ്ടപ്പാടുകളുടേയും കദനത്തിന്റേയും കരിനിഴൽ സങ്കീർത്തനകർത്താവിന്റെ മനസ്സിൽ നിന്ന് ഇനിയും മാഞ്ഞിട്ടില്ല. എന്നാൽ അവയിലൂടെയെല്ലാം സുരക്ഷിതമായി കടന്നുപോന്ന സങ്കീർത്തകന് ഇന്നു നെഞ്ചുറപ്പോടെ പറയാൻ കഴിയും: '' 'ഇരുളടഞ്ഞ താഴ്വരയിലൂടെ നടന്നാലും ഒരനർത്ഥവും ഞാൻ ഭയപ്പെടുകയില്ല. എന്തെന്നാൽ അങ്ങാണല്ലോ എന്നോടുകൂടിയുള്ളത്''' (വാ. 4). ''കർത്താവ് എന്റെ രക്ഷയും പ്രകാശവുമാകുന്നു. ഞാൻ ആരെ

www.malankaralibrary.com

ഭയപ്പെടണം?'' (സങ്കീ 27:1) എന്ന മനോഭാവമാണു് ഇവിടെ സങ്കീർത്തകൻ വ്യക്തമാക്കുക. ഇസ്രായേൽ ജനത്തിനു് മരുഭൂമിയിലൂടെ മേഘസ്തംഭവും അഗ്നിജ്വാലകളുമുപയോഗിച്ചു് മാർഗ്ഗദർശനം നൽകിയതുപോലെ വ്യക്തികളുടെ ജീവിതത്തിലും അവിടന്നു് നേരിട്ടിടപെടുകയും, രക്ഷയുടെ മാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യുന്നുണ്ടു് എന്നുള്ളതു് അനുഭവവേദ്യമാകുന്ന വസ്തുതയാണു്. ദൈവത്തോടു തുറന്ന സമീപനവും തികഞ്ഞ ആഭിമുഖ്യവും പുലർത്തുന്നവർ ദൈവത്തിൻെറ അദൃശ്യമെങ്കിലും ശക്തവും വ്യക്തവുമായ പരിപാലന അനുഭവിച്ചറിയുന്നു. ഈ അനുഭവങ്ങളുടെ ഉടമയായ വ്യക്തി താനേ ഉദ്ഘോഷിക്കും: ''കർത്താവു് എത്രയോ നല്ലവനാണെന്നു് നിങ്ങൾ തന്നെ അനുഭവിച്ചറിയുവിൻ!'' (സങ്കീ 34:8). ദൈവപരിപാലനയിൽ വിശ്വസിക്കുന്നതു് ഔദ്ധ്യത്യമല്ല, അലസതയല്ല, നിഷ്ക്രിയത്വമല്ല, നിസ്സംഗതയല്ല, അതു ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം യാഥാർത്ഥ്യബോധത്തോടെ അംഗീകരിക്കുകയാണു്; ദൈവത്തിലുള്ള അനിഷേധ്യമായ ആശ്രയത്വവും അതാവശ്യപ്പെടുന്ന സമർപ്പണവും ഏററു പറയുകയാണു്. അങ്ങനെ പ്രവർത്തിക്കുന്നവർ ഏതേതു വിപൽസന്ധികളിലും ''കാററിൽപ്പെടാത്തദീപമെന്നപോലെ'' എക്കാലവും പ്രശോഭിക്കും.

ഇടയനും വഴികാട്ടിയുമായ യാഹ്വേയുടെ ചെങ്കോലും ദണ്ഡും സങ്കീർത്തകനു് ആശ്വാസം പകരുന്നു (വാ 4). പഴയനിയമക്കാലത്തു് ദണ്ഡ് ആടുമേയ്ക്കലിനും (മിക്ക 7:14) ശത്രുക്കളിൽ നിന്നുള്ള പ്രതിരോധനത്തിനും (1 സാമു 17:43) ഉപയോഗിച്ചിരുന്നു. ചെങ്കോലും ദണ്ഡും പൊതുവിൽ അധികാരത്തെ സൂചിപ്പിക്കുന്നവയാണു് (സങ്കീ 2:9; സംഖ്യ 21:18) സ്രഷ്ടാവും രാജാവുമായ ദൈവം മരണത്തിൻെറ കരിനിഴലിൽ നിന്നു് നവജീവൻേറയും ആനന്ദത്തിൻേറയും പ്രകാശത്തിലേക്കു് നയിച്ചുകൊണ്ടിരിക്കുന്നു എന്നാണു് ''ചെങ്കോലും വടിയും എനിക്കു് ആശ്വാസം നല്കുന്നു'' എന്ന വാക്യത്തിൻെറ ഉള്ളടക്കം[9].

## ആതിഥേയൻ (5–6)

ഭക്തൻ തുടർന്നു നടക്കുന്ന കൃതജ്ഞതാബലിയെപ്പററി സൂചിപ്പിക്കുന്നു. യാഹ്വേയുടെ നിരന്തര സംരക്ഷണത്തിലുള്ള വിശ്വാസം ഏററുപറയുകയും ചെയ്യുന്നു.

ദേവാലയത്തിലെ ഭക്തിനിർഭരവും സ്വർഗ്ഗീയാനുഭൂതിജനകവുമായ ദൈവാരാധനയുടെ അന്ത്യത്തിൽ സങ്കീർത്തനകർത്താവിൻെറ ശ്രദ്ധ ബാഹ്യചുററുപാടുകളിലേക്കു തിരിയുക

9. J. H. EATON, Psalms, London, 1967, P. 78.

www.malankaralibrary.com

യാണ്. തിരുക്കർമ്മങ്ങൾ ഒട്ടവസാനിച്ചു; ഭക്തഗീതങ്ങളുടെ മന്ദ്രമനോഹരമായ ശബ്ദം നിലച്ചു. ഭക്തജനങ്ങൾ പ്രത്യേക വസ്ത്രങ്ങളണിഞ്ഞു് തലയിൽ സുഗന്ധതൈലങ്ങൾ പൂശി ദൈവഭവനത്തിലെ സ്നേഹവിരുന്നിൽ പങ്കെടുക്കാൻ ഒരുങ്ങുകയാണ്. അതിഥികളുടെ ശിരസ്സിൽ എണ്ണയും പരിമളതൈലങ്ങളും പൂശുക പൗരസ്ത്യരുടെ ഒരാചാരമായിരുന്നു (സങ്കീ 92:11; ആമോ 6:6; ലൂക്കാ 7:46). ദീർഘവും ക്ലേശകരവുമായ യാത്രയ്ക്കു ശേഷം വരുന്ന അതിഥിക്കു് ഉപചാരവും ഉന്മേഷവും നല്കാൻ പൗരസ്ത്യർ ഈ സമ്പ്രദായം സ്വീകരിച്ചിരുന്നു[10].

ദൈവത്തിന്റെ അതിഥിയായി അവിടത്തെ വിരുന്നിൽ പങ്കെടുക്കുകയെന്നതു് ദൈവഭക്തനെ സംബന്ധിച്ചിടത്തോളം മഹാഭാഗ്യമാണ്. പഴയനിയമകാലത്തു് ബലിയർപ്പണങ്ങളുടേയും സ്തോത്രകാഴ്ചകളുടേയും ശേഷം ദേവാലയവിരുന്നുകൾ സാധാരണമായിരുന്നു (പുറ 24:4–8;18:12). കർത്താവിന്റെ മേശയിലെ ഭക്ഷണമായി വിശ്വാസികൾ അതു ഭക്ഷിച്ചു. ഭക്ഷണം, ഭക്ഷിക്കുന്ന ആളിലേക്കു് ആഗീരണം ചെയ്യപ്പെട്ടു് അലിഞ്ഞു ചേരുന്നതുപോലെ ദൈവവും മനുഷ്യനുമായുണ്ടാകേണ്ട ഗാഢമായ ഐക്യത്തിന്റെ പ്രതീകമാണ് ഈ ദേവാലയവിരുന്ന്. ബലിയർപ്പിക്കപ്പെട്ട വസ്തുക്കളാണ് സധാരണയായി ഭക്ഷിക്കുക. ബലി വസ്തു ദൈവം സ്വീകരിക്കുന്നതോടെ അതു വിശുദ്ധീകരിക്കപ്പെടുന്നു. തുടന്ന് ആ ബലി വസ്തുവിൽ പങ്കുകൊള്ളുന്ന എല്ലാവരും അതിന്റെ വിശുദ്ധിയിലും പങ്കുകൊള്ളുന്നു. (കുർബാന സ്വീകരണത്തിന്റെ അർത്ഥവും മറ്റൊന്നല്ല) ഇങ്ങനെ ദാനവും പ്രതിദാനവും അർപ്പണവും പ്രത്യർപ്പണവും ഉൾക്കൊള്ളുന്നതാണ് ദൈവസംസർഗ്ഗത്തിന്റെ പ്രതീകമായ ദേവാലയവിരുന്ന്. ഇതാണ് ബലിയെത്തുടർന്നുള്ള വിരുന്നിന്റെ അന്തരാർത്ഥം (സങ്കീ 22:25–26). ''ശത്രുക്കളുടെ മുമ്പിൽ വിരുന്നൊരുക്കി'' എന്ന പ്രസ്താവം ആത്മപ്രശംസയുടെയോ അസൂയയുടെയോ സൂചനയല്ല നല്കുന്നതു്. സങ്കീർത്തകന്റെ ശത്രുക്കളെപ്പോലും ലജ്ജിപ്പിക്കത്തക്കതാണ് അയാളോടു ദൈവം പ്രദർശിപ്പിച്ച സ്നേഹവും പരിപാലനയും. ചുരുക്കത്തിൽ 5–ാം വാക്യം ദൈവത്തിന്റെ ഹിതമനുവർത്തിച്ചു് അവിടത്തെ പരിപാലനയുടെ ശീതളച്ഛായയിൽ വർത്തിക്കുന്നവരുടെ അനുഗ്രഹസമൃദ്ധിയും സുഭിക്ഷതയുമാണ് വ്യക്തമാക്കുക.

ജീവിതകാലം മുഴുവൻ ദൈവത്തിന്റെ അതിരററ സ്നേഹവും പരിപാലനാവൈഭവവും അനുഭവിച്ചറിയുകയും ആസ്വ

10. G. A. BUTTRICK, (edit), in The Interpreters Bible, New York,1955, Vol 4, P. 130.

www.malankaralibrary.com

ദിക്കുകയും ചെയ്തിട്ടുള്ള സങ്കീർത്തകന്റെ ശുഭൈകദർശനവും (Optimism) ഇനി അവശേഷിച്ചിരിക്കുന്ന ഹൃദയാഭിലാഷവുമാണ് 6–ാം വാക്യത്തിൽ കാണുക. ദൈവവുമായി അവിഭാജ്യബന്ധത്തിലേർപ്പെട്ടിരിക്കുന്ന ഇദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അലട്ടുന്ന പ്രശ്നങ്ങളൊന്നുമില്ല. ദൈവത്തിന്റെ സ്നേഹവും സൗഹൃദവുമാസ്വദിച്ച് അവിടത്തെ ഭവനത്തിൽ ആമരണം വസിക്കുകയും നിത്യനൂതനമായ ആനന്ദനിർവൃതിയിൽ കഴിയുകയും ചെയ്യണമെന്നാണ് സങ്കീർത്തകന്റെ ജീവിതാഭിലാഷം. ദൈവവുമായുള്ള സഹഭാഗിത്വത്തിലും നിതാന്തസംസർഗ്ഗത്തിലും വിലയം പ്രാപിക്കാനണല്ലോ യഥാർത്ഥ വിശ്വാസി ആഗ്രഹിക്കുന്നതും. കർത്താവിന്റെ ഭവനത്തിൽ വസിക്കാനുള്ള ഉൽക്കടമായ ഉത്സാഹം വേദപുസ്തകത്തിൽ പലയിടത്തും കാണാം (സങ്കീ 36:9; ഏശ 6). ''കർത്താവിനോട് ഒരു കാര്യം ഞാൻ ചോദിക്കുന്നു. അവിടത്തെ മാധുര്യമാസ്വദിക്കാനും അവിടത്തെ ഭവനം കാണാനും എന്റെ ജീവിതകാലം മുഴുവൻ കർത്താവിന്റെ ഭവനത്തിൽ വസിക്കാനും ഞാനാഗ്രഹിക്കുന്നു'' (സങ്കീ 27:4) നീതിമാന്മാരെ സംബന്ധിച്ചിടത്തോളം ചിരകാലം ദൈവഭവനത്തിൽ വസിക്കാൻ ദൈവമനുവദിക്കുന്നു. അതുകൊണ്ടാണ് ദീർഘായുസ്സ് നീതിമാന്മാർക്കു നല്കപ്പെടുന്ന അനുഗ്രഹങ്ങളിലൊന്നായി പരിഗണിക്കപ്പെട്ടിരുന്നത് (ജോബ് 5:26; സങ്കീ 91:16; സുഭാ 3:2, 16). ദൈവോന്മുഖനായ മനുഷ്യനു ദൈവത്തിന്റെ ഭവനത്തിൽ ഒരു ദിവസം ആയിരം ദിവസങ്ങളേക്കാൾ വിലപ്പെട്ടതാണ് (സങ്കീ 84:10).

## പുതിയനിയമത്തിൽ പൂർത്തീകരണം

ദൈവാവിഷ്ക്കരണത്തിന്റെ പൂർണ്ണതയും പൂർത്തീകരണവുമായ ക്രിസ്തുവിന്റെ വരവിനുശേഷം 23–ാം സങ്കീർത്തനം കൂടുതൽ അന്വർത്ഥമാണ്, പ്രസക്തമാണ്. യാഹ്വേ, സ്വയം ഇടയനായി വിശേഷിപ്പിച്ചതു കൂടാതെ മൂശ, ജോഷ്വാ, ദാവീദ് എന്നിവരെ ഇടയന്മാരായി ഇസ്രായേൽ ജനത്തിനു നല്കി. ദൈവജനത്തിന്റെ സംരക്ഷണം ഇടയന്മാരെ ദൈവം ഏല്പിച്ചെങ്കിലും പലരും തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ അമ്പേ പരാജയപ്പെടുകയാണ്. ഇടയന്മാരുടെ സ്വാർത്ഥതയും ഉദാസീനതയും കൃത്യവിലോപവുമെല്ലാം എസക്കിയേൽപ്രവാചകൻ വിശദീകരിക്കുന്നുണ്ട് (എസ 34). അതുകൊണ്ട് ദൈവംതന്നെ തന്റെ അജഗണത്തെ ഒരുമിച്ചുകൂട്ടുകയും പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്നു (ഏശ 23; 50:19; 31:10; എസ 34:11–22).അവസാനം ഏക ഇടയനും ഏക അജഗണവുമാകും എന്ന് എസക്കിയേൽ പ്രവചിക്കുന്നു (എസ 34:23, 31). ഇപ്രകാരം പഴയനിയമം പ്രവചിക്കുകയും

www.malankaralibrary.com

പ്രദ്യോതിപ്പിക്കുകയും ചെയ്ത ഏക ഇടയനാണു ക്രിസ്തു. നഷ്ടപ്പെട്ട ആടുകളെത്തേടി പുറപ്പെടുന്ന നല്ല ഇടയനാണു അവിടന്നു് (ലൂക്കാ 15:4–7). ഇസ്രായേലിന്റെ നഷ്ടപ്പെട്ട ആടുകളുടെ മദ്ധ്യത്തിലേക്കു വന്ന ഇടയനാണു് ക്രിസ്തു (മത്താ 15:24; 10:6; ലൂക്കാ 19:10).

യോഹന്നാന്റെ സുവിശേഷമാണു് 'ക്രിസ്തു–ഇടയൻ' എന്ന ആശയം അതിന്റെ പൂർണ്ണതയിലും സാകല്യതയിലും പ്രകാശിപ്പിക്കുന്നതു്. യോഹ 10:1–16 വരെയുള്ള ഭാഗങ്ങൾ ക്രിസ്തുവിൽ 'നല്ല ഇടയൻ' എന്ന പേരു് എത്രമാത്രം അന്വർത്ഥമാണെന്നു വ്യക്തമാക്കുന്നു. തനിക്കുമുമ്പേ വന്ന വ്യാജഇടയന്മാരുടെ ചെയ്തികളെ ക്രിസ്തു നിശിതമായി അപലപിച്ചു (യോഹ 10:8). ആടുകൾക്കു് ജീവൻ സമൃദ്ധിയായി ഉണ്ടാകാൻ വേണ്ടി സ്വജീവൻ ബലികഴിച്ചു, സ്വയം ശൂന്യമാക്കിയ ഇടയശ്രേഷ്ഠനാണു ക്രിസ്തു (യോഹ 10:10–11). ഈ സ്വയംദാനത്തിലാണു് ക്രിസ്തുവിന്റെ അജപാലനധർമ്മത്തിനു മററുള്ളവരുടേതിൽ നിന്നു് വ്യതിരിക്തതയും അദ്വിതീയതയും കാണുക (യോഹ 10;15, 17). ഒരിടയനും ഒരജഗണവും എന്ന ആശയം ക്രിസ്തുവിൽ പൂരിപ്പിക്കപ്പെടുമെന്നു് അവിടന്നു തന്നെ വ്യക്തമാക്കുന്നു (യോഹ 10:16).

ഇടയനായ ക്രിസ്തു തന്റെ ആടുകൾക്കു ജീവജലം നൽകി അവരെ സംതൃപ്തരും ധന്യരുമാക്കുന്നു. ''ആക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു പാനം ചെയ്യട്ടെ. വി. ഗ്രന്ഥത്തിൽ പറയുന്നതുപോലെ അവന്റെ ഉള്ളിൽ നിന്നു ജീവജലത്തിന്റെ നീർച്ചാൽ പ്രവഹിക്കും'' (യോഹ 7:37–38). ഇവിടെ വിവക്ഷിക്കപ്പെടുന്ന ജീവജലം പരിശുദ്ധാത്മാവിയാണു്. ''ക്രിസ്തു ജീവന്റെ ജലം പുറപ്പെടുന്ന ഉറവകളിലേക്കു് തന്റെ ആടുകളെ നയിക്കു''മെന്നു് വെളിപാടു പുസ്തകം പ്രസ്താവിക്കുന്നു (വെളി 7:17). ക്രിസ്തു നൽകുന്ന ജീവന്റെ ജലം പാനം ചെയ്യുന്നവനു് ഒരിക്കലും ദാഹിക്കയില്ലെന്നു മാത്രമല്ല അതു മനുഷ്യനെ നിത്യജീവനിലേക്കു നയിക്കുന്ന നീർച്ചാലുകൂടിയാണു് (യോഹ 4:10, 14). ഇങ്ങനെ പ്രശാന്തതയിലേക്കു് ദാഹാർത്തരായ ജനങ്ങളെ ഇന്നും ക്രിസ്തു നയിച്ചുകൊണ്ടിരിക്കുന്നു. ഈ അജപാലന ദൗത്യം നൂററാണ്ടുകളിലൂടെ തുടരുവാൻ ക്രിസ്തു സഭയെ ചുമതലപ്പെടുത്തി (യോഹ 21:15–17; 1 പത്രോ 5:1–4).

''ദൈവം തന്നെ നേർവഴിയിലൂടെ നടത്തു''മെന്ന സങ്കീർത്തകന്റെ പ്രതീക്ഷ ക്രിസ്തുവിൽ താരും തളിരുമണിയുന്നു. അവിടന്നു് അവരെ അകത്തേക്കും പുറത്തേക്കും നയിക്കുന്നു (യോഹ 10:4,9.) ക്രിസ്തു ലോകത്തിന്റെ സനാതന പ്രകാശമാണു്. അവിടത്തെ അനുഗമിക്കുന്നവർ ജീവന്റെ പ്രകാശ

www.malankaralibrary.com

ത്തിൽ സഞ്ചരിക്കുന്നു (യോഹ 8:12; 9:5; 12:35); ശരിയായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. ജീവനും സത്യവുമായ ക്രിസ്തുവാണ് സുനിശ്ചിതവും സുരക്ഷിതവുമായവഴി(യോഹ 14:16).

'ശത്രുക്കളുടെ മുമ്പിൽ അങ്ങെനിക്കു വിരുന്നൊരുക്കി'എന്ന പ്രസ്താവം പുതിയ നിയമത്തിൽ കൂടുതൽ പ്രസക്തമാണ്; അനവത്ഥമാണ്. പെസഹാഭോജനവേളയിൽ ക്രിസ്തു സ്ഥാപിച്ച വി. ബലിയാണ് ക്രൈസ്തവന്റെ ദിവ്യവിരുന്ന്. ഒരുമിച്ചുഭക്ഷണം കഴിക്കുന്നതു സ്നേഹിതർ തമ്മിലുള്ള ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും പ്രകടനമാണ്. സൗഹൃദത്തിന്റെ ഉടമ്പടിയായി ക്രിസ്തു സ്ഥാപിച്ച ഈ വിരുന്നിൽ അവിടത്തെ സ്വയം ദാനമാണു നടക്കുക. ക്രിസ്തു ജീവന്റെ അപ്പമാണ് (യോഹ 6). പഴയ നിയമത്തിലെ സമാധാന സമപ്പണങ്ങളിൽ (peace offerings) ബലിവസ്തുവിന്റെ ഒരു ഭാഗം അർപ്പണത്തിനുശേഷം ബലിയർപ്പകൻ തന്നെ ഭക്ഷിച്ചിരുന്നു. അതുവഴി അയാറം ദൈവത്തിന്റെ മേശയിലും ബലിവസ്തുവിന്റെ വിശുദ്ധിയിലും (ബലിവസ്തു ദൈവം സ്വീകരിക്കുന്നതോടെ അതു വിശുദ്ധീകരിക്കപ്പെടുന്നു) പങ്കുപററുന്നു. ഇതാണ് ബലിയുടെ ഭാഗമായ വിശുദ്ധ കുർബാന സ്വീകരണത്തിലും നടക്കുക. സഭയുടെ ആരംഭകാലം മുതൽക്കേ ദൈവവും മനുഷ്യനുമായുള്ള സംസർഗ്ഗത്തിന്റെ അച്ചുതണ്ട് അപ്പം മുറിക്കൽ (നട 2:42) ആയിരുന്നു. ക്രിസ്തുവിന്റെ ശരീരരക്തങ്ങറം പങ്കുവയ്ക്കപ്പെടുന്ന ഈ ദിവ്യവിരുന്നിന്റെ ദ്വിവിധമാനങ്ങളെപ്പററി വി. പൗലോസ് ശ്ലീഹാ എടുത്തു പറയുന്നുണ്ട്. ഈ സ്നേഹവിരുന്ന് അതിൽത്തന്നെ കൂദാശാപരമാണ്. കാരണം, ഈ അപ്പം ഭക്ഷിക്കുന്നവർ ക്രിസ്തുവിനോടും ക്രിസ്തുവിലൂടെ മററുള്ളവരോടും ഏകീഭവിക്കുന്നു (1 കൊറി. 10;17). പക്ഷേ ഈ വിരുന്ന് അവസാനത്തേതല്ല. ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിലേക്കും അവിടന്നാഘോഷിക്കാൻ പോകുന്ന യുഗാന്ത്യപര (eschatological)മായ വിരുന്നിലേക്കുമാണ് ഈ ദിവ്യഭോജനം വിരൽ ചൂണ്ടുക.

''എന്റെ ശിരസ്സ് തൈലംകൊണ്ടു പൂശി'' എന്നു സങ്കീർത്തകൻ ഉദ്ഘോഷിച്ചെങ്കിൽ പുതിയ നിയമത്തിൽ അതു കൂടുതൽ അത്ഥവത്താണ്. ഇന്നു നാം കൂദാശകളിലൂടെ ക്രിസ്തുവിൽ അഭിഷിക്തരാകുകയും വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ചെയ്യുന്നു.

സങ്കീർത്തനത്തിന്റെ അവസാനത്തെ വാക്യം ദൈവവുമായുള്ള നിരന്തര സഹവാസം വിചിന്തനവിഷയമാക്കുന്നു. ദൈവസഹവാസവും സഹഭാഗിത്വവും പുതിയനിയമത്തിലാണു പൂർണ്ണമായും സാക്ഷാത്ക്കരിക്കപ്പെടുന്നത്. അവിടെ ക്രിസ്തു മനുഷ്യനു ദൈവികജീവനിൽ പങ്കാളിത്തം നല്കു

www.malankaralibrary.com

ന്നു (2 പത്രോ 1:4). മനുഷ്യന്റെ ദുർബല പ്രകൃതിയിൽ ക്രിസ്തുവും പങ്കുചേരുന്നു (ഹെബ്രാ 2:14). വി. പൗലോസ് ശ്ലീഹായുടെ വീക്ഷണമനുസരിച്ച് വിശ്വാസവും മാമ്മോദീസായും വഴി ക്രിസ്തുവിനോടു സംയോജിക്കുന്ന വിശ്വാസി ക്രിസ്തുവിന്റെ രഹസ്യങ്ങളിൽ പങ്കുകാരനാകുന്നു. ക്രിസ്ത്വനുയായി ക്രിസ്തുവിനോടുകൂടി പാപത്തിനു മരിക്കുകയും അവിടത്തോടുകൂടി പുതിയ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു (റോമ 6:3; എഫേ 2:5). ക്രിസ്തുവിനോടുകൂടി വേദനയനുഭവിക്കുകയും മരിക്കുകയും ചെയ്യുന്ന വ്യക്തി ക്രിസ്തുവിനോടുകൂടി മഹത്വം പ്രാപിക്കും (റോമ 8:17; 2 കൊറി 4:14). ദൈവപുത്രനായ ക്രിസ്തുവുമായുള്ള സഹഭാഗിത്വം (fellowship) (1 കൊറി 1:9) ശക്തിപ്പെടുകയും ബലിഷ്ഠമാകയും ചെയ്യുന്നത് അവിടത്തെ ശരീരത്തിലുള്ള പങ്കാളിത്വവും (1 കൊറി 10:16) പരിശുദ്ധാത്മാവിന്റെ ആവാസവും 2 കൊറി 13:13; ഫിലി 2:1) വഴിയാണ്.

വി. യോഹന്നാന്റെ ദർശനമനുസരിച്ച് ക്രിസ്തുവുമായുള്ള സഹഭാഗിത്വം വഴി പിതാവായ ദൈവത്തോടും സഹോദരങ്ങളോടും സഹഭാഗിത്വവും ഐക്യവും (1 യോഹ 1:3) സംജാതമാകുന്നു. ഒരാൾ മറ്റൊരാളിൽ വസിക്കുന്നതാണ് ഈ സഹഭാഗിത്വം. പിതാവും പുത്രനും സഹവസിക്കുകയും ഒന്നായിരിക്കുകയും ചെയ്യുന്നതുപോലെ പ്രമാണങ്ങളുടെ അനുവർത്തനം വഴി ക്രൈസ്തവർ പരിശുദ്ധാത്മാവിന്റെ സഹായത്താൽ (യോഹ 14:17; 1യോഹ 2:27;3:24;4:13) പിതാവിന്റേയും പുത്രന്റേയും സ്നേഹത്തിൽ നിരന്തരം വസിക്കണം (യോഹ 14:20;15:4,7;17:20–23; 1യോഹ 2:24;4:12) ഈ നിരന്തര സഹവാസത്തിന് അനിവാര്യമാണ് വി. കുർബ്ബാന (യോഹ 6:5 f). ഇപ്രകാരം "എന്നേക്കും കർത്താവിനോടുകൂടി വസിക്കു"ന്നതിലുള്ള (1 തെസ്സ 4:17; യോഹ 17:24) സ്വർഗ്ഗീയാനന്ദത്തിന്റെ മുന്നാസ്വാദനം ക്രൈസ്തവർക്കുണ്ടാകുന്നു[11]. അങ്ങനെ സങ്കീർത്തകന്റെ അഭിലാഷം പുതിയനിയമത്തിൽ പൂർണ്ണമായും പൂവണിയുന്നു.

## ഉപസംഹാരം

ഏതു വിധം നോക്കിയാലും 23–ാം സങ്കീർത്തനം ദൈവവത്തിലേക്കു മനസ്സിനെ ഉന്നമിപ്പിക്കാനാഗ്രഹിക്കുന്ന മനുഷ്യന്റെ അന്തർഗ്ഗതങ്ങൾ നിസ്സർഗ്ഗമനോഹാരിതയോടെ അനാവരണം ചെയ്തിട്ടുണ്ട്. മനുഷ്യന്റെ ആരംഭവും അന്ത്യവുമായ ദൈവത്തിൽ വിലയം പ്രാപിക്കാൻ വെമ്പുന്ന സങ്കീർത്തകന്റെ ആത്മാലാപമാണ് ആദ്യന്തമവിടെ കേൾക്കുക.

11. X. LEON–DUFOUR, op. cit, Pp. 70–71.

www.malankaralibrary.com

ഉയർച്ചയിലും താഴ്ചയിലും അന്ധകാരത്തിലും പ്രകാശത്തിലും ഒന്നുപോലെ ദൈവത്തിൻെറ വിമോഹനമായ പിതൃലാളനയിൽ വിശ്രമം കൊള്ളുന്ന സങ്കീർത്തകൻ ആത്മീയതയിലേക്കുയരാൻ നമ്മെ പ്രചോദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും വ്യാപിച്ചു പടർന്നു പന്തലിച്ചു കിടക്കുന്ന അർത്ഥവൈപുല്യം ഈ സങ്കീർത്തനത്തിൻെറ പ്രത്യേകതയാണു്. പഴയ ഇസ്രായേലിനേയും പുതിയ ഇസ്രായേലായ സഭയേയും പരസ്പരം ബന്ധിപ്പിക്കുന്ന ശൃംഖലയായും ഈ പ്രാർത്ഥനയെ പരിഗണിക്കാം.

സെൻറ് തോമസ് സെമിനാരി
കോട്ടയം—10

ഫാ. കുര്യൻ മററം

www.malankaralibrary.com

# ദൈവവചനപ്രഘോഷണം
(തുടർച്ച)

## 4. നമ്മുടെ രക്ഷാകരചരിത്രം

''രണ്ടാഴ്ചകൊണ്ടു് ഇന്ത്യ മുഴുവൻ കാണുക'' എന്നു ക്ഷണിച്ചുകൊണ്ടുള്ള ട്രാവൽ ഏജൻസികളുടെ പരസ്യം എല്ലാവർക്കും സുപരിചിതമാണു്. അതുപോലെ വിമാനത്തിൽ ഒരു ദിവസംകൊണ്ടു ലണ്ടനിലെത്താം. പന്ത്രണ്ടു മണിക്കൂറുകൾക്കകം നിങ്ങളുടെ വസ്ത്രങ്ങൾ കറകളഞ്ഞലക്കിത്തരാമെന്നു ഡ്രൈക്ലീനേഴ്സ് നിങ്ങൾക്കുറപ്പു നൽകുന്നു. ഫോട്ടോഗ്രാഫർമാർ നിങ്ങളുടെ ഫോട്ടോയെടുത്തു് നിങ്ങൾ കാത്തു നിൽക്കെത്തന്നെ അതിന്റെ കോപ്പിയെടുത്തു തരുന്നു. റെയിൽവേസ്റ്റേഷനിലെ പ്ലാററുഫോറത്തിലുള്ള ഭക്ഷണശാലയിൽ നിങ്ങൾക്കു് ഏതാനും മിനിററുകൊണ്ടു ഭക്ഷിച്ചുതീരുന്ന (ദഹിച്ചു തീരുന്നതല്ല) ഉച്ചഭക്ഷണം വളരെവേഗം തയ്യാറാക്കിക്കിട്ടുന്നു.

വേഗതയ്ക്കും കാര്യക്ഷമതയ്ക്കും വേണ്ടിയുള്ള സാർവ്വത്രികമായ ഈ പരക്കംപാച്ചിലിൽ അറിവുപോലും ഇന്നു സംഗ്രഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ദീർഘവും ഗൗരവപൂർവ്വവുമായ പഠനത്തിന്റെ കാലംതന്നെ പോയിരിക്കുന്നു. ''ഒരു മാസംകൊണ്ടു് ഇംഗ്ലീഷ്പഠനം'' എന്നതു് ഒരു മുദ്രാവാക്യം പോലുമായിരിക്കയാണു്. ''തത്വശാസ്ത്രത്തിന്റെ രത്നച്ചുരുക്കം'', കത്തോലിക്കാദൈവശാസ്ത്രത്തിന്റെ രൂപരേഖകൾ'' എന്നിങ്ങനെയുള്ള ലഘുലേഖകളിലായി പ്രസ്തുത വിഷയം മുഴുവൻ സംഗ്രഹിച്ചിരിക്കുമ്പോൾ വൻഗ്രന്ഥങ്ങൾ വായിക്കാൻ ആരാണു ബദ്ധപ്പെടുക? തന്മൂലം വലിയ ചരിത്രഗ്രന്ഥങ്ങൾ അലമാരകളിൽ അനാഥമായി കിടക്കുകയാണു്. ചരിത്രത്തിന്റെ വിഹഗവീക്ഷണമേ ഇന്നാക്കും വേണ്ടൂ. ''ധ്യാനം അഞ്ചു മിനിററിൽ'' എന്നു തുടങ്ങിയ ചെറുഗ്രന്ഥങ്ങൾ പഴയ ആദ്ധ്യാത്മശാസ്ത്രഗ്രന്ഥങ്ങളെ പുറന്തള്ളിയിരിക്കുന്നു. ചെറിയ കവിതകളല്ലാതെ മഹാകാവ്യങ്ങളും മററും വായിക്കുന്നതിൽ ഇക്കാലത്തു് ആരും തല്പരരല്ല. എല്ലാം സംക്ഷിപ്തമാക്കിയും തിരഞ്ഞെടുത്തും ഹ്രസ്വമാക്കിയും കഴിയുമെങ്കിൽ, പോക്കററിലൊതുക്കാവുന്ന ഒരു കൊച്ചുപുസ്തകത്തിലച്ചടിച്ചും കിട്ടാനാണു നമുക്കാഗ്രഹം. തത്ഫലമായി ഇന്നു പൊതുവേ 'എല്ലാററിനെപ്പററിയും ആക്കും ഒന്നുമറിഞ്ഞുകൂടാ' എന്ന സ്ഥിതിയായിരിക്കയാണു്.

www.malankaralibrary.com

നിർഭാഗ്യവശാൽ അങ്ങനെയുള്ള സമീപനം ഇന്ന വിശുദ്ധഗ്രന്ഥത്തോടും ഉണ്ടായിക്കഴിഞ്ഞു. പ്രത്യേകിച്ച് പഴയ നിയമം ഇപ്പോഠം സംക്ഷിപ്തമായി അവതരിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. നമ്മുടെ ''രക്ഷാകരചരിത്രത്തിൻെറ രൂപരേഖ''യിൽ അബ്രാഹം, മൂശ, ദാവീദ് തുടങ്ങിയ മഹാവ്യക്തികഠംക്ക മാത്രമേ പിടിച്ചുനില്ക്കാൻ കഴിഞ്ഞിട്ടുള്ളു. ദൈവം അനേകായിരം വർഷങ്ങളിലൂടെ പ്രവർത്തിച്ചവയും ആയിരക്കണെക്കിന വാക്കുകഠം ദൈർഘ്യമുള്ള കഥയിലൂടെ അവതരിപ്പിച്ചവയുമൊക്കെ ഇരുപതാം നൂററാണ്ടിലെ പ്രായോഗികമനുഷ്യരായ നാം സൗകര്യമായി അരപേജിൽ ഒതുക്കുകയാണ്.

വി. ഗ്രന്ഥത്തിൻെറ നട്ടെല്ല് പരിത്രാണകഥയാണ്. ദൈവം മനുഷ്യനെ രക്ഷിക്കാൻ ആഗ്രഹിച്ചു. സൃഷ്ടി മുതൽ പിതാക്കന്മാരുടേയും മൂശയുടേയും ജോഷ്വായുടേയും ന്യായാധിപന്മാരുടേയും രാജാക്കന്മാരുടേയും വിപ്രവാസത്തിലെ യഹൂദന്മാരുടേയും കാലങ്ങളിലൂടെ, ഈശോയുടേയും അപ്പസ്തോലന്മാരുടേയും പ്രബോധനം വരെയെത്തുന്ന ദൈവത്തിൻെറ പരിത്രാണകൃത്യം, ചരിത്രത്തെ സംശ്ലേഷിപ്പിക്കുന്ന കണ്ണിയായി നിലനിൽക്കുന്നു. ചരിത്രത്തിൻെറ പ്രധാന വഴിത്തിരിവുകഠം വിശകലനം ചെയ്യാൻ നമുക്കവകാശമുണ്ട്. ഈ ചരിത്രത്തിൻെറ മഹത്തായ തുടർച്ച നമ്മുടെ ആളുകഠംക്ക കാണിച്ചുകൊടുക്കുന്നതുവഴി നാമവരെ സഹായിക്കുകയാണെന്നതിൽ സംശയമില്ല. എന്നാൽ വഴിത്തിരിവുകളിലും രേഖാരൂപത്തിലും മാത്രം നാമതു് ഒതുക്കിനിർത്തുന്നതു ശരിയല്ല. നാമങ്ങനെ ചെയ്താൽ അതു രക്ഷാകരചരിത്രത്തെ അതിൻെറ അനുപമമായ മനോഹാരിതയിൽനിന്നും ഉന്നതമായ പ്രബോധനങ്ങളിൽനിന്നും അതിലധികമായി ദൈവത്തിൻെറ വാക്കുകളിൽനിന്നുതന്നെ അടർത്തി മാററുകയായിരിക്കും.

സുവിശേഷഘോഷണം നടത്തുക എന്നു പറഞ്ഞാൽ ദൈവത്തിൻെറ പരിത്രാണകൃത്യം അറിയിക്കുക എന്നർത്ഥമാകുന്നില്ലേ? അങ്ങനെയെങ്കിൽ നമ്മുടെ മതപ്രസംഗങ്ങഠം പലതും രക്ഷാകരചരിത്രത്തെപ്പററി പ്രതിപാദിക്കുന്നതായിരിക്കണം. എന്നാൽ നമ്മുടെ ശ്രോതൃങ്ങഠംക്ക് ഇതിനോടകം സുപരിചിതമായിക്കഴിഞ്ഞിട്ടുള്ള ''ആദം മുതൽ ക്രിസ്തു വരെ''യെന്ന ആ വിഹഗവീക്ഷണം തന്നെ വേണമോ എല്ലാ പ്രസംഗങ്ങളിലും? ആ രക്ഷാകരചരിത്രത്തിൻെറ ഒരു വിഭാഗമോ അഥവാ അതിൻെറ ഉപവിഭാഗമോ എന്തുകൊണ്ടു സ്വീകരിച്ചുകൂടാ? അങ്ങനെയെങ്കിൽ ദൈവം എങ്ങനെ നമ്മുടെ രക്ഷ സാധിച്ചെന്നു് കൂടുതൽ വിശദാംശങ്ങളോടെ അവിടുത്തെ വചനത്തിൽതന്നെ കാണിക്കാൻ നമുക്കു കഴിയും.

പെസഹാക്കാലം സമീപിക്കുമ്പോഠം ഈജിപ്തിലെ അവസാനത്തെ ബാധയെപ്പററിയും പെസഹാഭക്ഷണത്തെപ്പ

www.malankaralibrary.com

ററിയും (പുറ 12) നമുക്കു ഞായറാഴ്ചപ്രസംഗം കരുപ്പിടിപ്പിക്കാൻ കഴിയും. ഈജിപ്ത്തുകാർക്കു മന:പരിവർത്തനമുണ്ടാകുവാൻ ദൈവം അവരുടെ ആദ്യജാതരെയെല്ലാം നശിപ്പിക്കാനൊരുങ്ങി. എബ്രായക്കാർക്കു മാത്രം ഒരു രക്ഷാമാർഗ്ഗം തുറന്നുകൊടുത്തു. ഓരോ കുടുംബവും ഓരോ പെസഹാക്കുഞ്ഞാടിനെ ബലി കഴിക്കുവാനും അതിനെ ഭക്ഷിക്കുവാനും ദൈവം കല്പിച്ചു. ദൈവത്തിൻെറ സംഹാരദൂതൻ ദൈവജനത്തോടു ബന്ധപ്പെട്ടവരെ തിരിച്ചറിഞ്ഞു് അവരെ കടന്നുപോകേണ്ടതിനു് അതിൻെറ രക്തം വാതിൽപ്പടികളിൽ തളിക്കുവാനും ആവശ്യപ്പെട്ടു.

ഈ കഥ നമ്മുടെ ഈസ്റ്റർ സംഭവങ്ങളുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നെന്നു കാണാൻ അധികം ഭാവനയൊന്നുമാവശ്യമില്ല. ഈശോ നമ്മുടെ പെസഹാക്കുഞ്ഞാടായി ബലിയർപ്പിക്കപ്പെട്ടു. നാം അവിടുത്തെ ബലിയിൽ പങ്കുകാരാകുന്നു, പ്രത്യേകിച്ചു് ഈസ്റ്റർ ദിനത്തിലെ വിശുദ്ധ കുർബ്ബാന സ്വീകരണം വഴി. ഈശോയുടെ രക്തത്താൽ നാമും ദൈവശിക്ഷയിൽനിന്നു മോചിക്കപ്പെട്ടിരിക്കുന്നു. വാഗ്ദത്തനാട്ടിലേക്കു പുറപ്പെടാൻ യഹൂദന്മാർ ഒരുങ്ങിയിരുന്നതുപോലെ, സമർപ്പണത്തിൻെറ ഒരു പുതിയ ജീവിതം ആരംഭിക്കാൻ നാമും ഒരുങ്ങിയിരിക്കണം.

ഈശോയുടെ ഉത്ഥാനത്തിനുശേഷമുള്ള പ്രത്യക്ഷീകരണങ്ങളുടെ വിവരണങ്ങൾക്കു് ഈ കാലത്തിൽ മുൻഗണന നൽകണം. അവയിൽ വച്ചേററവും അവഗണിക്കപ്പെട്ടിട്ടുള്ള കഥയാണു് ഗലീലയാക്കടലിൻെറ തീരത്തുവച്ചു് ഈശോ ശിഷ്യന്മാർക്കു കാണപ്പെട്ടതു് (യോഹ 21:1–14). പത്രോസും മററപ്പസ്തോലന്മാരും പഴയ മത്സ്യബന്ധന ജോലി പുനരാരംഭിക്കുന്നു. അവരുടെ സർവ്വവൈദഗ്ധ്യവും പ്രയോഗിച്ചിട്ടും ഒന്നും പിടിക്കാൻ കഴിയുന്നില്ല. അപ്പോൾ പെട്ടെന്നു് ഈശോ രംഗത്തു കടന്നുവരുന്നു. തീരത്തുനിന്നുകൊണ്ടു് അവൻ അവർക്കു നിർദ്ദേശം നൽകുന്നു. അവിടുത്തെ നിർദ്ദേശമനുസരിച്ചു പ്രവർത്തിച്ച അപ്പസ്തോലന്മാർ ആശ്ചര്യകരമായ വിധത്തിൽ ഒരു വല നിറയെ മീൻ പിടിക്കുന്നു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കുന്നു. അവർ നാഥനെ തിരിച്ചറിയുന്നു. കരയ്ക്കണയാനായി പത്രോസു് മുമ്പിൽ നീന്തുന്നു. അവരെല്ലാം പ്രഭാതഭക്ഷണത്തിനു് ഈശോയോടൊപ്പമിരിക്കുന്നു (മഹത്തായ സൗഹൃദബന്ധത്തിൻെറ പ്രതീകം).

ഈശോ നമ്മുടെ ഹൃദയത്തിലേക്കുകൂടി കടന്നു വരേണ്ടതിൻെറ എത്രയോ മനോഹരമായ ഒരു ചിത്രം! ഈശോ നമ്മെ അധികമായ സ്നേഹത്തിലേക്കും സൗഹൃദത്തിലേക്കും വിളിക്കുന്നതു ഗൗനിക്കാതെ നാം നമ്മുടെ അനുദിന ജോലികൾ തുടരുകയാണു്, ശിഷ്യന്മാർ മീൻപിടുത്തം തുടർന്നതുപോലെ. നമ്മെത്തന്നെ ഈശോയുടെ പക്കലേയ്ക്കടുപ്പിച്ചു് അവിടുത്തെ

www.malankaralibrary.com

സ്നേഹത്തിൻെറ വിരുന്നിൽ നാമും പങ്കുചേരണം (വി. കുർബ്ബാനയും, കുർബ്ബാന സ്വീകരണവും).

സന്മനസ്സുള്ള മനുഷ്യർക്കെല്ലാം രക്ഷയേകുവാനാണ് ഈശോ ഉത്ഥാനം ചെയ്തതു്. കൊർണേലിയസിനോടുള്ള സമീപനത്തിലൂടെ ദൈവം ഈ ആശയം പഠിപ്പിക്കുന്നവിധം തികച്ചും അവിസ്മരണീയമാണ് (നട 10). പുറജാതിക്കാരനായിരുന്ന ആ മനുഷ്യൻ തികച്ചും പ്രശംസനീയമായ വിശുദ്ധജീവിതമാണു നയിച്ചിരുന്നതു്. ഒരിക്കൽ അദ്ദേഹം കുടുംബാംഗങ്ങളോടൊത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ രക്ഷയുടെ പുതിയ സുവിശേഷമറിയിക്കുവാനായി ദൈവം ഒരു ദൂതനെ അദ്ദേഹത്തിൻേറ പക്കലേക്കയച്ചു. മാലാഖാ നിർദ്ദേശിച്ചതനുസരിച്ച് കൊർണേലിയസ് പത്രോസിനെ വിളിപ്പിച്ചു. അദ്ദേഹവും കുടുംബവും ഈശോയെപ്പററി പഠിച്ചു. അവർ മാമ്മോദീസായ്ക്കു മുമ്പുതന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു! ഉത്ഥാനം ചെയ്ത ഈശോ ആത്മാക്കൾക്കുവേണ്ടി അനുഭവിക്കുന്ന അതീവ ദാഹത്തിൻെറ ചിത്രമാണ് ഇവിടെ കാണുന്നതു്. നമ്മുടെ രക്ഷ ആദ്യത്തെ ഈസ്റ്ററോടെ ആരംഭിച്ചു. ക്രിസ്തു കൊർണേലിയസിനെ വിളിച്ചതുപോലെ നമ്മെയും തന്നിലേക്കു ക്ഷണിക്കുകയാണ്.

രക്ഷാകരചരിത്രം പോലെ രസകരവും അർത്ഥസമ്പുഷ്ടവുമായ മറെറാരു കഥയില്ല. ദൈവം മനുഷ്യനെ രക്ഷിക്കാനാഗ്രഹിക്കുന്നു: അവിടുന്നു നോഹയെ പ്രളയത്തിൽനിന്നു രക്ഷപ്പെടുത്തി (ഉല്പ 6–9); അവിടുത്തെ സ്നേഹമസൃണമായ പരിരക്ഷയാൽ ലോത്തു് സോദോമിലെ വിപത്തിൽനിന്നു രക്ഷപ്പെട്ടു (ഉല്പ 19–19); അവിടുന്നു ജോസഫിനെ അടിമത്തത്തിൽ നിന്നും കാരാഗൃഹത്തിൽ നിന്നും മോചിപ്പിച്ചു (ഉല്പ 39–41); യഹൂദജനതയെ ഈജിപ്തിലെ അവമാനകരമായ ദുരിതങ്ങളിൽ നിന്നു സ്വതന്ത്രരാക്കി (പുറ 1–13). ജോഷ്വായുടേയും ന്യായാധിപന്മാരുടേയും രാജാക്കന്മാരുടേയും കഥകൾ ഓരോ സ്വാതന്ത്ര്യത്തിൻെറ വിവരണങ്ങളാണ്. ''നിങ്ങൾ എന്നോടു വിലപിച്ചപ്പോഴെല്ലാം ഞാൻ നിങ്ങളെ ശത്രുക്കളുടെ കരങ്ങളിൽനിന്നു മോചിപ്പിച്ചു'' (ന്യായ 10:12).

നമ്മെ പാപത്തിൽ നിന്നും നിത്യനാശത്തിൽ നിന്നും ഈശോമിശിഹായിലൂടെ രക്ഷിച്ചപ്പോൾ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിൻെറ പ്രവൃത്തി അതിൻെറ പരമകോടിയിലെത്തി. അവിടുന്നു നിർവ്വഹിച്ച ചെറിയ രക്ഷാകര പ്രവൃത്തികളെല്ലാം എന്നേയ്ക്കുമായുള്ള ഈ അതുല്യമായ രക്ഷയെ ലക്ഷ്യമാക്കിയുള്ളതും, അതിനു പ്രാരംഭമായിട്ടുള്ളതുമായിരുന്നു. ഇതാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈസ്റ്ററിൻെറ അർത്ഥം.

ഈസ്റ്റർ നമ്മുടെ രക്ഷയുടെ വിജയാഘോഷമാണ്. അതു് ''നമ്മുടെ അപരാധങ്ങൾക്കുവേണ്ടി മരണം വരിച്ചു്, നമ്മുടെ

www.malankaralibrary.com

ഗ്രന്ഥപരിചയം

# ദിവ്യസന്ദേശം

പേജ്_400 വില_5.00

സെൻറ് തോമസ് സെമിനാരി, വടവാതൂർ,

കോട്ടയം, 686010.

എഴുപതു പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ആണ്ടുവട്ടം മുഴുവനും വരുന്ന ഞായറാഴ്ചകൾ തോറും വി. ബലിയിൽ വായിക്കുന്ന ലേഖനഭാഗങ്ങളെപററിയുള്ളവയാണ് ഈ പ്രസംഗങ്ങളിൽ സിംഹഭാഗവും. ലേഖനങ്ങളുടെ ചരിത്രപരമായ പശ്ചാത്തലം വ്യക്തമാക്കുവാനും, തിരുക്കർമ്മവത്സരത്തിലെ വിവിധ കാലങ്ങളോട് പ്രതിപാദ്യ വിഷയത്തിനുള്ള പ്രത്യേക ബന്ധം ചൂണ്ടിക്കാണിക്കുവാനും രചയിതാക്കൾ ശ്രദ്ധിച്ചിട്ടുണ്ട്. ആരാധന ക്രമവത്സരത്തിലെ ഓരോ കാലത്തേയും കുറിച്ചുള്ള ഒരു ലഘു വിവരണവും ആമുഖമായി ചേർത്തിരിക്കുന്നു.

തിരുസ്സഭയിൽ ആഘോഷിച്ചു വരുന്ന പ്രധാന തിരുനാളുകളെകുറിച്ചുള്ള പ്രസംഗങ്ങളും ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. അക്കൂട്ടത്തിൽ, ക്രിസ്മസ്, ദനഹ, മരിച്ചവരുടെ ഓർമ്മ, പെസഹ, ദുഃഖവെള്ളി, കർത്താവിന്റെ സ്വർഗ്ഗാരോഹണം, ദൈവവിളിദിനം എന്നീ തിരുനാളുകൾ പെടുന്നു. കൂടാതെ യൗസേപ്പ്, ഗീവർഗീസ്, സെബസ്ത്യാനോസ്, തോമ്മാശ്ലീഹാ, പത്രോസ് പൗലോസ് ശ്ലീഹന്മാർ എന്നീ വിശുദ്ധരുടെ തിരുനാളുകൾക്കും പ്രസംഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സുവിശേഷഭാഗങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗഗ്രന്ഥ

---

നീതീകരണത്തിനുവേണ്ടി ഉയിർത്തെഴുന്നേററ'' ഈശോയുടെ മഹത്വീകരണത്തിനായുള്ളതാണ് (റോമ 4:25). കോടിക്കണക്കിനാളുകൾ ഈ രക്ഷയ്ക്കുവേണ്ടി ഇപ്പോഴും കാത്തിരിക്കുകയാണ്. കർമ്മോത്സുകതയ്ക്കു വേണ്ടിയുള്ള ഇരുപതാം നൂററാണ്ടിന്റെ ആവേശം പ്രകടമാക്കുവാൻ ധാരാളം പ്രവർത്തനമണ്ഡലങ്ങളുണ്ട്. സംക്ഷേപിക്കുകയും സംഗ്രഹിക്കുകയും ചെയ്യുന്ന കാര്യക്ഷമതയല്ല പ്രത്യുത, സുവിശേഷത്തെപ്രതി സ്വയം ഹോമിക്കുന്ന കർമ്മോത്സുകതയാണിത്. കാരണം മനുഷ്യരെല്ലാം രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ അറിവിലേയ്ക്കു വരുവാനും ദൈവം ആഗ്രഹിക്കുന്നു (1 തിമൊ 2:4). (തുടരും)

ജെ. എൻ. എം. വൈൻഗാഡ്സ്

സെൻറ് ജോൺസ് സെമിനാരി
ഹൈദ്രബാദ്.

www.malankaralibrary.com

ങ്ങളം പലതും മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. എന്നാൽ പ്രായേണ പ്രയാസമേറിയ ലേഖനങ്ങളെ ആധാരമാക്കിയുള്ള കൃതികൾ ഒന്നിലധികം ഉണ്ടെന്നു തോന്നുന്നില്ല. ആ കുറവു പരിഹരിക്കാൻ ദിവ്യ സന്ദേശം ഒരളവുവരെ പര്യാപ്തമാകുമെന്നു കരുതുന്നു. ബഹു. വൈദികർക്ക്, വിശിഷ്യ സുവിശേഷ പ്രസംഗങ്ങൾക്ക് ഈ പുസ്തകം സഹായകമായിരിക്കും. മററുള്ളവർക്കും ഭക്തപാരായണത്തിനും പഠനത്തിനും ഇതു പ്രയോജനപ്പെടും.

വടവാതൂർ സെൻറ് തോമസ് സെമിനാരിയിലെ 1972-ലെ നവവൈദികരാണ് ഈ പ്രസംഗ സമാഹാരത്തിൻെറ രചയിതാക്കൾ. പ്രസംഗവേദിയിലേക്കുള്ള അവരുടെ ഈ പ്രഥമ കാൽവയ്പിനെ അഭിമാനത്തോടുകൂടി വീക്ഷിക്കുന്നതോടൊപ്പം അവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ വിശിഷ്ട കൃതി ഏതൊരു ഗ്രന്ഥശേഖരത്തിനും ഒരു മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല.

## ജീവിതത്തികവ്

വിവ. ഫാ. ജോസഫ് കോയിക്കക്കുടി

പേജ് 192 വില. 3-00

സെൻറ് തോമസ് സെമിനാരി, വടവാതൂർ,
കോട്ടയം, 686010.

സുപ്രസിദ്ധ ഗ്രന്ഥകാരനും തികഞ്ഞ പണ്ഡിതനുമായ കാർഡിനൽ സൂനൻസിൻെറ "Christain Life Day by Day" എന്ന വിശിഷ്ട കൃതിയുടെ പരിഭാഷയാണ് "ജീവിതത്തികവ്". രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ വിജയത്തിനു കാര്യമായി സഹായിച്ച പുരോഗമന ചിന്തകനായ കർദ്ദിനാൾ തിരുമേനി, നീറുന്ന പ്രശ്നങ്ങളുടെ നടുവിൽ ഒരു ക്രൈസ്തവൻ എങ്ങനെ ജീവിക്കണമെന്നു നിർദ്ദേശിക്കുന്നു ഈ ഗ്രന്ഥത്തിലൂടെ. ശാസ്ത്രത്തിൻെറ പേരിൽ ദൈവികമായതെല്ലാം അവഗണിക്കുകയും പുരോഗമനമെന്നുപറഞ്ഞു ജീവിതമൂല്യങ്ങളെ തിരസ്ക്കരിക്കുകയും ചെയ്യേണ്ട ആവശ്യമില്ലെന്ന് അഭിവന്ദ്യ ഗ്രന്ഥകാരൻ വ്യക്തമാക്കിയിട്ടുണ്ട്. അതേ സമയം നിരീക്ഷണപടുവായ അദ്ദേഹം ക്രൈസ്തവ ജീവിതത്തിൽ കടന്നുകൂടിയിട്ടുള്ളതും കൂടാവുന്നതുമായ കെടുതികളെ ഓരോന്നിയി ചൂണ്ടിക്കാണിക്കാതിരിക്കുന്നില്ല. ചുരുക്കത്തിൽ ഈ പുസ്തകം വായിക്കുന്ന ഏതൊരു വ്യക്തിയും സ്വജീവിത കടമകളെപ്പററി ശരിയായ അവബോധം നേടുകയും സ്വന്തം കുറവുകളെ കണ്ടുപിടിക്കുകയും ചെയ്യുന്നതാണ്. ആൺകുട്ടി

www.malankaralibrary.com

കൾക്കും പെൺകുട്ടികൾക്കും ഭാര്യമാർക്കും ഭർത്താക്കന്മാർക്കും വൈദികർക്കും മററും ജീവിത പരിശോധനകൾ പററുന്നവിധം സൂക്ഷ്മവും വ്യക്തവുമായ കുറെ ചോദ്യങ്ങൾ കൂടി ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. സിനിമാചിത്രങ്ങളിലും വിശുദ്ധരുടെ ജീവിതത്തിലും നിന്നു് ഉദാഹരണങ്ങൾ യഥോചിതം ഉദ്ധരിച്ചുകൊണ്ടു് പ്രതിപാദനം ഹൃദ്യവും ഉത്തേജ ജനകവുമാക്കുവാൻ ഗ്രന്ഥകർത്താവു ശ്രദ്ധിച്ചിരിക്കുന്നു.

ഇങ്ങനെ തികഞ്ഞൊരു ക്രൈസ്തവ ജീവിതം കരുപ്പിടിപ്പിക്കുവാൻ വേണ്ട അറിവും ആവേശവും പ്രദാനം ചെയ്യുന്നതിനു് ഈ പുസ്തകം സഹായകമാണെന്ന ബോദ്ധ്യം കൊണ്ടായിരിക്കണം ബ. കോയിക്കക്കുടിയച്ചൻ അതു തർജ്ജമ ചെയ്യുവാൻ ബദ്ധപ്പെട്ടതെന്നു കരുതാം. മൂലഗ്രന്ഥത്തിലെ ആശയങ്ങൾക്കു കോട്ടംതട്ടാതിരിക്കുവാൻ പരിഭാഷകൻ ശ്രദ്ധിച്ചിട്ടുണ്ടു്. മാത്രമല്ല അവയെ ലളിതവും സുന്ദരവുമായ ഭാഷയിൽ അവതരിപ്പിച്ചു സുഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഈ വിശിഷ്ട കൃതി എല്ലാ കരങ്ങളിലേക്കും എത്തട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

എം. എം.

## ദമ്പതികളും ജനനക്രമീകരണവും

സീയെച്ചു് ജോസഫ്
പേജ്: 142 വില: 5.00

വിതരണം: ജനതാ ബുക്കു്സ്റ്റാൾ, തേവര. കൊച്ചി 13.

ജനസംഖ്യാസ്ഫോടനം ഇന്നത്തെ ഒരു സജീവ പ്രശ്നമാണു് തൻമൂലം ജനനക്രമീകരണം ഒരാവശ്യമാണെന്നു് സിദ്ധിക്കുന്നു. ഇക്കാര്യത്തിൽ സാർവ്വത്രികമായ അഭിപ്രായ ഐക്യമുണ്ടെങ്കിലും അതിനുള്ള മാർഗ്ഗങ്ങളെപ്പററി ഭിന്നാഭിപ്രായമാണുള്ളതു്. പെട്ടെന്നു് ഫലസിദ്ധിയുണ്ടാകുന്ന ഉപാധികളാണു് നമ്മുടെ ഗവർമ്മെൻറു് ഇതിനായി സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ മതപരവും മനശ്ശാസ്ത്രപരവുമായ കാരണങ്ങളാൽ വളരെപ്പേർക്കു് അവ സ്വീകാര്യമല്ല. പരിണതപ്രജ്ഞനായ രാഷ്ട്രപിതാവു്, കുശാഗ്രബുദ്ധിയായ രാജാജി തുടങ്ങിയ മഹാമനീഷികൾ പ്രസ്തുത മാർഗ്ഗങ്ങളെ എതിർക്കുന്നു.

കുടുംബസംവിധാനത്തിനു് അനവദ്യമെന്നും സ്വീകാര്യമെന്നും എല്ലാവരും അംഗീകരിയ്ക്കുന്ന ഒരു മാർഗ്ഗമുണ്ടു്—

www.malankaralibrary.com

റിഥം. സ്ത്രീകളിൽ സാധാരണയായി ഇരുപത്തിയെട്ടു ദിവസത്തിലൊരിക്കലുണ്ടാകുന്ന ആർത്തവചക്രത്തെ (Menstrual rhythm) ആശ്രയിക്കുന്ന മാർഗ്ഗമായതുകൊണ്ടാണ് ആ പേരു് അതിന് കൊടുത്തിരിയ്ക്കുന്നതു്. ഗർഭധാരണം സംശയിക്കാത്ത (സുരക്ഷിത ബീജാണ്ഡസങ്കലനം നടക്കുവാൻ ഇടയില്ലാത്ത) കാലത്തു് സംയോഗം നടക്കുന്നതുകൊണ്ടു് സുരക്ഷിതകാലമാർഗ്ഗം (Safe-Period method) എന്നും അതിനെ വിവക്ഷിക്കുന്നു. ആർത്തവചക്രം എല്ലാ സ്ത്രീകളിലും ഒരേ കാലയളവിൽ (28 ദിവസം) അല്ലാത്തതുകൊണ്ടും ഒരേ സ്ത്രീയിൽ തന്നെ പല കാലയളവുകളിൽ ആകാവുന്നതുകൊണ്ടും ഈ മാർഗ്ഗത്തിന്റെ പ്രധാന ബുദ്ധിമുട്ടു് സുരക്ഷിതഘട്ടം കൃത്യമായി നിശ്ചയിക്കുന്നതിലാണ്. കുറുക്കുവഴികൾ ഇഷ്ടപ്പെടുന്ന മനുഷ്യർ സാധാരണയായി കൃത്രിമ മാർഗ്ഗങ്ങളാണ് അവലംബിക്കാറു്. ശരിയായ അറിവില്ലാത്തതുകൊണ്ടു് പലരും റിഥം മാർഗ്ഗം അവഗണിക്കുകയും ചെയ്യുന്നു.

ശരീരശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും മനുഷ്യൻ നേടിയിട്ടുള്ള അത്ഭുതാവഹമായ പുരോഗതി ആർത്തവ ചക്രത്തിലെ സുരക്ഷിതകാലം ക്ളിപ്തമായി നിർണ്ണയിക്കുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ടു്. അതെല്ലാം കണക്കിലെടുത്തുകൊണ്ടു് 'റിഥം' രീതി മനസ്സിലാക്കിക്കൊടുക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അതിന് നമ്മുടെ ആളുകളെ സഹായിയ്ക്കുന്നതിനുമുള്ള സ്തുത്യർഹമായ ഒരു പരിശ്രമമാണ് 'ദമ്പതികളും ജനനക്രമീകരണവും' എന്ന പുസ്തകത്തിലൂടെ, സീയെച്ച് ജോസഫ് നിർവ്വഹിച്ചിരിക്കുന്നതു്. ഉത്പാദന പ്രവർത്തനം, ആർത്തവം, അണ്ഡപരിപുഷ്ടി, എന്നിവയെപ്പററി സമഗ്രമായി പ്രതിപാദിക്കുന്നതോടുകൂടി സുരക്ഷിത കാലഘട്ടം നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. ധാരാളം പഠനവും ഡയലോഗ്ഗും ഇതിനദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു് എന്നു് ഗ്രന്ഥത്തിൽ നിന്നു് സ്പഷ്ടമാണ്. സാദ്ധ്യതയുള്ള എല്ലാ ആർത്തവചക്രങ്ങളും അവയിലോരോന്നിലുമുള്ള സുരക്ഷിത കാലവുമാണ് പ്രധാനമായും കലണ്ടർ മാതൃകയിൽ പുസ്തകത്തിലടങ്ങിയിരിക്കുന്നതു് (142-ൽ 112 പേജും). അങ്ങനെ ആയിരിക്കുന്നതിനുള്ള കാരണവും, അവ മനസ്സിലാക്കുന്ന വിധവും കുറച്ചുകൂടി സ്പഷ്ടമായി വിവരിച്ചിരുന്നെങ്കിൽ നന്നായിരുന്നെന്നു്തോന്നുന്നു.

എറണാകുളം സഹായമെത്രാൻ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ പ്രൗഢമായ അവതാരിക പുസ്തകത്തിനൊരു തൊടുകുറിയാണ്.

ശ്ലാഘനീയമായ ഈ സംരംഭത്തിൽ ഗ്രന്ഥകാരനെ അനുമോദിക്കുന്നു. അനേകർക്കു് ഈ നല്ല പുസ്തകം സഹായകരമാകട്ടെ.

ഫാദർ ജോസഫ് കോയിക്കക്കുടി.

www.malankaralibrary.com

## പ്രത്യേക ശ്രദ്ധയ്ക്കു്

ഭാഷ്യത്തിന്റെ വരിസംഖ്യ കുടിശ്ശിഖ വരുത്തിയിരിക്കുന്നവർ ഉടനെ അടച്ചുതീർക്കണമെന്നു് അഭ്യർത്ഥിക്കുന്നു. വരിസംഖ്യ അടയ്ക്കാത്തവർക്കു് മേലിൽ ഭാഷ്യം അയയ്ക്കുവാൻ സാധിക്കുന്നതല്ല.

മാനേജർ.

Printing: K. P. Press, Kottayam.
Published from St. Thomas Ap. Seminary, Kottayam-10
By Dr. J. Pallikaparampil

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com